VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയ പ്രസംഗത്തിന് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അഴിമതി കൊടിക്കുത്തിവാഴുന്ന, വികസനപ്രവർത്തനങ്ങൾ സ്തംഭിപ്പിച്ച, ധൂർത്തും കെടുകാര്യസ്ഥതയും കൈമുതലാക്കിയ, വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റിയ, കർഷകരെ കുത്തുപാള എടുപ്പിച്ച, വിലക്കയറ്റം ദുസ്സഹമാക്കിയ, യുവജനങ്ങളെ വഞ്ചിച്ച, തൊഴിലാളികളെ പട്ടിണിയിലാക്കിയ, കേരളത്തെ മദ്യമാഫിയയ്ക്ക് അടിയറവച്ച ഈ സർക്കാരിനു വേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്ത പ്രസംഗമായതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ശമ്പളവും പെൻഷനും നൽകാൻ ഒരു സർക്കാർ. ഈ സർക്കാരിന് എന്താണ് ജോലി ? ഈ സർക്കാർ എന്താണ് ചെയ്യുന്നത് ? ശമ്പളം കൊടുക്കുന്നു, പെൻഷൻ കൊടുക്കുന്നു, അതും കൃത്യമായി കൊടുക്കുന്നില്ല. പലതിനും കുടിശ്ശിക കിടക്കുകയാണ്. ക്ഷേമപദ്ധതിയുമായി ബന്ധപ്പെട്ട് പെൻഷനൊന്നും നൽകുന്നില്ല. ശമ്പളം കൊടുക്കാനും റിട്ടയേർഡ് ജീവനക്കാരുടെ പെൻഷൻ കൊടുക്കാനും ഒരു മന്ത്രിസഭയും ഭരണസംവിധാനവും ഈ സംസ്ഥാനത്ത് വേണോ ? അതാണ് പ്രധാനപ്പെട്ട കാര്യം. കേരളത്തെ ഒരു മുടിഞ്ഞ തറവാടാക്കി അതിന്റെ കാരണവരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നായനാരും അതിന്റെ കണക്കപ്പിള്ളയായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശിവദാസമേനോനും. കേരളം ഇത്തരത്തിലൊരു ദുഃസ്ഥിതി ഇതിനുമുമ്പ് കണ്ടിട്ടില്ല. ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മയും മറ്റ് മെമ്പർമാരും പ്രസംഗിച്ചപ്പോൾ സംസ്ഥാനത്ത് കുറെ കടം ഉണ്ടായിട്ടുണ്ടെന്നും അത് ഇവിടെ കുറെ വികസന പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടാണെന്നും പറയുകയുണ്ടായി. ഞാൻ ശ്രീമതി മെഴ്സിക്കുട്ടിയമ്മയോട് ചോദിക്കുന്നു. വികസന പ്രവർത്തനങ്ങളെന്ന് പറയുന്നത് എന്താണ് ? ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മ മിനിഞ്ഞാന്ന് പ്രസംഗിച്ചപ്പോൾ റോഡുകൾ ഉണ്ടാക്കിയെന്നും പാലങ്ങൾ ഉണ്ടാക്കിയെന്നും പറയുകയുണ്ടായി. ഒന്നും നടന്നിട്ടില്ല. ആകെയുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 40 ശതമാനം ജനകീയാസൂത്രണവുമായി ബന്ധപ്പെടുത്തി മാറ്റിവച്ചുവെന്ന് നിങ്ങൾ അവകാശപ്പെടുന്നു. ബാക്കി തുക ശമ്പളം കൊടുക്കുന്നു. അല്ലാതെ ഇവിടെ എന്താണ് നടക്കുന്നത് ? നിങ്ങൾ ഏറ്റവും കൂടുതൽ വിമർശിക്കുന്ന ലോക ബാങ്കിൽ നിന്നും മറ്റ് ലോക ഏജൻസികളിൽ നിന്നുമൊക്കെ പണം കടമെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ഇവിടെ ഉണ്ടാക്കിയ റോഡുകൾക്ക് ഇതുവരെ പണം കൊടുത്തിട്ടില്ല. പണം കൊടുക്കണ്ടേ ? കോടതിയിൽ പോയി. കോടതി പറഞ്ഞപ്പോൾ 100 കോടി രൂപ കൊടുത്തു. 1000 കോടി രൂപയിലധികം റോഡുകളുടെ കാര്യത്തിൽ ഇനി കൊടുക്കാനുണ്ട്. 75 കോടിയോളം രൂപ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനു മാത്രം കൊടുക്കാനുണ്ട്. വാട്ടർ അതോറിറ്റിയുടെ 100 കോടി രൂപ വേറെ. അങ്ങനെ എത്രയോ കോടി രൂപയാണ് കൊടുത്തു തീർക്കാനുള്ളത്. പിന്നെ എവിടെയാണ് വികസന പ്രവർത്തനം നടന്നുവെന്ന് പറയുന്നത് ? ഈ പണം എവിടെ പോയി ? ഇപ്പോൾ എന്താണ് സ്ഥിതി ?

LIBRARY ARCHIVES Kerala Legislative Assembly

1996-ൽ 11,113.5 കോടി രൂപ കടമുണ്ടായിരുന്നത് ഇപ്പോൾ 27,000 കോടി രൂപയായി വർദ്ധിച്ചു. എങ്ങനെയാണ് ഇത് വന്നത്; ഇതിന് ആരെയാണ് പറയേണ്ടത് ? ഇവിടെ വ്യക്തമായ കണക്കുകൾ തന്നിട്ടുണ്ട്. 27,000 കോടി രൂപയല്ല, അതിനു പുറമെ വേറെയും കൊടുത്തു തീർക്കാനുണ്ട്. എന്തായാലും ഞാൻ ചോദിക്കട്ടെ, നിങ്ങൾ സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്തോ ; ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് ലോൺ എടുത്തോ ?

ഇപ്പോൾ 200 കോടി രൂപ കൂടി ചോദിച്ചിരിക്കുകയാണ്. മദ്യ വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 15 കോടി രൂപ. ബിവറേജസ് കോർപ്പറേഷനിൽ നിന്നും 50 കോടി രൂപ ഇപ്പോൾ കടമെടുത്തു. 170 കോടി രൂപ

11.00 A.M.] വേറെ. കെ. എസ്.എഫ്.ഇ. യിൽ നിന്നും 120 കോടി രൂപ. വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും 180 കോടി രൂപ കെ. എം. എം. എൽ-ൽ നിന്നും 100 കോടി രൂപ. തുടർന്ന് അടിസ്ഥാന വികസന ഫണ്ടിൽ നിന്നും 507 കോടി രൂപ. എന്തെങ്കിലും അടിസ്ഥാന സൗകര്യം ഒരുക്കിയോ ? ഇതെല്ലാം കഴിഞ്ഞ് സംസ്ഥാനമൊക്കെ വിട്ട് ഇപ്പോൾ ബംഗാളിൽ നിന്നും ഹരിയാനയിൽ നിന്നും 130 കോടി രൂപ. ഒരു സംസ്ഥാനത്തെ ഇതുപോലെ പണയം വയ്ക്കാനുണ്ടോ ? കേരളത്തിലെ സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും അതിനു പുറമെ ബംഗാളിൽ നിന്നും ഹരിയാനയിൽ നിന്നും എവിടെയും കടമെടുക്കാൻ ഇടം കിട്ടി എന്നുള്ള നിലയിൽ കടം എടുത്ത് ഈ സംസ്ഥാനത്തെ അടിയറ വച്ചിരിക്കുകയാണ്. വലിയ ഗതികേട് ഈ സംസ്ഥാനത്ത് ഉണ്ടാകാൻ പോവുകയാണ്. ജനകീയാസൂത്രണത്തിന് ഇപ്പോൾ ആദ്യ ഗഡു കൊടുത്തു. ഇപ്പോൾ കമ്മിറ്റികൾ ജോലി ചെയ്യാൻ തയ്യാറില്ല. കമ്മിറ്റികൾ തന്നെ ആരെങ്കിലും ഏൽപ്പിക്കുകയാണ് സാധാരണ നടപടിക്രമം. കമ്മിറ്റികൾ ആ ജോലി ഏറ്റെടുക്കുന്നില്ല. കാരണം വണ്ടിച്ചെക്കുമായി നടക്കുന്നു. വണ്ടിച്ചെക്കുമായി നടക്കേണ്ട ഗതികേട് ഇന്ന് ഈ ഉപഭോക്തൃ കമ്മിറ്റികൾക്ക് ഉണ്ട് അത് ഇല്ലെന്ന് ശ്രീ. ജയരാജന് പറയാൻ കഴിയുമോ ? ജനകീയാസൂത്രണത്തെപ്പറ്റി ഇപ്പോൾ ആരും ഒന്നും മിണ്ടുന്നില്ലല്ലോ. ജനകീയാസൂത്രണ പദ്ധതിക്ക് പണം കൊടുത്തു എന്ന് അവകാശപ്പെടുമ്പോൾ പണത്തിനുവേണ്ടി തേരാപ്പാരാ നടക്കുകയാണ്. ഉള്ള ജോലികൾ ചെയ്യാൻ കഴിയുന്നില്ല. മാർച്ച് 31 ആകാൻ പോകുന്നു. ഇനി അടുത്ത ഗഡു കൊടുക്കാൻ നിർദ്ദേശമില്ല എന്നാണ് പത്രറിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്. ധൂർത്തും കെടുകാര്യസ്ഥതയും അഴിമതിയുമാണ്. ഈ സംസ്ഥാനത്തെ ഈ സ്ഥിതിയിൽ ആക്കിയത്. ഭരണ കക്ഷിയിൽപ്പെട്ട അംഗങ്ങൾ ഒന്ന് ആലോചിക്കണം. പ്രത്യേകിച്ച് ഘടക കക്ഷിയിൽപ്പെട്ട അംഗങ്ങൾ എങ്കിലും എന്തായാലും മാർക്സ്റ്റ് പാർട്ടിയുടെ മുതൽക്കൂട്ട് എന്താണെന്ന് ഒന്ന് പഠിക്കേണ്ടേ ? മാർകിസ്റ്റ് പാർട്ടിക്ക് ഈ പണം എവിടുന്ന് കിട്ടി ? ഈ ഖജാനവിന്റെ പണമാണ്. അബ്കാരി കോൺട്രാക്ടർമാരുമായി ധാരണയിലെത്തി ഫിഫ്റ്റി-ഫിഫ്റ്റി അഡ്ജസ്റ്റ്മെന്റ്. ചാനലിനും അതുപോലെ ടൂറിസ്റ്റ് കോപ്ലക്സിനും. എന്തിനാണ് ഈ ടൂറിസ്റ്റ് കോപ്ലക്സ് തുടങ്ങുന്നത് ? എന്തിനാണ് ഈ അമ്യൂസ്മെന്റ് പാർക്ക് ? എന്തിനാണ് ഈ മസാജ് സെന്റർ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ പോകുന്നത് ? ശ്രീ. ജയരാജന്റെ നാട്ടിൽ മസാജ് സെന്റർ തുടങ്ങാൻ പോകുന്നു. അതുപോലെ തന്നെ വൈരക്കൽ നിർമ്മാണവും മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും. അവിടെ തിരുമ്മൽ നടത്താൻ വേണ്ടിയിട്ടാണോ മാർക്സിസ്റ്റ് പാർട്ടി മുൻകൈയെടുത്ത് നടത്തുന്നത് ? ആർക്കും മനസ്സിലായിട്ടില്ല. ഇതിനുള്ള പണം എവിടെ നിന്നാണ് ? അത് ജനങ്ങൾ അറിയണ്ടേ ? ഈ സഭ അറിയണ്ടേ ? മാർക്സിസ്റ്റ് പാർട്ടി ഒരിക്കുന്ന കക്ഷി നേതൃത്വം കൊടുക്കുന്ന പാർട്ടി ഇതുപോലുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നത് എങ്ങനെയാണ്. ബാർ ലൈസൻസ് ഇനി കൊടുക്കുന്ന പ്രശ്നമില്ല എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ നിയമസഭയിൽ ആവർത്തിച്ചു പറഞ്ഞത്. ഇന്ന് പത്രത്തിൽ വായിച്ചു. നിയമം ലംഘിച്ചു ബാർ ലൈസൻസുകൾ കൊടുക്കാൻ പോകുന്നു. ഇതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. പോകുന്ന പോക്കിനു കൊടുത്തു. ഇനി ഊറ്റാൻ അത് മാത്രമേയുള്ളു. ആ ഒരൊറ്റ ഉദ്ദേശത്തോടുകൂടി പോകുന്ന പോക്കിൽ ലൈസൻസ് കൊടുത്തു. ഉദാരവൽക്കരണവും ഗാട്ട് കരാറും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളുടെ സ്ഥിതി എന്താണ് ? ലോക കമ്പോളത്തിൽ നമ്മുടെ ഇൻഡ്യാ രാജ്യത്ത് വരേണ്ടത് അനിവാര്യമാണെന്ന് ആരും പറയും. ശ്രീ. അമർത്യാസെൻ വരെ പറയുന്നു. അമർത്യാസെനിനെ കുറ്റം പറയാമോ ? അമർത്യാസെന്നിനെ ഒന്ന് വിമർശിക്കാമോ ? ചൈന ഈ രംഗത്ത് കടന്ന് വന്നതെന്താണ് ? ചൈനയിലെ പ്രസിഡന്റിന്റെ Embassy Publishment - News from China, President Jiang Zemin said in Beijing on January 19 that leading officials at all levels should fully understand the importance and the impact of China's entry into the World Trade Organisation (WTO). ഇതിനെപ്പറ്റി ശ്രീ. ജയരാജന് എന്താണ് പറയാനുള്ളത് ? ചൈന ഈ രംഗത്തേയ്ക്ക് കടന്നു വന്നതിനെപ്പറ്റി എന്താണ് മാർക്സിസ്റ്റ് പാർട്ടിക്ക് പറയാനുള്ളത് ? ശ്രീ. കൃഷ്ണൻ കാണിയാംപറമ്പിലോ സി.പി.ഐ അംഗങ്ങളോ അല്ല ഇതിനു മറുപടി പറയേണ്ടത്. മാർക്സിസ്റ്റു പാർട്ടി എന്തു പറയുന്നു ? ചൈന ഈ രംഗത്തേയ്ക്ക് കടന്നു വന്ന് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ചൈനലോക വാണിജ്യ കരാറിൽ കടന്നു വന്ന് ഒട്ടേറെ ജനങ്ങൾക്ക് നേട്ടം ഉണ്ടാക്കുന്ന പരിപാടികൾ ആവിഷ്ക്കരിക്കുന്നു. ലോകരാജ്യം മുഴുവൻ ഇത് മുതലാക്കുന്നു. നമുക്ക് മുതലാക്കാൻ കഴിയുന്നില്ല. ചൈനയെ വിമർശിക്കുമ്പോൾ എന്തു രോഷമാണ് ? ഇപ്പോൾ ഈ കാര്യത്തിൽ എന്ത് മറുപടിയാണ് പറയാനുള്ളത് എന്നറിയണം. അതായത് നൂറോളം വരുന്ന ചൈനയിലെ ഹൈ ഒഫീഷ്യൽസിന്റെ യോഗം വിളിച്ചു ചേർത്താണ് പ്രസിഡന്റ് ജിയാംഗ് ഇത് പറഞ്ഞത്. Jiang made the remark to more than 100 high-ranking Central Government Officials and provincial leaders attending a week-long Seminar on Finance and Revenue which ended here today. അതാണ് പറഞ്ഞ കാര്യം. പിന്നീട് പറയുന്നു, China's efforts to enter the WTO which has lasted for 13 years, means the country wants to participate more fully in international competition, Jiang said. അതിനെക്കാൾ പ്രധാനപ്പെട്ട കാര്യം ഉണ്ട്. "Today's world is an open world" Jiang said. പിന്നെ പറഞ്ഞ കാര്യം എന്താണ് ? "Today's world is an open world" . ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

ലോകം ഒരു തുറന്ന ലോകമാണ്. അത് നിങ്ങൾ മനസ്സിലാക്കണം. കുറ്റം പറയുകയല്ല. ഞാൻ മറ്റ് വിശദാശങ്ങളിലേക്ക് കടക്കുന്നില്ല. ചൈന ഈ രംഗത്തേയ്ക്ക് കടന്ന് വന്നത് ഇതിൽ നിന്ന് ജനങ്ങൾക്ക് പ്രയോജനം ഉണ്ടാകാൻ കഴിയുമെന്ന് വിശ്വസിച്ചാണ്. അതിനെ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടി നിഗൂഢത പാലിക്കുകയാണ്! ഇവിടെ ഇപ്പോൾ ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ പറഞ്ഞു 300 ശതമാനം ഇറക്കുമതിത്തീരുവ ചുമത്തിയാൽ എഡിബിൾ ഓയിൽസിന്റെ കാര്യത്തിൽ തീരുമാനമുണ്ടാകും എന്ന്. ബി.ജെ.പി. ഗവൺമെന്റും കേന്ദ്രത്തിൽ നിങ്ങളുടെ പിന്തുണയോടെ സി. പി. എമ്മിന്റെ പങ്കാളിത്തത്തോടെ ഭരണം നടത്തിയ ഗവൺമെന്റും ജനങ്ങളും ഒന്നു തന്നെയല്ലേ? 1991 മുതൽ അല്ലെങ്കിലും 1994-ൽ നടപടി ആയതിനുശേഷം നിങ്ങൾ വില താരിഫുകൾ എടുക്കുകയും റബ്ബറിന്റെ കാര്യത്തിലായാലും നാളികേരത്തിന്റെ കാര്യത്തിലായാലും തേയില, കാപ്പി മുതലായ നാണ്യ വിളകളുടെ കാര്യത്തിലായാലും അന്ന് എല്ലാ സാധനങ്ങൾക്കും വില ഉണ്ടായിരുന്നു. എപ്പോഴാണ് ആ 300 ശതമാനം ഇംപോർട്ട് ഡ്യൂട്ടി ഏർപ്പെടുത്തിയത്? ഏർപ്പെടുത്താൻ അവകാശമുണ്ടെന്ന് ഇപ്പോൾ ശ്രീ. വാജ്പേയി തെളിയിച്ചല്ലോ. ഈ ഇംപോർട്ട് ഡ്യൂട്ടി ഏർപ്പെടുത്തേണ്ടത് എപ്പോഴാണ്? വില കുറയുമ്പോൾ. ഇതൊക്കെ ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം പറയുന്നു. നിങ്ങളുടെ കാലത്ത് അത് ചെയ്തില്ല. എന്റെ പിഴ. എന്റെ പിഴ എന്ന് അടക്കി വേറെ ആരെയും വിമർശിച്ചിട്ട് കാര്യമില്ല. മാർക്സിസ്റ്റ് പാർട്ടി ആ നിലയിൽ അവസരത്തിനൊത്ത് ഉയരണം. ഇവിടെ കൊപ്രയും റബ്ബറും സംഭരിച്ച് കയറ്റുമതി ചെയ്യുന്ന ഒരു തീരുമാനത്തിനുവേണ്ടി പണം മുടക്കാൻ തയ്യാറാകണം. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇന്ന് എന്താണ് മറുപടി പറഞ്ഞത്? ഞങ്ങൾ 50 സെന്ററുകളിൽ നാളികേരത്തിന് പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. ഇനി എന്നാണ് സമയം? നിങ്ങളുടെ അന്ത്യനാളുകളായി.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ]

അത് മനസ്സിലാക്കാതെ ഇവിടെ വന്ന് നിയമസഭയിൽ പ്രസ്താവന നടത്തുകയാണ്. ആ നിലയിൽ പ്രസ്താവനകൾ നടത്തിയിട്ട് കാര്യമില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഇനി അരനാഴിക നേരമുണ്ട്. ആ നിലയിൽ പ്രസ്താവനകൾ നടത്തി മുന്നോട്ടു പോകുന്നു എന്നല്ലാതെ കേരളത്തിലെ കർഷകരേയും, സാധാരണക്കാരേയും രക്ഷിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. കെടുകാര്യസ്ഥതയും ധൂർത്തും അഴിമതിയും മുഖമുദ്രയായിട്ടുള്ള ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അവകാശമില്ല. അത് കേരളത്തിലെ ജനങ്ങൾ, ആന്റണിയുടെ കേരള മോചനയാത്രയിലൂടെ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ആ ചുമരെഴുത്ത് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയണം. അത് മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ സാധാരണക്കാരെ രക്ഷിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് ശ്രീ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുമാനപ്പെട്ട ജോയി പഴകിദ്രവിച്ച

LIBRARY ARCHIVES Kerala Legislative Assembly

കുറെ കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അതുകൊണ്ടുതന്നെ ഈ നന്ദി പ്രമേയത്തെ ജോയി അനുകൂലിക്കുന്നു എന്നാണ് തോന്നുന്നത്. ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. രാഷ്ട്രീയത്തിൽ പണമുപയോഗിച്ച് കളിച്ച കളി ആരുടേതാണ് എന്നുള്ളത് നിമയസഭയിൽ അംഗമായിരുന്ന ശ്രീ. പി. ബാലന്റെ ജീവചരിത്രത്തിൽ അദ്ദേഹം തന്നെ വിവരിക്കുന്നു. ബാലൻ കോൺഗ്രസ് നേതാവല്ലേ ? തളരാത്ത പോരാളി, കോൺഗ്രസുകാർ അധികം വായിച്ചിരിക്കില്ല. തങ്കച്ചൻ സാറിനേപോലുള്ള ആളുകൾ വായിച്ചിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. അതിൽ ശ്രീ. ആന്റണി ഒരു അവതാരിക അവതരിപ്പിച്ചിട്ടുണ്ട്. അതു വായിച്ചു കഴിഞ്ഞാൽ മനസ്സിലാകും. പി. ബാലന്റെ വ്യക്തിത്വം ആന്റണി അവതാരികയിൽ പറയുന്നത് കേരളത്തിലെ കോൺഗ്രസ് നേതാക്കളിൽ ഒരു അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയാണ് ശ്രീ. ബാലേട്ടൻ എന്നാണ്. അങ്ങനെ ആന്റണി അവതാരിക എഴുതി പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ബാലേട്ടൻ ആന്റണിയെപ്പറ്റിയും വിവരിക്കുന്നുണ്ട്. അതെ, സി. ഐ. എ. തന്നെ പണം ആരാ വാങ്ങിയത് എന്തിനാ വാങ്ങിയത് എന്നതിനെപ്പറ്റിയാണ് പറയുന്നത്. ജോയിയുടെ പാർട്ടിയാണ് വാങ്ങിയത്. അതാണ് ഈ ബാലേട്ടൻ പറഞ്ഞത്. ഞാൻ ഈ പുസ്തത്തിലെ അൻപത്തിയൊന്നാമത്തെ പേജ് കോട്ട് ചെയ്യുകയാണ്. " ജാതിമത സാമുദായിക ശക്തികൾക്ക് ഇന്നത്തെ നിലയിൽ കേരള രാഷ്ട്രീയത്തിൽ മേധാവിത്വം ലഭിക്കാൻ വിമോചനം സമരം കാരണമായി എന്നതിൽ തർക്കമില്ല. രാഷ്ട്രീയ പ്രവർത്തനങ്ങളിലും തെരഞ്ഞെടുപ്പുകളിലും പണത്തിന്റെ സ്വാധീനം വർദ്ധിച്ചതും വിമോചന സമരത്തിന് ശേഷമാണ്. വിമോചനസമരം കേരളത്തിലെ കോൺഗ്രസിന്റെ കുളം തോണ്ടിയെന്നു തന്നെയാണ് ബാലന്റെ അഭിപ്രായം ". ബാലേട്ടൻ പറഞ്ഞ കാര്യം കോൺഗ്രസ് ഇപ്പോൾ അംഗീകരിക്കുകയാണെങ്കിൽ കോൺഗ്രസിനെ പിരിച്ചുവിടണം. മഹാത്മ ഗാന്ധി പറഞ്ഞത് അനുസരിക്കാത്തവരാണ് നിങ്ങൾ. അതുകൊണ്ട് അതിൽ കൂടുതലൊന്നും നിങ്ങളിൽ നിന്നും പ്രതീക്ഷിച്ചിട്ട് കാര്യമില്ല. വിമോചനസമരത്തിൽ സി.ഐ.എ. യുടെ പണം പങ്കുപറ്റി. അതിന് നേതൃത്വം കൊടുത്തിട്ടുള്ള ആന്റണിക്ക് ഇപ്പോൾ വിമോചന സമരത്തിന് നേതൃത്വം കൊടുത്തിന്റെ പ്രേതം പിടികൂടി ഇപ്പോൾ ഒരു മോചനയാത്ര നടത്തുകയാണ്. ആരാണ് കേരള രാഷ്ട്രീയത്തിൽ സി. ഐ. എ. യുടെ പണം പറ്റിയിട്ട് ഇവിടെ സമരം നടത്തിയത് ? അപ്പോൾ ജോയി പറഞ്ഞ കാര്യംകൊണ്ട് ഇതുകൂടി വിശദീകരിക്കാൻ കഴിഞ്ഞല്ലോ. സർ, നൂറ്റിയൊന്നാമത്തെ പേജിൽ മറ്റൊരു കാര്യം കൂടി പറയുകയാണ്. സർ, " ഈ അഭിപ്രായക്കാരിൽ പലരും അധികാരത്തിൽ വരുമ്പോൾ സ്വഭാവം മാറും. സംഘടനയടക്കം സകലതും തന്റെ കൈയിൽ ഒതുങ്ങണമെന്ന് തോന്നും. കരുണാകരന് സംഭവിച്ചത് അതായിരുന്നു. ആന്റണിയും ആ സ്വഭാവം കാണിച്ചപ്പോൾ ബാലൻ അതിനെ എതിർക്കാൻ തീരുമാനിച്ചു. 'വിഗ്രഹത്തെ പൂജിക്കുന്ന ഒരു പൂജാരിക്ക് പൂജ മുറുകിയപ്പോൾ താൻ തന്നെ ദൈവം എന്ന് തോന്നി' അതുപോലെയാണ് അധികാരത്തിൽ ഇരിക്കുന്നവർക്ക് സംഘടനയടക്കം സകലതും താനാണ് എന്ന തോന്നൽ". പൂജാരി ഒരിക്കലും ദൈവമാകില്ല എന്നാണ് ബാലൻ പറഞ്ഞത്. ആന്റണിയും കരുണാകരനും ഉൾപ്പെടെ എങ്ങനെയാണ് ഭരണത്തെ കൊണ്ടുപോയത് എന്നതിന്റെ വിവരങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ കോൺഗ്രസ് നേതാവ് ബാലൻ രചിച്ച പുസ്തകത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണത്തെ തനി ധൂർത്തിലേയ്ക്ക് നയിക്കുക അത് സി.പി.എം.ന്റെ പതിവോ, ഇടതുപക്ഷത്തിന്റെ ഭരണരീതിയോ അല്ല നിങ്ങളുടെ കൈമുതലാണ്. പിന്നെ ആ വക കാര്യങ്ങളെക്കുറിച്ച് അധികം പറയാതിരിക്കുകയാണ് നല്ലത് എന്നേ എനിക്ക് പറയാനുള്ളൂ. സർ, ചൈനയിൽ ആഗോളവൽക്കരണ നടപടികൾ, ഉദാരവൽക്കരണ നടപടികൾ എന്നിവ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ്. ചൈനയും ഇൻഡ്യയും തമ്മിൽ വ്യത്യാസമുണ്ട്. ചൈനയിൽ ഈ ആഗോളവൽക്കരണ നടപടികൾ ചൈനയിലെ സമ്പദ്ഘടനയെ ചൈനയിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കുകയാണ്. ഇവിടെ അങ്ങനെയാണോ ? അതാണോയെന്ന് തിരുവഞ്ചൂരിന് ആത്മാർത്ഥമായി പറയാൻ കഴിയുമോ ? ഇവിടെ പൂർണ്ണമായും ഈ രാജ്യത്തിന്റെ പരമാധികാരവും സ്വാശ്രയത്വവും അപകടത്തിൽപ്പെടുന്ന വിധത്തിലാണ്. ചൈന ഈ നടപടികളിലൂടെ അവിടെ ഒരു വിദേശമൂലധനം ഇറക്കുമതി ചെയ്താൽ അവർ ഒരു വിദേശ സഹായത്തോടെ വ്യവസായ സ്ഥാപനം ആരംഭിച്ചുകഴിഞ്ഞാൽ പതിനഞ്ചു വർഷം കഴിയുമ്പോൾ അത് ചൈന ഗവൺമെന്റിന്റേതാവും. ഇവിടെ അതാണോ ? ഇവിടെ പൂർണമായി നമ്മുടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കുന്ന നയമാണ്. ഇറക്കുമതി നയമെന്താണെന്ന് ഞാൻ വിവരിക്കണമോ ? നിങ്ങൾ തുടങ്ങിയതല്ലേ. ഞാൻ വിവരിക്കേണ്ട കാര്യമില്ലല്ലോ. അതുകൊണ്ട് ചൈനയേയും ഇൻഡ്യയേയും താരതമ്യം ചെയ്തുകൊണ്ട് ഏതായാലും അദ്ദേഹത്തിന്റെ ചിന്താഗതി അദ്ദേഹത്തെ നയിക്കട്ടെ എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. സർ, ഗവർണ്ണറുടെ നേരെ നിങ്ങൾ കരിങ്കൊടി കാണിച്ചില്ലേ ? ഇവിടെ കോൺഗ്രസ് പ്രതിപക്ഷത്തിരുന്നുകൊണ്ട് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനമില്ലേ ഇൻഡ്യയിൽ, ഏതെങ്കിലും ഒരു സംസ്ഥാനത്ത് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ വേളയിൽ കരിങ്കൊടി പ്രകടനം നടത്തിയോ ? ആ സംസ്ഥാനത്തിലെ കോൺഗ്രസ് നേതൃത്വം ആ ബി.ജെ.പി.യുടെ നയത്തെ എതിർത്തിട്ടുണ്ടോ ? യഥാർത്ഥത്തിൽ കേരളനിയമസഭയിൽ ബി.ജെ.പി. യുടെ ബിനാമിയാണ് ഇപ്പോൾ കോൺഗ്രസ്. ഇപ്പോൾ അക്കൗണ്ട് തുറക്കുമെന്ന് അവർ പറയുന്നുണ്ട്. അക്കൗണ്ട് തുറക്കാതെതന്നെ ബി.ജെ.പി. യുടെ സാന്നിദ്ധ്യം നിങ്ങൾക്ക് വ്യക്തമാക്കുന്നുണ്ട്. ഈ ഗവൺമെന്റ് എങ്ങനെയാണ് മുന്നോട്ടുപോകുന്നത് എന്നതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇതിനുമുമ്പ് പ്രസംഗിച്ച ഭരണകക്ഷിയിൽപ്പെട്ട പ്രതിനിധികൾ ആ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. സർ, ഇവിടെ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ ഒരു പഠന റിപ്പോർട്ടിൽ കേരളത്തെ കുറിച്ച് പറയുന്നുണ്ട്. കേരളത്തിലെ പോലീസ് സംവിധാനം കാര്യക്ഷമമാണ്. അത് ഇൻഡ്യയ്ക്ക് ആകെ മാതൃകയാണ്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൺടംപററി സ്റ്റഡീസ് നടത്തിയ ഒരു പഠനത്തിൽ മൂന്നു കാര്യങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് പറയുന്നുണ്ട്. സോണിയാഗാന്ധിയാണ് ഈ സ്ഥാപനത്തിന്റെ ചെയർമാൻ എന്ന് ഓർത്തോളണം. ക്രമസമാധാനം, ആരോഗ്യം വിദ്യാഭ്യാസം ഈ രംഗങ്ങളിലാണ് കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ഇടതുപക്ഷ ഗവൺമെന്റ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നടത്തിയ ഒട്ടേറെ പുരോഗമനപരമായ നടപടികളിലൂടെയാണ് സാധിച്ചിട്ടുള്ളത്. നിങ്ങളുടെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെന്തായിരുന്നു ? അഞ്ചു കൊല്ലത്തിനിടയിൽ പന്ത്രണ്ടായിരത്തി മൂന്നൂറ്റിയിരുപത്തഞ്ചു ലക്ഷം രൂപ നഷ്ടത്തിലായിരുന്നു. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയിൽ വ്യക്തമാക്കിയതാണ്. ഈ ഇടതുപക്ഷ ഭരണത്തിൻകീഴിൽ പതിനേഴായിരത്തി ഒരുന്നൂറ്റി നാൽപ്പത്തിരണ്ടു ലക്ഷം രൂപ പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം ആകെയെടുത്തു പരിശോധിച്ചാൽ ലാഭത്തിലാണ്. ഇങ്ങനെയൊരു ഗവൺമെന്റിനെ, ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനത്തെ നിങ്ങൾക്കല്ലാതെ മറ്റാർക്കെങ്കിലും എതിർക്കാൻ കഴിയുമോ ? സർ, അഞ്ചു വർഷത്തനിടിയിൽ പ്രതിപക്ഷത്തിന് ഒരു അവിശ്വാസപ്രമേയം കൊണ്ടുവരാൻ കഴിഞ്ഞോ ? അവിശ്വാസപ്രമേയം പോലും കൊണ്ടുവരാൻ കഴിയാത്തവരാണ് അപ്പുറത്തിരിക്കുന്നവർ. ഇനിയും കുറച്ചു ദിവസങ്ങൾ കൂടിയുണ്ട്. നിങ്ങൾ അഞ്ചുവർഷം നായനാർ ഭരണം പൂർത്തിയാക്കുകയില്ല എന്നാണ് കരുതിയത്. നിങ്ങളുടെ പ്രതീക്ഷ തെറ്റിയില്ലേ. അഞ്ചുവർഷം ഇതാ പൂർത്തിയാകാൻ പോകുകയാണ്. അതുകൊണ്ടുതന്നെ നിങ്ങളുടെ ഹൃദയമിടിപ്പ് വർദ്ധിച്ചിട്ടുണ്ട്. സർ, ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണവും പ്രതിപക്ഷത്തിന്റെ ഉറക്കം കെടുത്തി. വൈദ്യുതി മേഖലയിലേയും പൊതു വിതരണരംഗത്തേയും അഭിമാനകരമായ നേട്ടങ്ങൾ ശ്രീ. എ. കെ. ആന്റണിയുടേയും അനുയായികളുടേയും സമനില തെറ്റിച്ചിരിക്കുകയാണ്. രാജ്യമാകെ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ്. ശ്രീ. എ. കെ. ആന്റണിയുടെ പാർട്ടികൾ ഭരിക്കുന്നതുൾപ്പെടെയുള്ള 9 സംസ്ഥാനങ്ങളിൽ ക്ഷേമപദ്ധതികളൊക്കെ നിർത്തലാക്കി. പൊതുവിതരണ രംഗത്തെ ആനുകൂല്യങ്ങൾ സർക്കാർ വെട്ടിക്കുറച്ചു. സർക്കാർ ജീവനക്കാർക്ക് ശമ്പളം പോലും നൽകുന്നില്ല. ഈ അവസ്ഥയിൽ കേരളത്തിൽ ഇടതുപക്ഷ സർക്കാർ ഇതെല്ലാം ചെയ്യുകയാണ്. സർക്കാർ ജീവനക്കാർക്ക് ശമ്പളം മുടങ്ങാതെ കൊടുക്കുക മാത്രമല്ല, കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏതെങ്കിലുമൊരു പദ്ധതിയോ ആനുകൂല്യമോ ഇവിടെ വെട്ടിക്കുറച്ചോ ? ഇതൊക്കെ പ്രതിപക്ഷത്തിന്റെ കിനാവ് തകർത്തിരിക്കുകയാണ്. അപ്പോഴാണ് അവർക്കൊരു സ്ഥലകാല വിഭ്രാന്തി അനുഭവപ്പെടുന്നത്. കുരങ്ങന്റെ കളി കാണാൻ കൗതുകകരമാണ്. കുരങ്ങൻ മദ്യപിച്ചാലോ ? പിന്നെ ആ കളി പറയുകയേ വേണ്ട. കള്ളു കുടിച്ച കുരങ്ങനെ ഒരു തേള് കുത്തിയാലോ? ഏതാണ്ട് ആ രൂപത്തിലാണ് നിങ്ങൾ. അത്തരമൊരു പ്രതിപക്ഷമാണ് ഇന്നിപ്പോൾ ഉള്ളത്. പ്രതിപക്ഷത്തിന് ഇപ്പോൾ അധികാരത്തിന്റെ മത്ത് പിടിച്ചിരിക്കുകയാണ്. ശ്രീ. ആന്റണിയുടെ മോചനയാത്ര ഒരു കിനാവ് മാത്രമാണ്. മുഖ്യമന്ത്രിക്കസേര കിനാവു കണ്ടുകൊണ്ടുള്ള ഒരു സുഖയാത്ര. ആ യാത്രയിൽ ആരൊക്കെയാണ് ? ആലിബാബയും 40 കള്ളൻമാരും. രണ്ട് അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ പോകേണ്ട ആൾ മേൽക്കോടതി ജാമ്യം നൽകിയ ഒറ്റ കാരണത്താൽ ജാമ്യച്ചീട്ടും പോക്കറ്റിൽ വച്ചാണ് ഒരാൾ ആ ജാഥയിൽ പങ്കെടുക്കുന്നത്. ഈയിടെ ആ ജാഥ ഒരിടത്ത് എത്തിയപ്പോൾ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് പരോളിൽ ഇറങ്ങിയ മോഷണക്കേസിലെ പ്രതികളാണ് മുൻപിൽ സ്വീകരിക്കാൻ !

LIBRARY ARCHIVES Kerala Legislative Assembly

മോഷണത്തിന്റെ രാജാവിനെ കണാൻ. പിന്നെ ആരാണ് സർ ഒരാൾ ? മറ്റൊരാൾ കുരിയാർകുട്ടി-കാരപ്പാറ അഴിമതിക്കേസിലെ പ്രതിയാണ്. മൂന്നാമതൊരാൾ കൂത്തുപറമ്പ് കൊലക്കേസ്സിലെ പ്രതിയാണ് ഇത്തരക്കാരുടെ കേസ് വാദിക്കാൻ വക്കാലത്ത് നാരായണൻകുട്ടിയും ആ ജാഥയിലുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയെന്നുള്ള നിലയിൽ ഈ സഭയിൽ ആ രാഷ്ട്രീയ പാർട്ടിയുടെ നിലപാടുകളും കാഴ്ചപ്പാടുകളും വിശദീകരിക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ ഇവിടെ നടന്നു കൊണ്ടിരിക്കുന്ന ജാഥയിൽ ആ ജാഥയുടെ തലവൻ ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷനേതാവാണ്. അദ്ദേഹം പോകുന്നത് ആലിബാബയും 40 കള്ളൻമാരുമാണെന്ന് ആദ്യം ആക്ഷേപിച്ചു രണ്ടാമത് പറയുന്നു മോഷണക്കേസിലെ പ്രതികൾ വന്നു, മോഷണത്തിന്റെ രാജാവിനെ കാണാൻ, അവരെ സ്വീകരിക്കാൻ എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം പ്രതിപക്ഷനേതാവിനെ മനഃപൂർവ്വം അവഹേളിക്കുന്നതിനും മോഷ്ടാവാണെന്ന് വരുത്തി വച്ച് അപമാനിക്കുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനും വേണ്ടി നടത്തിയ ഒരു പ്രസംഗമാണ്. അത് എക്സ്പഞ്ച് ചെയ്യണം. അത് പത്രത്തിൽ റിപ്പോർട്ടു ചെയ്യരുതെന്ന് അങ്ങ് റൂളിംഗ് കൊടുക്കുകയും ചെയ്യണം.

ശ്രീ. എം. വി. ജയരാജൻ : ഞാനത് വ്യക്തമാക്കാം. ഞാനുദ്ദേശിച്ചത് ശ്രീ. ബാലകൃഷ്ണപിള്ളയെത്തന്നെ. ശ്രീ. ബാലകൃഷ്ണപിള്ള തന്നെ രണ്ടു അഴിമതിക്കേസ്സിൽ ശിക്ഷിച്ച് ജയിലിൽ പോകാൻ കാത്തിരിക്കുന്ന ഉപരിക്കോടതി ജാമ്യം നൽകിയതിന്റെ പേരിൽ മാത്രം ജാമ്യച്ചീട്ടു പോക്കറ്റിൽ വച്ചു നടക്കുകയാണ് പിള്ള. ഇത്തരക്കാർ മോഷ്ടാക്കൾ അല്ലേ ? കട്ടാൽപ്പിന്നെ കളവല്ലാതെ പിന്നെ എന്താണ് പറയുക ? ശരിയായ കള്ളനല്ലേ ? കോടതി വരാന്തയിൽ മോഹാലസ്യപ്പെട്ടു വീണ മോഷണക്കേസിലെ പ്രതിയെ പിന്നെ എന്തു പേരിട്ടു വിളിക്കും സർ ? അവരെല്ലാം കൂടി നടത്തുന്ന ഒരു ജാഥയാണ്. ഏതായാലും അത് ക്ലിയർ ചെയ്യാൻ എനിക്ക് അവസരം കിട്ടിയത്തിന് ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് നന്ദിരേഖപ്പെടുത്തുകയാണ്. അവർക്കെല്ലാം കൂടി ഒരു കേസ് വാദിക്കാൻ ആൾ വേണം. ഇപ്പോൾ ഒരു വക്കാലത്ത് നാരായണൻകുട്ടി ജാഥയിൽ പോകുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ : അത് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞതാണ്.

ശ്രീ. എം. വി. ജയരാജൻ : വക്കാലത്ത് നാരായണൻകുട്ടി കേസ് വാദിച്ചാൽ ആ കേസിലെ പ്രതികൾ ശിക്ഷിക്കപ്പെടും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ യാത്ര എവിടെയാണ് എത്തിച്ചേരുക എന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ല.

മി. ചെയർമാൻ : ശ്രീ. ജയരാജൻ പ്രസംഗത്തിൽ പറഞ്ഞതാണ്. അതിനകത്ത് അപകീർത്തിപ്പെടുത്തുന്ന രീതിയിൽ പറഞ്ഞതല്ല. ജനങ്ങൾ..... ബഹളം.....ബഹളം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : കേരളത്തിലെ ജനങ്ങൾക്ക് അതറിയാം കിനാവ് യാത്രയിൽ ശ്രീ. ആന്റണി ഒരു ദിവസം പറഞ്ഞു. 90 ദിവസം കഴിഞ്ഞാൽ ഞാൻ മുഖ്യമന്ത്രിയാകും. ഇതേ ആന്റണി മുമ്പൊരിക്കൽ പറഞ്ഞു മാർക്സിസ്റ്റുകാർ 100 വർഷത്തേക്ക് കേരളത്തിൽ അധികാരത്തിൽ വരില്ല. .....ബഹളം.....ബഹളം.... ബഹളം.....

മി. ചെയർമാൻ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ക്ലിയറായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പോയിന്റ് ഓഫ് ഓർഡർ. മോഷൻ ജാഥ നയിക്കുന്നത് ശ്രീമാൻ എ. കെ. ആന്റണിയാണ്. ആ ജാഥ നയിക്കുന്ന ശ്രീ. എ. കെ. ആന്റണിയെ അപമാനിച്ചുകൊണ്ടാണ് ഇവിടെ പ്രസംഗം നടത്തിയത്.

മി. ചെയർമാൻ : ഒരു അപമാനവും നടത്തിയിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് രേഖ പരിശോധിക്കണം. ആ രേഖയ്കത്ത് പ്രസംഗിക്കുന്ന ആളിന്റെ ദുർവ്യാഖ്യാനമല്ല പ്രശ്നം. ഇവിടെ രേഖയാണ് പ്രശ്നം. ആ രേഖ അങ്ങ് പരിശോധിക്കണം. ആ രേഖയ്ക്കകത്ത് ശ്രീ. എ. കെ. ആന്റണിയെ അപമാനിച്ചു കൊണ്ടു പറഞ്ഞ ഭാഗം മാറ്റിയേ മതിയാകൂ. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്തേ മതിയാകൂ. തെറ്റിദ്ധരിപ്പിച്ചിട്ട് കാര്യമില്ല. അങ്ങയുടെ റൂളിംഗ് വേണം.

ശ്രീ. എം. വി. ജയരാജൻ : മാർക്സിസ്റ്റുകാർ 100 വർഷത്തേക്ക് കേരളത്തിൽ അധികാരത്തിൽ വരില്ല എന്നായിരുന്നു ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. 100 ആഴ്ച പോലും വേണ്ടി വന്നില്ല സി. പി. എം.ന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വരാൻ. ദുർവ്വാസാവിനെപ്പോലെയായിരുന്നു ശ്രീ. എ. കെ. ആന്റണി അന്ന് ശപിച്ചത്. ആ ശാപം അന്ന് ഇടതുപക്ഷത്തിനല്ല ഏറ്റത്. ശാപം ഏറ്റത് ശ്രീ. കരുണാകരനാണ്. ഇന്നിപ്പോൾ ശ്രീ. കരുണാകരൻ കോൺഗ്രസ്സിൽ വെറുമൊരു വോട്ടില്ലക്ഷണിതാവ് മാത്രമാണ്, ശ്രീ. എ. കെ. ആന്റണി ശപിച്ചിട്ടാണ്. ഇലക്ഷൻ കമ്മിറ്റിയിൽ നിന്ന് പുറത്താക്കിയ ആന്റണിയെ ശ്രീ. കരുണാകരൻ വെറുതെ വിടുമോ ? അൽപ്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയിലും കുട നിവർക്കും. ശ്രീ. കരുണാകരൻ ഇതാണ് പ്രതിപക്ഷനേതാവിനെപ്പറ്റി പറഞ്ഞത്. ഈ പണി പറ്റിക്കുമെന്ന് ശ്രീ. ആന്റണി പോലും പ്രതീക്ഷിച്ചിരുന്നില്ല. 24-ന് തിരുവനന്തപുരത്തു പ്രകടനം നടത്തുമെന്ന് മുൻകൂട്ടി പറഞ്ഞതായിരുന്നു. ആ പ്രകടനം മാറ്റി വച്ചിരിക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ പ്രകടനം എന്തിനാണ് മാറ്റി വച്ചത് ? അതൊന്നു വ്യക്തമാക്കാൻ കഴിയുമോ ? പ്രകടനം നടത്താൻകഴിയില്ല. തല്ലിപ്പിരിയും. അതുകൊണ്ടാണ് മാറ്റി വച്ചത്. കിനാവു കാണാൻ ആർക്കും അവകാശമുണ്ട്. മുഖ്യമന്ത്രി കസേര കിനാവു കാണാൻ ഇവർക്ക് എങ്ങനെയാണ് കഴിയുന്നത് ? എങ്ങനെയാണ് ധൈര്യം വരുന്നത് ? 1991-96 വരെ യു.ഡി.എഫ് ആയിരുന്നു ഭരിച്ചത്. ഒറ്റപ്പാലത്തും ഗുരുവായൂരും അന്ന് ഉപതെരഞ്ഞെടുപ്പ് നടന്നു. രണ്ടു സീറ്റും കോൺഗ്രസ്സിന്റെ ആയിരുന്നു. രണ്ടു സീറ്റിലും ഇടതുപക്ഷം വിജയിച്ചു. 1996-2001 വരെയുള്ള അഞ്ചു വർഷം എൽ.ഡി.എഫ്. അധികാരത്തിൽ. ആറ് ഉപതെരഞ്ഞെടുപ്പ് നടന്നു. ആറിലും അപ്പുറത്തുള്ളവർ തോറ്റു.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം അവരുടെ കയ്യിൽ നിന്ന് ഞങ്ങൾ പിടിച്ചെടുത്തു. നിങ്ങൾ ഭരിച്ചപ്പോൾ 1995-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. അതിൽ ഇടതുപക്ഷം അഭിമാനകരമായ വിജയം കരസ്ഥമാക്കി. ഇക്കഴിഞ്ഞ 2000 സെപ്റ്റംബറിൽ വീണ്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. അതിനും ഇടതുപക്ഷം അഭിമാനകരമായ വിജയം കരസ്ഥമാക്കി. കഴിഞ്ഞ 10 വർഷത്തിനിടയിൽ നടന്ന തെരഞ്ഞെടുപ്പുകൾ, ജനവിധികൾ ആകെ പരിശോധിച്ചു കഴിഞ്ഞാൽ യു.ഡി.എഫ്.ന്റെ തകർച്ചയാണ്. കോൺഗ്രസ്സ് തകർന്നുകൊണ്ടിരിക്കുകയാണ്. ഉപ്പുചാക്ക് ഉപ്പോടുകൂടി വെള്ളത്തിലിട്ടാൽ ഉണ്ടാകുന്ന അവസ്ഥ. അതുകൊണ്ട് ഇപ്പോൾ അവരൊരു പുതിയ കൂട്ടുകെട്ടുണ്ടാക്കുകയാണ്. ബി. ജെ. പി.യുമായി ചേർന്നിട്ടാണ്. ബി.ജെ.പി.യുമായി ചേർന്നിട്ടുള്ള കച്ചവടം 1991-ൽ തുടങ്ങിയതാണ്. 1991-ൽ ബി.ജെ.പി, യു.ഡി.എഫ്. ബന്ധത്തെക്കുറിച്ച് ഞങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളെയെല്ലാം കളിയാക്കിയല്ലോ. അന്ന് ആ മുന്നണിയെപ്പറ്റി 'കെ.ജി. മാരാർ രാഷ്ട്രീയത്തിന്റെ സ്നേഹസാഗരം' എന്ന കെ. കുഞ്ഞിക്കണ്ണൻ എഴുതിയ പുസ്തകത്തിൽ പറഞ്ഞു. അതിൽ പറയുന്നത് തിരുവനന്തപുരത്ത് കോൺഗ്രസ്സ്സും എൻ.എസ്.എസ്സും, ബി.ജെ.പി. സ്ഥാനർത്ഥികളെ ജയിപ്പിക്കാമെന്നായിരിന്നു ധാരണ. ബി.ജെ.പി. സ്ഥാനർത്ഥികൾക്ക് എത്ര സീറ്റിലാണോ യു.ഡി.എഫ്. വോട്ട് ചെയ്യുന്നത് അത്രയും സീറ്റിൽ തിരിച്ച് വോട്ടു ചെയ്യുമെന്ന് ബി.ജെ.പി. ഉറപ്പു നൽകി. അതനുസരിച്ചുള്ള ലിസ്റ്റും കൈമാറി. നേതൃത്വത്തിലെ എല്ലാ തലത്തിലും ചർച്ച നടത്തി എടുത്ത തീരുമാനം പൂർണ്ണമായി നടപ്പിലാക്കുന്നതിന് ബി.ജെ.പി.ക്കു കഴിഞ്ഞു. പരാമ്പരാഗത വൈരം മറന്നുപോലും നിശ്ചിത ലീഗ് - കോൺഗ്രസ്സ് സ്ഥാനാർത്ഥികൾക്ക് വോട്ട് നൽകാൻ ബി.ജെ.പി. പ്രവർത്തിച്ചു. എന്നാൽ ധാരണ അനുസരിച്ച് ബി.ജെ.പി. പ്രവർത്തിച്ചു വെങ്കിലും അതുപോലുള്ള സഹകരണം യു. ഡി. എഫ് പ്രത്യേകിച്ച് കോൺഗ്രസ്സിൽ നിന്നുണ്ടായില്ല. ബി.ജെ.പി. സ്ഥാനാർത്ഥികളെ തന്ത്രപൂർവ്വം അവർ തോൽപ്പിച്ചു. ഇത്തരത്തിലാണ് കെ. ജി. മാരാരുടെ ജീവിതചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, ഈ മുന്നണിയെക്കുറിച്ച്, ഈ അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ച് ബി.ജെ.പി.യുടെ സംസ്ഥാന കമ്മിറ്റി അന്നൊരു അന്വേഷണ കമ്മീഷനെ വച്ചു. ബി.ജെ.പി.യുടെ സംസ്ഥാന കമ്മിറ്റിയുടെ അന്വേഷണ കമ്മീഷൻ റിപ്പോർട്ടാണിത്. വോട്ട് കച്ചവടം നടത്തിയവർ മാന്യത പാലിക്കണം. ഭാരതീയ ജനതാപാർട്ടി, കേരളാ സ്റ്റേറ്റ് അരവിന്ദം, ടി.സി. 26/2046 ട്യൂട്ടേഴ്സ് ലെയിൻ സ്റ്റാറ്റ്യൂ തിരുവനന്തപുരം. Proceedings of the Committee of Enquiry അതിലുള്ള മെമ്പേഴ്സ് - (1) Shri. K. Ayyappan Pillai (2) Dr; Xavier Paul (3) Shri Palliyara Raman Contents of Complaints - Basic principles of BJP violated - Votes transferred in bulk to political, rival party- Fianance squandered. Workers of BJP almost totally side lined; Mistake Committed in unauthorised withdrawals of Beypore and Vadakara candidates ; Reference - State Committee resolution dated 30-6-1991 appointing the sub committee to enquire and report on the above allegations. Finding- Complaints are real and those allegations complained of have brought the party into disarray and disgrace. Recommendations - Persons found guilty

LIBRARY ARCHIVES Kerala Legislative Assembly

should be given dettrerent punishment and be removed from their present posts. ആ അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ച് ബി.ജെ.പി. യുടെ സംസ്ഥാന കമ്മിറ്റി നിയോഗിച്ച മുന്നാംഗ കമ്മീഷൻ അന്വേഷണത്തിനു ശേഷം അവർ ബി.ജെ.പി. സ്റ്റേറ്റ് നേതൃത്വത്തിനും അഖിലേന്ത്യാ നേതൃത്വത്തിനും കൊടുത്ത അന്വേഷണ റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇതിൽ ബി.ജെ.പി യുടെ കോഴിക്കോട് ജില്ലാ പ്രസിഡന്റ് ഒരു കാര്യം പറയുന്നു. Shri. Hiresh Heerachand BJP District President, Kozhikode, in his statement says as follows : "on the 23rd Sethumadhavan Vibhag Pracharak of R.S.S phoned me saying that I should go to Karyalayam for urgent talk with Mukundan. I went there and found Sri. Mukundan with C. Prabhakaran Gangadharan of B.M.S., M. S. Kumar and others. Mukundan told us that we should withdraw official candidates for Vadakara Loksabha and Beypore Assembly constituencies and support congress; He further said that we should give 2000 votes to League candidate Dr. Muneer (son of C. H. Muhammed Koya) in Kozhikode II and he said Mararji will be given 2000 Votes of IUML. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിൽനിന്നും മാരാർജിക്ക് രണ്ടായിരം വോട്ട് മറ്റേശരത്തു കിട്ടും. അങ്ങനെ കിട്ടിയാൽ കോഴിക്കോട് II-ൽ ഡോ. മുനീറിന് രണ്ടായിരം വോട്ട് കൊടുക്കണം. After this Mukundan went with Ratna Singh. ആരാണ് രത്നസിംഗ് ? (Congress Independent Candidate of Vadakara), K. T. C. Chandran, ആരാണ് കെ. ടി. സി. ചന്ദ്രൻ ? M. S. Kumar and B.M.S. Gangadharan in Chandran's Contessa Car. ബി.ജെ.പിയും യു.ഡി.എഫും തമ്മിലുണ്ടാക്കിയ അവിശുദ്ധ കൂട്ടുകെട്ടിന്റെ സാക്ഷിപത്രം. വോട്ട് വിൽക്കുമ്പോൾ മാന്യമായിട്ട് വിൽക്കണം. കേടാട്ടാ. അവർ പറയുകയാണ് തങ്ങളെ പറ്റിച്ചു എന്ന്. നിങ്ങൾ നേരാവണ്ണം പ്രവർത്തിച്ചില്ല എന്ന് ബി.ജെ.പി.യുടെ റിപ്പോർട്ടിൽ. ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം. കഴിഞ്ഞ പള്ളിക്കര പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ, താമര, എണ്ണി, കൈ പള്ളിക്കര പഞ്ചായത്തു തെരഞ്ഞെടുപ്പിലെ നോട്ടീസ് ആണ് എന്റെ കൈയിലിരിക്കുന്നത്. ഇതാണ് അതിന്റെ ചിത്രം. ഞാൻ ഇത് മേശപ്പുറത്തു വയ്ക്കാം. ഈ അവിശുദ്ധ കൂട്ടുകെട്ട് തെളിയിക്കുന്ന രേഖാചിത്രവും മേശപ്പുറത്തു വയ്ക്കുകയാണ്. തീർന്നില്ല. ഇത് ജന്മഭൂമി. എന്റെ ലീഗിന്റെ സുഹൃത്തുക്കൾ നോക്കണം. കോഴിക്കോട് തളികാപുരിയിൽ നടന്ന ചടങ്ങിൽ സി. കെ. പത്മനാഭൻ 'തീയിൽ കുരുത്ത ചെന്താമര' എന്ന പുസ്തകം പ്രകാശന കർമ്മം നിർവ്വഹിച്ച് ശ്രീ. അബ്ദുൾ സമദ് എം. പി. സംസാരിക്കുന്നു. ആ സമദാനി സി. കെ. പത്മനാഭനെപ്പറ്റി വിവരിച്ച കാര്യം ജന്മഭൂമി പത്രത്തിൽ വന്നിട്ടുണ്ട്. "വിശ്വസിക്കുന്ന ആദർശത്തിനുവേണ്ടി പ്രതിബദ്ധത പുലർത്തുന്ന പ്രത്യുൽപ്പന്നമതിയായ രാഷ്ട്രീയ നേതാവാണ് സി. കെ. പത്മനാഭൻ" എന്നു സമദാനി പറഞ്ഞു. സി. കെ. പത്മനാഭനെക്കുറിച്ച് എഴുതിയ സി. കെ. പത്മനാഭൻ 'തീയിൽ കുരുത്ത ചെന്താമര' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം തളികാപുരിയിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലീഗിന്റെ സുഹൃത്തുക്കളും കേൾക്കണം. സമദാനിയുടെ പ്രസംഗം തുടരുന്നു " അദ്ദേഹത്തിന്റെ ജീവിതം സമരസജ്ജമായ, സഹൃദയത്വം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടും സ്നേഹസമ്പന്നത കൊണ്ടും ആകർഷണീയമാണെന്ന്" സമദാനി ചൂണ്ടിക്കാട്ടി. പള്ളി പൊളിക്കാൻ പോയ ബി.ജെ.പി. നേതാക്കൾ സ്നേഹസമ്പന്നമാർ അല്ലേ ? വിശ്വാസികൾക്ക് മെക്കയിലേക്കുള്ള വഴി പറഞ്ഞുകൊടുക്കുന്ന സമദാനി ഇപ്പോൾ പാവപ്പെട്ട ന്യൂനപക്ഷ സഹോദരങ്ങളെ ബി.ജെ.പി. യിലേക്ക് പോകാനുള്ള വഴി പറഞ്ഞുകൊടുക്കുകയാണ്. അല്ലേ ? ഇതാണ് രാഷ്ട്രീയം. ഇവിടെയാണ് കഴിഞ്ഞ ദിവസം ശ്രീ. എ. കണാരനും ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും പറഞ്ഞ കാര്യം പ്രസ്തുതമാകുന്നത്. ലീഗിൽ ഒരു വിഭാഗത്തിന് ശ്രീ. ഇ. അഹമ്മദും ഡോ. എം. കെ. മുനീറും നേതൃത്വം കൊടുത്തുകൊണ്ട് കോൺഗ്രസ്സ് ഇവിടെ ഒരു മുന്നണി രൂപീകരിക്കാൻ പോകുകയാണ്. അവിശുദ്ധ മുന്നണി. ആ മുന്നണിയാണിവിടെ രൂപീകരിച്ചിട്ടുള്ളത്. ശ്രീ. എ. കെ. ആന്റണിക്ക് അതിനെ പറ്റിയൊന്നും പറയാനില്ല. ഇവിടെ ബി.ജെ.പി. യുടെ അഖിലേന്ത്യാ പ്രസിഡന്റ് ബങ്കാരു ലക്ഷ്മണൻ പങ്കെടുത്ത സംസ്ഥാന കൗൺസിൽ യോഗത്തിൽ ഈ കാര്യം പറഞ്ഞു. അവർ പറഞ്ഞത്." തെരഞ്ഞെടുപ്പിൽ പരസ്യമായ കൂട്ടുകെട്ടേ ഉണ്ടാകൂ എന്ന് ബി.ജെ.പി. ആണയിടുന്നുണ്ടെങ്കിലും രഹസ്യമായി വിട്ടുവീഴ്ചയും തയ്യാറാക്കുന്നില്ല. നിയമസഭയിൽ ഒരാളെയെങ്കിലും ഇത്തവണ പാർട്ടിക്ക് ഉണ്ടാകണമെന്ന് നിർബന്ധമാണ്. അതിനുവേണ്ടി എന്തുവില കൊടുത്താലും തെറ്റില്ല". കോഴിക്കോട് ചേർന്ന ബി.ജെ.പി. സംസ്ഥാന കൗൺസിൽ യോഗത്തിൽ പറഞ്ഞതാണ്. ഈ അവിശുദ്ധ കൂട്ടുകെട്ടിനെ കേരളത്തിലെ മുസ്ലീം സഹോദരങ്ങൾ തിരിച്ചറിയുമോ ? മുസ്ലീം സഹോദരങ്ങൾ ഇതിനെതിരാണ്. ഇവരെല്ലാം ഇതിനെതിരായി നീങ്ങിക്കൊണ്ടിരിക്കുന്നു. ഇടതുപക്ഷവുമായി കൂടുതൽ കൂടുതൽ സഹകരിക്കുന്നു. 1992 മുതൽ ന്യൂനപക്ഷ സഹോദരങ്ങളാണ് ഇടതുപക്ഷത്തിന്റെ അഭിമാനകരമായ മുന്നേറ്റത്തിനു പ്രധാന കാരണം. അത് തകർക്കാൻ വേണ്ടിയാണ് നാദാപുരം, തളിപ്പറമ്പ്, മണ്ണാർക്കാട്, മഞ്ചേരി പോലുള്ള സംഭവങ്ങൾ. തളിപ്പറമ്പ് കൃഷ്ണനെ കൊലചെയ്തു. മണ്ണാർക്കാട് അബ്ദുൾ ഗഫൂറിനെ കൊല ചെയ്തു. നാദാപുരത്ത് സന്തോഷിനെ കൊലചെയ്തു. മഞ്ചേരിയിൽ പ്രിയപ്പെട്ട ഒരു സി.ഐ.റ്റി.യു. പ്രവർത്തകൻ ഷംസുദീനെ കൈയും കാലും അരിഞ്ഞു വീഴ്ത്തി. ഇവിടെയാണ് ആർ.എസ്.എസ്-ഉം എൻ.ഡി.എഫ്-ഉം ഉൾപ്പെടെയുള്ള തീവ്രവാദികൾ നടത്തിക്കൊണ്ടിരിക്കുന്ന അക്രമം ഞങ്ങൾക്ക് നഷ്ടപ്പെട്ടത് 3 മനുഷ്യജീവനാണ്. എന്നിട്ടും നാദാപുരത്ത് സമാധാനം ഉണ്ടാക്കാൻവേണ്ടി ശ്രീ. എം. കണാരന്റെ നേതൃത്വത്തിൽ പരിശ്രമം നടത്തി. ആത്മസംയമനം പാലിച്ചുകൊണ്ട് ഞങ്ങൾ സമാധാനത്തിനുവേണ്ടി പൊരുതി. ഇത്തരം ഒരു സന്ദർഭത്തിൽ നാദാപുരം ആളിക്കത്തിക്കാനാണ് ശ്രീ. എ. കെ. ആന്റണിയും ശ്രീ. എം. വി. രാഘവനും അതുപോലുള്ള ആളുകളും പോയത്. ശ്രീ. ഇ. അഹമ്മദ് അതിന് എരിതീയിൽ എണ്ണപകർന്നു. കേരളത്തിൽ മത സൗഹാർദ്ദവും മതനിരപേക്ഷതയും നിലനിൽക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം കൊടുത്തത്. ഇന്നലെ നമ്മുടെ കർണ്ണാടക മുഖ്യമന്ത്രി കണ്ണൂരിൽ വന്നു. എന്തിനാണ് വന്നത് ? കോൺഗ്രസ്സ് (ഐ) ക്കാരനല്ലേ ? ശ്രീ. എ. കെ. ആന്റണിയുടെ കൂടെ വർക്കിംഗ് കമ്മിറ്റി മെമ്പറല്ലേ ? എസ്. എം. കൃഷ്ണ എന്തിനാണ് കണ്ണൂരിൽ വന്നത് ? രണ്ട് ക്ഷേത്രങ്ങളിൽ ദർശനം നടത്താൻ. ഒന്ന് തളിപ്പറമ്പ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് എന്റെ മണ്ഡലത്തിൽ. ക്ഷേത്ര ദർശനത്തിന് ശ്രീ. എസ്. എം. കൃഷ്ണ ഇവിടെ വന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ് ? ഏറ്റവും സമാധാന പൂർണ്ണമായ ഒരു സംസ്ഥാനമാണ് കേരളം. അവിടെ പുള്ളിക്കാരന് ഇറങ്ങി ക്ഷേത്രത്തിൽ പോകാൻ പറ്റില്ല. വീരപ്പനാണ്. വാജ്പേയി കുമരകത്ത് വന്നു. ബോംബിന്റെ ഒച്ച കേൾക്കാതെ ഒരാഴ്ച കിടന്നുറങ്ങി. സമാധാനം കേരളത്തിലാണ്. ശാന്തത കേരളത്തിലാണ്. കർണ്ണാടക മുഖ്യമന്ത്രിക്ക് മുഖം കാണിക്കാൻ കണ്ണൂരിൽ ഒരു കോൺഗ്രസ്സ് നേതാവുമില്ല എന്ന് ഒരു പത്രം പറയുന്നു. " കർണ്ണാടക മുഖ്യമന്ത്രി കണ്ണൂരിൽ ഇറങ്ങിയപ്പോൾ നോക്കിനിൽക്കാൻപോലും ഒരു ഖദർധാരിയില്ല. സ്റ്റേറ്റ് കാറും അധികാര സാമീപ്യവും ഹരമായി കൊണ്ടുനടക്കുന്ന ഒരു നൂറ് കോൺഗ്രസ്സ് നേതാക്കളുള്ള നാട്ടിൽ ദക്ഷിണേന്ത്യയിലെ പ്രതാപമുള്ള കോൺഗ്രസ്സ് മുഖ്യമന്ത്രിക്കുള്ള സ്വീകരണം ഔദ്യോഗിക തലത്തിൽ ഒതുങ്ങി നിന്നു". അതുകൊണ്ട് ഈ കോൺഗ്രസ്സ് നാട്ടിൽ ന്യൂനപക്ഷ കശാപ്പു നടത്തുന്ന സംഘപരിവാറുമായി യോജിച്ചു മുന്നോട്ടു പോകുന്ന ഈ കപട രാഷ്ട്രീയം ജനങ്ങൾ തിരിച്ചറിയും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കാലത്തിന് വലിയ മാറ്റം വന്നുപോയി. ഒരുകാലത്ത് 'ദാസ് ക്യാപ്പിറ്റൽ'-ഉം 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യുമൊക്കെ പ്രസംഗിച്ചിരുന്ന കമ്മ്യൂണിസ്റ്റുകാരുടെ തലമുറയിലെ ഒരു ചെറുപ്പക്കാരൻ തന്റെ അവകാശവാദത്തിന് ആധാരമായി 'ജന്മഭൂമി'യും ബി. ജെ. പി. യുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും അവതരിപ്പിക്കുന്ന കാലം വന്നു. ഇത് വലിയൊരു അൽഭുതം തന്നെയാണ്. സത്യത്തിൽ ഇതൊരു നന്ദിപ്രമേയമല്ല. ഇത് ഗവർണ്ണറുടെ നന്ദിപ്രമേയമല്ല എന്ന് എല്ലാവർക്കുമറിയാം. ഭൂതപ്രേത പിശാചുക്കൾ ചില തടിയിൻമേൽ കയറിയാൽ അതിനെ കുടിയൊഴിപ്പിക്കുന്ന സമയത്ത് വീരവാദം പറയാറുണ്ട്. 'തടിയും കൊണ്ടേ ഞാൻ പോകൂ' എന്ന്. ഏതാണ്ട് അതുപോലെ നാലരവർഷം മുമ്പ് കേരളത്തിന്റെ ശരീരത്തിൽ ഒരു ദുർബാധ കയറി. കേരളത്തിന്റെ ചോരയും നീരുമെല്ലാം ഊറ്റിക്കുടിച്ച് അതിനെ വലിച്ചെറിഞ്ഞ് പാലമരച്ചോട്ടിൽ അപ്രത്യക്ഷമാകാൻ പോകുന്ന സമയത്ത് നടത്തുന്ന ചില വെളിപാടുകൾ മാത്രമാണിത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച സ്നേഹിതന്മാർ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളേയും, സാമ്പത്തിക കാര്യങ്ങളെയും പറ്റിയൊക്കെ പറഞ്ഞു. ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. ദയവായി നിങ്ങൾ പോകുന്ന സമയത്ത് അയൽപക്കത്തെ അമ്മൂമ്മയോട് ചോദിക്കണം. എത്ര കാലമായി കർഷകത്തൊഴിലാളി പെൻഷൻ കിട്ടിയിട്ടെന്ന്. എൻ.ജി.ഒ.യോട് ചോദിക്കണം, എത്രകാലമായി ഡി. എ. യുടെ അരിയർ കിട്ടിയിട്ടെന്ന്. പ്ലസ്ടുവിലെ മാഷിനോട് ചോദിക്കണം എത്ര കാലമായി ശമ്പളം കിട്ടിയിട്ടെന്ന്. ധർമ്മാശുപത്രിയിൽ നിന്നും മടങ്ങിവരുന്ന പെങ്ങളോട് ചോദിക്കണം, ആശുപത്രിയിൽ മരുന്നുവല്ലതുമുണ്ടോ എന്ന്. നാട്ടിൽ വഴി നന്നാക്കിയ കൺവീനറോട് ചോദിക്കണം. കിട്ടിയ വണ്ടിച്ചെക്ക് മാറ്റിക്കിട്ടിയിട്ടുണ്ടോ എന്ന്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയോട് സ്വകാര്യമായി ഒരുകാര്യം ചോദിക്കണം, നാലര വർഷം ഭരിച്ചിട്ട് 27,000 കോടി രൂപ കടമാക്കിയത് ഈ മുന്നുമാസം കൊണ്ട്

കൊടുത്തുതീർക്കാൻ വല്ല സൂത്രവിദ്യയും കൈയിലുണ്ടോ എന്ന്. അതിനുപുറമേ സ്വന്തമായി ഒരുകാര്യം കൂടി ചോദിച്ചേക്കണം. കീശ തപ്പിനോക്കണം, ഗവൺമെന്റിനെ അഭിനന്ദിച്ച് മടങ്ങിപ്പോകാൻ വണ്ടിക്കൂലി കൈയിലുണ്ടോ എന്ന്. ഞങ്ങൾക്ക് കുഴപ്പമൊന്നുമില്ല. ഞങ്ങൾ സർക്കാർ പോക്കാണെന്നുവച്ച് നാട്ടിലേക്ക് പോകാനുള്ള വണ്ടിക്കൂലിയുമായിട്ടാണ് പോയത്. നിങ്ങൾ സർക്കാരിനോട് ചേർന്നു നിൽക്കുന്നതുകൊണ്ട് ചിലപ്പോൾ ശ്രീ. ശിവദാസമേനോനോട് ടി. എ. ബിൽ മാറ്റിക്കിട്ടാൻ സ്പെഷ്യൽ ഓർഡറും വാങ്ങിയിട്ട് പിൻതുണ കൊടുത്താൽ മതി. ഈ രാജ്യത്തിന്റെ സ്ഥിതി എന്താണ് ? അതിനെപ്പറ്റി വീരവാദമൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ. ഇവിടത്തെ സാമ്പത്തിക രംഗത്തെ സംബന്ധിച്ച് പറഞ്ഞു. ഗവർണ്ണറുടെ പ്രസംഗത്തിൽ ട്രഷറി പൂട്ടിയില്ലെന്നു പറഞ്ഞു. ട്രഷറി പൂട്ടേണ്ട കാര്യമില്ല. തുറന്നിട്ടിട്ട് എന്താണു കാര്യം ? അതിൽ എന്തെങ്കിലും ഉണ്ടെങ്കിലല്ലേ ? കുറച്ചു ദിവസം മുമ്പ് ദേശാഭിമാനിയിൽ ഒരു വാർത്ത വന്നു. ഞാൻ അമ്പരന്ന് പോയി. വെള്ളിയാഴ്ച മുതൽ ബില്ലുകൾ മാറ്റിക്കിട്ടുമെന്ന്. ട്രഷറിയിൽ ബില്ലുകൾ മാറ്റിക്കിട്ടുന്നത് കേരളത്തിലെ ഒരു പ്രധാന വാർത്തയാണ്. കടബാദ്ധ്യതയെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. വ്യവസായത്തോട് കാണിച്ചതെറ്റാണ് ? ഡബിൾ ഡെത്താണ്. കാരണം അത് പുനരുദ്ധരിക്കാനുള്ള 507 കോടി രൂപ തിരിമറിയാക്കി ലാഭത്തിലോടുന്ന വ്യവസായങ്ങളിൽ നിന്ന് കടം വാങ്ങിച്ചു. പിന്നെ എങ്ങനെയാണ് വ്യവസായം രക്ഷപ്പെടുന്നത് ? ലാഭത്തിലോടുന്നത് കുറച്ചു വ്യവസായമേയുള്ളൂ. അതിന്റെ പണം കടം വാങ്ങുകയും ചെയ്തു. പുനരുദ്ധാരണത്തിന് 507 കോടി രൂപ. അത് പതിമൂന്നര ശതമാനം പലിശയ്ക്കാണ് വാങ്ങിച്ചത്. കെൽട്രോണിൽ നിന്ന് പിരിഞ്ഞ കുറച്ചാളുകളുണ്ട്. അതിൽ 625 ആളുകൾക്ക് വോളന്ററി റിട്ടയർമെന്റ് സ്കീം പ്രകാരം ഗോൾഡൻ ഷേക്ക് ഹാന്റ് കൊടുത്തു. പൈസ കൊടുത്തിട്ടില്ല. പ്ലസ് ടൂവിൽ 11,250 അധ്യാപകരുടെ പോസ്റ്റുകൾ ക്രിയേറ്റു ചെയ്തിരിക്കുകയാണ്. ശമ്പളം കൊടുത്തോ ? ഇല്ല. അതിനും വേണം 65 കോടി രൂപ ? പിന്നെ പുതിയ കോഴ്സുകൾ 150 കോടി. ബഡ്ജറ്റിൽ എത്രയാണുള്ളത് ? ബഡ്ജറ്റിൽ 15 കോടി രൂപ. നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത് ? എപ്പോഴും എസ്റ്റിമേറ്റും ആക്ഷനും തമ്മിലുള്ള വ്യത്യാസമാണ് കുമ്മിയുണ്ടാക്കുന്നത്. നിങ്ങൾക്കറിഞ്ഞുകൂടേ ? 250 കോടി രൂപ കൊടുക്കാനുള്ളപ്പോൾ 15 കോടി രൂപ ബഡ്ജറ്റിൽ വച്ചാൽ കുമ്മികൂടുമെന്ന് അറിയാവുന്ന നിങ്ങൾ എന്തിനാണ് ഈ ബുദ്ധി കാണിച്ചത് ? നിയമിച്ചവർക്ക് ശമ്പളമില്ല. മാഷുമാരെ നിയമിക്കുന്നതിന് ഫിനാൻഷ്യൽ ബാനാണ്. മാഷുമാരെ നിയമിക്കാതിരുന്നാൽ കുട്ടികൾക്ക് പഠിക്കാൻ കഴിയുമോ ? പിന്തുണ കൊടുക്കുന്ന നിങ്ങൾ ഇതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ ? വിഷമദ്യത്തിലും മാനന്തവാടി ബസ്സപകടത്തിലും മരിച്ചവരുടെ കുട്ടികൾക്ക് കൊടുക്കാനുള്ള കോമ്പൻസേഷൻ കൊടുത്തിട്ടുണ്ടോ ? അതിന്റെ പണം നിങ്ങൾ പിടിച്ചുവച്ചില്ലേ ? പി.എഫ്-ൽ നിന്നും വെൽഫെയർ ഫണ്ടിൽ നിന്നും മുഴുവൻ അടിയിൽക്കൂടെ വലിച്ചില്ലേ ? ഞാനൊരു ട്രേഡ് യൂണിയൻ പ്രവർത്തകനാണ്. റവന്യൂ റിക്കവറിപോലും നടത്താൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ജപ്തിചെയ്യാൻ പോലും പാടില്ല. അങ്ങനെയുള്ള പി.എഫ്-ആണ് അടിയിൽക്കൂടെ വലിക്കുന്നത്. സാമ്പത്തിക രംഗത്തെ ബദൽസംവിധാനമെന്ന് പറയുന്നത് സഹകരണമേഖലയല്ലേ ? അതിന്റെ പണം മുഴുവൻ നിങ്ങൾ തിരിമറിയാക്കിയാൽ എങ്ങനെയാണ് ചൂഷണം അവസാനിപ്പിക്കുക ? ഞാൻ ഈയിടെ തിരൂരിലെ ഫയർ സർവ്വീസിൽ ഫോൺചെയ്ത് ഒരു ആബുലൻസ് വിട്ടുതരാൻ പറഞ്ഞപ്പോൾ അവർ പറയുകയാണ്. ആബുലൻസ് മാത്രമല്ല ഫയർ എൻജിൻപോലും പോവുകയില്ല. കാരണം അതിന് പെട്രോളടിക്കാൻ പൈസ കൊടുത്തിട്ടില്ല എന്ന്. ഈ രാജ്യത്തെ ഈ സ്ഥിതിയിൽ കൊണ്ടുചെന്നെത്തിച്ചിട്ട് നിങ്ങൾ അപ്പുറത്തിരുന്ന് വീരവാദം പറയുന്നതെന്തിനാണ് ? ഒരു കാര്യം കൂടി പറയാം. ഞാനും നിങ്ങളുടെ പ്രസംഗിക്കുന്ന കൂട്ടത്തിൽ പുറത്തുപറയുന്ന സംഗതി ഒരു കാരണവശാലും ചെറിയ കുട്ടികൾ കേൾക്കരുത്. കാരണം പിറന്ന് വീഴുന്ന ഓരോ കുട്ടിയും 800 കടമാണെന്ന് കേൾക്കണ്ട. കാര്യം അവർക്ക് സൂപ്പീരിയോരിറ്റി കോംപ്ലസ് ഡെവലപ്പ് ചെയ്യാൻ സാധ്യതയുണ്ട്. 'ഈ വിധത്തിലായിപ്പോയല്ലോ ഞങ്ങൾ വളരുന്ന രാജ്യം' എന്ന് ആ കുട്ടികൾ ചിന്തിക്കും. നിങ്ങൾ ഈ കാര്യങ്ങൾ മനസ്സിലാക്കണം. എത്ര രസകരമായിട്ടാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞത്. " രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലും കുഴപ്പമുണ്ടായിക്കൊണ്ടിരുന്നപ്പോഴും കേരളം കഴിഞ്ഞ 5 വർഷമായി ഒരു സമാധാന മേഖലയായി നിലകൊള്ളുന്നു" എന്ന്. ഇതിലപ്പുറം എന്തു ചെയ്യാനാണ് ? എന്തു സമാധാനം ? നാദാപുരത്തെപ്പറ്റി ഇവിടെ പറഞ്ഞല്ലോ. നാദാപുരത്തിന് നിങ്ങൾ കൊടുക്കുന്ന വ്യാഖ്യാനം എന്താണ് ? വർഗ്ഗ സമരം. മേലാള-കീഴാള സമരം. ലീഗ്-മാർക്സിസ്റ്റ് സംഘട്ടനം. ദേശാഭിമാനി വാരികയിൽ പറഞ്ഞത് ഭൂബന്ധങ്ങളിൽ മേധാവിത്വം സ്ഥാപിച്ച പ്രമാണിമാർക്ക് എതിരായി പാവപ്പെട്ടവന്റെ സമരം. എന്താണ് സത്യം ? നെഞ്ചത്ത് കൈവച്ച് ആലോചിക്കൂ, ഇതാണോ സത്യം ? ആരാണ് നിങ്ങളുടെ വർഗ്ഗസമരത്തിന്റെ എതിരാളി ? പ്രത്യയ ശാസ്ത്രപരമായി നിങ്ങളുടെ ശത്രു ആരാണ് ? ഞാൻ നിങ്ങളോടു ചോദിക്കട്ടെ. നിങ്ങൾ നെഞ്ചത്ത് കൈവച്ച് ആലോചിക്കൂ. ഞങ്ങൾ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് തീവ്രവാദത്തെയും വർഗ്ഗീയതയെയും എതിർക്കാനുള്ള രാഷ്ട്രീയ പ്രസിദ്ധി കുറച്ചു കാണുന്ന ആളുകളല്ല. പക്ഷെ നാദാപുരത്ത് ആരാണ് നിങ്ങളുടെ വർഗ്ഗശത്രു ? ആരാണ് പ്രത്യയശാസ്ത്രപരമായി നിങ്ങളെ നേരിടുന്നത്. നിങ്ങൾ ആലോചിക്കേണ്ട കാര്യമാണ്. 68 വയസ്സുള്ള മൊയ്തീൻ ഹാജി എന്നു പറയുന്ന ഹൃദ്രോഗിയാണോ നിങ്ങളുടെ വർഗ്ഗീയശത്രു ? അയൽപക്കത്തും തൊട്ടടുത്ത പള്ളിയിലും ബോംബേറ് നടക്കുമ്പോൾ ഹൃദയം പൊട്ടിമരിച്ച സ്ത്രീയാണോ നിങ്ങളുടെ വർഗ്ഗീയ ശത്രു ? എന്നെകൊല്ലാൻ ബോംബുണ്ടാക്കിയത് എന്തിനാ അമ്മേ എന്ന് ഇപ്പോഴും അദൃശ്യലോകത്തിൽ ചോദിക്കുന്ന നീതുവാണോ നിങ്ങളുടെ വർഗ്ഗശത്രു ? 1988 -ൽ നാദാപുരത്ത് മരിച്ചുവീണ 9 ചെറുപ്പക്കാരാണോ നിങ്ങളുടെ വർഗ്ഗശത്രു ? ശിഹാബ്തങ്ങളുടെ ജാഥ പോയപ്പോൾ നിങ്ങൾ ആക്രമിച്ചു. ശിഹാബ് തങ്ങളും കൂട്ടരുമാണോ നിങ്ങളുടെ വർഗ്ഗശത്രു ? വിലാപയാത്രയ്ക്കുനേരെ നിങ്ങൾ അക്രമം നടത്തി. ശവമഞ്ചത്തിൽ കിടക്കുന്ന മൃതദേഹമാണോ നിങ്ങളുടെ വർഗ്ഗശത്രു ? മുസ്ലീങ്ങളുടെ ആരാധനാലയങ്ങൾ നിങ്ങൾ തല്ലിതകർത്തു. അതാണോ സമ്പന്ന

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വിഹാരകേന്ദ്രം ? അക്രമം ഭയന്നൊരു ജനതയാകെ പലായനം ചെയ്ത സംഭവം കേരളത്തിൽ നടമാടുകയാണ്. അതാണോ നിങ്ങളുടെ വർഗ്ഗപരമായ മുന്നേറ്റം. കോടിക്കണക്കിന് രൂപയുടെ ആഭരണങ്ങളും മറ്റു സാധനങ്ങളും കൊള്ളയടിച്ചു. ഗൾഫിൽ ഒരു മുറിയിൽ ഭാര്യയുടെയും മക്കളുടെയും ഫോട്ടോ അടുത്തു വച്ച് ഇടയ്ക്കിടയ്ക്ക് അകക്കണ്ണുക്കൊണ്ട് നോക്കി നൊമ്പരപ്പെടുന്ന വീട്ടുടമസ്ഥനുണ്ടല്ലോ. അയാളുടെ വികാരം മാനിച്ചിട്ട് ഞാൻ ഒന്നും പറയുന്നില്ല. ആ അമ്മയോട് നിങ്ങളിത് ചെയ്തല്ലോ. ഇതെല്ലാം ചെയ്തിട്ടും മതേതര പുരോഗനത്തെക്കുറിച്ച് പ്രസംഗിക്കാൻ എന്തവകാശമാണ് നിങ്ങൾക്കുള്ളത്. നിങ്ങളാണോ മതേതരത്വത്തെപ്പറ്റി പറയാൻ അവകാശമുള്ളവർ ? ഇന്നലെ മാതൃഭൂമിയിൽ ഷേണായിയുടെ ഒരു ലേഖനമുണ്ടായിരുന്നു. മതേതരമെന്ന് മാർക്സിസ്റ്റുകാർ പറയുന്നത് ശരിയാണ്. കാരണം കണ്ണൂരിൽ ആർ.എസ്.എസ്സുകാരെയും കൊന്നിട്ടുണ്ട്. നാദാപുരത്ത് മുസ്ലീങ്ങളേയും കൊന്നിട്ടുണ്ട്. അതല്ലേ നിങ്ങളുടെ മതേതരത്വം ? വലിയ മതേതരവാദികളാണ്. എങ്ങനെയാണ് നിങ്ങൾ പുരോഗമനവാദികളായത്. പുരോഗതിയുണ്ടായിട്ടുണ്ട്. പുരോഗതി ഉണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. 1980-കളിൽ തേങ്ങയായിരുന്നു വലിച്ചിരുന്നത്. ഇപ്പോൾ ഇലക്ട്രോണിക് യുഗമാണ്. ഇന്ന് എടുത്തുകൊണ്ടുപോകുന്നത് ഇലട്രോണിക് സാധനങ്ങളാണ്. ആ പുരോഗതിയുണ്ടായിട്ടുണ്ട്. എന്നുള്ളതല്ലതെ നിങ്ങൾക്ക് എന്താണ് ഇവിടെ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. നിങ്ങൾ ആലോചിക്കേണ്ട ഒരു കാര്യമുണ്ട്. ഈ സ്വഭാവത്തിൽ കാര്യങ്ങൾ നീക്കുന്ന നിങ്ങളിപ്പോൾ പറയുന്ന സംഗതിയെന്താണ് ? ബി.ജെ.പി.ക്ക് ഞങ്ങൾ വഴിയൊരുക്കിക്കൊടുക്കുകയാണെന്ന്. ഞാൻ വിനീതനായി ശ്രീ. ജയരാജനോട് പറയട്ടെ. നിങ്ങൾക്കിപ്പോൾ ഒരു സൂത്രപ്പണിയുണ്ട്. മാർക്സിസ്റ്റുകാരെ ഒന്നും പറഞ്ഞുകൂടാ. നിങ്ങളെപ്പറ്റി എഴുതികൂടാ. കാര്യം ഞങ്ങളെപ്പറ്റി പറഞ്ഞാൽ ബി.ജെ.പി. വരും. നിങ്ങൾ മുഴുവൻ പ്രവൃത്തിയും ചെയ്തിട്ട് അതിൽ നിന്ന് രക്ഷനേടാൻ വേണ്ടിയിടുന്ന കവചമാണിത്. ഞാൻ വിനീതനായി പറയട്ടെ. നിങ്ങൾ ഒരുകാര്യം പരിശോധിക്കണം. മാർക്സിസ്റ്റു പാർട്ടിയുടെ നേതാക്കന്മാർ പരിശോധിക്കണം. ശ്രീ. സി. എച്ച്. കണാരൻ തൊട്ട് ശ്രീ. കണാരേട്ടൻ വരെയുള്ള ആളുകൾ പടിപടിയായി നാദാപുരത്ത് വളർത്തി കൊണ്ടുവന്ന രാഷ്ട്രീയ ശൈലി വിശുദ്ധമായ വർഗ്ഗബോധത്തിന്റേതാണോ അതല്ലെങ്കിൽ അവിശുദ്ധമായ വർഗ്ഗീയതയുടേതാണോ എന്ന കാര്യം നിങ്ങൾ പരിശോധിക്കണം. ഞാനൊന്നും പറയുന്നില്ല. മാർക്സിസ്റ്റു നേതൃത്വം ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമുണ്ട്. നിങ്ങൾ വളർത്തിക്കൊണ്ടുവരുന്ന കർഷകപ്രസ്ഥാനത്തിന് പാളം തെറ്റിയോ എന്ന കാര്യം നിങ്ങൾ ഗൗരവമായി പരിശോധിക്കണം. വർഗ്ഗീയതയുടെ വിത്ത് എറിഞ്ഞുകൊടുത്താൽ എളുപ്പത്തിൽ മുളച്ചു വരാൻ പറ്റുന്നവിധത്തിൽ നാദാപുരത്തെ മണ്ണ് ഉഴുതുമറിച്ച് പാകമാക്കി കൊടുത്തിട്ട് അതിൽനിന്ന് വിളവെടുക്കുന്ന നിങ്ങളുടെ രാഷ്ട്രീയം അധികകാലം തുടരണമോ എന്ന് തീരുമാനിക്കേണ്ടത് മാർക്സിസ്റ്റ് പാർട്ടിയുടെ ലീഡർഷിപ്പാണ്. അതിനു നിങ്ങൾ തയ്യാറാകണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. പിന്നെ നിങ്ങളുടെ ഒരു അവകാശമുണ്ട്. ബി.ജെ.പി.യുടെ കൈയിൽ നിന്ന് ന്യൂനപക്ഷത്തെ രക്ഷിക്കാൻ ഞങ്ങളല്ലേയുള്ളൂവെന്ന്. നിങ്ങളാണോ ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കാൻ പോകുന്നത് ? നിങ്ങളെ ഞങ്ങൾക്ക് വിശ്വാസമില്ല. ഇവിടത്തെ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾ ലോകാവസാനംവരെ ചിന്തിച്ചാലും അറ്റം കിട്ടാത്തതാണ് സംവരണത്തിന്റെ കാര്യം. അതാണ് നിങ്ങൾ ഞങ്ങളോട് ചെയ്ത ദ്രോഹം. നാദാപുരമൊക്കെ അവിടെയിരിക്കട്ടെ. സംവരണത്തിന്റെ കാര്യത്തിൽ നിങ്ങൾ ഞങ്ങളോടുചെയ്ത ദ്രോഹത്തിനു ചരിത്രം ഒരിക്കലും മാപ്പു തരികയില്ല. അതുപോലെതന്നെ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്തു? പ്ലസ്ടുവിന്റെ കാര്യത്തിൽ ഞങ്ങളെ അപമാനിച്ചതിന് നിങ്ങൾ കൂട്ടുനിന്നു. ചവിട്ടിത്താഴ്ത്തിയതിന് നിങ്ങൾ കൂട്ടുനിന്നു. എന്നിട്ട് ഇവിടത്തെ ന്യൂനപക്ഷത്തിന്റെ രക്ഷകന്മാരാണെന്ന് പറയുന്നു. ഒരിടത്ത് വറുചട്ടിയാണ്. മറ്റൊരിടത്ത് എരിതീയാണ്. വറുചട്ടിയിൽ നിന്ന് എരിതീയിലേയ്ക്കാണ് ഞങ്ങളെ ക്ഷണിക്കുന്നത് അല്ലാതെ ഞങ്ങളെ രക്ഷപ്പെടുത്താൻ ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിയുകയില്ല. പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് കഴിയുകയില്ല എന്നുള്ളത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരളം എങ്ങോട്ടാണ് പോകുന്നത് ? വടക്കൻ കേരളത്തെ ചോരയിൽ മുക്കി, തെക്കൻ കേരളത്തെ ചാരായത്തിൽ മുക്കി. അങ്ങനെ നാലേമുക്കാൽ വർഷം ഈ സംസ്ഥാനം ഭരിച്ചു. ചാരായ ദുരന്തത്തെപ്പറ്റി ഇവിടെ പറഞ്ഞപ്പോൾ നിങ്ങൾ പറയുകയുണ്ടായി അതിൽ ഞങ്ങൾ മുതലെടുത്തു എന്ന്. എന്തു മുതലെടുപ്പാണ് ഞങ്ങൾ നടത്തിയത് ? 40 പേർ മരിച്ചതിൽ, നൂറുകണക്കിന് ആളുകളുടെ കാഴ്ച നഷ്ടപ്പെട്ടതിൽ, വിഷച്ചാരായം പുഴയിലേയ്ക്ക് ഒഴുക്കിവിട്ട് ആ വെള്ളം കുടിച്ച് പശു ചത്തതിൽ ഇതിലൊക്കെ എന്ത് മുതലെടുപ്പാണ് ഞങ്ങൾ നടത്തിയത് ? ഈ സംസ്ഥാനത്തെ നിങ്ങൾ എവിടെ എത്തിക്കും ? എത്രപേരാണ് വിഷം ഉള്ളിൽ കയറി മെല്ലെ മെല്ലെ മരിച്ചു കൊണ്ടിരിക്കുന്നത് ? ഞങ്ങൾ ഇതിൽ രാഷ്ട്രീയ മുതലെടുപ്പില്ല. പക്ഷെ ഒന്നുണ്ട്. ഞങ്ങളുടെ മുദ്രാവാക്യം, അതു പഴയതു തന്നെയാണ്. വിഷം ഇപ്പോൾ ഒഴുകുന്നില്ല. കാരണം വിദേശമദ്യം ഭദ്രമാക്കി അറയിൽ ലോക്ക് ചെയ്ത് കണ്ടീഷനാക്കി ഭൂമിക്ക് അടിയിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് പറയാം, മണിച്ചന് ലൈസൻസ് കൊടുത്തു ഫാക്ടറിക്ക്. എന്ത് ഫാക്ടറിയാണ് ? ഹോളോ ബ്രിക്സ് ഫാക്ടറി. മണിച്ചൻ ഉണ്ടാക്കിയത് എന്താണ് ? ആൾക്കഹോളിക് ഡ്രിങ്ക്സ് ഫാക്ടറി. അതിനുള്ളിൽ എന്തു പണിയാണ് ? ഒരു പത്രത്തിൽ ഞാൻ വായിച്ചു, ഞാൻ അത്ഭുതപ്പെട്ടുപോയി. 'കൊഴിഞ്ഞാംപാറയിൽ ഭൂഗർഭ വിദേശ മദ്യ കേന്ദ്രം കണ്ടെത്തി'. സ്പിരിറ്റിൽ നിറം ചേർത്ത് വ്യാജ വിദേശ മദ്യം ഉണ്ടാക്കുന്ന ഫാക്ടറി. ഭൂമിക്ക് അടിയിൽ കണ്ടെത്തി. പുറംലോകത്തിന്റെ ശബ്ദംപോലും കേൾക്കാത്ത സജ്ജീകരണമുള്ളതാണ്. ഭൂമിക്ക് അടിയിൽനിന്ന് മദ്യം കുപ്പികളിൽ നിറച്ച് പുറത്തേയ്ക്ക് കൊണ്ടുപോകുവാൻ സൗകര്യമുണ്ട്. 15 അടി താഴ്ചയിൽ നിർമ്മിച്ച ഹാളിന് 200 ചതുശ്രമീറ്റർ വിസ്തീർണ്ണം ഉണ്ട്. മദ്ധ്യഭാഗത്ത് ഉറപ്പിച്ച ഒരേയൊരു കോൺക്രീറ്റ് തൂണിലാണ് ഈ ഹാൾ നിൽക്കുന്നത്. പൂർണ്ണമായി വൈദ്യുതികരിച്ചിട്ടുണ്ട്. ഗോവണിക്ക് സമീപം എക്സ്ഹാസ്റ്റ് ഉണ്ട്. ഭൂമി തുരന്ന് പുറത്തേക്ക് ഒരു കുഴലും മറ്റൊരു കുഴലും ഉണ്ട്. സ്പിരിറ്റ് പമ്പ് വഴി അറകളിലെത്തിക്കുവാനുള്ള സംവിധാനമാണ് ഇതെന്ന് കരുതുന്നു. ആര എച്ച്.പി.യുള്ള മോട്ടോറും 10 കിലോവാട്ടിന്റെ ജനറേറ്ററുമുണ്ട്. അഞ്ച് വലിയ

LIBRARY ARCHIVES Kerala Legislative Assembly

ഇരുമ്പ് മേശകളും സ്പിരിറ്റ് കൊണ്ടുവരാൻ മോട്ടോർ ഘടിപ്പിച്ച പൈപ്പും മറ്റെല്ലാ സംവിധാനങ്ങളും ആ ഹാളിൽ ഉണ്ട്. അഞ്ച് മേശകളിലായി വ്യാജമദ്യം നിറയ്ക്കുവാൻ 700-ഓളം കുപ്പികളുണ്ട്. ഇത് എന്താണ് ? സാക്ഷര കേരളത്തിൽ ഭൂമിക്കടിയിൽ നിങ്ങൾ മറ്റൊരു മദ്യലോകം ഉണ്ടാക്കുകയാണ്. കുറച്ചു കഴിയുമ്പോൾ പെട്രോൾ പമ്പിൽ പെട്രോൾ അടിച്ച് കൊടുക്കുന്നതുപോലെ ഫുൾ ടാങ്ക് മദ്യം അടിച്ച് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകും. ആ ഗതിയിലേയ്ക്കാണ് നിങ്ങൾ ഈ നാടിനെ കൊണ്ടുപോകുന്നത്. നിങ്ങൾക്ക് ഇതിൽ എന്തെങ്കിലും പ്രതിഷേധമുണ്ടോ ? ചാരായം നിരോധിച്ചത് ഞങ്ങൾ കൊണ്ടുവന്ന നടപടിയാണ്. അത് വിജയിച്ചു. കേരളത്തിൽ വലിയ മാറ്റമുണ്ടായി. നിങ്ങൾ ഇങ്ങനെയാണ് ചെയ്തത്. കൊഴിഞ്ഞാംപാറയിലെ കാര്യം ഇതാണ്. ശ്രീ. ടി. ശിവദാസമേനോന് സൗകര്യമുണ്ട്. കാരണം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കാര്യമായ ഒരു സ്ഥാപനം ഉണ്ടാക്കണമെന്ന് വളരെ പരിശ്രമിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ തന്റേതായ വകുപ്പിൽ തന്നെ കാര്യമായ ചെലവ് ചെയ്യാതെ ഇതുപോലൊരു ഫാക്ടറി ഉണ്ടാക്കുവാൻ കഴിഞ്ഞതിൽ ഒരു പക്ഷേ ശ്രീ. ടി. ശിവദാസമേനോന് സന്തോഷമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നു. നിങ്ങൾ പറയും ഞങ്ങൾക്ക് എല്ലാപേർക്കും എതിരെന്ന്. എന്തുകൊണ്ടാണ് ഞങ്ങൾ എല്ലാപേരും നിങ്ങൾക്ക് എതിരായത് ? കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ മീഡിയ എതിരായ ഒരു സംഭവം ഉണ്ടായിട്ടുണ്ടോ ? നിങ്ങൾ ഓർമ്മിച്ചു നോക്ക്. നിങ്ങൾ പറയുന്നത് ഒരു പത്രമാണ് നിങ്ങളെ എതിർക്കുന്നതെന്ന്. ഇപ്പോൾ ഏത് പത്രമാണ് നിങ്ങളെ അനുകൂലിക്കുന്നത് ? നിങ്ങളുടെ ദേശാഭിമാനിയും നിങ്ങളുടെ ഇലക്ട്രോണിക് ദേശാഭിമാനിയായ കൈരളിയും അല്ലതെ വേറെ ഏത് പത്രമാണ് അനുകൂലിക്കുന്നത് ? എന്താണ് കാരണമെന്ന് പരിശോധിക്കേണ്ടതാണ്. നിങ്ങൾ പത്രക്കാരെ ചീത്തപറഞ്ഞിട്ട് കാര്യമില്ല. പത്രക്കാരെ തല്ലിയാൽ പാമ്പിനെ തല്ലുന്നതുപോലെയാകും എന്ന് പറഞ്ഞിട്ട് കാര്യമില്ല. ജനാധിപത്യ ഭരണ സ്വരൂപത്തിന്റെ പ്രധാന ഇനമായിട്ടുള്ള പത്രങ്ങൾ സംഘടിതമായി ഈ ഗവൺമെന്റിനു എതിരായിട്ട് നിൽക്കുന്നത് എന്താണെന്ന് നിങ്ങൾ ചിന്തിക്കണം. സ്വഭാവത്തിന്റെ വൈകല്യമാണ്. ശ്രീ. വി. ആർ. കൃഷ്ണയ്യർ നിങ്ങൾക്ക് എതിരായില്ലേ? ലിറ്റിൽഫ്ളവർ ആശുപത്രിയിൽ നടന്ന ആക്രമണങ്ങളെക്കുറിച്ച് ശ്രീ. വി. ആർ. കൃഷ്ണയ്യർ എഴുതിയപ്പോൾ അടുത്ത ദിവസം ശ്രീ. ഗോവിന്ദപിള്ള ശ്രീ. വി. ആർ. കൃഷ്ണയ്യർക്ക് എതിരെ ദേശാഭിമാനി പത്രത്തിൽ സൈദ്ധാന്തിക ലേഖനം എഴുതി. ശ്രീ. അമർത്യാസെൻ ഇവിടെ നിങ്ങളെക്കുറിച്ച് പറഞ്ഞില്ലേ ; ഇവിടെ അസംബ്ലി തുടങ്ങി കഴിഞ്ഞാൽ ഏത് പ്രസംഗത്തിലും ഒരു പത്ത് പ്രാവശ്യമെങ്കിലും അമർത്യാസെനിനെ കുറിച്ച് പറയും. ഇനി പറയില്ല. കാരണം അദ്ദേഹം സത്യം പറഞ്ഞുപോയി. അദ്ദേഹം നിങ്ങൾക്ക് ശത്രുവായി. പക്ഷെ ഞാൻ പറയട്ടെ, ശ്രീ. അമർത്യാസെൻ പറഞ്ഞ സത്യത്തിലേയ്ക്ക് സാമ്പത്തിക നയത്തിന്റെ ചർച്ചയും വരാം. നിങ്ങൾക്ക് യാഥാർത്ഥ്യം അറിയില്ല. ലോകമാകെ പുരോഗമിക്കുമ്പോൾ സൈദ്ധാന്തിക പിടിവാശിയുടെ കരിമ്പടത്തിനുള്ളിൽ കൂർക്കം വലിച്ചുറങ്ങുന്ന നിങ്ങളെ ഉണർത്തുവാൻ ആർക്കും ആവില്ല. ആരു വിചാരിച്ചാലും കഴിയുകയില്ല. അതുവേറെ കാര്യം. നിങ്ങൾ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഏത് ക്രമസമാധാനത്തിന്റെ കാര്യമാണ് ? ഉദ്ധരിച്ചത് ആരെയാണ് ? ശ്രീ. എം. വി. ജയരാജൻ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷനെ സംബന്ധിച്ചാണ്. അതുവച്ചുതന്നെ ഞാൻ ചോദിക്കട്ടെ, ഹ്യൂമൻ റൈറ്റസ് കമ്മീഷൻ അംഗത്തിന്റെ വീട്ടിൽ അക്രമികൾ കയറി മനുഷ്യ വിസർജ്ജ്യം വിതറിയ കേസിൽ പോലീസ് നടപടി സ്വീകരിച്ചില്ല. എന്തുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ ഹൈക്കോടതിയിൽ പോയി ? എങ്ങനെയുണ്ട് മനുഷ്യാവകാശ കമ്മീഷൻ മെമ്പറുടെ റൈറ്റ് ? അതുപോലും ഇല്ലാത്ത കാലമാണ്. നിങ്ങളുടെ ഭരണത്തിലുള്ളത്. ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ സ്ഥിതി ഇതാണെങ്കിൽ സാധാരണക്കാരന്റെ സ്ഥിതി എന്താണ് ? എന്താണ് ഇവിടത്തെ ലാ ആന്റ് ഓർഡർ സിറ്റുവേഷൻ ? നിങ്ങൾ പറയുന്നുണ്ടല്ലോ ഇവിടെ വലിയ ക്രമസമാധാനം ഉണ്ടെന്ന്. ഞാൻ ചോദിക്കട്ടെ, പാനൂരിൽ ഒരു അസിസ്റ്റന്റ് കമ്മീഷണറെ കുറെ ആളുകൾ വളഞ്ഞു. ഞാൻ അക്രമികളുടെ നടുവിലാണ് എന്നെ രക്ഷിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഡി.വൈ.എസ്.പി.യുടെ കഴുത്തിന് പിടിച്ചു. ഇതൊക്കെപത്രത്തിൽ വന്നു. ഇന്ന് പോലീസുകാർക്ക് രക്ഷയുണ്ടോ ? നിങ്ങൾ പോലീസ് അസോസിയേഷനെ രാഷ്ട്രീയവൽക്കരിച്ചിരിക്കുകയല്ലേ ; പോലീസുകാരെപ്പോലും നിങ്ങൾ ഇന്ന് രാഷ്ട്രീയവൽക്കരിച്ചു. എന്നിട്ട് പറയുന്നു ഇവിടെ ക്രമസമാധാനമെന്ന്. ഇവിടെ ബോംബ് കുടിൽ വ്യവസായമാക്കുകയാണല്ലോ ; മാർക്സിസ്റ്റ് പാർട്ടി സ്നേഹിതന്മാരോട് ചോദിക്കട്ടെ, ഈ കേരളത്തിൽ നിങ്ങൾ ഓരോ മോഡൽ ബോംബുകൾ നിർമ്മിക്കുകയല്ലേ ? കമ്പ്യൂട്ടറിനുവേണ്ടിയുള്ള വിൻഡോ-95, വിൻഡോ-98, വിൻഡോ-2000 എന്നു പറയുന്നതുപോലെ സാധാരണ ബോംബ്, ആസിഡ് ബോംബ്, സ്റ്റീൽ ബോംബ് ഇങ്ങനെയുള്ള ബോംബുകളാണ്. ഇതിനുമുമ്പ് വേറൊരു ബോംബുണ്ടായിരുന്നു ലെൻപ് ബോംബ്. ചോറു പാത്രത്തിലാക്കി സ്കൂളിൽ കൊണ്ടുപോകാം. ഏതൊക്കെ മോഡലുകളാണ്. പ്രബുദ്ധമായ ഈ കേരളത്തിൽ സമാധാനത്തിന്റെ സന്ദേശം ഉയർത്തിയ ഈ കേരളത്തിലാണ് കുടിൽ വ്യവസായംപോലെ ബോംബ് ഉണ്ടാക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നത്. എവിടെ ബോംബാക്രമണം ഉണ്ടായാലും അവിടെയൊക്കെ ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയിലെ സുഹൃത്തുക്കൾ ഉണ്ടാകും. എന്തിനാണ് ഇത് ചെയ്യുന്നത്. നാടിനെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത് ? ഇതിനെപ്പറ്റി നിങ്ങൾക്ക് ബോധംവേണം എന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടത്തെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞല്ലോ ; എഞ്ചിനീയറിംഗ് കോളേജ് സഹകരണ മേഖലയിൽ തുടങ്ങുന്നതിന്, പ്രൈവറ്റ് സെക്ടർ വേണമെന്ന് പറഞ്ഞു, എന്തിനാണ് ? പ്രൈവറ്റ് സംഭാവന കൂടികൂടിയാണ് കേരളത്തിലെ വിദ്യാഭ്യാസ പുരോഗതി എന്ന് പറയുന്നത്. പ്രൈവറ്റ് സെക്ടറിലെ കോൺട്രിബ്യൂഷൻ എഴുതി തള്ളുവാൻ കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് കഴിയില്ല. ഇവിടെ നിങ്ങൾ സഹകരണ രംഗത്ത് വേണമെന്ന് പറഞ്ഞു. നിങ്ങൾക്ക് അതിലും രാഷ്ട്രീയമാണ്. അതല്ലാതെ മറ്റൊന്നുമില്ല. എന്നിട്ട് ഇപ്പോൾ പഠിക്കുവാൻ പോകുന്നു. എവിടേയ്ക്ക് ? ബംഗാളിലേയ്ക്ക്. പഠിക്കുവാൻ പറ്റിയ സ്ഥലമാണ്. എവിടെയൊക്കെ നിങ്ങൾ പോയതാണ് ? നിങ്ങൾക്ക് എന്ത് ബുദ്ധിമുട്ടാണുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് ഇവിടെ ഇല്ല. അദ്ദേഹത്തിന്റെ പാർട്ടിയിൽ ഉള്ളവരോട് പറയട്ടെ, നിങ്ങളെ കൊന്നാലും മാർക്സിറ്റുകാർ ബംഗാളിലേയ്ക്ക് പോവുകയില്ല. എന്താണ് കാരണമെന്ന് അറിയാമോ ? രണ്ട് കാരണമുണ്ട്. ഒന്ന്, ഇവിടത്തെ സ്ഥിതി പഠിക്കുവാൻ കഴിയില്ല. രണ്ടാമത്, മാർക്സിസ്റ്റ് പാർട്ടിയുടെ മെലിച്ചിൽ.....

ശ്രീ. പി. വിശ്വൻ : ഞങ്ങൾ പോകും

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നല്ല കാര്യം പോകൂ. കുറെ കാര്യം കൂടി പഠിച്ചു വരും. അവിടെ ചെന്നാൽ മാർക്സിസ്റ്റ് പാർട്ടിയുടെ മെലിച്ചിൽ നിങ്ങൾക്ക് നേരിട്ട് കാണാം. നിങ്ങൾ ബംഗാളിലേയ്ക്ക് പോകുന്ന കാര്യം ഇരിക്കട്ടെ, ബംഗാളിലേക്ക് പോകുന്നതിന് പകരം അയൽ നാട്ടിലേക്ക് പോകൂ. നിങ്ങൾ എന്തിനാണ് തിടുക്കം കാട്ടുന്നത് ? വിദേശ യാത്ര പോകാറുണ്ടല്ലോ ; ലോങ്ങ് ഡിസ്റ്റൻസ് തന്നെ വേണമെന്നുണ്ടോ? പഠിക്കുവാനാണെങ്കിൽ കർണ്ണാടകയിൽ പോകൂ. കസ്തൂർബാ മെഡിക്കൽ കോളേജ് അവിടെ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. എം. വി. ജയരാജന്റെ നാട്ടുകാർക്കൊക്കെ അസുഖം വന്നാൽ പോകുന്നത് അവിടെയല്ലേ ? മറ്റ് മെഡിക്കൽക്കോളേജുകളിൽപോലും പോകുന്നില്ല. കർണ്ണാടക മെഡിക്കൽ കോളേജുപോലെ ഇവിടെ ഉണ്ടാക്കിക്കൂടെ ? അവിടത്തെ എഞ്ചിനീയറിംഗ് കോളേജുപോലെ ഇവിടെ ഉണ്ടാക്കിക്കൂടെ ? ഇന്ന് തന്നെ വണ്ടി എടുത്ത് കോയമ്പത്തൂരിലേക്ക് പോയി പഠിക്ക്. കോയമ്പത്തൂരിലും തിരുനെൽവേലിയിലും പോയി പഠിക്ക്. എത്രയെത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് അവിടെ വളർന്നുവരുന്നത് ? എങ്ങനെയാണ് എഞ്ചിനീയറിംഗ് കോളേജ് അവിടെ വളർന്ന് വന്നിട്ടുള്ളത് ? തമിഴ്നാട്, ആന്ധ്രാ പ്രദേശ്, കർണ്ണാടക ഇവിടെയെല്ലാം ഇതുപോലെ ചെയ്യുന്നുണ്ട്. നിങ്ങൾ കേരളത്തിൽ അങ്ങനെ ചെയതോ ?

ശ്രീ. പി. വിശ്വൻ : അങ്ങ് വിദ്യാഭ്യാസ മന്ത്രി ആയിരുന്നല്ലോ ; അങ്ങേയ്ക്ക് തുടങ്ങിക്കൂടെ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : തുടങ്ങിയിട്ടുണ്ട്. ഞാനാണ് തുടങ്ങിയത്. ഞാൻ തുടങ്ങി. ശ്രീ. രാഘവനും മറ്റു മെമ്പർമാരും ഇവിടെ ഉണ്ടല്ലോ ; ഞാൻ സെൽഫ് ഫൈനാൻസിംഗ് എന്ന ആശയം ഇവിടെ കൊണ്ടു വന്നു. അഞ്ച് എഞ്ചിനീയറിംഗ് കോളേജ് കൊണ്ടു വന്നു. പേര് പറഞ്ഞു തരാം. കാസർഗോഡ്, ചെങ്ങന്നൂർ, അടൂർ, തിരുവനന്തപുരം, എം.ഇ.എസ്. വളാഞ്ചേരി.....

ശ്രീ. പി. സി. ജോർജ് : അഞ്ചു വർഷകാലം അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ ആകെ ഉണ്ടായിരുന്ന സീറ്റ് 3700 ആണ്. 14 കോളേജ്. ഞങ്ങളുടെ ഈ ഭരണത്തിനിടയിൽ 9138 സീറ്റും 35 കോളേജും ആയി. എന്തുകൊണ്ടാണ് ഇതൊക്കെ അങ്ങ് കാണാത്തത് ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : 14 കോളേജ് എന്നുപറഞ്ഞു. എന്താണ് ? എഞ്ചിനീയറിംഗ് കോളേജ് 14 എണ്ണം കേരളത്തിലുള്ളത് . ഞാൻ പഠിച്ച കണക്കാണ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഞാൻ പറയാം. ഞാൻ മന്ത്രി ആയിരുന്ന സമയത്ത്.....(ബഹളം).....പറയട്ടെ, കേരളത്തിൽ ആദ്യം ഉണ്ടായിരുന്ന എഞ്ചിനീയറിംഗ് കോളേജുകൾ, അതിലുപരിയായി ഞാൻ മന്ത്രി ആയിരുന്ന സമയത്താണ് സെൽഫ് ഫൈനാൻസിംഗ് എന്ന ആശയം കൊണ്ടു വന്നത്. നിങ്ങളുടെ കാലത്ത് ആ ആശയം ഇല്ല.....(ബഹളം)..... ഇവിടത്തെ എം.എൽ.എ.-മാരോട് ചോദിക്ക്, കാസർഗോഡ് എൽ.ബി.എസ്. ചെങ്ങന്നൂർ ഐ.എച്ച്.ആർ. ഡി, അടൂർ എം.ഇ.എസ്. വളാഞ്ചേരി, തിരുവനന്തപുരം അങ്ങനെ അഞ്ച് എഞ്ചിനീയറിംഗ് കോളേജ് ഇവിടെ ആരംഭിച്ചു. പിന്നെ കോട്ടയത്ത് രാജീവ്ഗാന്ധി മെമ്മോറിയൽ എഞ്ചീനീയറിംഗ് കോളേജ്. അതു വേറെ കാര്യം....

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, എന്റെ പോയിന്റ് അതല്ല. കേരളത്തിൽ അന്ന് ഞങ്ങൾ സ്വാശ്രയകോളേജ് തുടങ്ങിയപ്പോൾ നിങ്ങളെന്തു ചെയ്തു ? നിങ്ങൾ എതിർത്തു . എതിർത്തില്ലേ ?; ഞാൻ നിങ്ങളോട് ചോദിക്കട്ടെ, ഇന്ന് ഇപ്പോൾ നിങ്ങൾ പറയുന്നു, സ്വാശ്രയകോളേജ്..... (ബഹളം)..... എന്താണ് അന്നത്തെ കോളേജ് ? Unnikrishnan Vs Government of Andhra Pradesh എന്ന സുപ്രസിദ്ധമായ കേസിലെ ജഡ്ജ്മെന്റ് പറഞ്ഞത് ജീവൻ റെഡ്ഡി ആണ്. ആ ജീവൻ റെഡ്ഡിയാണ് കേരളത്തിൽ സ്വകാര്യവിദ്യാഭ്യാസ മേഖലയിൽ കമേഴ്സ്യലൈസേഷനും മെറിറ്റും ഒഴിവാക്കുന്നത് തടയാൻ വേണ്ടി വിധി പറഞ്ഞത്. എന്റെ സമയത്തുള്ള കോളേജിന്റെ അന്നത്തെ വിധി പറഞ്ഞ അതേ ജഡ്ജിയാണ്. ആ ജീവൻ റെഡ്ഡിയുടെ മുമ്പിലാണ് കേരളത്തിലെ സ്വാശ്രയ കോളേജിന്റെ കേസ് പോയത്. ആ ജഡ്ജി അന്നു പറഞ്ഞു. 'ഏറ്റവും നല്ല കൺസെപ്റ്റാണിത്' എന്ന് ഏറ്റവും നല്ല കൺസെപ്റ്റാണെന്നുമാത്രമല്ല, മറ്റു ചീഫ് സെക്രട്ടറിമാർക്ക് ഇതിന്റെ കോപ്പി അയയ്ക്കണമെന്നുമാണ് ആ ജഡ്ജ്മെന്റിലുള്ളത്. സംശയമുണ്ടെങ്കിൽ ജഡ്ജ്മെന്റു നോക്കു. അങ്ങനെ അന്നു ഞങ്ങൾ സ്വാശ്രയ കോളേജ് കൊണ്ടുവരാൻ നോക്കി. അങ്ങനെ അന്നു ഞങ്ങൾ സ്വാശ്രയ്കോളേജ് കൊണ്ടുവരാൻ നോക്കി. നിങ്ങൾ അതിനു എന്തു ചെയ്തു ? അങ്ങനെ കൊണ്ടു വന്നപ്പോൾ നിങ്ങൾ അംഗൻവാടി തൊട്ട് മെഡിക്കൽ കോളേജ് വരെയുള്ളത് നിർത്തിയില്ലേ ? നിങ്ങൾ സമരം ചെയ്തില്ലേ ? എസ്.എഫ്.ഐ-ക്കാരെ കൊണ്ട് വഴി തടയിച്ചില്ലേ ? ഞങ്ങൾ സ്വാശ്രയകോളേജ് തുടങ്ങിയത് മൂന്നാമത്തെ കൊല്ലമാണെങ്കിൽ നിങ്ങളുടെ മന്ത്രി അധികാരത്തിൽ വന്നിട്ട് ഒന്നര കൊല്ലത്തിനുള്ളിൽ തൊടുപുഴയിൽ സ്വാശ്രയകോളേജ് കൊണ്ടു വന്നു. നിങ്ങൾ എതിർത്തോ ? നിങ്ങൾ എതിർത്തില്ല. അപ്പോൾ നിങ്ങളുടെ ഉദ്ദേശം എന്താണ്? ഞങ്ങളുടെ കാലഘട്ടത്തിൽ വിദ്യാഭ്യാസ.....

മി. ചെയർമാർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇവിടെ വിദ്യാഭ്യാസ മേഖലയിൽ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള നന്മയെ നിങ്ങൾ നശിപ്പിച്ചു. എന്നിട്ട് ഇപ്പോൾ എന്തു ചെയ്യുന്നു ? അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാതെ സ്കൂൾ നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുമോ ? നിങ്ങളുടെയൊക്കെ നാട്ടിൽ സ്കൂളുകളില്ലേ? എന്താണ് ശമ്പളം കൊടുക്കാത്തത് ? പ്രീ-ഡിഗ്രി ബോർഡ് ഡീലിങ്ക് ചെയ്യുന്ന സമയത്ത് അതിലെ അദ്ധ്യാപകരെ ഇങ്ങോട്ടു കൊണ്ടുവരാനുള്ള ഞങ്ങളുടെ ശ്രമത്തെ പരാജയപ്പെടുത്തിയിട്ട് നിങ്ങൾ അദ്ധ്യാപകർക്ക് വെറുതെ ശമ്പളം കൊടുത്ത് നിങ്ങൾ അവിടെ നിർത്തുന്നു. ഇപ്പുറത്ത് നിങ്ങൾ വേറെ അദ്ധ്യാപകരെ ശമ്പളം കൊടുക്കാൻ വച്ചിരിക്കുന്നു. എന്താണ് സംഗതി എന്നറിയാമോ ? നിങ്ങൾ ശമ്പളം കൊടുക്കുന്നില്ല. നിങ്ങൾ ശമ്പളം കൊടുക്കുമോ ? മൂന്നു മാസം കൊണ്ട് കൊടുക്കുമോ? നിങ്ങൾക്ക് അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ കഴിയുമോ ? നിങ്ങൾക്ക് ഒരൊറ്റ ഉദ്ദേശം മാത്രമേയുള്ളു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതു നിങ്ങൾക്ക് കൊടുക്കേണ്ടി വരില്ല. ഇത് ഞങ്ങൾക്ക് കൊടുക്കേണ്ടി വരുമെന്ന് നിങ്ങൾക്കറിയാം. അതാണ് നിങ്ങൾ കൊടുക്കാത്തത്. കുറ്റ്യാടിയിൽ പണ്ട് ഒരു അധികാരിയുണ്ടായിരുന്നു. അദ്ദേഹം തഹസിൽദാർ പോസ്റ്റിനു ഇന്റർവ്യൂവിന് വന്നു. ഇന്റർവ്യൂ നടത്തുന്ന ആൾ ചോദിച്ചു 'കുറ്റ്യാടിപ്പുഴയിലൂടെ ഒരു ശവം ഒഴുകിവന്ന് താങ്കളുടെ അതിർത്തിപ്രദേശത്തുള്ള കടവിൽ തങ്ങിയാൽ താങ്കൾ എന്തുചെയ്യും. ഉടനെ അധികാരി പറഞ്ഞു. അതിനെ ഇടങ്കോലു കൊണ്ട് തോണ്ടി കുറുവങ്ങാട് കടവിലാക്കിക്കൊടുത്തിട്ട് ഞാനിങ്ങ് പോരും' അതെന്താണ് വകുപ്പ് എന്നു ചോദിച്ചപ്പോൾ, 'കുറുവങ്ങാട് അംശം വേറെയാണ്. ശവം അവിടെ എത്തിയാൽ കുറുവങ്ങാട് അധികാരി അതിന് എടുക്കേണ്ട പണിയെടുത്തു കൊള്ളും' എന്നാണ് പറഞ്ഞത്. ആ സൂത്രപ്പണി വച്ചിരിക്കുകയല്ലേ നിങ്ങൾ ? നിങ്ങൾക്കറിയാം നിങ്ങൾക്ക് പണം കൊടുക്കേണ്ടി വരില്ലെന്ന്. ഈ രാജ്യത്തെ നിങ്ങൾ എങ്ങോട്ടുകൊണ്ടു പോകുന്നു ? കടബാദ്ധ്യത എത്രയായി ? നമ്മുടെ നിഷ്ക്കളങ്കരായ നേതാക്കൻമാർ പറഞ്ഞു. ഒരു കരാറുകാരൻ ആത്മഹത്യ ചെയ്തുവെന്ന്. ആത്മഹത്യ ചെയ്താൽ ഇവർക്കെന്താണ് സങ്കടം? അവന്റെ കാശ് നാലു മാസം തിരിഞ്ഞുകളിക്കാമെന്നാണ് നിങ്ങളുടെ വിചാരം. അതല്ലേ ? കോൺട്രാക്ടർ മരിച്ചാൽ നിങ്ങൾക്കെന്താണ് ?

<u>ശ്രീ. ടി. കെ. ഹംസ</u> : നിങ്ങൾക്ക് ഭരണം കിട്ടിയാൽ ഇതെങ്ങനെ ശരിയാക്കുമെന്നുകൂടി പറയണം.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : സർ, ഞങ്ങൾക്ക് ഭരണം കിട്ടിയാൽ.....

<u>മി. ചെയർമാൻ</u> : സമയമില്ല. പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ശ്രീ. ഹംസ ചോദിച്ചത്. ഞങ്ങൾക്കു ഭരണം കിട്ടിയാൽ ഞങ്ങൾ നിങ്ങൾ ചെയ്യുന്നതുപോലെ ദുർവ്യയം ചെയ്യുകയില്ല. മര്യാദയ്ക്ക് ജീവിച്ച് നല്ല നിലയിലാക്കി, മാത്രമല്ല, ഒരു കാര്യം കൂടി ചെയ്യും. ഒന്നര കോടി രൂപ മാനവീയത്തിനു ചെലവാക്കി. ഞങ്ങൾ മാനവീയത്തിന് എതിരല്ല. പക്ഷെ അതിൽ നിന്ന് 25 ലക്ഷം രൂപയെങ്കിലുമെടുത്ത് ആശുപത്രിയിലേക്ക് മരുന്നെങ്കിലും വാങ്ങും. നിങ്ങളെപ്പോലെ സംസ്ഥാനത്തിന്റെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന പ്രശ്നമില്ല. അപ്പുറത്തുള്ള ഇതിനെ സപ്പോർട്ട് ചെയ്യുന്ന സ്നേഹിതന്മാരോട്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ പാർട്ടിയുടെ കാര്യം പറഞ്ഞു. ശ്രീ. ഇ. അഹമ്മദും മറ്റാളുകളുമൊക്കെ ദോഷകരമായി പ്രവർത്തിക്കുന്നു എന്നൊക്കെ പറയുകയുണ്ടായി. ആ പരിപ്പു വേവുകയില്ല. അതിറക്കി വച്ചാൽ മതി. ഞങ്ങളുടെ പാർട്ടി ഒറ്റക്കെട്ടാണ്. ശിഹാബ്തങ്ങളുടെ നേതൃത്വത്തിൽ ഒരു ശരീരം പോലെ, ഒരു ആത്മാവുപോലെ നിൽക്കുന്ന പാർട്ടിയാണ് മുസ്ലീം ലീഗ് പാർട്ടി. മുസ്ലീം ലീഗിനെ നിങ്ങൾ ഇപ്പോൾ ആക്ഷേപിക്കുന്നുണ്ട്. ആക്ഷേപിക്കേണ്ട. രണ്ടു-മൂന്നു മാസം മുമ്പ് തേനല്ലേ, മയിലല്ലേ, പഞ്ചാരക്കുയിലല്ലേ, എന്നു പറഞ്ഞ് ഞങ്ങളുടെ പിന്നാലെ നടന്നവരല്ലേ നിങ്ങൾ ? എന്നിട്ട് വലിയ വർത്തമാനം പറയേണ്ട. നിങ്ങളിപ്പോൾ മുസ്ലീം ലീഗിൽ വർഗ്ഗീയത ആരോപിക്കുന്നു. ഞങ്ങൾക്കെങ്ങനെയാണ് വർഗ്ഗീയതയുള്ളത് ? കേരളത്തിലെ ന്യൂനപക്ഷത്തിന് മുസ്ലീം ലീഗിന്റെ നേതൃത്വമില്ലാതിരുന്നുവെങ്കിൽ മതേതരസങ്കല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ രാജ്യത്തെ പിന്നോക്കവിഭാഗങ്ങൾക്ക് നേതൃത്വം കൊടുത്തില്ലായിരുന്നുവെങ്കിൽ ന്യൂനപക്ഷവിഭാഗങ്ങൾക്ക് നേതൃത്വം കൊടുത്തില്ലായിരുന്നുവെങ്കിൽ ഇൻഡ്യയിൽ പല സ്ഥലത്തും ആർ.എസ്.എസ്സും ബിജെ.പി.യും കടന്നുവന്നതുപോലെ മലയാളക്കരയിലും അവർ കടന്നുവരുമായിരുന്നു. മലയാളക്കരയിൽ ഈ വർഗ്ഗീയശക്തികളെ കടന്നുവരാൻ അനുവദിക്കാതിരുന്നത് ന്യൂനപക്ഷത്തിന് ഞങ്ങൾ കൊടുത്ത ധീഷണാപരമായ ; മതേതരമായ, ജനാധിപത്യപരമായ നേതൃത്വമാണ്. അന്നു നിങ്ങൾ ചെയ്തത് എന്താണെന്നറിയാമോ ? നിങ്ങൾ ചെയ്തു ഞങ്ങൾ ചെയ്തതുപോലെയല്ല. നിങ്ങളെന്തു ചെയ്തത്. നാല് വോട്ടിന് വേണ്ടി തീവ്രവാദ മുസ്ലീം സംഘടനകളുമായി ചങ്ങാത്തംകൂടി..... ഞങ്ങൾക്ക് അവരുമായി ബന്ധമില്ല. അവരുടെ വോട്ട് ഞങ്ങൾക്ക് ആവശ്യമില്ലെന്ന് ശിഹാബ്തങ്ങൾ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചപ്പോൾ ഏതാനും വോട്ടിനു വേണ്ടി അവരെ താങ്ങിനടന്നവരാണ് നിങ്ങൾ. നിങ്ങളാണോ ഇപ്പോൾ തീവ്രവാദത്തിനെതിരായി സംസാരിക്കുന്നത് ? ഞങ്ങളെ നിങ്ങൾ പറയേണ്ട. നിങ്ങൾക്ക് വർഗ്ഗീയതയില്ലെന്നും നിങ്ങൾ അതിന് എതിര് പറഞ്ഞാലും ഞങ്ങൾ വർഗ്ഗീയവാദികളല്ല.....

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്. സമയമായി.....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നാദാപുരം സംഭവമടക്കം നിങ്ങൾ പറയുകയുണ്ടായി. ഞങ്ങൾക്ക് ഒരു കാര്യം മാത്രമാണ് പറയാനുള്ളത്.

മി. ചെയർമാൻ : ആ പോയിന്റു കൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഞങ്ങളുടെ പാർട്ടിയിൽ നിങ്ങൾ വർഗ്ഗീയത കണ്ടെത്തരുത്. നിങ്ങൾ ഞങ്ങളെ അനുകൂലിക്കുന്നോ പ്രതിക്കൂലിക്കുന്നോ എന്നുള്ളതല്ല പ്രശ്നം. മുസ്ലീം ലീഗിന് ഒരു പൊളിറ്റിക്സുണ്ട്. ആ പൊളിറ്റിക്സ് എന്നു പറയുന്നത് മതേതരത്വത്തിൽ അധിഷ്ഠിതമാണ്. ഈ രാജ്യത്ത് ആര് വർഗ്ഗീയത പ്രചരിപ്പിക്കാൻ ശ്രമിച്ചാലും ഹരിതപതാക ഉയർത്തിപ്പിടിച്ച് ഞങ്ങൾ എതിർക്കും. ഞങ്ങളുടെ ഡ്യൂട്ടിയാണത്. ഞങ്ങളെന്തുകൊണ്ടാണ് തീവ്രമായിട്ട് പ്രതികരിക്കാത്തത്. എന്തുകൊണ്ടാണ് ഞങ്ങൾ കത്തിക്ക് കത്തിയുടെ ഭാഷ സംസാരിക്കാത്തത്. എന്തുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ചോരയ്ക്ക് ചോരയുടെ ഭാഷ സംസാരിക്കാത്തത് എന്ന് ഒരുപക്ഷെ ചോരത്തിളപ്പുള്ള ചെറുപ്പക്കാർ ഞങ്ങളെപ്പറ്റി പറയുമായിരിക്കും. പക്ഷെ ഞങ്ങൾക്ക് പരാതിയില്ല. എന്തു വില കൊടുത്തും ഇവിടെ മതേതരത്വം നിലനിർത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അങ്ങനെ ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഞങ്ങളിൽ കുറ്റം കണ്ടുപിടിക്കാൻ നിങ്ങൾ ശ്രമിക്കുന്നോ ? ഞങ്ങൾ ഈ കാര്യങ്ങൾ വിലയിരുത്തിക്കൊണ്ട് തന്നെയാണ് നിൽക്കുന്നത്. ശ്രീ. എം. വി. ജയരാജൻ ഇവിടെ പറയുകയുണ്ടായി. നമുക്ക് സിംഹാസനമോഹങ്ങളാണ്. മുഖ്യമന്ത്രിമോഹങ്ങളാണ് എന്നൊക്കെ. അങ്ങനെയല്ല. കേരളത്തിലെ ജനങ്ങളുടെ മോഹമാണ് സാക്ഷാത്ക്കരിക്കുന്നത്. ശ്രീ. എ. കെ. ആന്റണിയുടെ ജാഥ കടന്നുവരുന്ന വഴിത്താരയിൽ ശ്രീ. ആന്റണിയുടെയും വ്യൂഹത്തിന്റെയും വാഹനത്തിന്റെ ചക്രത്തിനടിയിൽ ഞെരിഞ്ഞമർന്നത് മണൽത്തരികളും ചരൽക്കല്ലുകളും മാത്രമല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വാരിയെല്ലുകൾ കൂടിയാണെന്ന കാര്യം മനസ്സിലാക്കണം. കാരണം, കേരളത്തിലെ ജനങ്ങൾ അതിനോട് കാണിക്കുന്ന ആഭിമുഖ്യവും ആവേശവുമുണ്ടാക്കുന്ന ചലനങ്ങൾ, അതിൽ നിങ്ങൾക്ക് വിഭ്രാന്തി സൃഷ്ടിച്ചിട്ടുണ്ട്. ജാഥ അടുത്തടുത്തു വരികയാണ്. നെടുമങ്ങാട്ടേത്തിയിട്ടേയുള്ളു. ഇവിടെ എത്തുമ്പോൾ നിങ്ങളുടെ നാഡിയിടിപ്പ് കൂടുമെന്ന കാര്യത്തിൽ തർക്കമില്ല. നിങ്ങൾ ഈ രാജ്യത്തെ നേരെ ചൊവ്വേ കൊണ്ടുപോകണം. ജനങ്ങൾക്ക് ഒരു കൈപ്പിഴ പറ്റി. നാലേമുക്കാൽ കൊല്ലം മുമ്പ് പറ്റിയ കൈപ്പിഴയ്ക്ക് ഇത്ര വലിയ തോതിലുള്ള ശിക്ഷ കേരളത്തിലെ ജനങ്ങൾക്ക് നിങ്ങൾ കൊടുക്കരുത്. ഇനി തിരുത്താൻ നിങ്ങൾക്ക് സമയമില്ല. ഇവിടെ പറഞ്ഞുപോലെ നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടു പാലമരച്ചുവട്ടിൽപോയി നിങ്ങൾ അപ്രത്യക്ഷമാകാൻ പോകുകയാണ്. തെറ്റായ സമീപനങ്ങളെടുത്ത് നാലേമുക്കാൽ കൊല്ലക്കാലം കേരളത്തിലെ ജനങ്ങളെ നശിപ്പിച്ച നിങ്ങൾക്ക് ഇങ്ങനെയൊരു നന്ദിപ്രമേയം അവതരിപ്പിക്കാൻ ധാർമ്മികമായ അവകാശംപോലും ഇല്ലെന്ന കാരണത്താൽ ഈ നന്ദിപ്രമേയത്തെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് നിർത്തുകയാണ്.

12 NOON] ശ്രീ. സി. എൻ. ജയദേവൻ : സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻമേൽ ശ്രീ. എൻ.അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിക്കുന്ന വിഷയങ്ങൾ, നമുക്കേവർക്കും അറിയാവുന്നതുപോലെ ഇപ്പോൾ നിലവിലുള്ള ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കാൻ കേവലം മൂന്നു മാസം മാത്രം അവശേഷിക്കുന്ന ഘട്ടത്തിലാണ്. അതുകൊണ്ടുതന്നെ നയപ്രഖ്യാപന പ്രസംഗത്തിൽ മുഖ്യമായി സൂചിപ്പിച്ചിരിക്കുന്നത് ഈ ഗവൺമെന്റ് കഴിഞ്ഞ നാലര വർഷത്തിലധികമായി തുടർന്നുപോരുന്ന നയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുതന്നെയാണ്. ആ നയങ്ങളുടെ ഫലമായി നമ്മുടെ സംസ്ഥാനത്തെ വ്യത്യസ്തമേഖലകളിൽ ഈ മുന്നണി ഗവൺമെന്റിനു വരുത്താൻ കഴിഞ്ഞ മാറ്റങ്ങളെക്കുറിച്ചുമാണ് അതിൽ സൂചിപ്പിക്കുന്നത്. ഇവിടെ ഇന്ന് പ്രതിപക്ഷത്ത് നിന്നും സംസാരിച്ച ശ്രീ. പി. ജെ. ജോയിയും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും ഇതിനെ എതിർത്തുകൊണ്ട് സൂചിപ്പിച്ച വിഷയങ്ങൾ തീർച്ചയായിട്ടും ഇതുമായി ബന്ധപ്പെട്ടതു

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ്. കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി ഇവിടെ ഗവർണ്ണറുടെ പ്രസംഗവുമായി ബന്ധപ്പെട്ടു നടന്ന ചർച്ച നിർഭാഗ്യവശാൽ ഇവിടെ സന്നിഹിതനാകാതിരുന്നതു കൊണ്ട് എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നില്ല. പത്രങ്ങളിലൂടെ അറിയാൻ ഒരു ശ്രമം നടത്തിയെങ്കിലും ഗവർണ്ണർതന്നെ പുറത്തു നടത്തിയ ഒരു പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ഇത്തരം കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പത്രങ്ങളിൽ പലതും പത്രലേഖകരുടെ അഭിപ്രായങ്ങളാണ് എഴുതുന്നത്. അല്ലാതെ പ്രസംഗങ്ങല്ല എന്നുള്ളതുകൊണ്ട് സഭയ്കത്തു നടത്തിയ പ്രസംഗങ്ങൾ എന്താണെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ശ്രീ. പി. ജെ. ജോയി ഇവിടെ നടത്തിയ പ്രസംഗത്തിൽ മുഖ്യമായും ആധാരമാക്കിയത് സാമ്പത്തിക രംഗത്തു ഞങ്ങൾ വിമർശിക്കുന്ന നയങ്ങളെ ന്യായീകരിക്കുന്നതിനുവേണ്ടി ചൈനയെ ഉദാഹരിക്കലാണ്. . ഞങ്ങൾ ഒരുകാര്യം ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുന്നു. പലപ്പോഴും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇന്നത്തെ ചുറ്റുപാടുകളിൽ ലോകത്തെ സമ്പന്ന മുതലാളിത്ത രാഷ്ട്രങ്ങളിൽ നിന്നുൾപ്പെടെ സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് പരസ്പരം ബന്ധപ്പെട്ടുകൊണ്ടുമാത്രമേ ഇന്ന് രാഷ്ട്രങ്ങൾക്ക് നിലനിൽക്കാൻ കഴിയുകയുള്ളു. ആ സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കാൻ പാടില്ലെന്ന് ഒരൊറ്റ ഇടതുപക്ഷക്കാരനും ഇന്നുവരെ പറഞ്ഞിട്ടില്ല. പക്ഷേ ആ സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ അസ്ഥിവാരം തോണ്ടുന്ന രൂപത്തിലാകരുതെന്നുള്ളതാണ് പ്രശ്നം. അതു മനസ്സിലാക്കാതെ ചൈനയിലെന്തുണ്ടായി എന്ന് എത്ര പ്രസംഗിച്ചിട്ടും കാര്യമില്ല. ഈ നയം ആരംഭിച്ച ഘട്ടത്തിൽ അന്നത്തെ ഇന്ത്യൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. മൻമോഹൻസിംഗ് ഞങ്ങളെ പഠിപ്പിച്ചത്, ഈ രാജ്യത്തെ ജനങ്ങളെ പഠിപ്പിച്ചത് ഈ നയത്തിന്റെ ഫലമായി പരസ്പരം മൽസരം ഉയരുന്നതോടു കൂടി ഇന്ത്യയിലെ ഉൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേയ്ക്ക് ധാരാളമായി കയറ്റുമതി ചെയ്യാൻ കഴിയും. അങ്ങനെ ഇന്ത്യയ്ക്കും രക്ഷപ്പെടാൻ കഴിയും. ഏഷ്യൻ ടൈഗേഴ്സ് എന്നറിയപ്പെടുന്ന രാജ്യങ്ങളോടൊപ്പം മൽസരിച്ച ഏഷ്യയിലെ തന്നെ പ്രബലമായ രാജ്യമായി ഇന്ത്യയ്ക്ക് മാറാൻ കഴിയുമെന്നാണ്. പക്ഷേ പിന്നീടുണ്ടായ സ്ഥിതി നാം കണ്ടതല്ലേ ? ഈ നയം നടപ്പിലാക്കിയാൽ 10 വർഷം പിന്നിട്ടുകഴിയുമ്പോൾ ഇതിന്റെ ദൃഷ്യഫലങ്ങൾ എന്താണെന്ന് നമുക്ക് മനസ്സിലാകുമെന്ന് അന്ന് ഞങ്ങൾ പറഞ്ഞിരുന്നു. അപ്പോൾ നിങ്ങൾ പറഞ്ഞത് ഇതിന്റെ ഗുണവശമെന്താണെന്ന് മനസ്സിലാക്കണമെന്നുണ്ടെങ്കിൽ 10 വർഷം വേണ്ടി വരുമെന്നാണ്. ആ നയം നടപ്പിലാക്കിത്തുടങ്ങിയിട്ട് ഈ 2001-ൽ 10 വർഷം തികയുകയാണ്. അതിന്റെ ഗുണവും ദൂഷ്യവും ഇപ്പോൾ വിലയിരുത്തപ്പെടുകയാണ്. ഒരു താടിക്കാരന്റെ താടിയിൽ ഒരു ഉറുമ്പു കയറി. അദ്ദേഹത്തിനു വേണമെങ്കിൽ ആ ഉറുമ്പിനെ ഞെരിച്ചു കളയാമായിരുന്നു. എന്നാൽ അദ്ദേഹം കരുതി ഈ ഉറുമ്പിനെ രക്ഷപ്പെടുത്തിക്കളയാമെന്ന്. അവസാനം ഉറുമ്പിനെ രക്ഷപ്പെടുത്താൻവേണ്ടി അദ്ദേഹം ഉറുമ്പിൻ കൂട്ടിൽ കൊണ്ടുപോയി താടി വച്ചുകൊടുത്തു. ഉറുമ്പേ നീ ആ കൂട്ടിലേക്ക് പോയ്ക്കോ എന്നു പറഞ്ഞു. അപ്പോൾ ഉറുമ്പിൻ കൂട്ടിലുള്ള മുഴുവൻ ഉറുമ്പുകളും കൂടി താടിക്കാരന്റെ താടിയിലേക്ക് കയറിയതുപോലെയാണ് ഡോ.മൻമോഹൻ സിംഗ് ഇന്ത്യാ രാജ്യത്തുനിന്നും വിദേശ രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. ഏഷ്യൻ രാജ്യങ്ങളിലെ ടൈഗർമാരോടൊപ്പം, മറ്റു രാജ്യങ്ങളോടൊപ്പം ഉയർന്നു വരുമെന്നാണ് പറഞ്ഞത്. ഇപ്പോൾ എന്താണ് സ്ഥിതി ? ഉറുമ്പിൻ കൂട്ടിൽ താടിവച്ചപ്പോൾ ഉറുമ്പു മുഴുവൻ താടിയിലേക്ക് കയറിയതുപോലെ സകല ഉൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിൽ നിന്നും കൊണ്ടുവന്ന് ഇന്ത്യയിൽ ഡമ്പു ചെയ്യുകയാണ്. 'ഫിക്കി' സംഘടനയുടെ സമ്മേളനം ഉദ്ഘാടനം ചെയ്തത് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. എ. ബി. വാജ്പേയിയാണ്. ആ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് 'ഫിക്കി'യുടെ പ്രസിഡന്റും ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഉടമയുമായ ശ്രീ. ഗോയങ്കെയാണ്. അതിൽ അഭിവാദ്യ പ്രസംഗം നടത്തിയത് കോൺഗ്രസ്സിന്റെ പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിയാണ്. ഈ മൂന്നുപേരുടെ പ്രസംഗങ്ങളും നിങ്ങളിൽ ചിലരെങ്കിലും ഹിന്ദു പത്രത്തിലോ ഇന്ത്യൻ എക്സ്പ്രസ്സിലോ വായിച്ചുകാണുമെന്ന് ഞാൻ കരുതുകയാണ്. ശ്രീ. എ. ബി. വാജ്പേയി പറഞ്ഞത് ഈ നയം അനുസ്യൂതമായി മുന്നോട്ടുപോകാൻ ഇന്ത്യയിലെ വ്യാപാരി വ്യവസായികൾ സഹായിക്കണം, സഹകരിക്കണം അത് ഇന്ത്യയെ കൂടുതൽ ഉന്നതങ്ങളിലേക്ക് കൊണ്ടുചെന്ന് എത്തിക്കുമെന്നാണ്. സമ്മേളനത്തിന് അഭിവാദ്യം നേർന്നുകൊണ്ടുള്ള പ്രസംഗത്തിൽ ഈ നയത്തിന് യാതൊരു തടസ്സങ്ങളുമുണ്ടാകുന്ന നിലപാടുകൾ എന്റെ പാർട്ടി സ്വീകരിക്കില്ലെന്നും ഈ നയങ്ങളുമായി മുന്നോട്ട് നീങ്ങണമെന്നുമാണ് ശ്രീമതിസോണിയഗാന്ധി പറഞ്ഞത്. ശ്രീ. ഗോയങ്കെയുടെ പ്രസംഗമെന്താണെന്നോ ? ഇപ്പോൾ ഞങ്ങളുടെ ഫാക്ടറികൾ വിദേശ രാജ്യങ്ങളിലെ ഉൽപ്പന്നങ്ങളുടെ ഗോഡൗണുകളാക്കി മാറ്റുകയാണ്. അത് അനുവദിച്ചു കൂടാ. ഞങ്ങളുടെ ഉല്പന്നങ്ങൾക്കും മാർക്കറ്റ് ലഭിക്കണം. ഞങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് ലഭിക്കാതെ വിദേശ രാജ്യങ്ങളിലെ ഉൽപ്പന്നങ്ങൾ കൊണ്ടുവന്ന് ഞങ്ങളുടെ ഫാക്ടറികൾ വിദേശ രാജ്യങ്ങളുടെ 'ഗോഡണുകളാക്കി മാറ്റിയിരിക്കുകയാണ് എന്നാണ് പ്രസംഗിച്ചത്. ഇന്ത്യൻ മുതലാളിക്കാഗ്രഹം അവന് സ്വയം വളരണമെന്നാണ്. അവന് വിദേശ രാജ്യങ്ങളിൽ പോയി വ്യവസായം നടത്തണമെന്നാണ്. അങ്ങനെ നടത്താമെന്ന് 10 വർഷം മുമ്പ് വ്യാമോഹിച്ചവർ ആ നയം നടപ്പിലാക്കിവന്നപ്പോൾ ഇന്ത്യാ രാജ്യത്തെ ഫാക്ടറികൾ പലതും ഗോഡൗണുകളായി മാറുന്നതല്ലേ നാം കാണുന്നത് ? ആ യാഥാർത്ഥ്യം മനസ്സിലാകാതെ ചൈന എന്തു ചെയ്തുവെന്ന് ചോദിച്ചിട്ട് കാര്യമുണ്ടോ ? ചൈനയുടെ ഉൽപ്പന്നങ്ങൾ ധാരാളം ഇന്ത്യയിലേയ്ക്ക് വരുന്നുണ്ട്. ഇവിടെ ഒരു ബാറ്ററി വാങ്ങണമെങ്കിൽ 7.50 രൂപ കൊടുക്കണം. എന്നാൽ ചൈനയിൽ നിന്നും 2.50 രൂപയ്ക്ക് ബാറ്ററി വരുന്നുണ്ട്. ചൈന ഇന്ത്യൻ മാർക്കറ്റിലേയ്ക്ക് വരുന്നുണ്ട്. ശരിയാണ്. അതിനുകാരണം അവരുടെ ഉൽപ്പന്നങ്ങൾക്ക് ലോകമാർക്കറ്റ് പിടിക്കാൻ കഴിഞ്ഞിരിക്കുന്നു. ആ യാഥാർത്ഥ്യം മനസ്സിലാക്കാതെ ചൈന നയം അംഗീകരിച്ചു, മാർക്സിസ്റ്റു പാർട്ടിയും കമ്മ്യൂണിസ്റ്റു പാർട്ടിയും എന്താണ് അംഗീകരിക്കുന്നത് എന്ന് നിരന്തരമായി ശ്രീ. പി. ജെ. ജോയി ചോദിച്ചു കൊണ്ടിരിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് മുഖ്യമായും ഈ ലോക രംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സൂചിപ്പിച്ചതിനെ സംബന്ധിച്ച് ശ്രീ. പി. ജെ. ജോയി പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞതാണ്..... തടസ്സം..... ഇനിയും സഭയ്ക്കകത്തും പുറത്തുമൊക്കെ നമുക്ക് മറുപടി പറയാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു വിഷയം ഇവിടെ പറഞ്ഞത്. ക്രമസമാധാനത്തെക്കുറിച്ചാണ്. ക്രമസമാധാനപാലനത്തിൽ കേരള സംസ്ഥാനം ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനങ്ങളെക്കാളും മുന്നിലാണെന്ന് പറയുമ്പോൾ എന്താണിത്ര വിഷമം ? അതിന്റെ അർത്ഥം കേരളത്തിൽ ഒരു പ്രശ്നവുമില്ല. ആരുംതമ്മിൽ കുത്തി കൊല്ലുന്നില്ല. ആരും തമ്മിൽ ഏറ്റുമുട്ടലുകൾ നടക്കുന്നില്ല എന്നൊന്നുമല്ല. കേരളത്തിലും അത്തരം ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. അത് പരിഹരിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രിതന്നെ നേരിട്ടുപോയി ഇടപ്പെട്ട് അത്തരം പ്രശ്നങ്ങൾ സമാധാന ചർച്ചകളിലൂടെ പരിഹരിക്കുന്നു. എന്നാൽ ഇന്ത്യയുടെ മറ്റുപല സംസ്ഥാനങ്ങളിലും അതുനടക്കുന്നില്ല. അതുകൊണ്ടാണ് കേരളം ഭേദമാണെന്ന് പറഞ്ഞത്. ഭേദമാണെന്നേ പറയുന്നുള്ളൂ. കാരണം ഇന്ത്യയിലൊട്ടാകെ എങ്ങനെയെങ്കിലും അയൽപക്കക്കാരന്റെ കഴുത്തറുത്ത് പത്തുകാശ് ഉണ്ടാക്കാനുള്ള സംസ്ക്കാരം വളർന്നുവരുമ്പോൾ, പണമുണ്ടാക്കാനുള്ള ലാഭത്തിനുവേണ്ടി മനുഷ്യൻ മനുഷ്യനെ കൊല്ലുകയും എല്ലാ തരത്തിലുള്ള മാഫിയാസംഘങ്ങളും വളർന്നുവരികയും ചെയ്യും. തൃശ്ശൂർ പട്ടണത്തിൽ റൗഡി സംഘങ്ങൾ ഏറ്റുമുട്ടലുണ്ടായി, അതിനിടയ്ക്ക് മൂന്നുപേരെ കൊന്നു. അതിന് നായനാർ സർക്കാരിനെ വേണമെങ്കിൽ കുറ്റപ്പെടുത്താം. കുറ്റപ്പെടുത്തുന്നവർ കുറ്റപ്പെടുത്തിക്കോ. ഞാൻ ആ അർത്ഥത്തിലല്ല ഇതു സൂചിപ്പിക്കുന്നത്. എന്താണ് അതിന്റെ പുറകിൽ ? പണമിടപാട് സ്ഥാപനങ്ങൾക്കുവേണ്ടി കൊടുത്ത പണം തിരിച്ചു വാങ്ങാൻ പോകുന്ന ഗുണ്ടാ സംഘങ്ങൾ തമ്മിലാണ് ഏറ്റുമുട്ടൽ. നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന സംസ്ക്കാരം അതാണ്. കൂടുതൽ പണമുണ്ടാക്കുന്നവനാണ് കൂടുതൽ മിടുക്കൻ. അത് മുതലാളിത്തത്തിന്റെ സംസ്ക്കാരമാണെന്ന് പറഞ്ഞാൽ ? ഞങ്ങൾ ദാസ് ക്യാപ്പിറ്റലും കെട്ടിപ്പിടിച്ചിരിക്കുകയാണെന്നൊക്കെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ചിലപ്പോൾ ഇവിടെ പറഞ്ഞേക്കാം. ആ മുതലാളിത്ത സംസ്ക്കാരത്തെ എതിർക്കണ്ടേ ? താൽക്കാലികങ്ങളായ പരാജയങ്ങളുണ്ടായാലും ഗതി ആ മുതലാളിത്ത സംസ്ക്കാരത്തെ എതിർക്കുക തന്നെയാണ്. ആ മുതലാളിത്ത സംസ്ക്കാരം വളർന്നതിന്റെ ഫലമായി കേരളത്തിലും ക്രമസമാധാന പ്രശ്നങ്ങളുണ്ട്. ഇല്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഭേദമാണെന്നേ ഞങ്ങൾ പറയുന്നുള്ളൂ. അതുതന്നെയാണ് സാമുദായിക സൗഹാർദ്ദത്തിന്റെ വിഷയവും. ഒരു സാമുദായിക കലാപം പോലുമുണ്ടാകാതെ കേരളത്തെ സംരക്ഷിച്ചു പോരുന്നതിനു ഇടതുപക്ഷ പ്രസ്ഥാനത്തിന്, കമ്മ്യൂണിസ്റ്റു പാർട്ടികൾക്ക് മുൻകൈയുള്ള സംസ്ഥാനമാണ് കേരളം എന്നുള്ളതുതന്നെയാണ് കാരണം. ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ സൂചിപ്പിച്ചതുപോലെ കേരളത്തിൽ മതന്യൂനപക്ഷ സമുദായങ്ങൾ തീർച്ചയായും അക്കാര്യത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ 'ഞങ്ങൾ' 'ഞങ്ങൾ' എന്നുപറയുമ്പോൾ ഒരു ചെറിയ സംശയം ഞാൻ ചോദിക്കുകയാണ്. ലീഗിനെക്കുറിച്ച് ഞങ്ങൾ എന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞാൽ കുഴപ്പമില്ല. പക്ഷേ മുസ്ലീം സമുദായത്തിന്റെ മുഴുവൻ മൊത്തക്കച്ചവടം ലീഗിനെ ആരും ഏല്പിച്ചിട്ടില്ല. അങ്ങനെ ആരും ധരിച്ചു പോകരുത്. മുസ്ലീങ്ങൾക്കുവേണ്ടി, മുസ്ലീം

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷത്തിനുവേണ്ടി വാദിക്കാൻ ലീഗ് പുറപ്പെടുന്നതിൽ ഞങ്ങൾ തെറ്റു കാണുന്നില്ല. പക്ഷേ ഞങ്ങൾ, ഞങ്ങൾ എന്നുപറഞ്ഞ് സംസാരിക്കുന്നത് പൂർണ്ണമായി ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. അത്രയേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. പൂർണ്ണമായി ശരിയല്ല. ആ അർത്ഥത്തിലായിരിക്കില്ല അതിനെ കാണുന്നത്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം മതസൗഹാർദ്ദം നില നിർത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചിട്ടുള്ളത് കമ്മ്യൂണിസ്റ്റു പാർട്ടികൾ തന്നെയാണ്. മതന്യൂനപക്ഷ വിഭാഗങ്ങൾ എന്നുള്ള നിലയിൽ കേരളത്തിലെ മുസ്ലീം സമുദായം പ്രകോപനപരമായ പ്രശ്നങ്ങൾ ഉയർത്തി മുന്നോട്ടുവന്നിട്ടില്ലാ അതിൽ അവർ സംയമനം പാലിച്ചിട്ടുണ്ട്. അത് കേരളത്തിന്റെ പ്രത്യേകതയാണ്. ഞാനൊരു ഉദാഹരണം പറയാം. എന്റെ നാട്ടിൽ ഞാൻ താമസിക്കുന്ന മണലൂർ പഞ്ചായത്തിലാകെ രണ്ട് മുസ്ലീം വീടുകൾ മാത്രമേയുള്ളു. ഭൂരിപക്ഷം വരുന്ന മതന്യൂനപക്ഷം എന്നുപറയുന്നത് ക്രിസ്ത്യൻ സമുദായമാണ്. അവർ പുതിയ പള്ളി പണിതു. പള്ളിക്കു പുറകിൽ ശ്മശാനം വരുന്നു. ശ്മശാനത്തിനെതിരായി വലിയ ഒച്ചപ്പാടും ബഹളവുമൊക്കെയാണ്. ശ്രീമതി റോസമ്മ ചാക്കോയ്ക്കറിയാം, ആർ.എസ്.എസ്കാരായിരുന്നു അതിന്റെ പുറകിൽ. എന്റെ ഭാര്യയായിരുന്നു അപ്പോൾ ആ വാർഡിലെ പഞ്ചായത്ത് മെമ്പർ. പഞ്ചായത്ത് മെമ്പറെ ആർ. എസ്സ്.എസ്സ്കാർ ഭീഷണിപ്പെടുത്തി. പഞ്ചായത്തെങ്ങാനും ആ ശ്മശാനത്തിന് അംഗീകാരം കൊടുത്താൽ വലിയ പ്രശ്നമായിരിക്കുമെന്നാണ് പറഞ്ഞത്. എന്തു പ്രശ്നം വന്നാലും ശരി ആ ന്യൂനപക്ഷ സമുദായത്തിന് ഒരു ദേവാലയം സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിനോടനുബന്ധമായി ഒരു ശ്മശാനവും അവിടെയുണ്ടായിരിക്കും. അത് സ്ഥാപിക്കാൻ ഞങ്ങൾ സംരക്ഷണം കൊടുക്കുമെന്ന് പറഞ്ഞത് അവിടെ സി.പി.ഐ. (എം) ഉം സി.പി.ഐ.യും കൂടിതന്നെയാണ്. ഞങ്ങൾ ഇതു പറയുന്നത് ഇതിനു സംരക്ഷണം കൊടുക്കാൻ വേണ്ടി അവസാന ഘട്ടം വരെ നിന്നവർ എന്നുള്ള നിലയിലാണ്. മതന്യൂനപക്ഷത്തെ സംരക്ഷിക്കുമെന്ന് പറയുന്നത് വോട്ടു പിടിക്കാൻ വേണ്ടിയല്ല. വോട്ടാണ് ഞങ്ങൾക്കു ആവശ്യമെങ്കിൽ ഭൂരിപക്ഷത്തിന്റെ കാര്യം മാത്രം പറഞ്ഞു നടന്നാൽ പോരേ ? ഭൂരിപക്ഷത്തിനല്ലേ വോട്ടു കൂടുതൽ ? വോട്ടു പിടിത്തമാണ് ഞങ്ങളുടെ ഉദ്ദേശ്യമെങ്കിൽ ഭൂരിപക്ഷ ഹിന്ദുമതത്തിന്റെ കാര്യമാത്രം പ്രസംഗിച്ചു അവരെ സംരക്ഷിച്ചു നടന്നാൽ പോരേ ? ഞങ്ങൾ ആ നിലാപാട് ലോകത്തിൽ ഒരിടത്തും എടുക്കാറില്ല. ലോകത്തിൽ എവിടേയും കമ്മ്യൂണിസ്റ്റുകാരുടെ, വേണമെങ്കിൽ പറയാവുന്ന ഒരു തകരാറ്, തകരാറ് നല്ല അർത്ഥത്തിലാണ് പറയുന്നത്. എവിടേയും ന്യൂനപക്ഷത്തിന്റെ സംരക്ഷണമാണ് ഞങ്ങളുടെ ലക്ഷ്യം. ജർമ്മനിയിൽ ജൂതന്മാരെ കൊല്ലുമ്പോൾ കമ്മ്യൂണിസ്റ്റുകൾ ജൂതന്മാരുടെ ഭാഗത്തു തന്നെയായിരുക്കുന്നു. ജൂതന്മാർ കോൺസൻട്രേഷൻ ക്യാമ്പിൽ കിടന്ന് ചാകുമ്പോൾ കൂടെ നിന്നത് കമ്മ്യൂണിസ്റ്റുകാരാണ്. ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി ഏണസ്റ്റ് സെൽമാൻ രണ്ടാം ലോകമഹായുദ്ധം അവസാനിക്കുന്ന അവസാന ഘട്ടത്തിൽ ജർമ്മൻ പാർലമെന്റ് മന്ദിരമായ റയിസ്റ്റാഗിനുമുകളിൽ റഷ്യൻ സൈന്യാധിപൻ ചെങ്കോടി നാട്ടുന്ന നിമിഷങ്ങൾ ഹിറ്റ്ലറും അയാളുടെ വെപ്പാട്ടിയും വളർത്തു പട്ടിയും, വിഷം കഴിച്ചു ചാകുന്നതിനു മുമ്പ് കൊടുത്ത അവസാനത്തെ ഉത്തരവ് എന്താണെറിയാമോ ? കമ്മ്യൂണിസ്റ്റു പാർട്ടി ജനറൽ സെക്രട്ടറി ഏണസ്റ്റ് സെൽമാനെ വെടിവച്ചു കൊല്ലാനാണ് .....ബഹളം....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, പഴയ കമ്മ്യൂണിസ്റ്റു പാർട്ടിക്കാരാണ് മറ്റുള്ളവർക്കുവേണ്ടി മരിക്കുന്നത്. ഇന്നത്തെ ആളുകൾ അങ്ങനെയുള്ളവരല്ല.

ശ്രീ. സി. എൻ. ജയദേവൻ : സർ, അതു സന്ദർഭം വരുമ്പോൾ കാണിച്ചു തരാം. അങ്ങനെയൊരു സന്ദർഭം വന്നാൽ അതിനും തയ്യാറുള്ള കമ്മ്യൂണിസ്റ്റുകാർ തന്നെയാണ് ഇന്ന് കേരളത്തിൽ ജീവിച്ചിരിക്കുന്നത്. പാക്കിസ്ഥാനിൽ കമ്മ്യൂണിസ്റ്റു പാർട്ടി, അവിടെ പീഡനം അനുഭവിക്കുന്ന മതന്യൂനപക്ഷങ്ങളായ ഹിന്ദു മതത്തിന്റെ കൂടെയാണ്. അതൊക്കെ നിങ്ങൾ മനസ്സിലാക്കണം. ലോകത്തിൽ എവിടേയും കമ്മ്യൂണിസ്റ്റുകാർ പീഡനം അനുഭവിക്കുന്നവരുടെ കൂടെയാണ്. ഇതൊക്കെ നിങ്ങൾ മനസ്സിലാക്കണം. ഇവിടെ വോട്ടു പിടിത്തമല്ല പ്രശ്നം. ന്യൂനപക്ഷത്തെ സംരക്ഷിക്കൽ തന്നെയാണ്. ആ നിലപാടുതന്നെയാണ് ഞങ്ങൾ എടുത്തു വന്നിട്ടുള്ളത്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു വിഷയം പൊതുവിതരണ സമ്പ്രദായത്തെ കുറിച്ചാണ്. ഇന്ത്യയിൽ ഇത്രയും സുശക്തമായ പൊതു വിതരണ സമ്പ്രദായം നിലനിൽക്കുന്ന ഒരു സംസ്ഥാനം വേറെ ഏതാണുള്ളത് ? 93 പുതിയ മാവേലി സ്റ്റോറുകൾ ഒരൊറ്റ വർഷം കൊണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിച്ചില്ലേ ? ഇല്ലെന്നു പറയാൻ സാധിക്കുമോ ? ഞാൻ ഒരുപാടൊന്നും പറയുന്നില്ല. സ്ഥിരമായി പറയുന്ന വിഷയമാണ്. അതുകൊണ്ട് ആവർത്തിക്കുന്നില്ല. അതുപോലെ തന്നെ അധികാരവികേന്ദ്രീകരണം എന്നുള്ള നിയമം പാസ്സാക്കിയത്. രാജീവ്ഗാന്ധിയുടെ സ്വപ്നം, നരസിംഹ റാവു ഗവൺമെന്റ് കൊണ്ടുവന്നത്. അതൊക്കെ അംഗീകരിക്കാം. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ അത് പ്രായോഗികമായി നടപ്പാക്കിയത് നായനാർ ഗവൺമെന്റല്ലേ ? അല്ലെന്ന് പറയാൻ പറ്റുമോ ? അതു ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ഗവൺമെന്റിന്റെ നയമാണ്. കൂടുതൽ കൂടുതൽ പണം ത്രിതല പഞ്ചായത്തു ഭരണസമിതികൾക്കു നൽകുക. ആസൂത്രണം, ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുക, അതു നടപ്പിലാക്കിയതിന്റെ നേട്ടം ഗവർണ്ണർ പറഞ്ഞാൽ അതു തെറ്റാണെന്ന് പറയാൻ പറ്റുമോ ? ഇപ്പോൾ ഇൻഫർമേഷൻ ടെക്നോളജി രംഗത്തുണ്ടായ വികസനം-നമ്മൾ അല്പം പുറകിലാണെന്ന് പറഞ്ഞാൽ വേണമെങ്കിൽ അംഗീകരിക്കാം. ആ രംഗത്തേയ്ക്കു കുതിച്ചു ചാടാനുള്ള ശ്രമത്തിലാണ് നമ്മൾ. വിദ്യാഭ്യാസ രംഗം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനു അറിയാമല്ലോ ? തൊട്ടാൽ പൊള്ളുന്ന വകുപ്പാണ്. ഞാൻ ഒരിക്കൽ ഈ സഭയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഏതു മുന്നണി അധികാരത്തിൽ വന്നാലെന്താണ് ? ദേശീയ പാർട്ടികളൊന്നും ഈ വകുപ്പ് ഏറ്റെടുക്കാത്തതെന്താണെന്ന് ഞാൻ ചോദിച്ചിട്ടുള്ളതാണ്. പുറത്തും ചോദിക്കാറുണ്ട്. തൊട്ടാൽ പൊള്ളുന്ന വകുപ്പാണ്. ജോസഫ് മുണ്ടശ്ശേരി തൊട്ടു, പൊള്ളിയിട്ടുണ്ട്. അതിനുശേഷം തൊട്ട വിദ്യാഭ്യാസ മന്ത്രിമാർക്കെല്ലാം കൈ പൊള്ളിയിട്ടുണ്ട്. കാരണം എന്തെങ്കിലും മാറ്റമുണ്ടാകാൻ ശ്രമിച്ചാൽ, മാറ്റങ്ങൾ വേണമെന്ന് പ്രസംഗിച്ചു നടക്കുന്നവർപോലും അതിനെതിരാകും. അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസ സംഘടനകളൊക്കെ ആദ്യം കയറി എതിർക്കും. ലെഫ്റ്റും റൈറ്റും ഒന്നുമില്ല. എല്ലാവരും കയറി എതിർക്കും. കാരണം എല്ലാവർക്കും ആഗ്രഹം ഈ തുടർന്നു പോകുന്നതുപോലെ അങ്ങ് സ്വസ്ഥമായിട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകണമെന്നാണ്. മാറ്റത്തിനു ശ്രമിച്ചപ്പോഴൊക്കെ എതിർപ്പുകളുണ്ടായിട്ടുണ്ട്. വിമർശനങ്ങളും എതിർപ്പുകളുമൊക്കെയുണ്ട്. ശരിയാണ്. അതിനെയൊക്കെ അതിജീവിക്കാൻ വേണ്ടിത്തന്നെയാണ് ഇവിടെ പ്ലസ് ടു സമ്പ്രദായം നടപ്പിലാക്കിയത്. ഇവിടെ കൂടുതൽ എൻജിനീയറിംഗ് കോളേജുകൾ തുടങ്ങിയത്. ഇനി സ്വകാര്യ മേഖലയിൽ എൻജിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിനെ കുറിച്ച് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ബന്ധമില്ല എന്ന് ഇവിടെ ഇരിക്കുന്ന ഒരു പാർട്ടിയും ഇന്നുവരെ പറഞ്ഞിട്ടില്ല. ഹൈസ്കൂൾ വിദ്യാഭ്യാസ രംഗത്തോ കോളേജ് വിദ്യാഭ്യാസ രംഗത്തോ പോളിടെക്നിക്കൽ വിദ്യാഭ്യാസ രംഗത്തോ ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്തോ സ്വകാര്യ മേഖലയ്ക്ക് ഒരു പങ്കുമില്ലെന്ന് ഞങ്ങൾ ആരും ഇന്നുവരെ പറഞ്ഞിട്ടില്ല. വലിയ പങ്ക് കേരളത്തിനുണ്ട്. കേരളത്തിലെ മിഷണറിമാർ നടത്തിയ പ്രവർത്തനങ്ങളും കേരളത്തിന്റെ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും വഹിച്ച പങ്കും, ഞങ്ങൾ അനുകൂലിക്കുന്നവരാണ്, പക്ഷേ എൻജിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്ന ഘട്ടത്തിൽ ഉണ്ടായിരുന്ന ചില പ്രശ്നങ്ങളെക്കുറിച്ച് എൽ.ഡി.എഫ്.ന്റെ കൺവീനർ പറഞ്ഞ ചില വാചകങ്ങൾ ഞാൻ കോട്ടു ചെയ്യുകയാണ്. ' ഇതൊരു അടഞ്ഞ അധ്യായമല്ല എന്നാണ് പറഞ്ഞത്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കാലത്തു തുടങ്ങിയ കോളേജുകളുടെ കാര്യം പറഞ്ഞു. അവിടത്തെ പ്രത്യേകത 50 ശതമാനം മെറിറ്റും 50 ശതമാനം പേമെന്റുമാണ്. ഞങ്ങൾ തുടങ്ങിയ കോളേജിന്റെ പ്രത്യേകത ഇതിൽ 50 ശതമാനം പേമെന്റു അവർ കോളേജുകളിൽ നിന്ന് കോഴ്സ് കഴിഞ്ഞ് പോകുമ്പോൾ തിരിച്ചു കൊടുക്കുമെന്നതാണ്. അതുകൊണ്ട് പേമെന്റു സീറ്റെന്നു പറഞ്ഞാൽ പേമെന്റ് അവർ ചുമ്മാതെ എടുക്കുന്നില്ല. വിദ്യാർത്ഥികൾ തിരിച്ചു പോകുമ്പോൾ അതു മടക്കി നൽകുമെന്നുള്ള ഒരു പ്രത്യേകതയാണ് ഞങ്ങൾ കൈക്കൊണ്ടത്.....(ബഹളം)..... കൊടുത്തില്ല എന്നുള്ളത് വിമർശനമാണ്. അതൊരു പോളിസിയാണ്. 50 ശതമാനം പേർക്ക് പേമെന്റ് സീറ്റിൽ കൊടുത്ത പണം തിരിച്ചു കൊടുക്കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ പോളിസി. ചില പ്രശ്നങ്ങൾ കൊണ്ടു കൊടുത്തിട്ടില്ലായിരിക്കാം. അതുകൊടുക്കും. അതുപോലെ തന്നെ വിദ്യാഭ്യാസ മേഖലയെ കേന്ദ്രീകരിച്ചുകൊണ്ടു നമ്മുടെ സംസ്ഥാനത്ത് ഇനിയും ഏറെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ പരിഷ്ക്കാരങ്ങൾക്ക് സാവകാശമാണെങ്കിൽപ്പോലും, തൊട്ടാൽ പൊള്ളുന്ന വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ട് തന്നെയാണ്. പി.ജെ.ജോസഫ് ആയാലും നായനാർ ഗവൺമെന്റായാലും ആ നടപടികളുമായിട്ട് മുന്നോട്ടു പോകുന്നതാണ്. അതാണ് ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച വിഷയം. വൈദ്യുതി ഉല്പാദന രംഗത്തെക്കുറിച്ചൊന്നും ഞാൻ പ്രസംഗിക്കുന്നില്ല. കാരണം ധാരാളം പ്രസംഗിച്ചിട്ടുള്ളതാണ്. നിങ്ങൾക്ക് അതു കേട്ടാൽ ബുദ്ധിമുട്ട് തോന്നും. വൈദ്യുതി ഉല്പാദന രംഗത്ത് കേരളത്തിനുണ്ടായ മാറ്റം. അത് ഇന്ത്യയിലെ റിക്കോർഡ് മാറ്റമല്ലേ ? . അപ്പോൾ നിങ്ങൾ പറയും ഞങ്ങൾ കല്ലിട്ടു കൊടുത്തതാണെന്ന്. എന്തു പറഞ്ഞാലും ശരി കേരള സംസ്ഥാനത്തിൽ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വർഷത്തിനുള്ളിൽ വൈദ്യുതി ഉല്പാദന രംഗത്ത് മാറ്റമുണ്ടാക്കുമെന്ന് സഖാവ് പിണറായി വിജയൻ നമ്മുടെ പഴയ നിയമസഭ മന്ദിരത്തിൽ, അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ പ്രസംഗിച്ചപ്പോൾ, സത്യത്തിൽ ഭരണകക്ഷി ബഞ്ചിൽ ഇരുന്നവർ ഡസ്ക്കിലടിച്ചില്ല. കാരണം ഭരണകക്ഷി ബഞ്ചുകൾക്കുപോലും സംശയമുണ്ടായിരുന്നു. ഇതു നടക്കുന്ന കാര്യമാണോ എന്ന്. നിങ്ങൾ പ്രതിപക്ഷത്തു നിന്ന് കൂക്കു വിളിച്ചു. ഞാൻ നല്ലതുപോലെ ഓർക്കുന്നു. പക്ഷേ പ്രഖ്യാപിച്ചതുപോലെ ഇപ്പോഴെത്തെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശർമ്മ കേരളപ്പിറവി ദിനത്തിൽ, കഴിഞ്ഞ നവംബർ 1-ാം തീയതി പ്രഖ്യാപിച്ചു. കേരളത്തിൽ സമ്പൂർണ്ണമായും വിദ്യുച്ഛക്തി കട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കിയിരിക്കുന്നു എന്ന്. അതായത് വൈദ്യുതി ഉല്പാദന രംഗത്ത് മാറ്റമുണ്ടാക്കി എന്നുള്ളത് അംഗീകരിക്കണം. വൈദ്യുതി ഉല്പാദന പ്രസരണ രംഗത്ത് ഇപ്പോഴും പ്രശ്നങ്ങൾ ഉണ്ട്. ഇന്നു മാറ്റങ്ങൾ വേണമെന്നു പറയുന്നു. കൂടുതൽ കൂടുതൽ സബ് സ്റ്റേഷനുകൾ ആരംഭിക്കണം. 150 പുതിയ സബ്സ്റ്റേഷനുകൾ കേരളത്തിൽ ആരംഭിച്ചിരിക്കുകയാണ്. അങ്ങനെ വൈദ്യുതി ഉല്പാദന രംഗത്ത് വിതരണ പ്രസരണ രംഗത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. ഭവന നിർമ്മാണ രംഗത്തും കാർഷികോല്പാദന രംഗത്തും ഈ ഗവൺമെന്റുണ്ടാക്കിയ മാറ്റങ്ങൾ ഓർക്കണം, നെല്ലുല്പാദനം ലാഭകരമാണോ അല്ലയോ എന്നുള്ളതല്ല തർക്കം ഞാൻ തൃശ്ശൂർ കോൾ മേഖലയിൽ താമസിക്കുന്ന ഒരാളാണ്. റോസമ്മചേച്ചിയോടു ചോദിച്ചാൽ അറിയാം. തൃശ്ശൂർ കോൾ പടവു മേഖലകളിൽ കൃഷിക്കാർ കൃഷിയിറക്കാൻ തയ്യാറാണ്. തയ്യാറാണെന്നുള്ളതിനു കാരണം അവർക്ക് കൃഷി ലാഭകരമാണ്. ലാഭകരമെന്നു പറയുമ്പോൾ ബ്ലേഡ് കമ്പനികളിൽ നിന്നു ലഭിക്കുന്നതുപോലെ ലാഭം കിട്ടില്ല. കൃഷി നടത്തിയാൽ അത്യാവശ്യം ചെല്വു വന്നതിനെക്കാൾ കൂടുതൽ പണം അവർക്ക് തിരിച്ചു കിട്ടും. അതുകൊണ്ട് അത്യാവശ്യം നെല്ലുല്പാദനവുമായി, തൃശ്ശൂർ കോൾ മേഖലയിൽ നെൽക്കൃഷിക്കാർക്ക് ജീവിച്ചു പോകാമെന്ന് ഇപ്പോൾ കൃഷിക്കാർ പറയുന്നു. ഞാനും കൃഷിക്കാരനാണ്. ആ മേഖലയിൽ ജീവിക്കുന്ന ആളാണ്. ആ മാറ്റം ഉണ്ടാക്കിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഇതിനെ തിരായിട്ടാണല്ലോ ശ്രീ. ആന്റണിയുടെ മോചനയാത്ര. ശ്രീ. ആന്റണിയുടെ മോചനയാത്ര വളരെ ഗംഭീരമാണെന്നു പറഞ്ഞു കേട്ടു. ഞാൻ പെരിന്തൽമണ്ണയിൽ വച്ചാണ് ശ്രീ. ആന്റണിയുടെ മോചനയാത്ര കണ്ടത്. പെരിന്തൽമണ്ണയിലെ വളരെ ഇടുങ്ങിയ ഒരു കോർണ്ണറിലാണ് പൊതുയോഗം നടന്നത്. പത്ത് ആളുകൾ കൂടിയാൽ ആ റോഡ് ബ്ലോക്കാകും. അപ്പോൾ പിന്നെ ജാഥ ഗംഭീരമെന്നു പറയിപ്പിക്കാമല്ലോ ? ഞാൻ പോയ വാഹനം വേറെ ഭാഗത്തു കൂടി തിരിച്ചു വിട്ടു. ഏകദേശം 12 കി. മീറ്റർ ചുറ്റിയാണ് പോയത്. ഈ ജാഥകളെല്ലാം മിക്കവാറും ഏതെങ്കിലുംമൊരു കവലയിൽ വച്ചാണ് യോഗം കൂട്ടുന്നത്.

ശ്രീ. ടി. കെ. ഹംസ : സർ, എല്ലാ സ്ഥലത്തും ഒരേ ആളുകൾ തന്നെയാണ് കൂടുന്നത് മനസ്സിലാക്കണം. ലോറിക്കാണ് ആളുകളെ കൊണ്ടുവന്ന് അടിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എൻ. ജയദേവൻ : അദ്ദേഹം പോകുന്ന വാഹനങ്ങൾക്കൊപ്പം ഒരുപാട് വാഹനങ്ങൾ പോകുന്നുണ്ട്. വാഹനത്തിലുള്ള മുഴുവൻ ഖദർധാരികളും ഇറങ്ങി നിന്നാൽ തന്നെ അതു കാണുന്നത് ഒരു ശോഭയായിരിക്കും. അങ്ങനെ ശോഭയോടുകൂടി ഈ ഖദർധാരികളെല്ലാം ഇറങ്ങി നിൽക്കും, ശ്രീ. ആന്റണി പ്രസംഗിക്കും. അദ്ദേഹം ഇതിനു കൊടുത്ത പേര് 'മോചനയാത്ര' എന്നാണ്. വിമോചനയാത്ര എന്നാക്കാതിരുന്നത് നന്നായി. സാധാരണയായി പറയും ആദ്യ പ്രണയം ഒരിക്കലും മറിക്കില്ല എന്ന്. ശ്രീ. എ കെ. ആന്റണിയുടെ ആദ്യസമരം വിമോചന സമരമാണല്ലോ. അതിലൂടെയാണല്ലോ അദ്ദേഹം രാഷ്ട്രീയത്തിൽ വന്നത്. കോൺഗ്രസ്സ് വിരോധത്തിന്റെ പേരിൽ ലോകത്തിന്റെ ചരിത്രത്തിൽതന്നെ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന ഗവൺമെന്റിനെ അട്ടിമറിക്കാൻ വേണ്ടി അമേരിക്കൻ അംബാസിഡർ മൊയ്നിഖാൻ എഴുതിയതുപോലെ കോടിക്കണക്കിന് ഡോളർ കൈക്കൂലി വാങ്ങി കേരളസംസ്ഥാനത്തിൽ വിമോചന യാത്ര നടത്തിയ ആദ്യ പ്രണയം, ആ പ്രണയം തന്നെയാണ് അദ്ദേഹത്തിന് ഇപ്പോഴും മനസ്സിലുള്ളത്. ശ്രീ. എ. കെ. ആന്റണിക്ക് ആദ്യപ്രണയം മോചന മല്ല വിമോചനം തന്നെയാണ്. ഇപ്പോൾ ശ്രീ. എ. കെ. ആന്റണിയും ശ്രീ. കെ. കരുണാകരനും തമ്മിലുള്ള തർക്കം എന്താണെന്ന് അറിയാമോ ? ശ്രീ. കെ. കരുണാകരൻ പറയുന്നത് അടുത്ത ഗവൺമെന്റ് അവർ അധികാരത്തിൽ വന്നാൽ ആദ്യത്തെ എന്റെ ഒരു വർഷം പണ്ട് ശ്രീ.എ.കെ. ആന്റണി തട്ടിയെടുത്തിട്ടുണ്ട് ആ കാലം കൂടി എനിക്ക് മുഖ്യമന്ത്രിയായിരിക്കണം. ഇതാണല്ലോ ഇപ്പോൾ ശ്രീ. കെ. കരുണാകരന്റെ മോഹം. 1995-ൽ തന്നെ ഭരണത്തിൽ നിന്നും ഇറക്കിവിട്ട് ഒരു വർഷത്തിലധികം മുഖ്യമന്ത്രിയായിരുന്നില്ലേ ആ കാലം എനിക്ക് തിരിച്ച് കിട്ടണം അതുകഴിഞ്ഞാൽ ഞാൻ ഒഴിഞ്ഞുതരാമെന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. ഇപ്പോൾ ശ്രീ. കെ. കരുണാകരന്റെ ആളുകളും ശ്രീ. കെ. സി. വേണുഗോപാലിന്റെ ആളുകളും തമ്മിൽ പൊരിഞ്ഞ തല്ലാണ്. ഒല്ലൂർ മണ്ഡലത്തിൽ ഒല്ലൂർ മാടത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി ഇപ്പോൾ റിമാന്റിലാണ്. എന്തിനാണ് ജയിലിൽ പോയതെന്നോ ? കോൺഗ്രസ്സ് (ഐ) യുടെ നേതാവ് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ വീട് ആക്രമിച്ചു. മൂന്നുദിവസം മുമ്പാണ് വീട് ആക്രമിച്ച് അടിച്ചു പൊളിച്ചത്. എന്താണ് കാരണം അദ്ദേഹം തിരുത്തൽവാദി ഗ്രൂപ്പാണ്. ശ്രീ. കെ. സി. വേണുഗോപാലിന്റെ ഗ്രൂപ്പാണ്. മാടത്തറ പഞ്ചായത്ത് പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് (ഐ) നേതാവ് വിജയന്റെ വീട് അടിച്ചു പൊളിച്ചു. 12 പേരെ അറസ്റ്റ് ചെയ്തു കോടതി 15 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്ത് ഇപ്പോൾ വിയ്യൂർ സബ്ജയിലിൽ റിമാന്റിൽ കഴിയുകയാണ്, എന്റെ മണ്ഡലത്തിലെ തിരുത്തൽവാദി ഗ്രൂപ്പിലെ സുന്ദരൻ കുന്നത്തുള്ളി. ഇതാണ് ഇപ്പോൾ കോൺഗ്രസ്സിനകത്തെ വിഷയം. അതുകൊണ്ടാണല്ലോ പ്രകടനം വേണ്ടെന്നുവച്ചത്. പ്രകടനം നടത്തിയാൽ അടിയോടടി ആയിരിക്കും. അങ്ങനെ ഒരു പ്രകടനം പോലും നടത്താൻ കഴിയാത്ത യു.ഡി.എഫ്. ആണ് ഇനി ഭരിക്കാൻ പോകുന്നുവെന്നുപറഞ്ഞ് - അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ പോലും ശ്രീ. ഇ.ടി.മുഹമ്മദ് ബഷീർ നിർദ്ദേശിച്ചു. നമ്മുടെ സംസ്ഥാനത്ത് ശ്രീ. എ. കെ. ആന്റണി നടത്തുന്ന യാത്ര സത്യത്തിൽ ഒരു വഞ്ചനായാത്രയാണ്. ഈ യാത്രയിലുടനീളം എവിടെയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരിടത്ത് ബി.ജെ.പി. എന്നൊരു വാക്ക് ശ്രീ.എ.കെ. ആന്റണി പറഞ്ഞിട്ടുണ്ടോ ? ശ്രീ. എ. കെ. ആന്റണി എന്ത് പ്രസംഗിക്കണമെന്ന് എഴുതിക്കൊടുക്കുന്ന പത്രമാണ് മലയാള മനോരമ പത്രം. ശ്രീ. എ. കെ. ആന്റണി പ്രസംഗിക്കുന്ന പ്രസംഗങ്ങൾ ഒരക്ഷരം വിടാതെ എഴുതുന്ന പത്രം ഇതാണ്. ഇതുവരെ നടത്തിയ പ്രസംഗത്തിൽ എവിടെയെങ്കിലും ബി.ജെ.പി. എന്നൊരു വാക്ക് പറഞ്ഞിട്ടുണ്ടോ ? എൽ.ഡി.എഫ്. ഗവൺമെന്റിനെ ആക്രമിക്കാനല്ലാതെ കേരളത്തിലനുഭവപ്പെടുന്ന, ഇൻഡ്യയിൽ അനുഭവപ്പെടുന്ന സമസ്ത പ്രശ്നങ്ങൾക്കും ഉത്തരവാദി സഖാവ് നായനാരുടെ ഗവൺമെന്റാണെന്ന് ആക്ഷേപിക്കാനല്ലാതെ ബി.ജെ.പി. എന്നൊരു വാക്ക് പറയാൻ പോലും ശ്രീ. എ. കെ. ആന്റണി തന്റേടം കാണിക്കുന്നില്ല. എന്തേ ബി.ജെ.പി.യെക്കുറിച്ച് ഒർക്ഷരം പറയാത്തത് ? ബി.ജെ.പി. ഗവൺമെന്റ് നടപ്പാക്കുന്ന നയങ്ങൾക്കെതിരായി അവർ ഒരക്ഷരവും പറയുന്നില്ല, അവർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വർഗ്ഗീയതയ്ക്കെതിരായി കേരളമൊട്ടാകെ നീണ്ട ഒരു യാത്ര നടത്തിയിട്ടും 'കമാ' എന്നൊരക്ഷരം ബി.ജെ.പി.യെക്കുറിച്ച് പറയാത്തത് എന്താണ് ? ആ സാമ്പത്തിക നയങ്ങളെക്കുറിച്ച് പറയാത്തത് എന്താണ് ? കേരളത്തിലെ കാർഷികമേഖല അനുഭവിക്കുന്ന കഷ്ടതകൾ, ആ കഷ്ടതകൾക്ക് പരിഹാരം കണ്ടെത്താനുള്ള ഒരു നടപടിയെക്കുറിച്ച്, അതിനുവേണ്ടി ഒരു സമരം പ്രഖ്യാപിക്കുമെന്ന് പറയാൻ, അതിനുവേണ്ടി ഒരു ജാഥ നടത്തുമെന്ന് പറയാൻ, ഇത്തരം വിഷയങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ തയ്യാറാകുന്നില്ല. നിങ്ങൾ ഒരു പ്രതിപക്ഷ പാർട്ടിയല്ലേ ? ഇൻഡ്യയിലെ പ്രതിപക്ഷ കക്ഷിയിലെ നേതാവല്ലേ. ശ്രീമതി സോണിയാ ഗാന്ധി ? ആ ശ്രീമതി സോണിയാ ഗാന്ധി നയിക്കുന്ന വർക്കിംഗ് കമ്മിറ്റി മെമ്പറല്ലേ ശ്രീ. എ. കെ. ആന്റണി ? അദ്ദേഹം പത്തിരുപത് ദിവസം കേരളത്തിലൂടനീളം ജാഥ നടത്തിയിട്ട് എന്തെങ്കിലും ഒരക്ഷരം ബി.ജെ.പി.ക്കെതിരെ പറഞ്ഞോ, ആ നയങ്ങൾക്കെതിരെ പറഞ്ഞോ ? ആ പ്രതിപക്ഷ നേതാവ് നടത്തുന്ന യാത്ര വഞ്ചനായാത്രയാണ്. കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന ഏറ്റവും കടുത്ത വഞ്ചനയാണ്. ഇൻഡ്യാ രാജ്യം നേരിടുന്ന സമസ്ത പ്രശ്നങ്ങളുടെയും ഉത്തരവാദിത്വം ഇടതുപക്ഷ മുന്നണിയുടെ തോളിൽ കയറ്റിവയ്ക്കാനുള്ള ആന്റണിയുടെ ശ്രമം വൃഥാശ്രമമാണ്. ആ ശ്രമത്തെ നമ്മൾ തുറന്നുകാണിക്കുമ്പോൾ നിങ്ങൾ ബേജാറായിട്ട് കാര്യമില്ല. ഇത് നാട്ടിൽ പറയുന്നതിനുള്ള അവസരമുണ്ടല്ലോ എന്നിട്ടുപോലും മിസ്റ്റർ ആന്റണി ഒരക്ഷരം മിണ്ടുന്നില്ല. ആകെ സാമ്പത്തിക പ്രശ്നമാണെന്നാണ് പറയുന്നത്. സാമ്പത്തിക പ്രശ്നത്തെക്കുറിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു ലിസ്റ്റ് വായിച്ചു. ഞാൻ ചോദിക്കട്ടെ ഇൻഡ്യയിൽ കഴിഞ്ഞ നാലുവർഷത്തിനിടയിൽ ട്രഷറി പൂട്ടാത്ത എത്ര സംസ്ഥാനമുണ്ട് ? ഇൻഡ്യയിലെ ഏറ്റവും സമ്പന്നമായ സംസ്ഥാനങ്ങളിൽ ഒന്നാണെന്ന് പറയുന്ന പഞ്ചാബിൽ പോലും പോലീസുകാർക്ക് ശമ്പളം കൊടുക്കാൻ കഴിഞ്ഞില്ല. ഇൻഡ്യയിലെ സാമ്പത്തിക മേഖലയിലെ സ്ഥിതി അതാണ്. ഇൻഡ്യാ രാജ്യം ലോക ബാങ്കിലും ഐ.എം.എഫ്.നും കോടിക്കണക്കിന് രൂപയുടെ കടബാദ്ധ്യതയിലാണ്. അതിന്റെ ബാദ്ധ്യത കേരളത്തിലുമുണ്ട്. ഇല്ലെന്ന് നമ്മളാരും പറയുന്നില്ല. ആ പ്രതിസന്ധിക്ക് മദ്ധ്യേയാണ് ബാലൻസ് ചെയ്തുനിന്നുകൊണ്ട് വളരെ പ്രയാസപ്പെട്ട് കേരളം മുന്നോട്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് കേരളത്തിന്റെ പ്രത്യേകത. അല്ലാതെ കേരളം സ്വർഗ്ഗരാജ്യം പണിതെന്നോ സ്വിറ്റ്സർലാന്റ് പോലേയോ സ്വീഡൻ പോലേയോ കേരളത്തെ മാറ്റിയെന്നോ ഒന്നുമല്ല ഞങ്ങൾ പറയുന്നത്. ഈ സാഹചര്യങ്ങളിൽ, വളരെ പ്രതികൂലമായ സാഹചര്യങ്ങളിൽ ഒഴുക്കിനെതിരെ നീന്തിക്കൊണ്ട് കേരളത്തിൽ ഇടതുജനാധിപത്യ മുന്നണി ഗവൺമെന്റ് ഇൻഡ്യയിലെ മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു നിലവാരത്തിൽ കേരളത്തെ കൊണ്ടെത്തിച്ചു എന്നുള്ളതാണ് ഈ നയപ്രഖ്യാപനപ്രസംഗത്തിൽ മുഖ്യമായും സൂചിപ്പിച്ചിട്ടുള്ളത്. ഇൻഡ്യയിലെ പ്രധാനമന്ത്രി കുമരകത്ത് വന്ന് താമസിച്ചിട്ടു പോയി. അദ്ദേഹത്തിന് മലയാള മനോരമ " വാജ്പേജിക്ക് ദുഃഖപൂർവ്വം" എന്നുള്ള ഒരു തുറന്ന കത്തെഴുതി. കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ആ കത്തിൽ മനോരമപത്രം സൂചിപ്പിച്ചത്. ഞങ്ങൾ ഇതൊക്കെ പണ്ട് പറഞ്ഞ കാലത്ത് നമ്മളെ പരിഹസിച്ച് മുഖപ്രസംഗം എഴുതിയ പത്രമാണല്ലോ മനോരമ പത്രം. എങ്കിലും അവർക്ക് ഉള്ളിൽ തട്ടി. റബ്ബറിനെ തട്ടിയാൽ അവർക്ക് ഉള്ളിൽ തട്ടാതിരിക്കാൻ പറ്റുമോ ? അവർക്ക് ഉള്ളിൽതട്ടി അവസാനം മുഖ പ്രസംഗം എഴുതി. കേരളത്തിലെ കൃഷിക്കാരന്റെ സങ്കടങ്ങൾ പറഞ്ഞു. ആ പത്രത്തിലൊട്ടാകെ പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് നയിക്കുന്ന നയങ്ങളെക്കുറിച്ചാണ്. കേന്ദ്ര ഗവൺമെന്റാണ് ഇതിന് ഉത്തരവാദിയെന്നാണ് പറഞ്ഞത്. ശ്രീ. എ. കെ. ആന്റണിയെ പ്രസംഗിപ്പിക്കാൻ പഠിപ്പിക്കുന്ന മനോരമ പത്രമെഴുതിയ മുഖ പ്രസംഗമാണ്. ഈ മോചനയാത്രക്കിടയിൽ ഈ മുഖപ്രസംഗം ഒരുവട്ടമെങ്കിലും ഉരുവിടാമായിരുന്നില്ലേ ? അതിനുപോലും അദ്ദേഹം മുതിരുന്നില്ല. ശ്രീ.എ.കെ. ആന്റണി നയിക്കുന്ന മോചനയാത്രയ്ക്ക് കേരളത്തിലെ കർഷകരോടും കേരളത്തിലെ ജനങ്ങളോടും എന്താണ്മാർത്ഥതയാണുള്ളത് ? പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ, കൃഷി ശാസ്ത്രജ്ഞനായ ഇൻഡ്യ അംഗീകരിക്കുന്ന ഡോ.എം.എസ്.സ്വാമിനാഥൻ നാല് മാസം മുമ്പ് കേരള കാർഷിക സർവകലാശാലയിൽ നടന്ന ഒരു ചടങ്ങിൽ നടത്തിയ പ്രസംഗം അദ്ദേഹം അവസാനിപ്പിച്ചത് ഒരു വാചകം പറഞ്ഞിട്ടാണ്. ഇൻഫർമേഷൻ ടെക്നോളജിയിലും കമ്പ്യൂട്ടർ സയൻസിലും കേരളത്തിലും ഇൻഡ്യയിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കണമെന്ന് പറയുന്നതിനോടൊപ്പം തന്നെ ആ മാറ്റങ്ങളേക്കാൾ ഉപരിയായി അത്താഴം കഴിക്കാതെ ഒരാൾ അന്തിയുറങ്ങുന്നുവെങ്കിൽ ആ രാജ്യം പുരോഗമിച്ചുവെന്ന് പറയാൻ പറ്റുകയില്ല. അതാണ് ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ അത്തരം ഒരവസ്ഥയിലേക്ക് പോകാതിരിക്കാൻ വേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗം തന്നെയാണ് കേരളത്തിലെ ഇടതുപക്ഷ മുന്നണിയും ഇൻഡ്യയിലെ മറ്റ് ഇടതുപക്ഷ പാർട്ടികളും നടത്തുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് ഞങ്ങൾ ഈ ഗവൺമെന്റിനെ കാണുന്നതും. അതിനുവേണ്ടി ഇൻഡ്യയിൽ വളർന്നുവരുന്ന വലിയ പോരാട്ടത്തിന്റെ യോജിച്ചുവരുന്ന ശക്തികളുടെ ഭാഗമായിട്ടാണ് ഞങ്ങൾ ഇടതുമുന്നണി പ്രസ്ഥാനത്തെ കാണുന്നത്. കുറവുകളുണ്ട്, പോരായ്മകളുണ്ട്. പോരായ്മകളും കുറവുകളും പരിഷ്ക്കരിച്ചുകൊണ്ടു മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളു എന്നാണ് എനിക്കു പറയുവാനുള്ളത്. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, അത്താഴം കഴിക്കാതെ ഒരാളല്ല ഒരായിരം ആളുകൾ നമ്മുടെ ഗ്രാമങ്ങളിൽ ഇപ്പോഴും കിടുക്കുന്നുണ്ടെന്ന വസ്തുത എന്റെ പ്രിയപ്പെട്ട സി.എൻ.ജയദേവൻ അറിയേണ്ടതായിരിക്കുന്നു. അത് അദ്ദേഹത്തിന്റെ കുഴപ്പമല്ല. അങ്ങനെ ഒരാൾ ഉറങ്ങാതിരിക്കുമ്പോൾ എവിടെ ഒരു രാജ്യത്ത് സമാധാനം ? എവിടെ ഒരു രാജ്യത്ത് അഭിവൃദ്ധി ? അദ്ദേഹം ചോദിച്ചതിനോട് ഞാനും യോജിക്കുന്നു. സർ, ഇവിടെ പ്രസ്താവനകളുണ്ടായിട്ടുള്ളു ? ഈ രാജ്യത്ത് പ്രസ്താവനകളല്ലാതെ പ്രവൃത്തി വല്ലതുമുണ്ടോ ? എന്നും മന്ത്രിമാരുടെ കെട്ടുകണക്കിനുള്ള പ്രസ്താവനകൾ! " അവിടെ നമ്മൾ അത് ചെയ്യും, ഇവിടെ നമ്മൾ ഇത് ചെയ്യും, അല്ലെങ്കിൽ അപ്പുറം ചെയ്യും, അല്ലെങ്കിൽ ഇപ്പുറം ചെയ്യും" പക്ഷേ ചെയ്തതൊന്നും കാണാനില്ല എന്നുമാത്രമേയുള്ളു. എനിക്ക് ആരോടും വിരോധമില്ല. വർത്തമാനം ഒന്നിൽ കൂടുതൽ പറയുമ്പോൾ അതിനോട് എന്തോ ഒരു ബുദ്ധിമുട്ട്. കഴിഞ്ഞ നാലേമുക്കാൽ വർഷമുള്ള പ്രസ്താവനകളെല്ലാം തൂക്കി വിറ്റാൽ ഒരുപക്ഷേ ഇനിയും വികസിക്കാത്ത ഭാഗത്തെ വികസന പരിപാടികൾ നടത്താൻ കഴിയുമായിരുന്നു. ഞാൻ കേരളത്തിന്റെ വെളിയിലുള്ള കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ നടക്കുന്ന ചില കാര്യങ്ങളെപ്പറ്റി മാത്രമേ പറയുന്നുള്ളു. നമ്മുടെ വികസനം കണ്ടില്ലേയെന്ന് പലരും ചോദിക്കുന്നുണ്ടല്ലോ. എന്താണ് വികസനം ? വികസനത്തിന്റെ ഫലമല്ലേ കഴിഞ്ഞ മുനിസിപ്പൽ/പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ വാർഡ് വിഭജനം നടത്തിയത് ? നിങ്ങൾ ചെയ്തത് നല്ലതായിരുന്നുവെങ്കിൽ കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കൂടുതൽ സീറ്റുകൾ നേടി മിടുക്കന്മാരായി ഇവിടെ വരേണ്ടതായിരുന്നല്ലോ. എത്രയോ കോടി രൂപ ചെലവഴിച്ചു ചെലവഴിച്ചു എന്നു പറഞ്ഞുകൊണ്ട് ഈ രാജ്യത്ത് അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നിട്ടും അതിന്റെ പ്രയോജനമൊന്നും കഴിഞ്ഞ പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞിട്ടില്ല. അതാണ് നിങ്ങളുടെ അനുഭവം. നിങ്ങൾ ആരാണെന്നും നിങ്ങൾ എന്താണെന്നും നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതുമൊക്കെ കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ഫലം കാണിച്ചുതന്നിട്ടുണ്ട്. പക്ഷേ അതും വിജയമാണെന്നുള്ള തരത്തിൽ നിങ്ങൾ ഒരു മിടുക്കൻ പ്രസ്താവനയിറക്കി. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം തോറ്റതും ഒരു വിജയമാണെന്ന് പ്രസ്താവിക്കാൻ മടിയില്ലാത്തവരാണ് നിങ്ങൾ. അതുകൊണ്ട് ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ ഒരു വാചകം ഞാൻ വായിക്കാം. നമ്മുടെ രാജ്യം, സ്വതന്ത്രഭാരതത്തിലെ ഏറ്റവും വലിയ ദുരന്തത്തിലാണ്. അതിനെക്കാൾ വലിയ ദുരന്തമല്ല കേരളത്തിൽ നടക്കുന്നത്? ഭാരതം ദുരന്തത്തിലായതിനുകാരണം ഗുജറാത്തിലെ ഭൂകമ്പം. കേരളം ദുരന്തത്തിലായതിനുകാരണം ഇവിടെ ആർക്കും കുടിക്കാനുമില്ല, തിന്നാനുമില്ല. ഭരിക്കുന്നത് നിങ്ങളല്ലേ ? അതിൽകൂടുതൽ ദുരന്തം ഭാരതത്തിൽ മറ്റ് എവിടെയെങ്കിലും കാണുന്നുണ്ടോ ? അതുമാത്രമേയുള്ളു. രണ്ടും ഒരേപോലെയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ വാചകം അങ്ങോട്ടും ഇങ്ങോട്ടും മാറ്റി പുസ്തകത്തിൽ എഴുതിയാൽ മതിയായിരുന്നു. ഗുജറാത്തിൽ ചില ഭാഗങ്ങളിൽ കുഴപ്പമുണ്ടായി. അതുപോലെ നമ്മളും ഒരു ദുരന്തത്തിലാണ്. എല്ലാ ദുരന്തവും ഇവിടെയുണ്ട്. ഇത് പറയുമ്പോൾ എന്റെ മനക്കട്ടി തകർന്നു പോകുന്നു. വീട്ടിൽ ചെന്നാൽ,

ഉണ്ടോ, കടയിൽ ചെന്നാൽ ഉണ്ടോ ; പള്ളിക്കൂടത്തിൽ ചെന്നാൽ ഉണ്ടോ ; ഒരിടത്തും ഒന്നുമില്ല. നേരുപറഞ്ഞാൽ നാണക്കേട് ആയതുകൊണ്ട് ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല. ആർക്കും ഒന്നും കൊടുക്കാൻ കഴിയാത്ത അവ സ്ഥയിലേയ്ക്ക് ഭരണത്തെ കൊണ്ട് എത്തിച്ചില്ലേ ? ഈ ഭരണം പിടിച്ചുനിർത്താൻ ഈ കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ നിങ്ങൾ എന്താണ് കാണിച്ചത് ? വികൃതം. വികൃതമായ വിഭജനം. എവിടെയൊക്കെ കമ്മ്യൂണിസ്റ്റുകാരുണ്ടോ അവിടെയൊക്കെചെന്ന് പിടിക്കാൻവേണ്ടി കൊറിയയുടെ രൂപത്തിലല്ലേ വിഭജിച്ചത് ? എന്താ കാര്യം ? ജയിക്കേണ്ടേ ? എന്റെ നിയോജക മണ്ഡലത്തിലെ ഒരു വാർഡ് തുടങ്ങുന്നത് മണിമലയാറ്റിലാണ്. ചെന്നവസാനിക്കുന്നത് മീനച്ചിൽ ആറ്റിന്റെ തീരത്ത്. ഇങ്ങനെയൊക്കെ വിഭജനമുണ്ടാക്കി അവിടത്തെ കമ്മ്യൂണിസ്റ്റുകാരല്ലാത്ത ആളുകളെ വെട്ടിമാറ്റി കൊണ്ട് അവരെയെടുത്ത് ഇപ്പുറത്തുകൊണ്ടു വന്ന്, ഇതൊക്കെ നടത്തിയിട്ടും നിങ്ങൾ ജയിച്ചോ ? ജയിച്ചില്ല. ഈ രാജ്യത്തെ ഒന്നായി കണ്ട്, ഈ രാജ്യത്തെ ജനങ്ങളെല്ലാം ഒന്നാണെന്നു കരുതി അത്തരത്തിലാണ് രാജ്യം ഭരിക്കേണ്ടത്. അല്ലാതെ ഒരു റോഡ് വെട്ടുമ്പോൾ ഇപ്പുറത്തുനിന്നും കുറെ വെട്ടി, അതുകഴിഞ്ഞ അപ്പുറത്തുപോയി കുറെ വെട്ടിയാൽ റോഡ് ആകുമോ? ഇതാണോ വികസനം? വികസനത്തിനുവേണ്ടിയുള്ള വിഭജനമാണോ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നടത്തിയത് ? അല്ല. അപ്പോൾ വിഭജനമല്ല ഉദ്ദേശിച്ചത്, അധികാരം. എങ്ങനെയാണ് ഭൂരിപക്ഷം ? ഭൂരിപക്ഷം നേടുന്നതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടെ ബി.ജെ.പി.യെക്കുറിച്ച് പറയുമ്പോൾ 'ഫ്ഫ' എന്ന് പറയുന്ന ആളുകളുണ്ട്. പല പഞ്ചായത്തുകളിലും നിങ്ങൾ ഭരിക്കുന്നത് അങ്ങനെയാണ്. ഇവിടെ ഒരിക്കലെങ്കിലും ബി.ജെ.പി.യുടെ കൂടെയിരുന്നു ഭരിച്ചത് നിങ്ങളാണ്. ഞങ്ങളല്ല. ഒരിക്കലെങ്കിലും അതിന്റെ സ്വാദ് അനുഭവിച്ചവർ നിങ്ങളാണ്. തന്നാൽ കൊള്ളാവുന്ന ആളുകളെ പറ്റി അന്നൊന്നും പറയാൻ തോന്നിയില്ല. അന്ന് ഭരിക്കുന്ന ഭാഗത്ത് കുത്തിയിരിക്കുകയല്ലായിരുന്നോ മാർക്സിസ്റ്റു പാർട്ടി ? അങ്ങനെ തോന്നുമ്പോൾ തോന്നുമ്പോൾ തോന്നുന്ന ന്യായവും ആശയവും നമുക്ക് ഭൂഷണമല്ലെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. പിന്നെ ഞാൻ അങ്ങേ ലോകത്തേയ്ക്ക് പോകുന്നില്ല. അഖിലേന്ത്യയിലേയ്ക്കും പോകുന്നില്ല. കേരളത്തിന്റെ കാര്യം പറയാം. എന്താ വികസനം മോശമാണോ ? എവിടെയാണ് വികസിച്ചത് ; എത്ര രൂപ ചെലവാക്കി. ആർക്കൊക്കെ കിട്ടി ? എങ്ങനെയൊക്കെ കൊടുത്തു എന്നുള്ളതിനെ സംബന്ധിച്ച് വിശദമായ കണക്കുണ്ട്. യഥാർത്ഥത്തിൽ ഇവിടെ വികസനം നടന്നിട്ടുണ്ടോ ; എവിടെയാണ് നടന്നിരിക്കുന്നത് ; ഏത് രംഗത്താണ്? കാർഷിക-വ്യാവസായിക-വിദ്യാഭ്യാസ രംഗങ്ങളിലൊന്നും ഒന്നും നടന്നിട്ടില്ല. പിന്നെ പ്രസ്താവിക്കാം. നിങ്ങൾ പ്രസ്താവിക്കുന്ന കാര്യത്തിൽ മിടുക്കരാണ്. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഇക്കൊല്ലം 1400 പള്ളിക്കൂടങ്ങൾ തുടങ്ങും. 1500 പാലങ്ങൾ പണിയും എന്നൊക്കെ പ്രസ്താവിക്കുന്നതല്ലാതെ പാലം അക്കരെച്ചെന്ന് മുട്ടണ്ടേ ? അതിനുള്ള കാശ് നിങ്ങളുടെ കയ്യിൽ ഉണ്ടോ ? ആ രീതിയിലേയ്ക്ക് ഈ രാജ്യത്തെ കൊണ്ടുചെന്ന് എത്തിക്കാൻ നിങ്ങൾക്കല്ലാതെ മറ്റാർക്കും കഴിയുകയില്ല. യഥാർത്ഥത്തിൽ ഇവിടെ ഇപ്പോൾ ഭരണമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെന്നുള്ളതിനു മുഴുവൻ തെളിവുകളുണ്ട്. സ്വന്തം താല്പര്യങ്ങൾക്കും നേട്ടങ്ങൾക്കുമായി കാര്യങ്ങൾ വളച്ചുകൊണ്ടുപോകാനുള്ള മാർഗ്ഗം ഉണ്ടാക്കുന്നു എന്നല്ലാതെ ഈ രാജ്യത്തിന്റെ പൊതുവായ താല്പര്യത്തിനുവേണ്ടി ഒറ്റവരി പോലും എഴുതിയുണ്ടാക്കാൻ ബഹുമാനപ്പെട്ട ഗവർണ്ണർക്കോ ഗവർണ്ണറെ കൊണ്ട് പറയിപ്പിച്ച ആളുകൾക്കോ കഴിഞ്ഞിട്ടില്ല. സ്വന്തം താല്പര്യങ്ങൾക്കുവേണ്ടിയാണ് എല്ലാം ചെയ്യുന്നത്. ഞങ്ങളുടെ നാട്ടിലൊക്കെ നടക്കുന്നത് അങ്ങനെയാണ്. കമ്മറ്റി കൂടുമ്പോൾ കമ്മിറ്റിയിൽ മാറ്റിവയ്ക്കുക, എല്ലാപേരും വരുമ്പോൾ കമ്മിറ്റി കൂടി നമ്മുടെ ആളുകൾക്ക് ഉണ്ടോടാ എന്നു ചോദിക്കുന്ന ചോദ്യവും അതിനുസരിച്ചുള്ള പ്രവർത്തനവുമല്ലാതെ ദൈവം സാക്ഷിയായി ഈ രാജ്യത്തെ മനുഷ്യരെ ഒന്നായി കാണാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. ഇനി കഴിയുകയുമില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കുറുപ്പ് ചേട്ടന്റെ കക്ഷിനേതാവ് വന്നിട്ടില്ല. കുറുപ്പ് ചേട്ടന്റെ കക്ഷിനേതാവ് വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുമായി ഒരു വിശാലസഖ്യം ഉണ്ടാക്കുന്നിനെപ്പറ്റി കാര്യമായി ചർച്ച നടത്തിയെന്നല്ലാം പത്രത്തിൽ കണ്ടിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ശ്രീ. കെ. നാരായണക്കുറുപ്പ് : അത് തോന്നലാണ്. ഇവിടെ ബി.ജെ.പി.യുമായി ഒരു ബന്ധവും ഇതുവരെ ഉണ്ടാക്കാത്തത് എന്റെ നേതാവിന്റെ പാർട്ടി മാത്രമാണ്. ഞങ്ങളുടെ പാർട്ടിക്ക് ബി.ജെ.പി.യുമായി യാതൊരു ബന്ധവും ഇല്ലെന്നു മാത്രമല്ല ഇനി ഒരിക്കലും ഉണ്ടാവുകയുമില്ല. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അവിടെയും ഇവിടെയും ഇങ്ങനെയൊക്കെ പറഞ്ഞ് സീറ്റ് കിട്ടുമെന്ന് വിചാരിച്ച് വികൃതമാക്കിക്കാണിച്ച ഭാഷ അവിടന്നുവന്നതാണ്. അങ്ങനെ പറഞ്ഞതുകൊണ്ട് കാര്യമില്ല. നിങ്ങൾ അങ്ങനെ പറഞ്ഞിട്ടല്ലേ ഈ ഫലം ? എന്റെ സ്വന്തം വീട്ടുമുറ്റത്ത് മൂന്നും നാലും ബി.ജെ.പി.ക്കാർ ഉള്ള വീട്ടിലെ സി.പി.ഐ- യുടെ സ്ഥാനാർത്ഥിയായി മത്സരിച്ച അംഗങ്ങളാണ് കുറുപ്പും കുറുപ്പിന്റെ മകനുമൊക്കെ. അവിടത്തെ സ്ഥാനാർത്ഥിയുടെ ചേട്ടനും അനിയനും പെങ്ങളുമൊക്കെ ബി.ജെ.പി.യാണ്. സംശയമുണ്ടെങ്കിൽ എന്റെ കൂടെ വാ, ഞാൻ കാണിച്ചു തരാം. നാണംകെട്ട വർത്തമാനം പറയാൻ യാതൊരു മടിയുമില്ലാത്ത...ഉള്ളതേ പറയാവു. പറയുന്നത് ചെയ്യുകയും വേണം. ഇന്നേവരെ ഒരൊറ്റ കാര്യം സത്യം പറയുവാൻ. പറയുന്നത് ചെയ്യുവാൻ അങ്ങേ ഭാഗത്തിരിക്കുന്ന സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ അഭിമാനിക്കുന്നില്ല. നല്ലവർ ധാരാളമുണ്ട്. ചെയ്യാൻ കഴിഞ്ഞിട്ടില്ല. എല്ലാപേരുടെയും കൈകൾ ബന്ധിക്കപ്പെട്ടതല്ലേ ? എങ്കിലും ഇവിടെ ഒരു ഭരണം ഉണ്ട് എന്നും ആ ഭരണം ഭംഗിയായി നടക്കുന്നുവെന്നും കൂടെകൂടെ പറയാറുണ്ട് !

ശ്രീ. പി. സി. ജോർജ് : കേരളാ കോൺഗ്രസ്സ് 1964-ലാണ് ഉണ്ടായത്. ആ കേരളാ കോൺഗ്രസ്സ് ഉണ്ടാകുമ്പോൾ ഉള്ള നേതാവാണ് ബഹുമാന്യനായ ശ്രീ. കെ. നാരായണക്കുറുപ്പും. അങ്ങേയ്ക്ക് അപ്പോൾ ഏതാ കേരളാ കോൺഗ്രസ്സിലെ വേറൊരു നേതാവ് ? അത് മനസ്സിലായില്ല. ഒന്നു പറഞ്ഞു തരാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : എന്റെ മകന് ഒരു കുട്ടിയുണ്ടാകുമ്പോൾ ആ കുട്ടി അവനെ കയറി 'അച്ഛാ' എന്ന് വിളിച്ചാൽ നീ തന്നെയല്ലേ അവന്റെ അച്ഛൻ എന്ന് പറയാൻ ഒക്കുമോ ?

മി. സ്പീക്കർ : ഓർഡർ, ഓർഡർ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഞാൻ നിർത്തുന്നു.

ശ്രീ. പി.ടി.കുഞ്ഞിമുഹമ്മദ് : സർ, ഞാൻ ഈ നന്ദി പ്രമേയത്തെ പിന്താങ്ങുകയാണ്. വളരെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ഈ കഴിഞ്ഞ 10 വർഷമായി ലോകം ഒരുപാട് മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും 'അതിനസരിച്ച് മാറിക്കൊണ്ടിരിക്കുന്നു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സാമാജ്യത്വം അതിന്റെ വികസിതമായ എല്ലാ മേഖലകളിലും കടന്നാക്രമണം നടത്തുമ്പോൾ, ഇൻഡ്യ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഈ സഭ സമ്മേളിക്കുന്നത്. ഇൻഡ്യ ഇത്തരത്തിലുള്ള ഒരു സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ടോ എന്ന് സംശയമാണ്. പല സംസ്ഥാനങ്ങളിലും ഇന്ന് ശമ്പളം കൊടുക്കാത്ത സ്ഥിതിയാണ്. യു.പി.യിൽ പല ആളുകൾക്കും പെൻഷൻ കിട്ടിയിട്ട് ആറുമാസമായി. അത്തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി കടന്നു പോകുന്ന ഘട്ടത്തിൽ ഒരു തുരുത്തുപോലെ കേരളം നിൽക്കുന്നു എന്നുള്ളതാണ് ഈ കേരളത്തിലെ പ്രത്യേകത. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായിട്ടുള്ള ഒരു സാമ്പത്തിക ഘടനയും അതിനോടനുബന്ധിച്ച് വരുന്ന ഒട്ടേറെ വികസന പ്രവർത്തനങ്ങളും കഴിഞ്ഞ 5 വർഷമായിട്ട് നടന്നു എന്നത് ആർക്കും നിഷേധിക്കാൻ പറ്റില്ല. ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഇവിടെ നടന്നു. പക്ഷേ ഒരൊറ്റ കുറ്റമാണ് ഇടതു പക്ഷത്തു നിന്നും ഞാൻ കണ്ടത്. അവർക്ക് പബ്ലിസിറ്റിയില്ല. അതാണ് പ്രശ്നം. 1994-ൽ ഞാൻ എം.എൽ.എ. ആയിട്ട് വരുമ്പോൾ നമ്മുടെ സെക്രട്ടറിയേറ്റിന്റെ ഫസ്റ്റ് ഗേറ്റിൽ ഒരു ബോർഡ് കണ്ടു. ഇത് അനാവരണം ചെയ്തത്, ശ്രീ. സി. ടി. അഹമ്മദ് അലി എന്ന മന്ത്രി. 'ഇടത്തോട്ട് തിരിഞ്ഞു പോകുക' എന്ന ബോർഡ് ഉദ്ഘാടനം ചെയ്ത ആളുകളാണ് നിങ്ങൾ. അത് നിഷേധിക്കാമോ ? ഇവിടെ എത്രയോ ലക്ഷക്കണക്കിന്, കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ എന്റെ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ട്. മാത്രമല്ല വ്യതസ്തമായ ഒരു ഭരണക്രമം കേരളത്തിൽ രൂപപ്പെട്ടു. അധികാര വികേന്ദ്രീകരണത്തിലൂടെ കേരളം ഒരു പുതിയ ഭരണക്രമം രൂപപ്പെട്ടു എന്നുള്ളത് തന്നെയാണ്. പലർക്കും അതിൽ ബുദ്ധിമുട്ടില്ലെന്ന് നമുക്കൊക്കെ അറിയാം. അധികാര വികേന്ദ്രീകരണത്തെ തച്ചുടയ്ക്കാൻ ശ്രമിക്കുന്ന ഒട്ടേറെ ശക്തികൾ കേരളത്തിലുണ്ട് എന്ന് നമുക്കറിയാം. കാരണം പഴയ രീതിയിലുള്ള കേരളവും പഴകിയ കൺസർവേറ്റീവ് ആയിട്ടുള്ള സമ്പ്രദായങ്ങളിൽ നിന്ന് മാറി സഞ്ചരിക്കാൻ വേണ്ടിയാണ് ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും നടത്തിയത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പാരലലായിട്ടുള്ള ഒരു ഭരണയന്ത്രം ഒരു പുതിയഭരണയന്ത്രം ഉണ്ടാക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ ആയാലും ശരി വിദ്യുച്ഛക്തി മേഖലയിൽ ആയാലും ശരി ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്

എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഓരോ മണ്ഡലവും പറഞ്ഞാൽ..... ഞാൻ എന്റെ മണ്ഡലം എടുത്തു പറയാം. എന്റെ മണ്ഡലത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 25 കൊല്ലമായിട്ട് ശ്രീ. കരുണാകരന് വരെ കഴിയാത്തതാണ് ഗുരുവായൂർ അഴുക്കുചാൽ പദ്ധതി. കേരളത്തിലെ വികസന രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തിയ ഗവൺമെന്റാണിത്.

ശ്രീ. എൻ. ആർ. ബാലൻ : ഇവിടെ ചാലക്കുടി എം.എൽ.എ. കൈരളിയുമായി നടത്തിയ ജനകീയ ചർച്ചയുടെ വേളയിൽ ഗവൺമെന്റിന്റെ 5 വർഷക്കാലത്തിനകത്ത് 50 കോടി രൂപയുടെ വികസനം ചാലക്കുടി മേഖലയിൽ നടന്നു എന്നു പറഞ്ഞ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സാവിത്രി ടീച്ചർ ആവശ്യപ്പെട്ടിട്ട് കൊടുത്തതാണ്. അവരുടെ നാട്ടിലെ വികസനങ്ങൾ പറയാൻവേണ്ടി അവസരം ഉണ്ടാക്കിക്കൊടുത്തതല്ലേ കൈരളി ചാനൽ ? കൈരളി ചാനലിനെപ്പറ്റി ഞാൻ പറയാം. രണ്ടുമാസം കഴിഞ്ഞാൽ ഞങ്ങൾ തെരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. രണ്ട് കൂട്ടരും ചെയ്യുന്ന കാര്യങ്ങൾ തന്നെയായിരിക്കും. നിങ്ങൾ ചെയ്യുന്ന കാര്യങ്ങളും നിങ്ങളുടെ രാഷ്ട്രീയ നിലപാടുകളും ഞങ്ങൾ ചെയ്യുന്ന കാര്യങ്ങളും ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകളും തന്നെയാണ്. അത് ജനങ്ങൾ വിധിയെഴുതും. പക്ഷേ ഒരു കാര്യം പറയാം. നിങ്ങൾ പറഞ്ഞുകൊണ്ട് നടക്കുന്ന കാര്യങ്ങൾ കൂടി നിങ്ങൾ ആലോചിക്കണം. ഇന്ന് ഇൻഡ്യ ഭരിക്കുന്ന ഫാസിസ്റ്റു ശക്തികളാണ്. സംശയമില്ല. ഇൻഡ്യ ഭരിക്കുന്നത് 1925-ൽ ദേശീയ വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് ബ്രിട്ടീഷുകാർക്കായി ദാസ്യവേല ചെയ്യാൻ ഉണ്ടാക്കിയ ആർ.എസ്.എസി.ന്റെ മറ്റൊരു മുഖമായ ബി.ജെ.പി. യാണ്. ആർ.എസ്.എസ് രൂപീകരിച്ചു തന്നെ ബ്രിട്ടീഷ്കാർക്ക് ദാസ്യവേല ചെയ്യുന്നതിനാണ്. ദേശവിരുദ്ധമായിട്ടുള്ള സംഘടന. നാഗപ്പൂരിൽ അത് രൂപീകരിക്കുമ്പോൾ പ്രത്യേകിച്ച് കോൺഗ്രസ്സിൽ നിന്നും വിട്ടു പോകുന്നവരാണ് അത് ഉണ്ടാക്കിയത്. ഏതുകാലത്തും ബ്രിട്ടീഷ് സാമ്രാജ്യം ഇൻഡ്യയിൽ അവരുടെ ഭരണം നിലനിർത്താൻ വേണ്ടി ഹിന്ദുക്കളേയും മുസ്ലീംങ്ങളേയും ഏതുകാലത്തും കാലത്തും അടിപ്പിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ആർ.എസ്.എസ്. രൂപീകരിച്ചത്. ഹിന്ദുമതത്തിൽ നിന്നല്ല ആശയങ്ങൾ സ്വാംശീകരിക്കുന്നത്. ജർമ്മനിയിൽ നിന്നും ഇറ്റലിയിൽ നിന്നും മുസ്സോളിനിയിൽ നിന്നുമാണ് അത്തരത്തിലുള്ള ഒരു ഭരണകൂടം ഉണ്ടാക്കിയത്. ഇൻഡ്യൻ പോലീസിനെ വർഗ്ഗീയവൽക്കരിച്ചു. ഇൻഡ്യൻ പട്ടാളത്തെ വർഗ്ഗീയവൽക്കരിച്ചു. ഇതൊക്കെയാണ് കാണേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള ഭരണകൂടത്തെ തച്ചുടച്ച് മാറ്റാൻവേണ്ടി എന്തെല്ലാം ഉണ്ടാക്കാൻ സാധിക്കുമോ അതൊക്കെ അവർ ഉണ്ടാക്കാൻ ശ്രമിക്കും. എനിക്ക് മനസ്സിലാകാത്തത് കോൺഗ്രസ്സ് എന്തിനാണ് അവരുമായിട്ട് കൂട്ടുകൂടാൻ പോകുന്നത് ? ഞാൻ ഗുരുവായൂരിൽ നിന്നാണ് വരുന്നത്. ഗുരുവായൂർ അമ്പലനടയിൽ നിന്നും ഒരു കി. മീറ്റർ തെക്കായിട്ടാണ് എന്റെ വീട്. എന്റെ വീടിന് തൊട്ടടുത്ത് ഒരു പള്ളിയുണ്ട് അതാണ് ചാവക്കാട് പള്ളി. ഗുരുവായൂർ അമ്പലം

LIBRARY ARCHIVES Kerala Legislative Assembly

കത്തിയപ്പോൾ ആ പള്ളിയിൽ ഓതാൻ വന്ന കുട്ടികളുമായാണ് തീ കെടുത്തിയത്. അതിന്റെ തൊട്ടടുത്താണ് ചാവക്കാട് മുനിസിപ്പാലിറ്റി. അവിടെ തദ്ദേശ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പു നടന്നു. അവിടെ 27 സീറ്റാണ് . ആ 27 സീറ്റിൽ 13 സീറ്റ് എൽ.ഡി.എഫി.-ന് 12 സീറ്റ് യു.ഡി.എഫിന് ഒരു സീറ്റ് സ്വതന്ത്രന്. ഒരു സീറ്റ് ബി.ജെ.പി.ക്ക് ഈ സ്വതന്ത്രനായിട്ട് ജയിച്ച ആളെ മുസ്ലീംലീഗായിട്ട് പാണക്കാട് കൊണ്ട് ഇട്ടു. മടപ്പേൽ അബുബേക്കർ, വൈസ് ചെയർമാൻ മുസ്ലീം ലീഗിൽ ഉള്ള ആളാണ്. മുസ്ലീം ലീഗിൽ അംഗത്വം കൊടുത്തു. ആ 1500 വോട്ട് എൽ.ഡി.എഫിന് ഭൂരിപക്ഷം ആ മുനിസിപ്പിറ്റിയിൽ ഉണ്ടായി. അപ്പോൾ 13-ഉം 13 ഉം ആയപ്പോൾ ബീ.ജെ.പി.ക്ക് ഉള്ളത് ഒന്നാണ്. ആ ബി.ജെ.പി.ക്കാരൻ ആരാണെന്ന് അറിയണ്ടേ ? ശിലാന്യാസം നടത്താൻ വേണ്ടി ഇഷ്ടിക പൂജിച്ചുകൊണ്ടുപോയി ആർ.എസ്.എസ്.കാരും സംഘപരിവാറും കൂടി ഉണ്ടാക്കിയ കമ്മിറ്റിയുടെ ചെയർമാൻ ശ്രീ.തേർളി നാരായണൻ ആണ്.

എങ്ങനെയാ ഇവർ അവിടെ ചെയർമാൻ ആകുക ? പറയണം. എന്തു മസാല ഉപയോഗിച്ചിട്ടാ നിങ്ങൾ അവിടെ ചെയർമാൻ ആയത് ? ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറയണം. മുസ്ലീം ലീഗിന്റെ മടപ്പേൽ [A.M.] അബുബേക്കർ എങ്ങനെയാ അവിടെ ചെയർമാൻ ആകുന്നത് ? ബി.ജെ.പി. യുടെ വോട്ടുകൊണ്ടാണ്. ബി.ജെ.പി.ക്കാരന്റെ പടിവാതിൽക്കൽ ചെന്ന് അവിടത്തെ മണ്ഡലം പ്രസിഡന്റിന്റെ കോലായിൽ ചെന്ന് മുസ്ലീം ലീഗിന്റെ നേതാക്കൻമാർ കരാറുണ്ടാക്കി. പ്രാദേശിക പേരു പറയണോ ഞാൻ? മണ്ഡലം മുസ്ലീം ലീഗിന്റെ സെക്രട്ടറി ഇസ്മയിൽ, പി.കെ. അബൂബക്കർ ഹാജി ഇവർ ചെന്ന് പി.പി.ബാലകൃഷ്ണനുമായിട്ട് കരാറുണ്ടാക്കി. ബി.ജെ.പി.ക്കാരുമായിട്ട് കരാറുണ്ടാക്കി. ബി.ജെ.പി.ക്കാരൻ പറഞ്ഞു കരാർ ഉണ്ടാക്കണം എന്ന്. ഇന്ന് ഞാൻ പറയട്ടെ. പൊള്ളും നിങ്ങൾക്ക്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നേരത്തെ 'ഞങ്ങൾ' എന്നു പറഞ്ഞുവല്ലോ. ഈ മുസ്ലീങ്ങളെ രക്ഷിക്കാനാണോ ? ഏത് മുസ്ലീങ്ങളെ രക്ഷിക്കാനാണ് നിങ്ങൾ ഈ കരാർ ഉണ്ടാക്കിയത് ? പാണക്കാട് ശിഹാബ് തങ്ങൾ പറഞ്ഞിട്ടൊന്നും മടപ്പേൽ രാജിവച്ചില്ല. ശ്രീ. മാണി പറയാറുണ്ട് ഞങ്ങൾക്ക് വോട്ടുചെയ്താൽ എന്താ ചെയ്ക എന്ന് സമ്മതിച്ചു, നിങ്ങൾക്ക് വോട്ട് ചെയ്താൽ നിങ്ങൾ അങ്ങോട്ട് തിരിച്ച് വോട്ട് ചെയ്യുമ്പോഴോ ? ആർ. എസ്. എസ്. കാരന് മുസ്ലീം ലീഗുകാരന് വോട്ട് ചെയ്തിട്ട്, ചാവക്കാട്ടെ മുനിസിപ്പാലിറ്റിയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിട്ട് ആർ.എസ്.എസ്.കാരനായ തേർളി നാരായണനെ നിങ്ങൾ വോട്ട് ചെയ്തിട്ടാണ് തെരെഞ്ഞെടുത്തത്. തെറ്റല്ല. ഏക അംഗമുള്ള ബി.ജെ.പി. യുടെ മെമ്പർ എങ്ങനെയാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആകുന്നത് ? നിങ്ങൾ എങ്ങനെയാണ് വൈസ് ചെയർമാൻ ആകുന്നത് ? ഞാൻ പറയുന്നത് 13 അംഗങ്ങളുള്ള എൽ.ഡി.എഫ്., 12 അംഗങ്ങളുള്ള യു.ഡി.എഫ്. ഒരാളെ ചാക്കിട്ട്പിടിച്ച് യു.ഡി.എഫ്.ൽ കൊണ്ടു വന്ന് 13-ഉം, 13-ഉം. ഒരു ബി.ജെ.പി.ക്കാരൻ ഇതാണ് അവിടത്തെ അംഗസംഖ്യ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറേ, ആർ.എസ്.എസ്. കാർക്ക് നിങ്ങൾ വോട്ട് ചെയ്തതാ ? നിങ്ങളാണ് വോട്ട് ചെയ്തത്. അല്ലാതെ എങ്ങനെയാ പുറത്താകുന്നത് ? മുസ്ലീംലീഗിന്റെ വോട്ടു കൊണ്ടാണ് ശിലാന്യാസം നടത്താൻ വേണ്ടി ഇഷ്ടിക പൂജിക്കാനുള്ള കമ്മിറ്റിയുടെ ചെയർമാനായ ആർ.എസ്.എസ്.

LIBRARY ARCHIVES Kerala Legislative Assembly

കാരനായ, സംഘപരിവാർ ബി.ജെ. പി. യുടെ അനിഷേധ്യ നേതാവായ തേർളീ നാരായണനെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിട്ട് തെരെഞ്ഞെടുത്തത്. എന്നിട്ട് ഇവിടെ മതന്യൂനപക്ഷങ്ങളെപ്പറ്റി പ്രസംഗിക്കുകയാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കോഴിക്കോട് ജില്ലയിലെ കൊളത്തറ പഞ്ചായത്ത് ഡിവിനിൽ ബി.ജെ.പി. സ്ഥാനാർത്ഥിക്കെതിരായി ലീഗോ കോൺഗ്രസ്സോ സ്ഥാനാർത്ഥിയെ നിർത്തിയില്ല, അവർക്ക് വോട്ട് ചെയ്യാൻ പറഞ്ഞു. ഒരു സ്ഥാനാർത്ഥിയെ നിർത്തി വോട്ട് ചെയ്തോ അവിടെ ?

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : ഇത് ശ്രീ. ആര്യാടൻ കേൾക്കണം, ചാവക്കാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് മധുസൂദനൻ ഇതിനെതിരായിട്ട് പ്രസ്താവനയിറക്കി, അപ്പോൾ അദ്ദേഹത്തെ പുറത്താക്കി. ശ്രീ. എ. കെ. ആന്റണിയുടെ സുഹൃത്താണ് അദ്ദേഹം. ഇതിനെതിരെ പ്രതികരിച്ച സേവാദൾ പ്രവർത്തകനെ ലീഗുകാർ തല്ലി, ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ തല്ലുകൊണ്ടിട്ട് കോൺഗ്രസ് പ്രവർത്തകൻ ഞങ്ങളുടെ യോഗത്തിലേക്ക് ഓടിക്കയറി, പത്ര വാർത്തയുണ്ടാകും. ഞാൻ പറഞ്ഞു ഞങ്ങൾ സംരക്ഷിക്കാം എന്ന്. കോൺഗ്രസുകാരെ ഞാനാ ശ്രീ. ആര്യാടാ അവിടെ സംരക്ഷിക്കുന്നത്. ഇത്തരത്തിലുള്ള വർഗ്ഗീയ കൂട്ടുകെട്ട് ഉണ്ടാക്കിയിട്ട് നിങ്ങൾ ശ്രീ. റാറൂക്ക് അബ്ദുള്ളയുടേതു പോലുള്ള ഒരു നാഷണൽ കോൺഫറൻസ് ആണോ കേരളത്തിൽ മുസ്ലീം ലീഗുകാർ ആഗ്രഹിക്കുന്നത് ? മുസ്ലീം ലീഗിന്റെ നേതാക്കൻമാർ ആലോചിക്കേണ്ട ഒന്നാണ്. കാരണം ഇന്ത്യ കത്തിക്കൊണ്ടിരിക്കുന്ന കാലമാണ്. ഇവിടെ നേരത്തെ പലരും പറഞ്ഞ് ഏറെ ചെളിവാരിയെറിഞ്ഞ ഒരു ചാനലിന്റെ ഒരു പ്രവർത്തകനാണ് ഞാൻ. കൈരളി ചാനലിനെപ്പറ്റി ഒട്ടനവധി അപവാദങ്ങൾ, ഒട്ടനവധി നിരുത്തരവാദപരമായ പ്രസ്താവനകൾ, ശ്രീ. എ. കെ. ആന്റണി എപ്പോഴും ഞങ്ങളുടെ ചാനലിനെപ്പറ്റിയാണ് പറയുന്നത്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് രജിസ്ട്രേഷൻ ഓഫ് കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനമാണത്. അദ്ദേഹം ഒരു വക്കീലാണ്. ഇപ്പോൾ ഇവിടെ ഇല്ല. ശ്രീ. ആര്യാടനൊക്കെ പറഞ്ഞുകൊടുക്കണം അരൊക്കെയാണ് അതിന്റെ ഷെയർ ഹോൾഡേഴ്സ് എന്നൊക്കെ. നിരവധി ആളുകൾ നിരവധി തവണ ആ ചാനലിനെ ചെളി വാരി എറിഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ് ; 10 രൂപ അടച്ച ആരൊക്കെയോ ആണ് അതിന്റെ ഷെയർ ഹോൾഡേഴ്സ്. രണ്ടു ലക്ഷത്തിൽ ചിലാനം ഷെയർഹോൾഡേഴ്സ് ഉള്ള ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് അത്. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏറ്റവും വലിയ കമ്പനിയാണ്. ഞങ്ങൾക്ക് രാഷ്ട്രീയം ഉണ്ട്, എന്താണ് ഞങ്ങളുടെ രാഷ്ട്രീയം ? അതുകൂടി പറയാം. ഡെമോക്രസി, സെക്കുലറിസം, പോപ്പുലാരിറ്റി. സംശയമുണ്ടോ ? അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ ഒരു ചാനലാണ്. വൈവിദ്ധ്യമാർന്ന സംസ്ക്കാരങ്ങളുടെ നിലനിൽപ്പും അതിനെക്കുറിച്ചുള്ള അന്വേഷണവും തന്നെയാണ്. ഞാൻ പോദിക്കട്ടെ ; ഞങ്ങളെപ്പറ്റി മാത്രം പറയുന്നണ്ടല്ലോ, ശ്രീ. മുനീർ ചാനൽ ഉണ്ടാക്കുന്നുണ്ടല്ലോ ? ഞാൻ എല്ലാവിധ ഭാവുകങ്ങളും ശ്രീ. മുനീറിന് നേരുന്നു. ഇവിടെ വികാസ് വാണി ഉണ്ടാക്കുന്നുണ്ടല്ലോ, ജീവൻ ടി.വി. ഉണ്ടായിരുന്നിട്ടുണ്ടല്ലോ. നിങ്ങൾ എന്താ

LIBRARY ARCHIVES Kerala Legislative Assembly

അതിനെപ്പറ്റി പറയാത്തത് ? ഞങ്ങൾക്ക് പറയാനില്ലേ ? ഞങ്ങൾ പറയാറില്ല. മുനീറിനെ ഞാൻ വിളിച്ചിട്ട് സഹായങ്ങൾ എന്തെങ്കിലും വേണോ എന്നു ചോദിച്ചു. തികച്ചും നിഷേധാത്മകമായ നിലപാടല്ല നിങ്ങൾ സ്വീകരിക്കേണ്ടത്. നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ആ ചാനലിനെ പറ്റി സത്യസന്ധമായിട്ട് അന്വേഷിക്കൂ, എന്നിട്ടു പറയൂ. കൈരളി ചാനൽ പോലെയുള്ള ഒരു ചാനൽ നമുക്ക് ആവശ്യമായ ഒരു സന്ദർഭമാണ്. It is not another channel, It is other channel. ഞങ്ങൾ വളരെ വ്യക്തമായിട്ട് പറഞ്ഞു. നിങ്ങൾക്ക് മനസ്സിലാകുന്നോ ? നിരാകരിക്കരിക്കപ്പെട്ട സംസ്ക്കാരങ്ങളുടെ ആവിഷ്ക്കാരമാണ് ഞങ്ങൾ നടത്തിയിട്ടുള്ളത്. ശ്രീ. കുട്ടിക്കയില്ലേ ? ശ്രീ. കുട്ടി ഒരു സാംസ്ക്കാരിക പ്രവർത്തകൻ ആണെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഈ കൈരളി ചാനലിനെ തെറ്റായിട്ടുള്ള രീതിയിൽ നിങ്ങൾ ആവശ്യത്തിൽ കൂടുതൽ ചെളിവാരി എറിഞ്ഞിരിക്കുന്നു. അത് ചെയ്യരുത്. അപ്പുറത്തിരിക്കുന്നവരും കൂടി സഹകരിച്ചുകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ ഒരു ചാനലായി അത് മാറും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പോയി നോക്കിക്കോ ഏത് താത്തയ്ക്കാണ് അതിൽ ഷെയർ ഉള്ളത് എന്ന്. അതാണ് ഞാൻ പറഞ്ഞത് പത്ത് രൂപ അടയ്ക്കുമ്പോൾ രജിസ്ട്രാർ ഓഫ് കമ്പനീസിൽ ഷെയർ ആകും. സർ, കേരളത്തെ നയിക്കാൻ വേണ്ടിയിട്ട് ഒരു പുതിയ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുമ്പോൾ തീർച്ചയായിട്ടും ഞങ്ങൾ തിരിച്ചു വരും. ഇന്നുള്ള അംഗങ്ങളിൽ കൂടുതലായിട്ടായിരിക്കും ഞങ്ങൾ തിരിച്ചുവരിക. ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ശ്രീ. ജോയി മുതൽ കുറുപ്പു സാർ വരെയുള്ള ആളുകൾ ഇവിടെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ചാണ് വിലയിരുത്തി സംസാരിച്ചത്. കഴിഞ്ഞ ഒരു മാസക്കാലമായി പ്രസ്താവന ഏറ്റവും കൂടുതൽ ഇറക്കുന്നത് പ്രതിപക്ഷങ്ങളാണ്. പ്രത്യേകിച്ച് പ്രതിപക്ഷ നേതാവ്. അദ്ദേഹത്തിന്റെ ഇന്നത്തെ പ്രസ്താവനയും സാമ്പത്തികമായി ഈ സംസ്ഥാനം ഏറ്റവും വലിയ തകർച്ചയിൽ എത്തിയിരിക്കുന്നു. അതെല്ലാം അടിച്ചു വ്യത്തിയാക്കാൻ അവർ വരുന്നു എന്നുള്ള ഭാവത്തിലാണ് ഇവിടെ പ്രസംഗിച്ച പ്രസ്താവനയിലൂടെ കേൾക്കാൻ കഴിഞ്ഞത്. എന്തായിരുന്നു സാമ്പത്തിക സ്ഥിതി ? 1991-ൽ ബഹുമാനപ്പെട്ട കരുണാകരൻ ഈ രാജ്യത്ത് അധികാരത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനത്തെ കടം 4,716 കോടി ആയിരുന്നു. 1996 ആയപ്പോൾ അത് 12,689 കോടി രൂപയായി. അതായത് 115 ശതമാനം നമ്മുടെ സംസ്ഥാനത്ത് കടം വർദ്ധിച്ചു. സർ, ഇപ്പോൾ അത് ഇരുപതിനായിരം കോടി രൂപയായി. അതായത് 93 ശതമാനം വർദ്ധിച്ചു. അതേസമയം പതിനാറായിരം കോടി രൂപയുടെ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടത്തി. പതിനാറായിരം കോടി രൂപയോളം വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ചു. ത്രിതലപഞ്ചായത്തുകൾക്ക് 4,600 കോടി രൂപ കൊടുത്തു. കാർഷിക മേഖല തകർന്നപ്പോൾ, ഏതാണ്ട് മലയാളമനോരമയുടെ കണക്കു തന്നെ നോക്കിയാൽ, ഏകദേശം ഇരുപത്തിയേഴായിരം കോടി രൂപയാണ് നമ്മുടെ സംസ്ഥാനത്ത് നഷ്ടമുണ്ടായിട്ടുള്ളത്. കാർഷിക മേഖലയിൽ നിന്നും ഇൻകം

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് ഇനത്തിൽ ഖജനാവിലേക്ക് ഒന്നും വന്നില്ല. കൃഷിക്കാർ സാമ്പത്തിക മായി തകർന്നതുകൊണ്ട്, ബുദ്ധിമുട്ടുന്നതുകൊണ്ട് കച്ചവടമൊക്കെ വളരെ മന്ദഗതിയിലാണ് പോകുന്നത്. അതുകൊണ്ട് സെയിൽടാക്സ് ഇനത്തിലുള്ള കുറവുണ്ട്. ഈ മേഖലയിൽ ഇത്രമാത്രം കുറവുണ്ടായിട്ടും, 4,600 കോടി രൂപ ത്രിതലപഞ്ചായത്തുകൾക്ക് കൊടുത്തിട്ടും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടി കൊടുത്തിട്ടും, പതിനാറായിരം കോടി രൂപ വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ചിട്ടും നമ്മുടെ സംസ്ഥാനത്തെ കടം ഒരും 93 ശതമാനം മാത്രമാണ് കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് വർദ്ധിച്ചത്. നിങ്ങളുടെ കാലത്ത് 115 ശതമാനം വർദ്ധനവ് . ട്രഷറി പൂട്ടിയിട്ടില്ല. അതുപോലെ ഇരുപത്തിയാറ് സംസ്ഥാനങ്ങളുടെ മൊത്തം കടം എടുത്താൽ 1991-ൽ ഒരു ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി എൺപത്തിയൊൻപത് കോടി രൂപയായിരുന്നത് 1996-ൽ രണ്ടു ലക്ഷത്തി പന്തീരായിരത്തി ഇരുന്നൂറ്റി ഇരുപത്തിനാലു കോടി രൂപയായി വർദ്ധിച്ചു. 2001-ൽ അത് 4,98,839 കോടി രൂപയായി. ആ നിലയ്ക്ക് ചിന്തിക്കുമ്പോൾ കേരളത്തിൽ കടം താരതമ്യേന വർദ്ധിച്ചിട്ടില്ല എന്ന് വ്യക്തമാണ്. അതേ സമയത്ത് നിങ്ങൾ പറയുന്നതെന്താ ? ഓപ്പണിംഗ് ബാലൻസ് ഏതാണ്ട് 48 കോടിയുണ്ടായിരുന്നു. നാലുകോടി അറുപത്തിരണ്ട് ലക്ഷമേയുള്ളൂ ആഡിറ്റ് റിപ്പോർട്ടനുസരിച്ച്. അതിൽത്തന്നെ 1,600 കോടി രൂപ കൊടുക്കാനുണ്ട്. എന്താ, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഈ ഇനത്തിൽ കൊടുക്കാൻ 150 കോടിയുണ്ടായിരുന്നു. അത് ഞങ്ങൾ കൊടുത്തു. 393 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്നു. അത് ഞങ്ങൾ കൊടുത്തു. ക്ഷാമബത്ത കുടിശ്ശികയെന്ന നിലയിൽ 400 കോടി. തൊഴിലില്ലായ്മാ വേതനം 18 മാസം മുതൽ കൊടുക്കാനുണ്ടായിരുന്നു. അങ്ങനെയെല്ലാം കൂടി 1600 കോടിയിലധികം കൊടുത്തു തീർത്തു. നിങ്ങൾ വിട്ടപ്പോൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക കെണിയിലായിരുന്നു. മനുഷ്യരെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് നിങ്ങൾ നടത്തുന്നത്. നിങ്ങൾ ബുദ്ധിമുട്ടേണ്ട കാര്യമില്ല. എത്ര സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായാലും അത് കൊണ്ടുനടക്കാൻ ഞങ്ങൾക്ക് കഴിയും. ഇപ്പോൾ രാമന്റെ വീട്ടിലെ ബുദ്ധിമുട്ട് കണ്ടത് കൊണ്ട് കൃഷ്ണൻ സങ്കടപ്പെട്ടിട്ട് കാര്യമില്ലല്ലോ. തെരഞ്ഞെടുപ്പിനുശേഷം ഞങ്ങൾതന്നെ തിരിച്ചു വരും, അപ്പോൾ ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം, യാതൊരു ബുദ്ധിമുട്ടുമില്ല. നമ്മളെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ ബുദ്ധിമുട്ട് ഒന്നുമില്ല. ധാരാളം കാര്യങ്ങൾ ചെയ്തു.

പിന്നെ മറ്റൊന്ന് ക്രമസാധാനനില ഭയങ്കര കുഴപ്പത്തിലാണെന്നാണ് പറയുന്നത്. കഴിഞ്ഞ നാലുകൊല്ലത്തിനകം രാജ്യത്ത് വല്ലയിടത്തും വർഗ്ഗീയ കലാപം ഉണ്ടായിട്ടുണ്ടോ ? രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള അടിയും പിടിയും മറ്റുമൊക്കെയുണ്ടായിട്ടുണ്ട്. കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങോട്ടും ഇങ്ങോട്ടും മുസ്ലീം ലീഗും മാർക്സിസ്റ്റു പാർട്ടിയും തമ്മിലും ബി. ജെ.പി.യും മാർക്സിസ്റ്റു പാർട്ടിയും തമ്മിലൊക്കെയുണ്ടായിട്ടുണ്ട്. അത് നമ്മൾ രാഷ്ട്രീയ പാർട്ടികളുടെ കുഴപ്പമല്ലേ, രാഷ്ട്രീയ പാർട്ടികൾ ഗാന്ധിജി പറഞ്ഞ നയം സ്വീകരിച്ചിരുന്നെങ്കിൽ ഈ രാജ്യത്ത് അക്രമങ്ങളും കൊലപാതകങ്ങളും കുറയ്ക്കാമായിരുന്നു. വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാനിടയുള്ള ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

മേഖലകൾ ഈ രാജ്യത്ത് ഇല്ലായിരുന്നോ ? വൈക്കം സംഭവം, ഇപ്പോഴത്തെ നാദാപുരം എന്നുവേണ്ട എല്ലായിടത്തും കലാപം ഉണ്ടാകാമായിരുന്നു. പക്ഷേ അടിച്ചിരുത്താനും വർഗ്ഗീയകലാപം ഉണ്ടാകാതെ നോക്കാനും നായനാർ ഗവൺമെന്റിന് കഴിഞ്ഞു. വർഗ്ഗീയ കലാപം ഈ രാജ്യത്ത് ഉണ്ടായില്ല. നിങ്ങളുടെ മാന്യത കൊണ്ടല്ല. അപ്പോൾ ശക്തമായ നിഷ്പക്ഷമായ നടപടി ഗവൺമെന്റും പോലീസും സ്വീകരിച്ചതുകൊണ്ടാണ് ഇങ്ങനെയുണ്ടാകാതിരുന്നത്. അതുകൊണ്ട് വർഗ്ഗീയ കലാപങ്ങൾ ഉണ്ടായില്ല. അതുകൊണ്ട് സമാധാനപരമായ അന്തരീക്ഷത്തിൽ നാട്ടിൻപുറത്ത് പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞു. സൈരമായി ജീവിക്കാനും സൈരമായി കിടന്നുറങ്ങാനും ഇപ്പോൾ കഴിയുന്നു. നമുക്കൊക്കെ ജനൽ തുറന്നിട്ട് വീട്ടിൽ കിടന്നുറങ്ങാം. കേരളത്തിന് വെളിയിൽ ഒക്കുമോ ? മറ്റു സംസ്ഥാനങ്ങളിൽ ഒക്കുമോ ? മറ്റ് സംസ്ഥാനങ്ങളിൽ ഒക്കുകയില്ല. ഇവിടെ എല്ലാ ജനലുകളും തുറന്നിട്ട് ആർക്കും കിടന്നുറങ്ങാനുള്ള സൗകര്യം ലഭ്യമാക്കി. നമ്മെ സംബന്ധിച്ചിടത്തോളം ക്രമസമാധാന നില മെച്ചപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ന്യൂഡൽഹിയിലെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി സ്റ്റഡീസ്, അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഒന്നും അല്ലല്ലോ, സോണിയാ ഗാന്ധിയല്ലേ അതിന്റെ അദ്ധ്യക്ഷ, അതുകൊണ്ടാണ് അവർ ക്രമസമാധാനത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കേരളത്തിന് നൽകിയത്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ് എന്ന് സോണിയാഗാന്ധി സമ്മതിച്ചിരിക്കുന്നു. അപ്പോൾ എന്താണ് ? സാമ്പത്തിക സ്ഥിതിയും മെച്ചം ക്രമസമാധാനനിലയും മെച്ചം ആണ്. ഇപ്പോൾ ക്രമസമാധാന നില മെച്ചപ്പെട്ടുപോകുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലം കൊണ്ട് നിങ്ങൾ ഈ രാജ്യത്തെങ്ങുമല്ലേ ജീവിക്കുന്നത്. ഈ രാജ്യത്തെ എല്ലാ വിഭാഗം ആളുകൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഒരു ഗ്രാമത്തിൽപ്പോലും ഈ ഭരണത്തിന്റെ നേട്ടം ഉണ്ടാകാതിരുന്നിട്ടില്ല. എല്ലാ കുടുംബങ്ങൾക്കും നേട്ടം ഉണ്ടായിട്ടുണ്ട്. ആർക്കെങ്കിലും ആനുകൂല്യം കിട്ടാതിരുന്നിട്ടുണ്ടോ, ഓണത്തിനും ക്രിസ്തുമസ്സിനും കൊച്ചുകുട്ടികൾ കൂലിക്കാരെ വിളിച്ചുകൊണ്ടുപോയിട്ടാണ് സ്കൂളിൽ നിന്നും വീട്ടിലേക്ക് അരി കൊണ്ടുവരുന്നത്. പള്ളിക്കൂടത്തിൽ പഠിക്കുന്ന കുഞ്ഞുങ്ങളുടെ വീടുകളെല്ലാം ഓണത്തിനും ക്രിസ്തുമസ്സിനും വളരെ സുഭിക്ഷമാണ്. ഈ രാജ്യത്ത് പട്ടിണി കിടന്നിട്ടുണ്ടോ ആരെങ്കിലും ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരിക്കുന്ന 4,600 കോടി രൂപയിൽ പത്തു ശതമാനം സ്ത്രീകൾക്ക് കൊടുത്തിരിക്കുകയാണ്. സ്ത്രീകളുടെ സംഘടനകൾ ഇവിടെ എത്രയെണ്ണം ഉണ്ടെന്നറിയാമോ ? 3100 അയൽക്കൂട്ടങ്ങളാണ് നമ്മുടെ രാജ്യത്തുള്ളത്. രണ്ടായിരം, മൂവായിരം മുതൽ പതിനായിരം രൂപ വരെ അവർക്ക് സഹായധനമായി കൊടുത്തിരിക്കുകയാണ്. അതുപയോഗിച്ച് അവർ മുളക് പൊടിയും കാപ്പിപ്പൊടിയുമെല്ലാം ഉണ്ടാക്കുകയാണ്. അങ്ങനെ അയൽക്കൂട്ടങ്ങൾക്ക് ധാരാളം പേർക്ക് ജോലിയുണ്ടാക്കിക്കൊടുക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് ഇവിടെ എല്ലാപേരും പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. എല്ലാ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ സർവ്വകാല

LIBRARY ARCHIVES Kerala Legislative Assembly

റിക്കോർഡാണ്. പണ്ട് മിന്നാമിനുങ്ങിന്റെ വെട്ടമായിരുന്നു സർ, എന്റെ നിയോജകമണ്ഡലത്തിൽ മുഴുവൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇപ്പോൾ എല്ലാ വീടുകളിലും രാത്രിയിൽ പകൽപോലുള്ള വെളിച്ചമാണ്. എന്താ 110 കെ. വി. സ്റ്റേഷൻ വന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എല്ലാപേരും സമ്മതിക്കുന്ന കാര്യമാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എളമരം കരീം]

ശ്രീ. കെ. എം. മാണിയുടെ കാലത്ത് 16,000 വീടുകളാണ് പാവപ്പെട്ടവർക്കു വേണ്ടി ഉണ്ടാക്കിക്കൊടുത്തത്. എന്നാൽ ഈ ഗവൺമെന്റ് 5.15 ലക്ഷം വീടുകൾ നിർമ്മിച്ചു നൽകി. പട്ടയം നൽകുകയെന്നത് കേരള കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമുള്ള കാര്യമാണ്. പട്ടയം കിട്ടാത്ത ധാരാളം കർഷകർ ഉണ്ട്. പട്ടയം നൽകുകയെന്നുള്ളത് ഞങ്ങളുടെ പ്രത്യേകമായ ലക്ഷ്യമായിരുന്നു. അത് പ്രാവർത്തികമാക്കിയില്ലേ ?

ശ്രീ. സത്യൻ മൊകേരി : ഇത് കേരള കോൺഗ്രസുകാരുടെ പ്രശ്നം മാത്രമല്ല എല്ലാവരുടെയും പ്രശ്നമാണ്.

ശ്രീ. ടി. എസ്. ജോൺ : ക്ഷമിക്കണം. കേരള കോൺഗ്രസുകാർ മാത്രമല്ല കേരളത്തിലെ മുഴുവൻ കർഷകരുടെയും ആവശ്യമായിരുന്നു പട്ടയം കൊടുക്കുക എന്നുള്ളത്. 2,32,964 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം നൽകി. 1-1-1997-ന് മുമ്പ് കൈവശം വച്ചിരുന്ന വനഭൂമിക്ക് ഇടുക്കി ജില്ലയിൽ മുഴുവനും പത്തനംതിട്ടയിലെ കിഴക്കൻഭാഗങ്ങളിലും എന്റെ നിയോജകമണ്ഡലത്തിലെ ഒരു വില്ലേജിലും മലബാർ പ്രദേശത്തുള്ള മുഴുവൻ പേർക്കും പട്ടയം കൊടുക്കാൻ തുടങ്ങി. കേസുകൾ പെട്ടെന്ന് തീർത്ത് അടിയന്തിരമായി പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ച് മുന്നോട്ടു പോകുന്നു. അതാണ് നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ള കാര്യങ്ങൾ. അങ്ങനെ എല്ലാ വിഭാഗം ആളുകൾക്കും എല്ലാ മേഖലകളിലും എല്ലാ വകുപ്പുകളിലും 5 വർഷം കൊണ്ട് പതിൻമടങ്ങ് നേട്ടം സംഭാവന ചെയ്യാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് ശ്രീ. തങ്കച്ചൻ പറഞ്ഞത് നയപ്രഖ്യാപന പ്രസംഗമല്ല അത് ഒരു ഭരണ റിപ്പോർട്ട് എന്നാണ്. ഒരു ഭരണറിപ്പോർട്ട് ഇതിനകത്തുണ്ട്. കഴിഞ്ഞ 5 കൊല്ലം കൊണ്ട് എന്ത് ചെയ്തുവെന്നതു സംബന്ധിച്ച റിപ്പോർട്ടും ഇനി ചെയ്യാൻ പോകുന്നതുമായ കാര്യങ്ങളും ഉൾപ്പെടെ എല്ലാം ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, സംസ്ഥാനത്ത് ഇപ്പോൾ അധികാരത്തിലിരിക്കുന്ന മദ്യ-വന-മാഫിയ മുന്നണി ഗവൺമെന്റിനു വേണ്ടി ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തെയും അതിന് ചാത്തന്നൂർ മെമ്പർ നൽകിയ നന്ദി പ്രമേയത്തെയും ഞാൻ ശക്തിയായി എതിർക്കുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും ആ മുന്നണിയെ അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാനും പ്രധാനപ്പെട്ട പങ്ക് വഹിച്ച ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് ശ്രീ. ബേബിജോൺ നേതൃത്വം കൊടുക്കുന്ന കേരളത്തിലെ റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി. 1979-ൽ ഈ നിയമസഭയിൽ 9 എം.എൽ.എ. മാരും 2 മന്ത്രിമാരും പ്രധാനപ്പെട്ട വകുപ്പുമുണ്ടായിരുന്ന ആർ.എസ്.പി. അത് വലിച്ചെറിഞ്ഞുകൊണ്ടാണ് കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി പ്രസ്ഥാനം കെട്ടിപ്പടുക്കാൻ വേണ്ടി ആർ.എസ്.പി.യും സി.പി.ഐ.യും ആ മുന്നണി വിട്ടുപോയത്. 1980-ന് ശേഷം 20 വർഷക്കാലം ഈ കേരളത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയെ കെട്ടിപ്പടുക്കാനും ശക്തിപ്പെടുത്താനും 1980-ലും 1987-ലും 1996-ലും ഈ മുന്നണിയെ അധികാരത്തിൽ കൊണ്ടുവരാനും ശ്രീ.ബേബി ജോൺ നേതൃത്വം കൊടുക്കുന്ന ആർ.എസ്.പി. വഹിച്ച പങ്ക് കേരളത്തിലെ മുഴുവൻ പ്രവർത്തകർക്കും അറിയാവുന്ന കാര്യമാണ്. ഇന്ന് ബേബിജോൺ നേതൃത്വം കൊടുക്കുന്ന ആർ.എസ്.പി. തന്നെ കഴിഞ്ഞ 57 മാസങ്ങളായി ഈ സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഇടതുപക്ഷമുന്നണിയുടെ, മദ്യ-വന-മാഫിയ മുന്നണിക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന്റെ കിരാത വാഴ്ചയിൽ നിന്നും ഈ നാടിനെ മോചിപ്പിക്കാനുള്ള പ്രക്ഷോഭത്തിന്റെ പാതയിലാണ്. 1996-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യ മുന്നണി ജനങ്ങൾക്ക് മുന്നിൽ വച്ചിരുന്ന മുദ്രാവാക്യം എന്ത് ? അഴിമതിയില്ലാത്ത സംശുദ്ധമായ ഭരണത്തിലൂടെ ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുമെന്നായിരുന്നു. അങ്ങും ആ മുദ്രാവാക്യം പറഞ്ഞ ആളാണ്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കാൻ 3 മാസം മാത്രം അവശേഷിക്കുമ്പോൾ ഈ സംസ്ഥാനം എവിടെ നിൽക്കുന്നുവെന്ന് ഭരണകക്ഷിയിൽപ്പെട്ട എന്റെ ബഹുമാന്യ സ്നേഹിതൻമാർ നെഞ്ചത്ത് കൈവച്ചുകൊണ്ട് ഒന്ന് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ സംസ്ഥാനം തകർന്നു, എല്ലാ മേഖലകളും തകർന്നു. കാർഷിക മേഖല തകർന്നു, വ്യാവസായിക മേഖല തകർന്നു, പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി, മത്സ്യ, ബീഡി മേഖലകൾ തകർന്നു. തകർച്ചയുടെ നെല്ലിപ്പലകയാണ് ഇന്ന് കേരളം കാണുന്നത്. അൽപ്പമെങ്കിലും ആശ്വാസം നിലനിൽക്കുന്നുവെങ്കിൽ അത് വിദേശ മലയാളികൾ ഈ കേരളത്തിലേക്ക് അയയ്ക്കുന്ന പണം കൊണ്ടു മാത്രമാണ്. അത് അറിയണമെങ്കിൽ കേരളത്തിലെ കച്ചവടക്കാരോട് ചോദിക്കണം. കച്ചവടസ്ഥാപനങ്ങളിൽ ഇന്ന് വിൽപ്പനയില്ല. കേരളത്തിൽ കച്ചവടം നടക്കുന്നില്ല. ആട്ടോറിക്ഷാക്കാർ ഒരു ദിവസം 12 മണിക്കൂർ ഓടിച്ചാൽ പോലും 50 രൂപ കാശ് കിട്ടുന്നില്ല. അങ്ങും ഒരു യൂണിയന്റെ നേതാവല്ലേ ? ടാക്സി ഡ്രൈവേഴ്സിന് ഒരു ദിവസം ചായ കുടിക്കാനുള്ള കാശ് കിട്ടുന്നുണ്ടോ ? സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇപ്പോൾ ആളില്ല. ഭാര്യാസമേതം, കുടുംബമായിട്ട് തിയേറ്ററിൽ പോകണമെങ്കിൽ 100 രൂപ കാശ് വേണം. അതില്ല. നാട്ടിൻപുറത്ത് കടം ചോദിച്ചാൽ ഇന്ന് 100 രൂപ കാശ് കിട്ടുമോ സർ. ഇത്രയും ഭീകരമായ അവസ്ഥാവിശേഷം കേരളത്തിൽ ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ടോ സർ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയില്ല ബുദ്ധിമുട്ടേയുള്ളൂ എന്നാണ്. അദ്ദേഹം പറയുന്നത് കൃത്യമായി ശമ്പളം കൊടുക്കുന്നുവെന്നാണ്. എന്റെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷമുന്നണി എം.എൽ.എ. മാരോട് ചോദിക്കുന്നു, ഈ സംസ്ഥാനത്തെ ജനസംഖ്യയുടെ 3 ശതമാനത്തിന് താഴെമാത്രം വരുന്നവരാണ് സർക്കാർ ഉദ്യോഗസ്ഥൻമാർ. അവർക്ക് ശമ്പളം കൊടുക്കുക മാത്രമാണോ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ഉത്തരവാദിത്വം ? ഈ സംസ്ഥാനത്ത് ബഹുഭൂരിപക്ഷം വരുന്ന കൃഷിക്കാർ, തൊഴിലാളികൾ, സാധാരണക്കാർ അവരുടെയൊക്കെ ജീവിതവുമായി ബന്ധപ്പെട്ട് കിടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കേരളത്തിൽ സ്തംഭിച്ചു കിടക്കുന്നു. ആശുപത്രികളിൽ മരുന്നുണ്ടോ ? മെഡിക്കൽ കോളേജിൽ രോഗികളുടെ രക്ഷയ്ക്കാവശ്യമായ ഓക്സിജൻ ഉണ്ടോ ? ഈ സംസ്ഥാനത്തെ ഗവൺമെന്റ് ആഫീസുകളിൽ ടെലിഫോൺ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മൂന്നു മാസങ്ങളായി പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഗവൺമെന്റ് കൊടുത്ത ചെക്ക് പാസ്സാകുന്നുണ്ടോ ? 10,000 രൂപയുടെ ചെക്കായാൽപ്പോലും, കക്കൂസിന് കൊടുത്ത ചെക്ക് പോലും മൂന്നു മാസങ്ങളായിട്ട് മാറിക്കിട്ടാനായിട്ട് കയറിയിറങ്ങി നടക്കുന്നു. എന്നിട്ട് പറയുന്നു ഇവിടെ സാമ്പത്തിക പ്രതിസന്ധിയില്ലെന്ന്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ടി.എസ്. ജോണും പറഞ്ഞു പ്രതിസന്ധിയിലെന്ന്. അദ്ദേഹം എവിടെ നോക്കിയാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. 1996-ൽ ബഹുമാനപ്പെട്ട ആന്റണി കേരളത്തിലെ മുഖ്യമന്ത്രിപദം ഒഴിയുമ്പോൾ 481.41കോടി രൂപ ഖജനാവിന് മിച്ചമായിരുന്നു. ഇന്ന് കേരളത്തിന്റെ റവന്യൂ കമ്മി 402 കോടി രൂപയാണ്. ബഹുമാനപ്പെട്ട ഹംസയ്ക്ക് യാതൊരു വിവരവുമില്ല. 1991-ൽ സഖാവ് നായനാർ മുഖ്യമന്ത്രിപദം ഒഴിഞ്ഞപ്പോൾ അന്ന് കേരളത്തിന്റെ റവന്യൂ കമ്മി 422 കോടി രൂപയായിരുന്നു. 5 വർഷം ഐക്യജനാധിപത്യമുന്നണി ഭരിച്ചിട്ട് 422 കോടി രൂപയുണ്ടായിരുന്ന റവന്യൂ കമ്മി 402 കോടി രൂപയാക്കി ചുരുക്കി. അവസാനം 481.41 കോടി രൂപ ഖജനാവിൽ മിച്ചം വച്ചിട്ടാണ് ഇറങ്ങിപ്പോയത്. അന്നു കേരളത്തിന്റെ കടബാദ്ധ്യത 10,113 കോടി രൂപയായിരുന്നു. ഇന്ന് ആ കടം 31,000 കോടി രൂപയിലധികമായിരിക്കുന്നു. എൽ. ഡി. എഫ്. കൺവീനർ ശ്രീ.വി.എസ്. അച്യുതാനന്ദൻ പറഞ്ഞത് കേരളത്തിന് 20,126 കോടി രൂപയേ കടമുള്ളൂ എന്നാണ്. ശരിയാണ് സർ, അത് കഴിഞ്ഞ മാർച്ച് 31--നായിരുന്നു. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇന്ന് ധനകാര്യമന്ത്രി പറഞ്ഞ കണക്കനുസരിച്ച് 23,006.9 കോടി ആണെന്നാണ്. അതിന് പുറമേയാണ് കരാറുകാർക്ക് 1,200 കോടി കുടിശ്ശിക. ഡി.എ. ഇനത്തിൽ 372.6 കോടി രൂപ. കർഷകത്തൊഴിലാളി പെൻഷൻ 58.7 കോടി, തൊഴിലില്ലായ്മവേതനം 71.1 കോടി വാർദ്ധക്യകാല പെൻഷൻ 4.5 കോടി, വിധവാ പെൻഷൻ 11.4 കോടി, കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി 71 കോടി, അബ്കാരി 15 കോടി, ചുമട്ടുതൊഴിലാളി ക്ഷേമനിധി 15 കോടി, മോട്ടോർ തൊഴിലാളി ക്ഷേമനിധി 12 കോടി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി 40 കോടി, സഹകരണ ബാങ്കിൽ നിന്നും എടുത്ത കടം 632.82 കോടി. അതുപോലെ 3 കൊല്ലമായി ഈ സംസ്ഥാനത്തിന് കള്ള്ഷാപ്പ് ലേലം ചെയ്തത് പോലെ, അനുവദിച്ചു കൊടുത്ത പ്ലസ് ടുവിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തിട്ടില്ല. 1996-ൽ യു.ജി.സി. സ്കീം നടപ്പിലാക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് കൊടുത്ത പണം ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് കൊടുത്തിട്ടില്ല. ഈ കുടിശ്ശിക എല്ലാംകൂടി മൊത്തം 27000 കോടി രൂപ കേരളത്തിന്റെ കടം ആകാൻ പോകുകയാണ്. ഇവിടെ ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് കൊട്ടിഘോഷിച്ചല്ലോ. 1996-ൽ ആന്റണി പോകുമ്പോൾ ഇലക്ട്രസിറ്റി ബോർഡിന്റെ കടം 1000 കോടി രൂപയായിരുന്നു. 57 മാസം ഭരിച്ചപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ കടം 5300 കോടി രൂപയായി. ഒരു ദിവസം 4 കോടി രൂപയാണ് ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടം. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു മാസത്തെ വരുമാനം 150 കോടി രൂപയാണ്. ചെലവ് 270 കോടി രൂപയാണ്. 120 കോടി രൂപ നഷ്ടം. ആ ബോർഡ് എങ്ങനെ പോകും സർ ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൂടി മെമ്പറായിട്ടുള്ള ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ചാർജ് ഇരട്ടിയാക്കണമെന്ന് തീരുമാനിച്ച് ഗവൺമെന്റ് ശുപാർശ കൊടുത്തില്ലേ ? ഇപ്പോൾ തെരെഞ്ഞെടുപ്പായതുകൊണ്ട് നിങ്ങൾ അത് കൂട്ടുന്നില്ല. നാളെ തെരെഞ്ഞെടുപ്പ് കഴിഞ്ഞ് ആര് അധികാരത്തിൽ വന്നാലും വൈദ്യുതി ചാർജ് കൂട്ടേണ്ടി വരും. ഒരു കാര്യം പറയുന്നു, യു.ഡി.എഫ്. അധികാരത്തിൽ വരും. ഞങ്ങൾ ഇലക്ട്രിസിറ്റി ചാർജ് കൂട്ടുന്നതിന് മുമ്പായി 57 മാസക്കാലം വൈദ്യുതി ബോർഡ് കട്ടുമുടിച്ച ആ കള്ളന്മാരെ മുഴുവൻ കയ്യാമം വച്ച് ജനമദ്ധ്യത്തിൽ കൊണ്ടുവന്ന്, കൽത്തുറുങ്കിലടച്ചു കൊണ്ടായിരിക്കും വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുക. അങ്ങനെ വരുമ്പോൾ പല നേതാക്കന്മാർക്കും ജയിലഴികൾ എണ്ണേണ്ടി വരും. അഴിമതിയില്ലാത്ത സംശുദ്ധമായ ഭരണം കാഴ്ച വയ്ക്കുമെന്ന് പറഞ്ഞവർ കുടിവെള്ളത്തിൽ കൈയിട്ട് വാരിയില്ലേ ? സി.ബി.ഐ. റിപ്പോർട്ട് ഞാൻ പറയണമോ..... വൈദ്യുതിയിൽ കൈയിട്ടു വാരിയില്ലേ..... ശ്പര്യാ മരംമുറി കുംഭകോണം..... വിദ്യാഭ്യാസത്തിൽ കുംഭകോണം..... ഫാക്ടറിയിൽ കുംഭകോണം.....ബാറുകളിലും ഡിസ്റ്റലറികളിലും കുംഭകോണം..... പഞ്ചസാര വാങ്ങിച്ചതിൽ കുംഭകോണം..... അങ്ങനെ 57 മാസംകൊണ്ട് കുംഭകോണങ്ങളുടെ കുംഭമേളകളുമായി നായനാർ ഭരണം തകർത്തപ്പോൾ സർ, സംസ്ഥാനത്തിലെ മൂന്നു കോടി ജനങ്ങൾ പട്ടിണിക്കാരായി. 57 മാസത്തെ ഭരണം കഴിഞ്ഞപ്പോൾ പട്ടിണി മരണങ്ങളുടെയും സാമ്പത്തിക തകർച്ചമൂലം ഉള്ള കൂട്ടകുടുംബ ആത്മഹത്യകളുടെയും രാഷ്ട്രീയ കൊലപാതകങ്ങളുടെയും വിഷമദ്യദുരന്തങ്ങളുടെയും ശവപ്പറമ്പായി കേരളം മാറിയിരിക്കുന്നു. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ സാമ്പത്തിക തകർച്ച മൂലം കൂട്ട ആത്മഹത്യകൾ നടക്കുന്നത് കേരളത്തിലല്ലേ ? അങ്ങ് പത്രം വായിക്കാറില്ലേ ? കൂട്ടആത്മഹത്യകൾ നടക്കാത്ത ഏതെങ്കിലും ഒരു ദിവസം കേരളത്തിലുണ്ടോ ? എന്നിട്ട് പറയുന്നു ഐശ്വര്യപൂർണ്ണമായ കേരളമെന്ന്. ശരിയാണ് സർ. സി.പി.എം.ന്റെ നേതാക്കന്മാർ മുതൽ ബ്രാഞ്ച്-സംസ്ഥാന സെക്രട്ടറിമാർ വരെയുള്ള നേതാക്കൻമാർ ഐശ്വര്യപൂർണ്ണമായ ജീവിതം നയിക്കുന്നു. അതുപോലെതന്നെ ഐക്യ ജനാധിപത്യ മുന്നണി, ഇന്നത്തെ എൽ.ഡി.എഫ്. എം.എൽ.എ.മാർ .....ഇവിടെ ശ്രീ. സെബാസ്റ്റ്യനെപ്പോലെയുള്ള ചിലർ പ്രസംഗിച്ചപ്പോൾ പറയുന്നു ഐശ്വര്യപൂർണ്ണമായ കേരളമാണെന്ന്. ഒരുപക്ഷേ അവർക്ക് ഐശ്വര്യപൂർണ്ണമായ കേരളമായിരിക്കും. ഞാൻ സംസാരിക്കുന്നത് ഈ സംസ്ഥാനത്തെ മൂന്നു കോടിയോളം വരുന്ന പാവപ്പെട്ട തൊഴിലാളികൾക്കു വേണ്ടിയാണ്. അങ്ങ് തൊഴിലാളി പ്രവർത്തകനല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

സി.ഐ.ടി.യു.വിന്റെ ഏറ്റവും പരമോന്നതനായ തൊഴിലാളി നേതാവല്ലേ ? അങ്ങേയ്ക്ക് അറിയില്ലേ ? അങ്ങ് തൊഴിലാളി ബന്ധമുള്ള ആളല്ലേ ? ഒരു ദിവസം ഒരു നേരം ആഹാരം കഴിക്കാൻ തൊഴിലാളികളുടെ കയ്യിൽ പണമുണ്ടോ ? ഈ നാട് തകർന്നില്ലേ സർ ? 57 മാസം കൊണ്ട് ഈ നാടിനെ എല്ലാ മേഖലയിലും തകർത്ത ഒരു ഭരണം ! 57 മാസം കഴിഞ്ഞപ്പോൾ സി.പി.ഐ. (എം) എന്നു പറയുന്ന പാർട്ടി റ്റാറ്റായും ബിർളായും അംബാനിയും കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും വലിയ സമ്പന്നപാർട്ടിയായി മാറി. ഇതാണോ സർ, മാർക്സിസം ? ജനാധിപത്യ സ്വഭാവമുള്ള ഗവൺമെന്റാണോ ഇത് ? ചാരായം നിരോധിച്ച ഈ കേരളത്തിൽ കഴിഞ്ഞ 57 മാസമായി സ്പിരിറ്റും ചാരായവും കൊണ്ടുവന്ന് ഈ സംസ്ഥാനത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് വിഷക്കള്ളും വിഷച്ചാരായവും കൊടുത്ത് അഞ്ചു മുതലാളിമാർക്ക് കോടികൾ സമ്പാദിക്കുവാൻ കൂട്ടു നിൽക്കുകയും അതിന്റെ പങ്കു പറ്റുകയും ചെയ്തവർ തൊഴിലാളി വർഗ്ഗത്തിന്റെ മിത്രങ്ങളോ ശത്രുക്കളോ ? സർ, ഞാൻ ചോദിക്കുന്നു, കല്ലുവാതുക്കലും കൊട്ടാക്കരയിലും 40 പേർ മരിച്ചില്ലേ ? കൊട്ടാക്കരയിൽ മരിച്ച 14 പേരിൽ 12 പേരും പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികളായിരുന്നു. കല്ലുവാതുക്കൽ മരിച്ച 15 പേരും പാറമടയിൽ പണിയെടുക്കുന്നവരും കൂലിപ്പണി എടുക്കുന്നവരുമായിരുന്നു. ഒരുദ്യോഗസ്ഥനും മരിച്ചില്ല ; ഒരു മുതലാളിയും മരിച്ചില്ല. 57 മാസം ഈ നാടിനെ വിഷമദ്യത്തിൽ മുക്കി മദ്യമുതലാളിമാർക്ക് കോടികൾ സമ്പാദിക്കാൻ കൂട്ടുനിന്നുകൊണ്ട് അതിന്റെ പേരിൽ പങ്കു പറ്റിയവർ ! ഇതിന്റെ പേരാണോ മാർക്സിസം ? ഇവരാണോ മാർക്സിസ്റ്റുകാർ ? മഹാനായ പി കൃഷ്ണപിള്ളയും മഹാനായ എ.കെ.ജി.യും, എം. എൻ. ഗോവിന്ദൻ നായരും, ആർ.എസ്.പി.യുടെ ടി. കെ. ദിവാകരനും അതുപോലെ അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ പതിനായിരക്കണക്കിന് സഖാക്കൾ പട്ടിണി കിടന്ന് ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിലൂടെ കെട്ടിപ്പടുത്തതാണ് മഹത്തായ ഇടതുപക്ഷ പ്രസ്ഥാനം. ********** ഈ പ്രസ്ഥാനത്തെ മോചിപ്പിക്കേണ്ടേ സർ ? ആ ഇടതുപക്ഷ പ്രസ്ഥാനത്തെ മോചിപ്പിക്കണം. ഈ നാടിനെ മോചിപ്പിക്കണം. അതിനു വേണ്ടിയാണ് ശ്രീ. ആന്റണി നയിക്കുന്ന മോചനയാത്ര. ഞാൻ ചോദിക്കുന്നു ഇവിടത്തെ സി.പി.എം. നേതാക്കൻമാർക്ക്, ഇടതുപക്ഷ മുന്നണിക്ക്, മാർക്സിസ്റ്റുകാർക്ക് മതേതരത്വത്തെപ്പറ്റി സംസാരിക്കാൻ അവകാശമുണ്ടോ ?

ശ്രീ. ജി. സുധാകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞാൻ ഒറ്റ പ്രശ്നമാണ് പോയിന്റ് ഓഫ് ഓർഡർ ആയി ഉന്നയിക്കുന്നത്. ഓർഡറിലാണോ എന്ന് പരിശോധിച്ച് ഉത്തരവുണ്ടാകണം. അതായത് സി.പി.ഐ. (എം.) ഇന്ത്യയിലെ ഏറ്റവും ഉത്തരവാദപ്പെട്ട പ്രതിപക്ഷ പാർട്ടിയാണ്. അത് നയിക്കുന്നത് പോളിറ്റ് ബ്യൂറോ സെൻട്രൽ കമ്മിറ്റിയാണ്, ജനറൽ സെക്രട്ടറി ശ്രീ. സുർജിത് സിംഗാണ്. കേരള സംസ്ഥാനത്ത് അതിന്റെ സെക്രട്ടേറിയറ്റുണ്ട്. അതിന്റെ സ്റ്റേറ്റ് കമ്മിറ്റിയുണ്ട്. സഖാവ് സുർജിത്, സഖാവ് പിണറായി വിജയൻ അടക്കം നയിക്കുന്ന പാർട്ടി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. നായനാർ, ശ്രീജ്യോതിബാസു അടക്കമുള്ളവർ നയിക്കുന്ന പാർട്ടി, *******ഇത് ഓർഡറിലാണോ ?

---

xxx സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം നീക്കം ചെയ്തിരിക്കുന്നു.

(File No. 425/EB/2001/Leg. dt.1-3-2001)

947/2010

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ശ്രീ. എളമരം കരീം) : പരിശോധിക്കാം.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, കഴിഞ്ഞ 57 മാസമായി തൊഴിലാളി വർഗ്ഗത്തിന്റെ ഗവൺമെന്റ്, അടിസ്ഥാന വർഗ്ഗത്തിനു തന്നെ വിഷക്കള്ളും വിഷച്ചാരായവും കൊടുത്ത് കോടികൾ ഉണ്ടാക്കിയ ഒരു പാർട്ടിയെ തൊഴിലാളികളുടെ പാർട്ടിയെന്ന് പറയാൻ കഴിയുമോ ? മഹാനായ എ.കെ.ജി. ഉണ്ടായിരുന്നുവെങ്കിൽ സഖാവ് നായനാരേയും ശിവദാസമേനോനേയും സെക്രട്ടേറിയറ്റിന്റെ തൂണിൽ കെട്ടിയിട്ട് തെരണ്ടിവാലിന് അടിക്കുമായിരുന്നു. നാദാപുരത്തെ മതേതരത്വത്തെക്കുറിച്ച് സംസാരിക്കാൻ അവിടെ ഇടതുപക്ഷ മുന്നണിക്ക് എന്താ അവകാശം ? ഞാൻ ഞെട്ടിപ്പോയി. അവിടെ മൂന്ന് മുസ്ലീം പള്ളികളാണ് ആക്രമിക്കപ്പെട്ടത്. മൂന്ന് മുസ്ലീം പള്ളികൾ ആക്രമിച്ചപ്പോൾ ആർ എസ്.എസ്.ന്റെ നേതാവ് ശ്രീ. ഒ. രാജഗോപാൽ അവിടെചെന്ന് മുസ്ലീങ്ങളെ ആശ്വസിപ്പിക്കുന്ന ഫോട്ടോയാണ് മാതൃഭൂമിയിൽ അടിച്ചു വന്നത്. ആരു തകർത്ത പള്ളി. ********** പള്ളി തകർത്തതുമൂലം വേദനിക്കുന്ന മുസ്ലീം സഹോദരൻമാരെ ആശ്വസിപ്പിക്കാൻ ആർ.എസ്.എസ്. നേതാവ് ശ്രീ. ഒ. രാജഗോപാൽ ഓടിയെത്തിയിരിക്കുന്നു. ഇവർക്കാണോ സർ മതേതരത്വത്തെ കുറിച്ച് സംസാരിക്കാൻ അവകാശം ? ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നാടിനെ മോചിപ്പിക്കാൻ വേണ്ടിയുള്ള മോചനയാത്രയാണ് കാസർകോട്ട് നിന്ന് ആരംഭിച്ചിട്ടുള്ളത്. വരുന്ന തെരഞ്ഞെടുപ്പിൽ .....(ബഹളം).....

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ബഹുമാനപ്പെട്ട മെമ്പർ, ഇവിടെ സംസാരിച്ച കൂട്ടത്തിൽ ശ്രീ. ഒ. രാജഗോപാലൽ അവിടെപ്പോയി എന്നും പറഞ്ഞു. ******** ഇവിടെ അടിയന്തിരപ്രമേയം വന്ന ഘട്ടത്തിൽ ശ്രീ. പി. കെ. കെ. ബാവ പോലും പറയാത്ത കാര്യം, ഈ മെമ്പർ പറഞ്ഞത് അനാവശ്യമാണ്. സി.പി.എം.നെപ്പറ്റി പറഞ്ഞ ആ ഭാഗം രേഖയിൽ നിന്നും നീക്കണം. ഇയാൾ ആർ.എസ്.എസ്.ആയി മാറിയിട്ടുണ്ട്. അമ്പലക്കമ്മിറ്റിയുടെ പൈസ പിടുങ്ങിയ ആളാണ് ; ഈ സഭയിൽ വന്നതാണ് ; അമ്പലക്കമ്മിറ്റിയുടെ പൈസ പിടുങ്ങിയ ആളാണ്. ആ മെമ്പറാണ് കേറി പറയുന്നത്.

പ്രൊഫ. എ. വി. താമരാക്ഷൻ : ഞാൻ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്..... ബഹളം..

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 307 റൂൾ. ഇത് ********** എന്നുള്ളത് പാർലമെന്ററി അല്ല. അതുകൊണ്ട് അസംബ്ലിയിൽ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അത് റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം.

മി. ചെയർമാൻ (ശ്രീ. എളമരം കരീം) : ഇവിടെ ബഹുമാനപ്പെട്ട രണ്ട് അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നത്തെ സംബന്ധിച്ച് പരിശോധിച്ച് വേണ്ടതു ചെയ്യാം.

XXX സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം നീക്കം ചെയ്തിരിക്കുന്നു.
(File No. 425/EB/2001/Leg. dt.1-3-2001)

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ചൂഷണത്തിനും അനീതിക്കുമെതിരെ പോരാടിയ പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം. ആ പ്രസ്ഥാനം പിടിക്കുന്ന ചെങ്കൊടി തൊഴിലാളിവർഗ്ഗത്തിന്റെ പോരയിൽ മുക്കിയ ചെങ്കൊടിയാണ്. നാദാപുരത്ത് നൂറുകണക്കിന് മുസ്ലീം സഹോദരന്മാരുടെ വീടുകൾ ആക്രമിക്കുകയും സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും കൊള്ളയടിക്കുകയും ചെയ്തു. ഇതാണോ കമ്മ്യൂണിസം ? അവിടെ മൂന്ന് പള്ളികൾ ആക്രമിച്ചു. ആ പള്ളികൾ തകർത്ത സ്ഥലത്ത് ബി.ജെ.പി.യുടെ നേതാവ് ആർ.എസ്.എസ്. നേതാവ് ശ്രീ. ഒ. രാജഗോപാൽ എത്തി അത് പത്രത്തിൽ അടിച്ചു വന്നു. ഞാൻ അന്തംവിട്ടു പോയി. തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ നേതാക്കൾക്ക് എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത് ? കഴിഞ്ഞ 57 മാസം കൊണ്ട് ഈ നാടിന്റെ സമസ്ത മേഖലകളും തകർന്നു. ഈ നാട് കടക്കെണിയിലായി. ജനങ്ങൾ പാപ്പരായി. എല്ലാം തകർന്നു. നിയമവാഴ്ച തകർന്നു. 18 ഉദ്യോഗസ്ഥന്മാർ. അതും എസ്.ഐ.ക്ക് മുകളിൽ .എ.എസ്.പി. വരെയുള്ളവരെയാണ് ജനം ബോംബെറിഞ്ഞത്. കേരളത്തിലെ പോലീസിനെക്കുറിച്ച് ജനങ്ങൾക്ക് വിശ്വാസമില്ല. നിയമവാഴ്ച പൊതുവേ തകർന്നിരിക്കുകയാണ്. എല്ലാം തകർന്നു. ഈ തകർച്ചയിൽ നിന്ന് ഈ നാടിനെ മോചിപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രീ. ആന്റണിയുടെ നേതൃത്വത്തിൽ മോചനയാത്ര നടത്തുന്നത്. ആ യാത്ര മഞ്ചേശ്വരത്തുനിന്ന് ആരംഭിച്ചപ്പോൾ ഞാനും ആ ജാഥയിലുണ്ടായിരുന്നു. പതിനായിരക്കണക്കിനാളുകളാണ് ഒഴുകിയെത്തിയത് ഈ നാടിനെ രക്ഷിക്കാൻ. മാർച്ച് 24-ാം തീയതി ഈ ജാഥ സമാപിക്കുമെങ്കിലും ഈ വരുന്ന ഏപ്രിലിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ 1977 ഈ സംസ്ഥാനത്ത് ആവർത്തിക്കുവാൻ പോകുകയാണ്. 1977-ൽ 111 സീറ്റു നേടിക്കൊണ്ട് അന്നത്തെ മുന്നണി ജയിച്ചെങ്കിൽ ആ 1977 ആണ് കേരളത്തിൽ ആവർത്തിക്കാൻ പോകുന്നത് എന്നു മാത്രം പറഞ്ഞതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ നന്ദിപ്രമേയത്തെ പതിവുപോലെ പ്രതിപക്ഷം പ്രതികൂലിച്ചുകൊണ്ട് സംസാരിച്ചു. പക്ഷേ ഒരു സത്യം ഇപ്പോൾ അതിലുണ്ടായി. പ്രൊഫ. എ. വി. താമരാക്ഷന്റെ പ്രസംഗത്തിൽ ശ്രീ. ഒ. രാജഗോപാൽ നാദാപുരത്തു വന്നു, പത്രത്തിൽ ഫോട്ടോ വന്നു. അദ്ദേഹം അന്തം വിട്ടു എന്നൊക്കെപ്പറഞ്ഞു. കാര്യമെന്താണെന്നറിയാമോ ? അന്തംവിട്ട് ചിറിപ്പായുന്ന വാണം പോലെ ഓടിപ്പോവുകയാണ്. അന്തം വിട്ടതിന്റെ കാര്യമെന്താണെന്നറിയാമോ ? ശ്രീ. ഒ. രാജഗോപാലിന്റെ നേതാവാണ് രഥമുരുട്ടി എമ്പാടും സഞ്ചരിച്ച് പള്ളി തകർത്തത്. അന്നും അദ്ദേഹം ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ അന്തം വിട്ടു നിന്നു. ആ രാജഗോപാലാണോ ഇപ്പോൾ ഈ കാണുന്ന പടം എന്നുള്ളതുകൊണ്ടാണ് അന്തം വിട്ടത്. ശ്രീ. ഒ. രാജഗോപാലിന്റെ സ്വഭാവം മാറിയില്ല. ശരിയാണ്. അതല്ലേ സത്യം ? നിങ്ങൾക്ക് അത് എന്താണ് സമ്മതിക്കാൻ കുഴപ്പം ? ആ പള്ളി പൊളിക്കുമ്പോൾ നിങ്ങൾ പറയുന്നത് എന്താണ് ? നിങ്ങളുടെ നേതൃത്വം പറയുന്നത് എന്താണ് ? അതുകൊണ്ടാണ് ഞാൻ പറയുന്നത്, ആ ഭരണത്തിലാണ് നിങ്ങൾ. എന്നിട്ട് ഇപ്പോൾ അന്തംവീടലുകളുണ്ട്. രണ്ടു കൊല്ലം മുമ്പ് പ്രൊഫ. എ. വി. താമരാക്ഷൻ ഇപ്പുറത്തിരുന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷജനാധിപത്യമുന്നണിക്കുവേണ്ടി എന്തൊരു വാശിയും വീറുമായിരുന്നു. സ്വാർത്ഥ താല്പര്യങ്ങൾ നടക്കാതെ വന്നപ്പോൾ കുംഭകോണങ്ങളുടെ ചുരുളഴിയുന്ന പ്രതിപക്ഷ ബഞ്ചുകളിലേക്ക് പാഞ്ഞുകയറി ചെന്നപ്പോൾ ഇപ്പോൾ സ്ഥിതി എന്താണ് ? മോചനയാത്ര എന്ന പേരിൽ വിഷാദയാത്രയാണ്. പിടിപ്പുകെട്ട പ്രതിപക്ഷത്ത് പ്രൊഫ. എ. വി. താമരാക്ഷൻ ചെന്നു കഴിഞ്ഞപ്പോൾ ഇതാണ് പറയേണ്ടി വരുന്നത്. എന്തൊരു ഗതികേടാണ് ? അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. എന്താണ് വിമോചനയാത്ര ? പിടിപ്പുകെട്ട പ്രതിപക്ഷം. ഇപ്പോൾ അഞ്ചുകൊല്ലം തികയാൻ പോകുന്നു. അവർക്ക് നാട്ടിൽ നിൽക്കക്കള്ളിയില്ല. ജനങ്ങൾ കൂടുന്നു. അവർ പ്രസംഗിക്കുന്ന ഒരു വാക്ക് ശ്രദ്ധിക്കാൻ വേണ്ടി, പ്രതിപക്ഷ നേതാവിന് ഒന്നും പറയാനില്ല. ഈ ഗവൺമെന്റിന് എതിരായി ഇടതുപക്ഷജനാധിപത്യമുന്നണിക്കെതിരായി, ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് അപവാദത്തിന്റെ പ്രചാരവേലയുമായി വിമോചന യാത്ര നടത്തുകയാണ്. ഇനി അഞ്ചുകൊല്ലം പോലും നമുക്ക് അധികാരത്തിൽ കയറാൻ പറ്റില്ല. ആ ചിന്തമാത്രമാണുള്ളത്. ഈ ഗവൺമെന്റിനെതിരായി അപവാദം പറയുമ്പോൾ ഈ ചോദ്യം നാട്ടിലുയരുന്നു. അതിനവർ മറുപടി പറയട്ടെ. ഇത്ര മോശപ്പെട്ട ഒരു ഗവൺമെന്റാണ് ഇവിടെ ഇരുന്നതെങ്കിൽ ഈ അഞ്ചുക്കൊല്ലക്കാലത്തിനിടയ്ക്ക് ഒരു അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ നിങ്ങൾക്കെന്തുകൊണ്ട് കഴിഞ്ഞില്ല എന്ന ചോദ്യം ഉയരുന്നു. അവർക്കു മറുപടിയില്ല. അപ്പോൾ നിങ്ങൾ പറയുന്നതു മുഴുവൻ പച്ചക്കള്ളമാണ്. അത് ജനങ്ങൾക്കറിയാം. കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് എല്ലാ വിഭാഗം ആളുകളെയും ഒന്നുപോലെ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ ഗവൺമെന്റ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ ഒരു പുതുതൻ സംസ്ക്കാരം പടുത്തുയർത്തിരിക്കുന്നു. ആ സംസ്ക്കാരത്തിന്റെ ജൈത്രയാത്ര, ഇടതുപക്ഷ മുന്നണിയുടെ ജാഥ അടുത്ത ആഴ്ചയിൽ കേരളത്തിൽ ആരംഭിക്കും. നിങ്ങൾക്ക് കാണാം. പുതിയ വികസനത്തിന്റെ സംസ്ക്കാരം പടുത്തുയർത്തിയ ഈ ഗവൺമെന്റിനെതിരായി നിങ്ങളുടെ ഈ ചെപ്പടിവിദ്യ ജനങ്ങളുടെ ഇടയിൽ ഏശാൻ പോകുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ, അന്നത്തെ സാമ്പത്തിക പശ്ചാത്തലം ആർക്കും നിഷേധിക്കാൻ പറ്റുകയില്ല. ഇവിടെ പ്രൊഫ. എ. വി. താമരാക്ഷൻ ചില കാര്യങ്ങൾ പറഞ്ഞു. കുടിവെള്ളപ്രശ്നങ്ങൾ, പെൻഷനുകൾ ഉൾപ്പെടെ 1991- മുതൽ 1996 വരെ ഭരിച്ച ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വരുത്തിയത് എല്ലാപേർക്കും അറിയാം. ഒരു പെൻഷനും കൊടുത്തില്ല. ക്ഷേമനിധി ആകെ പിരിച്ചു. ഖജനാവ് തകർത്തു. എത്രയോ പ്രാവശ്യം ട്രഷറി പൂട്ടി. അതിനെ സംബന്ധിച്ച് ഇന്നത്തെ ഈ സഭയിൽ പ്രസംഗിച്ചതാണ്. അതെല്ലാം കണ്ണടച്ച് ഇരട്ടാക്കുകയാണ് പ്രതിപക്ഷം. അതെല്ലാം മാറ്റിയെടുത്തുകൊണ്ട് അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. വൈദ്യുതി മേഖലയിലെ മുന്നേറ്റം നമുക്കറിയാം. ഞാൻ വിശദീകരിക്കുന്നില്ല. വ്യാവസായിക-കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള കാര്യങ്ങൾ നമുക്കറിയാം. ഇതെല്ലാംതന്നെ പുത്തൻ സാമ്പത്തിക നയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പശ്ചാത്തലത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയെ ഞെരിച്ചുകൊല്ലുന്ന കേന്ദ്ര സാമ്പത്തിക നയത്തിന്റെ തിക്തഫലം കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന ഘട്ടത്തിൽ പോലും കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. വ്യാവസായിക മേഖലയ്ക്കും കാർഷിക മേഖലയ്ക്കും ഒരുപോലെ എല്ലാറ്റിനും അടിസ്ഥാനമായ വൈദ്യുത മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങളെപ്പറ്റി ഇന്ന് പ്രതിപക്ഷങ്ങൾക്ക് ഒന്നും പറയാനില്ല. ഇവിടെ പറഞ്ഞിട്ടുമില്ല. അതാണ് സത്യം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ തന്നെ 25 ശതമാനമാണ് എന്നാണ് ഇവർ പിന്താങ്ങുന്ന കേന്ദ്ര-ബി.ജെ.പി. ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 42 ശതമാനം വരുന്ന കേരളത്തിലെ ജനങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുന്നതിനാവശ്യമായ ചില നടപടികൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും ജീവിതത്തിൽ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുംവേണ്ടിയുള്ള പരിപാടികൾ ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു ലക്ഷത്തി പതിനേഴായിരം കുടുംബങ്ങൾക്ക് പാർപ്പിടം പൂർത്തീകരിക്കാൻ ഈ അഞ്ചുവർഷക്കാലംകൊണ്ട് നമുക്ക് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് വയനാട്ടിലും, ഇടുക്കിയിലും , കാസർഗോഡുമെല്ലാം പട്ടികജാതിക്കാരുടെ വീട് നിർമ്മിക്കുന്നതിന് ഉള്ള ഫണ്ട് കോൺട്രാക്ടർമാർ അമുക്കിക്കൊണ്ട് പോയിട്ടുള്ള സംഭവങ്ങൾ നിയമസഭാകമ്മിറ്റി പരിശോധിച്ചിട്ടുണ്ടെങ്കിൽ ഈ കാലം കൊണ്ട് ഒരു ലക്ഷത്തിപതിനേഴായിരം വീടുകൾ പൂർത്തിയാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അതുപോലെതന്നെ എസ്.ഇ.പി. കോ-ഓർഡിനേറ്റർമാരായി രണ്ടായിരം ആളുകളെ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ വികസനത്തിന് അവരുടെ സങ്കേതങ്ങളിൽ അവരുടെ പ്രശ്നങ്ങൾ കണ്ടുകൊണ്ട് അവരുടെ സേവനരംഗത്തുള്ള സാമൂഹ്യസേവകൻമാരായി ഈ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട് എന്ന് നിങ്ങൾ ഓർക്കണം. അതുപോലെതന്നെ ഇൻഡ്യൻ എയർലൈൻസിൽ പരിശീലകരാകുന്നതിന് യു.ഡി.എഫ്.ന്റെ കാലത്ത് ഇന്നുവരെ ഇവർക്ക് ഒരു സഹായവും ചെയ്തിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് ഏഴുലക്ഷം രൂപ നൽകിക്കൊണ്ട് ആ രംഗത്ത് ഒരു പുതിയ കാൽവയ്പിനു തുടക്കം കുറിച്ചിരിക്കുകയാണ്. ഈ വിധത്തിലുള്ള നിരവധി പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെല്ലാം കണ്ടുകൊണ്ട് ഭാവിയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ പ്രസംഗിച്ചിട്ടുള്ളത് ഭാവിയുടെ മുന്നേറ്റമാണ്. ആ മുന്നേറ്റം കണ്ട് നിങ്ങൾ വിരളി പിടിക്കേണ്ട. അതുകൊണ്ട് പൂർവ്വാധികം ശക്തിയായി നാം തുടങ്ങിവച്ചിട്ടുള്ള പ്രക്രിയകളെല്ലാം പൂർത്തിയാക്കുന്നതിനുവേണ്ടി ഇടതുപക്ഷജനാധിപത്യമുന്നണി പൂർവ്വാധികം ശക്തിയായി തിരിച്ചു വരുമെന്ന സത്യംകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ നയപ്രഖ്യാപന പ്രസംഗത്തോടനുബന്ധിച്ചുള്ള നന്ദിപ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. ഒരു വികസ്വര രാജ്യത്തിന്റെ ജനങ്ങളുടെ അടിയന്തിരമായ ആവശ്യമെന്നു പറയുന്നത് ഭക്ഷണം, പാർപ്പിടം, ഊർജം തുടങ്ങിയവയാണ്. വികസന രാജ്യങ്ങളുടെ ആവശ്യങ്ങൾ അതിന്റെ വികസനത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ഇൻഡ്യ ഒരു വികസ്വര രാജ്യമാണ്. പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഒരു നാട്. ആ നാടിന്റെ ഇന്നത്തെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ മുഖ്യം ഭക്ഷ്യം തന്നെയാണ്. അതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. അത്താഴം ഉണ്ണാതെ ഒരാൾ ഉറങ്ങാൻ നിർബന്ധിതമാകുന്ന സാഹചര്യം അപമാനകരമാണ്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം അതാർക്കും അറിയാവുന്ന ഒരു കാര്യമാണ്. അത്താഴം മുട്ടിക്കാനുള്ള പരിശ്രമങ്ങൾ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി കേരളത്തിലും സംഭവിച്ചിരിക്കുകയാണ്. ഇപ്പോൾ അതിനെ നേരിടുന്നതിനുവേണ്ടി വളരെ ശക്തമായ രീതിയിൽ പൊതുവിതരണ സമ്പ്രദായത്തെ ബലപ്പെടുത്തിക്കൊണ്ടും പൊതുവിതരണ സമ്പ്രദായം ജനങ്ങളിൽ എത്തിക്കുന്നതിന് പഞ്ചായത്തുതലങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിലെല്ലാം തന്നെ അതിനുള്ള സംവരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും നടത്തിയ പരിശ്രമങ്ങളുടെ ഫലമായി വാസ്തവത്തിൽ ഇന്ന് ഭക്ഷണം കഴിക്കാത്തവർ കേരളത്തിൽ ഇല്ലെന്നുള്ളതാണ് സത്യം. അത് സാദ്ധ്യമായത് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ ദൃഢനിശ്ചയത്തോടുകൂടിയുള്ള സമീപനംകൊണ്ടു തന്നെയാണ്. വേറെ കാരണമല്ല. ഇവിടെ നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ഏറ്റവും വലിയൊരു പ്രതിസന്ധിയിൽ എത്തിയിരിക്കുന്ന കാലമാണ്. എല്ലാവർക്കും റേഷൻ കൊടുക്കേണ്ട, അതിന്റെ ആവശ്യമില്ലെന്നുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് വളരെ ശക്തമാക്കിയിരിക്കുകയാണ്. എന്നാൽ ഈ ഒരു വഴി തുറന്നു കൊടുത്തത് ആരാണ് ? സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് വേണ്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു മാത്രം നൽകിയാൽ മതി എന്നുള്ള ആശയം ആവിഷ്ക്കരിച്ചതിന്റെ മുഖ്യ പങ്കാളി നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി തന്നെയാണ്. ശ്രീ. എ. കെ. ആന്റണി സിവിൽസപ്ലൈസ് മന്ത്രിയാകാനുള്ള സാഹചര്യംകൂടെ പരിശോധിച്ചു നോക്കുമ്പോഴാണ് അതിന്റെ വൈക്ലബ്യം നമുക്ക് മനസ്സിലാകുന്നത്. ശ്രീ. നരസിംഹറാവു തന്റെ ഭരണം നിലനിർത്താൻവേണ്ടി ആറു കോടി രൂപ കോഴകൊടുത്ത് ആൾക്കാരെ പിടിച്ചുനിർത്തിയ ഒരു മന്ത്രിസഭയിലെ അംഗമാകാനാണ് അദ്ദേഹത്തിന് യോഗമുണ്ടായത്. ആ യോഗത്താൽ സിവിൽസപ്ലൈസ് മന്ത്രിയായി. ആ മന്ത്രിസഭയിലെ തീരുമാനമാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ആവശ്യമില്ല എന്നത്. അത് ഈ കേരളത്തിൽ നടപ്പാക്കിയേ അടങ്ങൂ എന്നുള്ള വാശിയോടുകൂടി നടപ്പിലാക്കാൻ തയ്യാറായത് ഇടതുപക്ഷ സർക്കാരാണ്. എനിക്ക് പെട്ടെന്ന് ഇതു തോന്നാൻ കാരണം, കഴിഞ്ഞ രണ്ടുമൂന്നു ദിവസം മുമ്പ് ഞങ്ങളുടെ ജില്ലയിൽ ഒന്നുരണ്ടു മാവേലി സ്റ്റോറുകൾ ഉദ്ഘാടനം ചെയ്യാൻ ബഹുമാന്യനായ മന്ത്രി എത്തിയപ്പോൾ അതിൽ പങ്കെടുത്ത ആളുകളുടെ ഉത്സാഹം കണ്ടതാണ്. ബഹുമാനപ്പെട്ട കെ. കെ. നായർ സാറും ഉണ്ടായിരുന്നു. ആയിരക്കണക്കിന് ആളുകൾ വന്നു. ഇതൊക്കെ അനുഭവപരമായിട്ടുള്ള കാര്യമാണ്. പൊതുവിതരണ സമ്പ്രദായത്തിലൂടെ

അവശ്യസാധനങ്ങളുടെ വിതരണം സാധ്യമാക്കാൻ താരതമ്യേന വിലക്കയറ്റത്തെ തടഞ്ഞുനിർത്താൻ കഴിഞ്ഞു എന്നുള്ളതാണ് ഒരു വലിയ നേട്ടം. വോറൊന്ന്, പാർപ്പിട പ്രശ്നമാണ്. പാർപ്പിടത്തിനുവേണ്ടത് ഭൂമിയാണ്. അതിനുശേഷമാണ് പാർപ്പിടം. "താനും ഒരു ഭൂവുടമയാണ്. തനിക്കും ഒരു 4 സെന്റ് ഭൂമി സ്വന്തമായിട്ടുണ്ട്. അതിന്റെ അധിപതിയാണ് താൻ" എന്ന് ഒരു നാട്ടിലെ ജനത്തിന് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന ഒരവസ്ഥ വലുതാണ്. വളരെ നിഷ്പക്ഷമായി പറയുകയാണ്. വികസനത്തിന്റെ കണക്കുകളൊക്കെ സംസാരിക്കാൻ സമയം ലഭ്യമല്ലാത്തതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. കണക്കല്ല, അനുഭവമാണ്. അനുഭവമാണ് ഏറ്റവും വലിയ അദ്ധ്യാപകൻ. ഈ കഴിഞ്ഞ നാലേമുക്കാൽ വർഷം കൊണ്ടുതന്നെ ഏതാണ്ട് മൂന്നര ലക്ഷം ആളുകൾക്ക് പട്ടയം കൊടുത്തു. പണ്ടേ മിച്ചഭൂമിയായി കിടന്ന ഭൂമിക്ക് പട്ടയം കൊടുത്തത് ഈ കാലഘട്ടത്തിലാണ്. പാർപ്പിടനിർമ്മാണ രംഗത്ത് ഒരു വലിയ കുതിച്ചുകയറ്റം ആണ് സംഭവിച്ചിട്ടുള്ളത് എന്നുള്ള കാര്യവും എല്ലാവർക്കും അറിയാവുന്നതാണ്. പിന്നെ വൈദ്യുതിയുടെ കാര്യം, ഇവിടെ പ്രതിപക്ഷത്തു നിന്നും പറഞ്ഞുകേട്ടത് ഇവിടെ യാതൊരു വികസനവും സംഭവിച്ചില്ല എന്നാണ്. മുമ്പുണ്ടായിരുന്ന ഇടതുമുന്നണി സർക്കാരിന്റെ സമീപനങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായി പുതിയ ഒരു സമീപനത്തോടു കൂടിയുള്ള വികസനം എല്ലാ തട്ടുകളിലേക്കും വ്യാപിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളതിന്റെ ഒരു അനുഭവസ്ഥനാണ് ഞാൻ. ഞാൻ ആദ്യമായാണ് എം.എൽ.എ. ആകുന്നത്. ആറൻമുള നിയോജകമണ്ഡലത്തിൽ വൻകിട വികസനപദ്ധതികൾ ഉൾപ്പെടെ കോടിക്കണക്കിനു രൂപയുടെ വികസനം സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എനിക്ക് അനുഭവമുണ്ട്. ശ്രീ. കെ. കെ. നായർ ഒരു പുസ്തകം ഇറക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേട്ടങ്ങളേയും വികസനത്തേയും കുറിച്ചുള്ള പുസ്തകം. അതിന്റെ ഒരു കോപ്പി കെ. കെ. നായർ സാർ സുഹൃത്തുക്കൾക്കു കൊടുക്കണം. വിവരങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്. വികസനം എന്നുപറയുന്നത് ഇതിനുമുമ്പ് ഉണ്ടാകാത്ത തരത്തിൽ എല്ലാ മേഖലയിലും ഉണ്ടായിട്ടുണ്ട്. അതുപോലെ സ്വസ്ഥമായിട്ട് ജീവിക്കാനുള്ള സ്ഥലം. കേരളം ആയതുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ വന്ന് ഒരാഴ്ച സ്വസ്ഥമായിട്ട് ജീവിച്ചിട്ട് പറഞ്ഞിട്ട് പോയത്, എല്ലാ രാജ്യവും ദൈവത്തിന്റെ രാജ്യമാണ്. എന്നാൽ കേരളം ദൈവത്തിന്റെ സ്വന്തം രാജ്യമാണ് എന്ന് അദ്ദേഹത്തെ പറയാൻ നിർബന്ധിതനാക്കിയത് ഇടതുപക്ഷ സർക്കാരിന്റെ നേതൃത്വത്തിൽ ഇവിടെ നടക്കുന്ന സാമൂഹ്യ സാംസ്ക്കാരിക അന്തരീക്ഷത്തിന്റെ സ്വച്ഛതകൊണ്ടാണ് എന്നുള്ള കാര്യത്തിൽ തർക്കമില്ല. വളരെ സാമ്പത്തികമായ പ്രതിസന്ധികളുടെ നടുവിൽ, മുന്നോട്ടു നടക്കാൻ വളരെ പ്രയാസമുണ്ടെങ്കിലും വളരെ പതുക്കെ പതുക്കെ എന്നാൽ വീഴാതെ മുന്നോട്ടു നടന്നുകൊണ്ടാണ് വികസന പ്രവർത്തനങ്ങൾ ചെയ്തത്. ഇങ്ങനെയുള്ള ഈ പ്രവൃത്തി പ്രതിപക്ഷത്ത് ഇരിക്കുന്നവർക്ക് നിരാശയുണ്ടാക്കുന്നതാണ്. അതിന്റെ ഫലമായിട്ടാണ് 1959-ലെ പോലെ 'വി' മാറ്റിയെങ്കിലും മോചനയാത്ര തുടങ്ങിയത്. ഒറ്റവാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്താം അത് 'കോഴി കോട്ടുവായ് ഇട്ടതുപോലുള്ള എഫക്ടേ ' നാടിനുണ്ടാകൂ. അതുകൊണ്ട് ദിവാസ്വപ്നം കാണാതെ

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ച് അതിനെ ക്രിയാത്മകമായ രീതിയിൽ നോക്കിക്കണ്ട് മുന്നോട്ടു പോകുന്നതാണ് നാടിനു നല്ലത്. അതുകൊണ്ട് അതിന് എല്ലാവരും സഹകരിക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. രാജു എബ്രഹാം : സർ, നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പ്രതിസന്ധിയിലൂടെ പ്രതിസന്ധി തരണം ചെയ്തുകൊണ്ട് ഈ ഗവൺമെന്റ് 5-ാം വർഷം പൂർത്തിയാക്കാൻ പോവുകയാണ്. ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ, അതായത്, 1996 5-ാം മാസം കേരള കൗമുദി ഒരു വാർത്ത എഴുതിയിരുന്നു. കടക്കെണിയിലായിരുന്ന കേരളത്തെ കരകയറ്റാൻ ഈ ആഴ്ച അധികാരം ഏൽക്കുന്ന ഇടതുമുന്നണി ഗവൺമെന്റിന് ഏറെ പാടുപെടേണ്ടി വരും. പ്രതിസന്ധി തുടക്കത്തിലെ അനുഭവപ്പെട്ട് ആ പ്രതിസന്ധിയിൽ നിന്നും ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കരകയറി അതിന്റെ ഫലമായി കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു. എന്റെ മണ്ഡലത്തിൽ മാത്രം 90 കോടിയിലധികം രൂപയുടെ വികസനമുണ്ടായി. എല്ലാം പൂർത്തിയായി. കേരള ത്തിൽ ഏറ്റവും വേഗത്തിൽ പൂർത്തിയാക്കിയ പാലമാണ് റാന്നി പാലം. ശബരിമലയിലെ കണക്ക് ഉൾപ്പെടുത്താതെയാണ് ഞാൻ സൂചിപ്പിച്ചത്. നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ ക്രമസമാധാന പരിപാലന കാര്യത്തിൽ കേരളം കൈവരിച്ച നേട്ടത്തെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ യു.ഡി.എഫ്. ഭരിച്ചിരുന്ന സമയത്ത് 113 വെടിവയ്പുകളുണ്ടായി. 18 ആളുകൾ അവിടെ പിടഞ്ഞു വീണു മരിച്ചു. എൽ.ഡി.എഫ്. ഭരിച്ചപ്പോഴോ ? ആകെയുണ്ടായ വെടിവയ്പ്പ് 42 മാത്രം. ഒരാൾക്കുപോലും പരിക്കില്ല. ഒരാൾ പോലും മരിച്ചിട്ടില്ല. പ്രതിസന്ധികളുണ്ടാകുമ്പോൾ ഏതുരൂപത്തിലാണ് അത് കൈകാര്യം ചെയ്യുന്നത് ? ടി.വി.പുരത്തും വർക്കലയും എന്താണുണ്ടായത് ? ടി.വി.പുരത്ത് വാളെടുത്ത കക്ഷികളെ ഒരു മേശയ്ക്കു ചുറ്റുമിരുത്തി സംസാരിച്ച് പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. അതോടൊപ്പം തന്നെ പോലീസ് നടപടിയുണ്ടായി. വർക്കല ശിവഗിരിക്കുന്നുകളിൽ പുലർച്ചെ നാലുമണിക്ക് രണ്ടായിരത്തിലധികം പോലീസുകാർ ഇരച്ചുകയറി. ശാരദാമഠത്തിൽ പ്രാർത്ഥനനിരതരായിരുന്ന സന്യാസിശ്രേഷ്ഠന്മാരുടെ തലകളടിച്ചുപൊളിച്ചപ്പോൾ ആ സിരകളിൽ നിന്ന് ചിതറി വീണ ചുടുരക്തം ശ്രീ. നാരായണ ഗുരുദേവന്റെ ചിത്രങ്ങളിൽ ആലേഖനം ചെയ്ത രൂപത്തിലുള്ള ചിത്രമായിരുന്നു യു.ഡി.എഫ്.ന്റെ ഭരണകാലത്തുണ്ടായത്. അവിടെ പ്രതിസന്ധി പൂർണ്ണമായും പരിഹരിച്ചിട്ടില്ല. പക്ഷേ ഇടതുപക്ഷജനാധിപത്യമുന്നണി ഭരിക്കുമ്പോൾ ഇവിടെ സമാധാനപരമായ സ്ഥിതിയാണ്. യു.ഡി.എഫ്. അധികാരത്തിൽ ഉണ്ടായിരുന്നപ്പോൾ 1,201 വർഗ്ഗീയ സംഘട്ടനകൾ ഈ കൊച്ചു കേരളത്തിൽ നടന്നു. ഇപ്പോൾ അഞ്ചുവർഷക്കാലം കൊണ്ട് 95 വർഗ്ഗീയ സംഘർഷങ്ങൾ മാത്രമാണുണ്ടായത്. യു.ഡി.എഫ്.ന്റെ കാലത്ത് 40 ആളുകൾ കൊല്ലപ്പെട്ടു. ഇപ്പോൾ കേരളത്തിൽ ആരും കൊലചെയ്യപ്പെട്ടില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ വർഗ്ഗീയ സംഘട്ടനം നടത്തിയ കൊലയാളികളെല്ലാം എവിടെയാണ് ? അങ്ങനെയുള്ളവരെ അടിച്ചമർത്താൻ ശ്രീ. ഇ. കെ. നായനാരുടെ പോലീസിന് കഴിയുമെന്നതാണ് പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വസ്തുത. അന്ന് കലാപകാരികൾക്ക് ക്ലിഫ് ഹൗസിലാണ് സംരക്ഷണം നൽകിയിരുന്നതെങ്കിൽ ഇന്ന് കലാപകാരികളെ ജയിലറയ്ക്കുള്ളിൽ അടയ്ക്കുന്ന കാലഘട്ടമുണ്ടായിരിക്കുന്നു. ഇവിടെ ശ്രീ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ വൈപ്പിൻ ദുരന്തവും ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ മട്ടാഞ്ചേരി ദുരന്തവുമുണ്ടായി. ഇപ്പോൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കല്ലുവാതുക്കൽ ദുരന്തമുണ്ടായി. പക്ഷെ ഇതിലെടുത്ത സമീപനമെന്താണ് ? മട്ടാഞ്ചേരിയിലും വൈപ്പിനിലും കേസുകൾ ചാർജ്ജു ചെയ്ത് കുറ്റപത്രം കോടതിയിൽ കൊടുക്കാൻ രണ്ടുവർഷമെടുത്തുവെങ്കിൽ, കല്ലുവാതുക്കൽ ദുരന്തമുണ്ടായപ്പോൾ രണ്ടു മാസത്തിനുള്ളിൽ കുറ്റപത്രം കൊടുത്തുവെന്നതാണ് വ്യത്യാസം. ഇപ്പോൾ പ്രതികളെ പിടിച്ചുവെന്നു മാത്രമല്ല ശ്രീ. രഘുചന്ദ്രപാൽ ഉൾപ്പെടെയുള്ള എക്സൈസ് മന്ത്രിമാർ ഇരുന്ന കാലഘട്ടത്തിൽ ഉണ്ടാക്കിയ ഭൂഗർഭഅറകൾ ഒക്കെ മന്ത്രി ശിവദാസമേനോന്റെ കാലഘട്ടത്തിൽ പൊളിച്ചെടുത്ത് പ്രതികളെ മുഴുവൻ കോടതിയിലെത്തിക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നു. ഈ ഗവൺമെന്റ് നിശ്ചയ ദാർഢ്യത്തോടുകൂടി മുന്നോട്ടു പോവുകയാണ്. സർ, കേരളകൗമുദി ദിനപത്രത്തിലെ ഒരു വാർത്ത ഞാൻ വായിക്കുകയാണ്:"കല്ലുവാതുക്കൽ ദുരന്തമുണ്ടായ ദിവസം കോൺഗ്രസിന്റെ ഒരു പാർലമെന്റ് മെമ്പർ ഡൽഹിയിൽ നിന്ന് തിരുവനന്തപുരത്തെത്തി. പാച്ചല്ലൂരിലെ വ്യാജൻ നടത്തുന്ന ഒരു ഹോട്ടലിൽ പോയി ഒളിവിൽ കഴിയുന്നവരെ സന്ദർശിച്ച് മടങ്ങിപ്പോയി." ഇത് ദേശാഭിമാനി പത്രത്തിലുള്ളതല്ല, കേരള കൗമുദിയിലുള്ളതാണ്. കല്ലുവാതുക്കൽ ദുരന്തമുണ്ടായതിന്റെ മൂന്നുദിവസം കഴിഞ്ഞപ്പോൾ എഴുതിയ വാർത്തയാണ്. ആ വാർത്തയിൽ പറയുന്നത്, 'മെഡിക്കൽ കോളേജിൽ അട്ടിവച്ചിരുന്ന മൃതദേഹങ്ങൾ പോലും കാണാൻ നേതാവ് തയ്യാറായില്ല എന്നാണ്. ഇതെല്ലാം കൂടി വായിക്കുമ്പോൾ ഇവിടെ ശ്രീ. അനിരുദ്ധൻ നടത്തിയ പ്രസംഗത്തിൽ പറയുന്ന കാര്യങ്ങൾ മനസ്സിലാകും. അവിടെ ഡി.സി.സി. സെക്രട്ടറിയായിരുന്ന ഓമനക്കുട്ടൻ കിളിമാനൂരിലെ ഹോട്ടലിൽ പോയി മദ്യപിച്ച് മരണമടഞ്ഞു. ആ സംഭവത്തിന്റെ പേരിൽ ഹോട്ടൽ അടിച്ചുതകർത്തു. ഇപ്പുറത്ത് 17 ആളുകളെ കൊലചെയ്യാനിടവരുത്തിയ ഹയറുന്നീസയുടെ വീടിനുനേരെ ഒരു കല്ലുപോലും എടുത്തെറിയാൻ ഇവിടെ പ്രകടനം നടത്തിയ കോൺഗ്രസ് സ്നേഹിതർ തയ്യാറായില്ല. മിനിഞ്ഞാന്നത്തെ മാതൃഭൂമി ദിനപത്രത്തിലെന്താണ് ? കോളിളക്കം സൃഷ്ടിച്ച കല്ലുവാതുക്കൽ വിഷമദ്യദുരന്തത്തെപ്പറ്റി അന്വേഷിക്കാൻ ഒടുവിൽ ഒരു സിറ്റിംഗ് ജഡ്ജി തന്നെ എത്തിയിട്ടും തെളിവ് നൽകാൻ കോൺഗ്രസ് (ഐ) ഉൾപ്പെടെയുള്ള ഒറ്റ പ്രതിപക്ഷകക്ഷിയും ഉണ്ടായില്ല. തെളിവുനൽകാനും കക്ഷി ചേരാനും ജസ്റ്റിസ് എൻ. പി. മോഹൻകുമാർ കമ്മിഷൻ നൽകിയിരുന്ന സമയപരിധി ഫെബ്രുവരി 13ന് അവസാനിച്ചു. ഇതെല്ലാംകൂടി കൂട്ടിവായിക്കുമ്പോൾ ആരാണ് ഇത്തരം ശക്തികളെ വളർത്തുന്നതിന് സഹായിക്കുന്നത് എന്നുള്ളത് വളരെ നിസ്സാരമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇവിടെ ശ്രീ. കടമ്മനിട്ട ക്രമസമാധാനത്തിന്റെ കാര്യം സൂചിപ്പിച്ചു. വെടിയൊച്ച കേൾക്കാതെ ഉറങ്ങാൻ പ്രധാനമന്ത്രിയായശേഷം ശ്രീ. വാജ്പേയിക്ക് സാധിച്ചത് അദ്ദേഹം കുമരകത്തു വന്നതിനുശേഷം മാത്രമാണ്. ശ്രീമതി സോണിയാ ഗാന്ധി എന്താണു ചെയ്യുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സോണിയാ ഗാന്ധി വിശ്രമിക്കാൻ സ്ഥലം തെരെഞ്ഞെടുക്കുകയാണെങ്കിൽ ലക്ഷദ്വീപുമാത്രമേ തെരെഞ്ഞെടുക്കൂ. കാരണം ലക്ഷദ്വീപ് കേരളത്തിനടുത്താണ്. കേരളം സമീപത്തുണ്ട് എന്നുള്ള ആത്മവിശ്വാസമാണ് ബഹുമാനപ്പെട്ട സോണിയാ ഗാന്ധി ലക്ഷദ്വീപിൽ വിശ്രമസങ്കേതം തെരെഞ്ഞെടുക്കാൻ വേണ്ടിയുള്ള ചിന്തയുണ്ടാക്കുന്നത്. പിതാവിന്റെ സാമീപ്യം ഉണ്ടായാൽ കുട്ടികൾക്ക് ആത്മവിശ്വാസമുണ്ടാകും. ഇവിടെ കേരളം ഭരിക്കുന്ന മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാരുടെ സാമീപ്യമുണ്ടെങ്കിൽ സ്വാഭാവികമായും ആത്മവിശ്വാസത്തോടുകൂടി വിശ്രമകേന്ദ്രത്തിലെത്താൻ ശ്രീമതി സോണിയാ ഗാന്ധി തയ്യാറാകുന്നുണ്ടെങ്കിൽ അതിനെ തീർച്ചയായു സ്വാഗതം ചെയ്യുകയാണുവേണ്ടത്. ശ്രീ. പി. ജെ. ജോയി സംസാരിച്ചപ്പോൾ ഇവിടെ 'അഴിമതി കാണിക്കുന്ന മന്ത്രിമാർ' എന്നുപറയുകയുണ്ടായി. പക്ഷെ ഞങ്ങൾക്ക് വളരെ വ്യക്തമായി സൂചിപ്പിക്കാനുള്ള കാര്യം ഒരൊറ്റമന്ത്രിക്കെതിരെപ്പോലും കോടതിയിൽ കേസ് ഫയൽ ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലാ എന്നാണ്. അപ്പുറത്താണെങ്കിൽ 7 മുൻ മന്ത്രിമാരാണ് ജയിലറ കാത്തുകഴിയുന്നത്. 5 വർഷത്തിനുമുമ്പ് ഇവിടെയുള്ള അനുഭവം തികച്ചും വ്യത്യസ്തമായിരുന്നു. ഇപ്പോൾ ഒരു മന്ത്രിക്കെതിരെ പോലും നിങ്ങൾക്ക് കേസെടുക്കാൻ കഴിഞ്ഞിട്ടില്ല. ആ ഏഴു മന്ത്രിമാരുടെ കൂടെയാണ് ഇപ്പോൾ അഡീഷണലായിട്ട് ബഹുമാനപ്പെട്ട താമരാക്ഷന്റെ പേരുകൂടി ഉൾപ്പെടുത്തേണ്ട സ്ഥിതിവിശേഷം പോലീസിന് ഉണ്ടായിരിക്കുന്നത്. ലോകത്തിൽ കറണ്ടു വിഴുങ്ങുന്ന മന്ത്രിമാരെ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ ? കറണ്ടു വിഴുങ്ങുന്ന മന്ത്രിമാരും കുഴൽ വിഴുങ്ങുന്ന മന്ത്രിമാരുമുണ്ട്. അങ്ങനെയുള്ള എല്ലാ കക്ഷികളും കൂടിയിരുന്ന ആ മന്ത്രിസഭയെപ്പറ്റി ഇവിടെ ശ്രീ. ജയരാജൻ സൂചിപ്പിച്ചു. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ കണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത എന്താണ് ? ഇവിടെ നാല് ബഡ്ജറ്റുകൾ അവതരിപ്പിച്ചു. നാളെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോവുകയാണ്. നാല് ബഡ്ജറ്റുകൾ അവതരിപ്പിച്ച പ്പോഴും ഇതുവരെ കേരളത്തിൽ ഒരു ജനകീയ സമരം ഉയർന്നിട്ടില്ല. അതാണ് കേരളം കണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജനങ്ങളുടെ നേരെ പാപഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റായിരുന്നില്ല നാലു വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി അവതരിപ്പിച്ച ബഡ്ജറ്റ്. കേരളത്തിൽ ഇങ്ങനെ ബഡ്ജറ്റ് അവതരിപ്പിക്കാൻ വേറെ ഏതെങ്കിലും ഒരു ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ ? ഞാൻ ബഹുമാനപ്പെട്ട ആന്റണിയുടെ മോചനയാത്രയുടെ പ്രസംഗം ശ്രദ്ധിച്ചു. വിലക്കയറ്റം എന്നുപറയുന്ന മുദ്രവാക്യം വിലക്കയറ്റം, എന്നുപറയുന്ന ആരോപണം പ്രതിപക്ഷനേതാവ് ഉന്നയിച്ചിട്ടില്ല. കേരളത്തിൽ ഈ രൂപത്തിൽ വിലക്കയറ്റം ഉണ്ടാകാതിരിക്കുന്നത് ഇവിടെ മാജിക് വടിയുള്ളതുകൊണ്ടല്ല. ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായരെ ഞാൻ അഭിനന്ദിക്കുകയാണ്. 210 കോടിരൂപയാണ് മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കൊടുത്തിരിക്കുന്നത്. 370 കോടി രൂപ റേഷനരിക്ക് സബ്സിഡിയായി കൊടുത്തിരിക്കുന്നു.580 കോടി രൂപ കേരളത്തിൽ 5 വർഷക്കാലം ചെലഴിച്ചുകൊണ്ടാണ് വിലക്കയറ്റം എന്ന മുദ്രാവാക്യം ഉയർത്താൻ യു.ഡി.എഫ്.-ന് കഴിയാതിരുന്ന സാഹചര്യം ഈ കേരളത്തിലുണ്ടായത്. തലയിൽ കൈവച്ചിട്ട് കാര്യമില്ല. നിങ്ങൾ ഇറങ്ങിപ്പോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

12 രൂപ 50 പൈസയായിരുന്നു പൊതുമാർക്കറ്റിൽ അരിയുടെ വില. ഇപ്പോൾ വിലയിൽ വ്യത്യാസമുണ്ടോ ? നാമമാത്രമായ വ്യത്യാസമുണ്ട്. ഞാൻ നിഷേധിക്കുന്നില്ല. ഇപ്പോൾ ഞങ്ങൾ അധികാരത്തിൽ വരികയാണെങ്കിൽ ഇൻഫർമേഷൻ രംഗത്ത് വൻപിച്ച വികസനമുണ്ടാക്കുമെന്ന് പറയുന്നു. പൊട്ടിത്തെറിയുണ്ടാക്കും ! എന്താണ് ടെക്നോപാർക്കിന്റെ സ്ഥിതി ? 1987-91-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇറങ്ങിപ്പോകുമ്പോൾ ടെക്നോപാർക്ക് ഉദ്ഘാടനം ചെയ്തിട്ടാണ് പോയത്. നിങ്ങൾ എന്താണു ചെയ്തത് ? നിങ്ങൾ 5 വർഷക്കാലം കൊണ്ട് ടെക്നോപാർക്കിൽ ആരംഭിച്ച വ്യവസായങ്ങളുടെ എണ്ണം 10 ആണ്. ഇപ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണി വന്നപ്പോൾ 43 യൂണിറ്റുകളുണ്ട്. നേരത്തെയുള്ള പത്തു യൂണിറ്റുകളുടെ കൂടെ ചേർത്ത് ഇപ്പോൾ 53 യൂണിറ്റുകളുണ്ട്. കൂടാതെ കൊച്ചിയിൽ ഹൈടെക്നോപാർക്ക്. ഹൈദരാബാദിൽ നായിഡു മോഡൽ ഹൈടെക്നോപാർക്ക് ആരംഭിക്കാനുള്ള എല്ലാ നടപടികളും പൂർത്തിയായിരിക്കുന്നു. തെരഞ്ഞെടുപ്പു പ്രഖ്യാപനം നീണ്ടാൽ ഉദ്ഘാടനം നടക്കും. ജനകീയാസൂത്രണത്തെപ്പറ്റി പ്രസംഗിക്കാൻപോലും കഴിയുകയില്ലെന്ന് ചില മെമ്പർമാർ സൂചിപ്പിച്ചു. ഞാൻ ജനകീയാസൂത്രണത്തിന്റെ എല്ലാ നേട്ടങ്ങളിലേക്കൊന്നും കടക്കുന്നില്ല. കേരളത്തിൽ ഹൗസിംഗ് ബോർഡിന്റെ ഉൾപ്പെടെ സഹായത്തോടെ 5 ലക്ഷം വീടുകൾ. ലോകത്തിൽ ഇങ്ങനെ ഒരു സംസ്ഥാനമുണ്ടോ ? 17,000 പുതിയ റോഡുകൾ, പഴയ ഒരു പാട്ടുണ്ട്, 'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാനിടമില്ല' എന്ന് ആ പാട്ട് പഴയ പാട്ടായിട്ടുപോയി. ഇപ്പോൾ പുതിയ പാട്ട് വന്നിരിക്കുന്നു. 'ടാറിട്ട റോഡാണേ, റോഡിനരികാണേ, ഓടിട്ട വീടാണേ, വീടിനടയാളം ശീമക്കൊന്ന'-ഇന്ന് റോഡരുകിൽ താമസിക്കാൻ പാവപ്പെട്ടവന് കഴിയുന്നു. ഓടിട്ട വീട്ടിൽ താമസിക്കാൻ പാവപ്പെട്ടവന് കഴിയുന്ന ഒരു അന്തരീക്ഷം ഇന്ന് ഈ കൊച്ചുകേരളത്തിൽ ഉണ്ടായി.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ടാറിട്ട റോഡിലൂടെ വീട്ടിലേക്ക് പോകുവാനുള്ള അന്തരീക്ഷം ഉണ്ടാക്കി എന്നതുതന്നെ ഒരു വലിയ വ്യത്യാസമാണ്. ആ വ്യത്യാസം അംഗീകരിക്കാനുള്ള മാനസികാവസ്ഥ നിങ്ങൾക്ക് ഉണ്ടാകണം. അങ്ങനെ വരുമ്പോൾ സ്വാഭാവികമായിട്ട് കുറച്ച് പണം ചെലവഴിച്ചിട്ടുണ്ടാകാം. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതിമൂലം ഉൽപ്പന്നങ്ങളുടെ വിലയിൽ തകർച്ചയുണ്ടായി. ഇവിടെ ആദ്യം പ്രസംഗിച്ച ബഹുമാനപ്പെട്ട പി.പി.തങ്കച്ചൻ ഒരു ടേബിൾ അവതരിപ്പിച്ചു. ആ ടേബിളിൽ അദ്ദേഹം പറഞ്ഞ ഒറ്റക്കാര്യം മാത്രമേ സത്യമായിട്ടുള്ളൂ. റബ്ബറിന്റെ കാര്യം മാത്രം. അദ്ദേഹം ബാക്കി കള്ളം പറഞ്ഞു എന്ന് ഞാൻ പറയുന്നില്ല. ഏറ്റവും കൂടുതൽ വിലക്കയറ്റം വന്നിട്ടുള്ള കാലഘട്ടം എന്നതിനു മലയാളമനോരമ പത്രത്തിന്റെ മുഖപ്രസംഗം മാത്രം ഉദാഹരണമായി എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്താണ് മലയാള മനോരമ പത്രം പറഞ്ഞിരിക്കുന്നത് ? 1998-ലാണ് തേയിലയ്ക്ക് ഏറ്റവും കൂടുതൽ വില ഉയർന്നത്, കിലോയ്ക്ക് 80 രൂപ. കാപ്പിയുടെ ഉയർന്ന വില 1997-ൽ 120 രൂപ. ഇന്ന് അത് 22 രൂപയായി. കുരുമുളകിന്റെ ഏറ്റവും ഉയർന്ന വില 1999 നവംബറിൽ 26,200 രൂപ. 1999-ൽ

LIBRARY ARCHIVES Kerala Legislative Assembly

100 കിലോയ്ക്ക് 1,600 രൂപ ഉണ്ടായിരുന്ന അടയ്ക്കയ്ക്ക് ഇന്ന് 500 രൂപയേയുള്ളൂ. മലയാളമനോരമ പത്രത്തിന്റെ എഡിറ്റോറിയലിൽ പറഞ്ഞിരിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ ഇവിടെ പ്രസംഗം തുടങ്ങിവച്ചത് തന്നെ എന്ത് അർത്ഥത്തിലാണ് ? 1999 കഴിഞ്ഞ് എങ്ങനെ ഈ വില താഴോട്ടു പോയി ? അപ്പോഴാണ് 740 ഉൽപ്പന്നങ്ങൾ ഇൻഡ്യാ രാജ്യത്ത് ഇറക്കുമതി ചെയ്യാനുള്ള ഇൻഡ്യാ ഗവൺമെന്റിന്റെ തീരുമാനം. ആ തീരുമാനം 1991-ലെ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടുണ്ടായതാണ്. റബ്ബറിന്റെ വില എന്തുകൊണ്ടാണ് ഇതിൽ നിന്ന് വ്യത്യസ്തമായത് ? റബ്ബറിന്റെ കാര്യത്തിൽ മാത്രം ഓപ്പൺ ജനറൽ ലൈസൻസ് ഇൻഡ്യാ രാജ്യത്ത് ടയർ കമ്പനി ഉടമകൾക്ക് നൽകി. ആര് ? ഇവിടത്തെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി ഉൾപ്പെടുന്ന ക്യാബിനറ്റ് യോഗത്തിലാണ് റബ്ബറിന് ഓപ്പൺ ജനറൽ ലൈസൻസ് നൽകുവാൻ തീരുമാനിച്ചത്. അങ്ങനെ 70 രൂപ വില ഉണ്ടായിരുന്ന റബ്ബർ ഒറ്റയടിക്ക് 25 രൂപയിലേക്ക് താണു. ബാക്കിയുള്ള ഉൽപ്പന്നങ്ങൾക്ക് വില ഉയർന്നു നിന്നു. അങ്ങനെ ഉയർന്നു നിന്നപ്പോൾ ആ വില വെട്ടിക്കുറയ്ക്കുവാൻ വീണ്ടും എന്തു ചെയ്തു ? 740 ഉൽപ്പന്നങ്ങൾ ഇൻഡ്യാ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു. ആ തീരുമാനത്തെ ഇൻഡ്യൻ പാർലമെന്റിൽ അനുകൂലിച്ച രാഷ്ട്രീയ പാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. എന്നിട്ടാണ് ഈ നിയമസഭയുടെ അപ്പുറത്ത് ഇരുന്ന് സത്യാഗ്രഹം നടത്തിക്കൊണ്ട് കാർഷിക ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞു എന്ന മുദ്രവാക്യം വിളിച്ച് നാട്ടുകാരെ പറ്റിക്കുവാൻ നോക്കുന്നത്. ഇവിടെ റേഷൻ അരിക്ക് കേന്ദ്രം വില വർദ്ധിപ്പിച്ചപ്പോൾ ആ വർദ്ധിപ്പിച്ച വില കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട രാഷ്ട്രീയ പാർട്ടി ഏതാണ് ? സഖാവ് നായനാരുടെ രാഷ്ട്രീയ പാർട്ടിയാണ്. കേന്ദ്രത്തിൽ ശ്രീ. എ. ബി. വാജ്പേയിക്ക് എതിരെ മുദ്രാവാക്യമില്ല. അദ്ദേഹത്തിനെതിരെ പ്രസംഗം ഇല്ല. എന്നിട്ടും കേരളാ ഗവൺമെന്റ് എന്താണ് ചെയ്തത് ? 50000 ടൺ റബ്ബർ കയറ്റുമതി ചെയ്തു. എത്ര കോടിയാണ് നഷ്ടമായത് ? 100 കോടി രൂപയുടെ നഷ്ടം. ഇവിടെ പ്രഖ്യാപിച്ചിട്ടാണ് അത് ചെയ്തത്. ഇവിടത്തെ കൃഷിമന്ത്രിയും ധനകാര്യമന്ത്രിയും ഈ കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചിട്ടാണ് ഇത് ചെയ്തത്. കേരളത്തിലെ ഗവൺമെന്റിനെക്കൊണ്ട് ഇത്രയേ പറ്റൂ. അതിന് സാമ്പത്തികമായ കുറെ പ്രശ്നം ഉണ്ടായാലും അതു ഈ നാട്ടിൽ വീടില്ലാത്തവനേയും റോഡ് ഇല്ലാത്തവനേയും ഈ നാട്ടിലെ റബ്ബർ കർഷകരെയും സംരക്ഷിക്കുവാൻ ധീരമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് അതിലേക്ക് പോയിട്ടുള്ളത് എന്ന് വളരെ വ്യക്തമായിട്ട് ഇവിടെ സൂചിപ്പിക്കുവാൻ കഴിയും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ ചുരുക്കുകയാണ്. ഇവിടത്തെ പുതിയ ചിത്രം എന്താണ് ? അതുകൂടെ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ മുൻ മുഖ്യമന്ത്രി ബഹുമാനപ്പെട്ട കെ. കരുണാകരന്റെ ഏറ്റവും ഒടുവിലത്തെ പ്രസ്താവന ഞാൻ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അദ്ദേഹം പറഞ്ഞു, ഗ്രൂപ്പു വഴക്കുകൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുന്നു എന്ന്. വളരെ നല്ല കാര്യം. സർക്കാർ സ്കൂളിലെ അവധി കേട്ടിട്ടുണ്ട്. വേനൽ അവധി, ഓണ അവധി, ക്രിസ്മസ് അവധി ഇതൊക്കെ കേട്ടിട്ടുണ്ട്. ഗ്രൂപ്പ് വഴക്കുകൾക്ക് അവധി

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായാണ് കേൾക്കുന്നത്. ഗ്രൂപ്പു വഴക്കിന്റെ അവധി കഴിഞ്ഞുള്ള തിരിച്ചു വരവ് ഉണ്ടാക്കുന്ന സ്ഥിതി എന്തായിരിക്കും ? അടിമൂക്കും എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. അത്തരം ഒരു അനുഭവം കേരളത്തിൽ ഉണ്ടാകണമെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ടോ ? ശ്രീ. എം. എം. ഹസ്സൻ എന്താണ് പറഞ്ഞത് ? "അണ്ണാന്റെ സ്വഭാവമാണ് മുഖ്യമന്ത്രി കരുണാകരന്, മരം കണ്ടാൽ അപ്പോൾ കയറും" എന്നാണ് അദ്ദേഹം പറഞ്ഞത്. അധികാര കസേരയോടുള്ള ശ്രീ. കെ. കരുണാകരന്റെ താൽപ്പര്യത്തെ പരിഹസിക്കുക ആയിരുന്നു അദ്ദേഹം. അതോടൊപ്പം അദ്ദേഹത്തോട് സഹകരിച്ച് സംസാരിച്ച അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ.പി. ടി. തോമസ് എന്താണ് പറഞ്ഞത് ? 'മന്ദബുദ്ധിയായ കിങ്ങിണിക്കുട്ടനെ രാജാവാക്കാനാണ് ശ്രീ. കരുണാകരൻ ശ്രമിക്കുന്നത്. ഇത് അഞ്ചുവർഷത്തെ ഭരണം ഉണ്ടാക്കിയതാണ്. ഒരു പുതിയ ചിത്രമല്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി ചാർജ് എടുത്തപ്പോൾ അദ്ദേഹം പറഞ്ഞത് എന്തായിരുന്നു ? ഞാൻ സത്യവാങ്മൂലം നൽകിയത് മുതൽ പോളിംഗ് ദിവസംവരെ ശ്രീ. കരുണാകരൻ തനിക്കെതിരെ പാരപണിയുകയായിരുന്നു. അട്ടിമറിയായിരുന്നു. അതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യി. ഡി. എഫ്. പരാജയപ്പെട്ടതിന് കാരണമെന്ന് ശ്രീ. എ. കെ. ആന്റണി തുറന്നടിച്ചുകൊണ്ട് ശ്രീ. കെ. കരുണാകരന് മുന്നറിയിപ്പ് നൽകി.

മി. സ്പീക്കർ : ഓർഡർ, ഓർഡർ : സമയം കഴിഞ്ഞു....

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ സൂചിപ്പിച്ചത്. ഇത്തരത്തിലുള്ള ഗ്രൂപ്പുവഴക്കുകൾ കേരളത്തിന്റെ വികസനത്തെ ഇല്ലാതാക്കാനുള്ള ശ്രമമാണ്. അതു കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ടുതന്നെയാണ് കേരളത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എല്ലാ കൂട്ടുകെട്ടുകളും അവിശുദ്ധബന്ധങ്ങളും എതിർത്തുകൊണ്ട് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സഹായിക്കുവാൻ തയ്യാറായത്. ഇനി വരുന്ന തെരഞ്ഞെടുപ്പിലും ഒരു സംശയവും വേണ്ട തയ്യാറാകും. നിരവധി അനുഭവങ്ങളുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട കെ. നാരായണക്കുറുപ്പ് പറഞ്ഞു, 'എന്റെ പാർട്ടി മുന്നണി ഉണ്ടാക്കുകയില്ല' എന്ന്. ആരാണ് ജില്ലാ പഞ്ചായത്ത് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി സന്ധ്യയ്ക്ക് സ്വീകരണം കൊടുത്തത് ? ബി.ജെ.പി.യുടെ ശ്രീ. സി. കെ. പത്മനാഭൻ. സ്വീകരണം കഴിഞ്ഞ് ഒഴിഞ്ഞ അതേ വേദിയിൽ ശ്രീ.കെ. എം. മാണി സ്വീകരണം കൊടുത്തുകൊണ്ട് അതേ മൈക്കിലൂടെ സംസാരിച്ചു. മഹിളാമോർച്ചയുടെ ജില്ലാ സെക്രട്ടറിയാണ് ശ്രീമതി സന്ധ്യ. യു.ഡി.എഫ്.-നും ബി.ജെ.പി.യ്ക്കും ഒരുപോലെയാണ്. മുവാറ്റുപുഴയിൽ എന്താണ് സംഭവിച്ചത് ?

മി. സ്പീക്കർ : ദയവായി പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. രാജു എബ്രഹാം : സർ, മുവാറ്റുപുഴയിൽ നമ്മുടെ നോമിനേഷൻ തള്ളിപ്പോയപ്പോൾ വോട്ടുചെയ്യാൻ പോകണ്ട എന്ന അന്തസ്സായ നിലപാട് ഞങ്ങൾ സ്വീകരിച്ചു. അയ്മനം പഞ്ചായത്തിൽ എന്താണ് സംഭവിച്ചത് ? മാണി ഗ്രൂപ്പിന്റെ വൈസ് പ്രസിഡന്റ് അയ്മനം പഞ്ചായത്ത് ഭരിക്കുന്ന കോട്ടയം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ. കോഴഞ്ചേരി, എന്റെ വീടിന്റെ തൊട്ട് അടുത്ത പഞ്ചായത്താണ്. അവിടെ ആരാണ് ഭരിക്കുന്നത് ? യൂത്ത് ഫ്രണ്ടിന്റെ സംസ്ഥാന കമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. വിക്ടർ ടി. തോമസ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മഹിളാമോർച്ചയുടെ, ബി.ജെ.പി.യുടെ ശ്രീമതി ബിന്ദു പ്രസാദാണ് ജില്ലാ വൈസ് പ്രസിഡന്റ്. എന്താണ് പറയുവാനുള്ളത് ? ആരുടെ വോട്ടാണ് ? കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്ത് കോൺഗ്രസ് ഭരിക്കുന്നു. ബി.ജെ.പി.യുടെ വോട്ട് വാങ്ങി. അവിടെ തുല്യ വോട്ട്. തേറംവാടി പഞ്ചായത്തിൽ കോൺഗ്രസിന്റെ പ്രസിഡന്റ് ബി.ജെ.പി.യുടെ വോട്ട് വാങ്ങിയിരിക്കുന്നു. എത്ര വേഗം ഞാൻ പറയാം. പാനൂരിൽ ലീഗാണ് പ്രസിഡന്റ്. ബി. ജെ.പി. യുടെ രണ്ട് വോട്ട് വാങ്ങി പഞ്ചായത്തിൽ ലീഗ് പ്രസിഡന്റായി. ബി.ജെ.പി.യുടെ വോട്ട്. കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് കഥയിലേക്ക് ഞാൻ പോകുന്നില്ല. സമയക്കുറവുകൊണ്ട്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ബാബറി മസ്ജിദ് പൊളിച്ച 14 ക്രൈസ്തവ പുരോഹിതന്മാരുടെ തലയറുത്തെടുത്ത, ഹൈന്ദവ വിശ്വാസിയായിരുന്ന മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്ന ഗോഡ്സേയുടെ പാർട്ടിയുടെ വോട്ടുവാങ്ങിക്കൊണ്ട് ഈ കേരളത്തിൽ വീണ്ടും വരാനാണ് നിങ്ങളുടെ മോഹമെങ്കിൽ ഇവിടത്തെ ജനത അതിന് തിരിച്ചടി നൽകും എന്ന് സൂചിപ്പിച്ചുകൊണ്ട് ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. ടി. കെ. ഹംസ : സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ മൂന്നു ദിവസമായി നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രണ്ടു ഭാഗത്ത് നിന്നും വളരെ വാചാലമായി തന്നെ കാര്യങ്ങൾ അവതരിപ്പിക്കുകയാണ്. തെരെഞ്ഞെടുപ്പിനെ മുന്നിൽ കണ്ടു കൊണ്ടാണ് കൂറെ ആവേശം വരുന്നതെന്നാണ് ഞാൻ വിചാരിക്കുന്നത്. എല്ലാവർക്കും അങ്ങനെ തന്നെ. എന്നാൽ യാഥാർത്ഥ്യം ഇതിനപ്പുറത്തും മാറി നിൽക്കുന്നുണ്ട്. ഈ സംസ്ഥാന ഗവൺമെന്റിന്റെ നയമെന്താണെന്നാണ് ഇവിടെ ചോദിച്ചത്. അത് ഗവർണ്ണറുടെ പ്രസംഗം വായിച്ചുനോക്കിയാൽ മനസ്സിലാകും. 'സമാധാനപരമായ അന്തരീക്ഷത്തിൽ, മതസൗഹാർദ്ദം നിലനിർത്തി ഗ്രാമവികസനത്തിലൂടെ ശക്തിപ്പെടുത്തുക.' അതാണ് നയം. അതിനുവേണ്ടി കഴിഞ്ഞ കാലത്ത് ചെയ്ത കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിലുണ്ട്. വരാൻ പോകുന്ന കാര്യത്തിന്റെ സൂചനകളുമുണ്ട്. അതാണല്ലോ നയപ്രഖ്യാപനം. കഴിഞ്ഞ കാലത്തെ വിലയിരുത്തികൊണ്ടല്ലാതെ ഈ കാലത്തെ വിശകലനം ചെയ്യാൻ സാധിക്കുമോ ? അയൽപക്കത്തുള്ള സംസ്ഥാനങ്ങളുടെ സ്ഥിതി നോക്കിക്കൊണ്ടല്ലാതെ നമ്മുടെ സംസ്ഥാനത്തെ എങ്ങനെയാണ് കാണുന്നത് ? കഴിഞ്ഞ അഞ്ചുകൊല്ലം, ഈ ഗവൺമെന്റിനു മുമ്പ് ഇവിടെ ഭരിച്ചിരുന്ന ഒരു ഭരണമുണ്ടായിരുന്നു. ആ ഭരണത്തെ ജനങ്ങൾ തള്ളിക്കളഞ്ഞതെന്തുകൊണ്ടാണ് ? ഇപ്പോൾ ഈ ഭരണത്തിനെ തള്ളിക്കളയാൻ വേണ്ടിയാണല്ലോ നിങ്ങൾ തിരക്കു കൂട്ടുന്നത് ? ഭരണം തുടർന്നുപോകാനാണല്ലോ ശ്രീ. കെ. കരുണാകരന്റെ കാലുവാരിയശേഷം പ്രത്യേക വിമാനത്തിൽ വിമാനക്കൂലി കൊടുക്കാതെ ശ്രീ. എ. കെ. ആന്റണിയെ കൊണ്ടുവന്ന് കയറ്റിയിരുത്തി നോക്കിയത് ? എന്നിട്ട് ശരിയായോ ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊല്ലം മന്ത്രിയായിരുന്നില്ലേ? ജനങ്ങൾ പറഞ്ഞു, നിങ്ങളെ ഞങ്ങൾ തള്ളിക്കളഞ്ഞിരിക്കുന്നു എന്ന്. എന്തിനാണ് തള്ളിയത്? അത് നിങ്ങളെന്താണ് ആലോചിക്കാത്തത്? ആ സംഭവങ്ങളൊന്നും ഈ ഗവൺമെന്റിലുണ്ടായിട്ടില്ല. അത് തന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. ഞാൻ പലപ്പോഴും സൂചിപ്പിട്ടുള്ളതാണ് അതിന്റെ വിശദാംശങ്ങളിലൊന്നും കടക്കുന്നില്ല. ബീമാപ്പള്ളി-പൂന്തുറ സംഭവം പോലെ ഒന്ന് ഈ അഞ്ചു കൊല്ലത്തിൽ ഉണ്ടായോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: എത്ര തവണ പറഞ്ഞു?

ശ്രീ. ടി. കെ. ഹംസ: പറഞ്ഞു. ഇനി അത് ഓർമ്മിപ്പിക്കുകയല്ലാതെ പുതിയത് കൊണ്ടുവരുന്നത് എങ്ങനെയാണ്? 18 ആളുകളാണ് അവിടെ മരിച്ചത്. ഒമ്പതു പേർ ബീമാപള്ളിയിലും ഒമ്പതുപേർ പൂന്തുറയിലും. ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രി ആയപ്പോൾ ആറെണ്ണമാണ് മരിച്ചത്. വിഴിഞ്ഞത്ത് വച്ച് അവരെ അറുത്തല്ലേ കൊന്നത്? അത് ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിലായിരുന്നുല്ലോ? ഇവിടെ ഞങ്ങളുടെ മേക്കിട്ട് ബി.ജെ.പി.-ക്കാർ കയറുന്നു. മറ്റുള്ളവർ കയറുന്നു; ചിലപ്പോൾ തിരിച്ചുകൊടുത്തു എന്നും വരും. അതല്ലാതെ ഹിന്ദു-മുസ്ളീം ലഹള ഇവിടെയുണ്ടോ? മുസ്ലീം-ക്രിസ്ത്യൻ ലഹള ഇവിടെയുണ്ടോ? അഞ്ചുകൊല്ലക്കാലത്തെ നിങ്ങളുടെ ഭരണത്തിലുണ്ടായതു പോലെയുള്ള അഴിമതി നടന്ന ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ രണ്ടു കേസിൽ ശിക്ഷിച്ചു. സ്വാതന്ത്ര്യ സമരം നടത്തിയിട്ട് ശിക്ഷിച്ചതാണോ? കട്ടിട്ടല്ലേ? കളവുകേസ് എന്ന് പറയാൻ പാടില്ലെന്നാണ് പറയുന്നത്. പിന്നയെന്താണ് പറയുന്നത്? കറന്റുവിഴുങ്ങിയല്ലേ? കറന്റിൻമേൽ തൊട്ടാൽ പൊള്ളും. അതല്ലേ കട്ട് വിറ്റത്? അതൊരു സത്യമല്ലേ? രണ്ടു കോടതി ശിക്ഷിക്കാൻ, രണ്ടു കോടതിയിലേയും ജഡ്ജിമാർ കമ്മ്യൂണിസ്റ്റുകാരാണോ? ജഡ്ജിമാരൊക്കെ കമ്മ്യൂണിസ്റ്റുകാരായി കിട്ടിയാൽ നമ്മൾ രക്ഷപ്പെടുമായിരുന്നു. അവിടെ പ്യൂൺപോലുമില്ല. അപ്പോൾ ശിക്ഷിച്ച ജഡ്ജി തെളിവുണ്ടായിട്ടുതന്നെ ശിക്ഷിച്ചതെന്നല്ലേ അർത്ഥം? അതു പോയ വഴിക്കല്ലേ ബാക്കിയുള്ളതിന്റേയും പോക്ക്? തെളിവുകളൊക്കെ വരട്ടെ; ഉള്ള തെളിവുകളല്ലേ കോടതി പരിശോധിക്കുന്നത്? ബഹുമാനപ്പെട്ട എ. വി. താമരാക്ഷനടക്കമുള്ള പല ആളുകളും ഇവിടെ പ്രസംഗിച്ചു. ഞങ്ങളെ അധികാരമേൽപ്പിച്ചുതരുമ്പോൾ 400 കോടി രൂപ ഖജനാവിൽ ബാക്കിയുണ്ടായിരുന്നു എന്നാണ് പറയുന്നത്. ആ നാവുകൊണ്ടു തന്നെ പറയുന്നു, പതിനായിരം കോടി രൂപ കടമുണ്ടായിരുന്നുവെന്ന്. അപ്പോൾ ആ കടം വീട്ടിയാൽ 400 കോടി രൂപയുടെ ബാക്കി എവിടെയുണ്ടാകും? പതിനായിരം കോടി രൂപ കടം, 400 കോടി രൂപ ബാക്കി. അപ്പോൾ കടം വീട്ടാത്തതുകൊണ്ടാണ് ബാക്കിയുണ്ടായതെന്നു മനസ്സിലാകില്ലേ? അങ്ങനെയല്ലേ? ശ്രീ. താമരാക്ഷൻ രണ്ടു കൊല്ലം മുൻപ് നിങ്ങളെപ്പറ്റി ഇതൊക്കെ തിരിച്ചു പറഞ്ഞതാണ്. എന്താണ് പറഞ്ഞുകൂട്ടിയത് ശ്രീ. താമരാക്ഷൻ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങോ?

ശ്രീ. ടി. കെ. ഹംസ: നിങ്ങളോട് വിട്ട് സലാം ചെയ്ത് കമ്മ്യൂണിസ്റ്റു പാർട്ടിയിൽ അംഗമായിട്ടാണ് ഞാൻ പറയാൻ തുടങ്ങിയത്. അല്ലാതെ നിങ്ങളുടെ വാങ്ങി പഞ്ചായത്തുമെമ്പറായിട്ട് ഞാൻ കോൺഗ്രസിനെ തിരിച്ചുപറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിന്റെ മെമ്പർ സ്ഥാനത്തിരുന്നുകൊണ്ട് ഞാൻ തിരിച്ചു പറഞ്ഞിട്ടില്ല. നിങ്ങൾ നേരെയാകുകയില്ലെന്നും ഞാൻ നിങ്ങളുടെ കൂടെ നേരെയാകുകയില്ലെന്നും ബോദ്ധ്യം വന്ന് വിട്ടുവന്ന് ഇവിടെ സ്വീകരിച്ചു. രണ്ടുമാകാം. ഞാൻ നിങ്ങളിൽ പറ്റുകയില്ലെന്നുമാകാം. നിങ്ങൾ നമുക്ക് പറ്റില്ലെന്നുമാകാം. ഏതായാലും ഇവിടെ വന്നുനോക്കിയപ്പോൾ വലിയ കുഴപ്പമില്ലല്ലോ; നിങ്ങൾക്കും സുഖം തന്നെയല്ലേ? ഏതായാലും ആ കേസ് വിടാം. ശ്രീ. താമരാക്ഷൻ എന്തൊക്കെയാണ് പറഞ്ഞത്? ഇങ്ങനെ നന്ദിയില്ലാതെ പ്രസംഗിക്കാമോ സർ? എന്തു വൃത്തികേടും പറയാമോ? ഉപതെരഞ്ഞെടുപ്പിൽ ജയിപ്പിച്ച് ഇവിടെ കൊണ്ടുവന്ന്, രണ്ടാമത് ജയിപ്പിച്ച് വീണ്ടും കൊണ്ടുവന്നു. ഇപ്പോൾ ജാഥയിൽ കൂടിയിട്ടുണ്ട്. ജാഥയെപ്പറ്റി എനിക്കൊന്നും പറയാനില്ല. നല്ല ജാഥയാണ്. ഇപ്പുറത്ത് ബാലകൃഷ്ണപിള്ള, അപ്പുറത്ത് ശ്രീ. ടി. എം. ജേക്കബ്, മുമ്പിൽ ശ്രീ. താമരാക്ഷൻ, പിന്നിൽ ശ്രീ. എം. വി. രാഘവൻ. പോരേ? ശ്രീ. എം. വി. രാഘവൻ വണ്ടൂരിൽ നിന്ന് പ്രസംഗിക്കുകയാണ്. എനിക്ക് അക്കാര്യം സഭയിൽ പറയാൻ വിഷമമുണ്ട്. അദ്ദേഹം പ്രസംഗിച്ചത്, 'ബലാൽസംഗം പഠിപ്പിച്ചുതരാമെന്നാണ്.' ആർക്കാണെന്നുള്ളത് ഞാൻ പറയുന്നില്ല. വേദനകൊണ്ടാണ്. ഞാൻ അതിനു മറുപടി പറഞ്ഞു. പഠിപ്പിക്കാൻ വന്നാൽ സംഗതി..... ആ വാക്ക് ഞാൻ പറയുന്നില്ല. അത് പഠിപ്പിക്കുകയോ? എന്താണ് പറയുന്നത്? എന്തും പറയാമെന്നാണോ? എന്തും പറയാനുള്ള സ്റ്റേജാണോ നിങ്ങളുടെ സ്റ്റേജ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ശ്രീ. എം. വി. രാഘവൻ പ്രസംഗിക്കുമ്പോൾ ഞാൻ ആ സ്റ്റേജിലുണ്ടായിരുന്നു. ബലാൽസംഗം പഠിപ്പിക്കാൻ ഞങ്ങളെക്കൊണ്ട് കഴിയില്ല എന്നാണ് ശ്രീ. എം. വി. രാഘവൻ പറഞ്ഞത്.

ശ്രീ. ടി. കെ. ഹംസ: അതെന്തുകൊണ്ടാണ്? അയാൾക്ക് പ്രായമായി, ആരോഗ്യമില്ലാത്തതുകൊണ്ട് എന്നാണ് പറഞ്ഞത്. ശ്രീ. എം. വി. രാഘവൻ അങ്ങനെയാണ് പറഞ്ഞത്. നിങ്ങൾ ആ സ്റ്റേജിലുണ്ടായിരുന്നിട്ട് നിയന്ത്രിക്കാത്തത് നിങ്ങളുടെ മോശമാണ്. നിങ്ങൾ നിയന്ത്രിക്കണ്ടേ? എം. വി. രാഘവന് കഴിവില്ല, ആരോഗ്യമില്ലാത്തതുകൊണ്ട് എന്നാണ് പറഞ്ഞത്. ഉണ്ടെങ്കിൽ കാണിച്ചു തരാമെന്നാണ് പറഞ്ഞതിന്റെ മലയാളം. ഞങ്ങളൊക്കെ ചോറ് കഴിക്കുന്ന ആളുകൾ തന്നെയാണ്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. നമ്മുടെ അയൽ സംസ്ഥാനങ്ങളുടെ സ്ഥിതി എന്താണ്? അതിനെക്കുറിച്ചുള്ള ഓരോ വാചകം ഞാൻ വായിക്കാം. ബീമാപള്ളി-പൂന്തുറ-വിഴിഞ്ഞം തുടങ്ങിയവയല്ലേ പറഞ്ഞിട്ടുള്ളൂ? അയൽസംസ്ഥാനങ്ങളുടെ സ്ഥിതിയാണ് പറയുന്നത്. 'കർണ്ണാടകത്തിൽ ഏഴ് ദളിതരെ ചുട്ടുകൊന്നു' എന്നാണ്. 2000, മാർച്ച് 13 നാണ്. യു. പി.-യിൽ മലയാളി പുരോഹിതനെ അടിച്ചുകൊന്നു. മലയാളി പുരോഹിതന്റെ വധം കണ്ടയാളിനെ, ദൃക്സാക്ഷിയെ കസ്റ്റഡിയിലെടുത്ത് കൊലപ്പെടുത്തി. ഇതൊന്നും നിങ്ങൾക്ക് ബാധകമല്ല. ആന്ധ്രാപ്രദേശിലും ഗോവയിലും കർണ്ണാടകത്തിലും പള്ളികളിൽ സ്ഫോടനം. മൂന്ന് പേർക്ക് പരിക്ക്. ഇതാണ് അയൽപക്കത്തെ സ്ഥിതിയെങ്കിൽ കേരളത്തിൽ എത്ര സമാധാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ത്രിപുരയിലെ കാര്യം എന്താണ് പറയാത്തത് ?

ശ്രീ. ടി. കെ. ഹംസ : പറയാം. അവിടെയും മോശമാണെന്ന് വിചാരിച്ചാലും കേരളം നല്ലതാണെന്ന് പറയണ്ടേ ? കേരളത്തിലെ ഇന്നത്തെ സ്ഥിതി, കഴിഞ്ഞ ഗവൺമെന്റുമായി താരതമ്യം ചെയ്തു നോക്കിയാൽ അഴിമതിയുടെ കാര്യത്തിലും, ക്രമസമാധാനത്തിന്റെ കാര്യത്തിലും അയൽപക്ക സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഞങ്ങൾ തന്നെയാണ് മുകളിൽ. അതിലൊരു സംശയവുമില്ല. ശ്രീ. എ. കെ. ആന്റണിയെ പിടിച്ചു കൊണ്ടുവന്ന് നേരെയാക്കാൻ നോക്കിയിട്ട്, ഇപ്പോൾ ശ്രീ. എ. കെ. ആന്റണിയെ കൊണ്ട് നേരേയാക്കാൻ കഴിയുമോ ? ആ ധാരണ നിങ്ങൾക്ക് വേണ്ട. വേറെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ കാണുന്നതാണ് നല്ലത്. ശ്രീ. കെ. കരുണാകരന് ജീവനില്ലെങ്കിലും പിടിച്ചു മുന്നിലിരുത്തിയാൽ ലേശം പേടി ഞങ്ങൾക്കുണ്ട്. ഇതൊന്നുമില്ല. നിങ്ങൾ ഞങ്ങൾക്ക് അധികാരമേൽപ്പിച്ചു തരുമ്പോൾ, ഞങ്ങൾ ഭരണം ഏറ്റെടുക്കുമ്പോൾ 1996-ൽ വ്യവസായങ്ങൾക്ക് 70 ശതമാനം പവർകട്ട് ഉണ്ടായിരുന്നില്ലേ ? അര മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഉണ്ടായിരുന്നില്ലേ ? ഇപ്പോൾ അതു പോയില്ലേ ? ഇതിനൊക്കെ ജനങ്ങൾ മാർക്കിടുമെന്നുള്ള കാര്യത്തിൽ എന്താണ് തർക്കം ? നിങ്ങൾ വിമർശിക്കാൻ മാത്രമേ പഠിച്ചിട്ടുള്ളൂ. പ്രതിപക്ഷത്തിരുന്നാൽ വിമർശനം, കല്ലേറ്, ചവിട്ട്, വെട്ട്, കുത്ത് ഇതൊക്കെയാണ് നിങ്ങൾ പഠിച്ചിട്ടുള്ളത്. ശ്രീ. പിണറായി വിജയൻ മന്ത്രിയായിരുന്നപ്പോൾ വ്യവസായങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന 70 ശതമാനം പവർകട്ട് പിൻവലിച്ചു. ശ്രീ. എസ്. ശർമ്മ അധികാരത്തിൽ വന്നപ്പോൾ ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ചു. കറന്റ് ഉൽപ്പാദിപ്പിച്ചിട്ടാണ് പിൻവലിച്ചത്. ഒറ്റ വ്യവസായം കേരളത്തിൽ പൂട്ടിയോ ? അതു നിങ്ങൾ ചൂണ്ടിക്കാണിച്ചുതരുമോ ? പുതിയത് ഉണ്ടായിട്ടില്ല എന്നല്ലേ നിങ്ങളുടെ വാദം ? നിങ്ങളുടെ കാലത്ത് പൂട്ടിയതിന്റെ കണക്ക് ഞാൻ പറഞ്ഞുതരാം. ഡിറ്റർജന്റ് ഫാക്ടറി, മലബാർ സോപ്സ് ആന്റ് ഓയിൽസ്, സ്റ്റീൽ കോംപ്ലക്സ് തുടങ്ങിയ എത്ര സ്ഥാപനങ്ങൾ പൂട്ടി ? നമ്മുടെ നയമെന്ന് പറയുന്നത് ഗ്രാമവികസനത്തിലൂടെ പദ്ധതികൾ കൊണ്ടുവരികയെന്നുള്ളതാണെന്ന് ഞങ്ങൾ പറഞ്ഞു. അതു സത്യമല്ലേ ? ആറായിരം കോടി രൂപ നാലു കൊല്ലംകൊണ്ട് കൊടുത്തുതീർത്തിട്ടുണ്ട്. ഞങ്ങൾക്ക് കടവുമുണ്ട്. കടമില്ലാതിരിക്കാൻ പറ്റുമോ ? നിങ്ങൾ തന്നെയാണ് അതുണ്ടാക്കിയത്. ആറായിരം കോടി രൂപ പഞ്ചായത്തുകൾക്ക്, പകുതിയോളം പഞ്ചായത്തുകളിൽ നിങ്ങളും ഭരിക്കുന്നുണ്ട്. ഏതെങ്കിലുമൊരു പഞ്ചായത്തിൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി പ്രഖ്യാപിച്ചിട്ടുള്ള പണം കിട്ടിയില്ലെന്ന ആരോപണം പറയാമോ ? ആയിരം പഞ്ചായത്ത്, 150 ബ്ലോക്ക് പഞ്ചായത്ത്, 14 ജില്ലാ പഞ്ചായത്ത് എന്നിവ ഇവിടെയുണ്ട്. കഴിഞ്ഞ നാല് കൊല്ലമായി പ്രഖ്യാപിച്ച സംഖ്യയിൽ ഒരു രൂപ കുറഞ്ഞുവെന്ന് ഏതെങ്കിലും ഒരു പഞ്ചായത്ത് ഇന്നുവരെ ആക്ഷേപം പറഞ്ഞിട്ടുണ്ടോ ? ഏതെങ്കിലും എം.എൽ.എ. നിയമസഭയിൽ പറഞ്ഞിട്ടുണ്ടോ ? പണം കൊടുക്കുകയാണ്. അപ്പോൾ, 'പണം ചെലവായി, പണം ചെലവായി' എന്നു പറയുന്നു. പണം ചെലവാക്കാതെ കാര്യം നടക്കുമോ ? നിങ്ങളെപ്പോലെ ജാഥ നടത്തിയതുകൊണ്ട് കാര്യം നടക്കുമോ ? സാമ്പത്തിക വിദഗ്ദ്ധൻ ശ്രീ. പി. പി. തങ്കച്ചൻ എന്റെ സ്നേഹിതനാണ്. അദ്ദേഹം ഇവിടെ പറഞ്ഞ

തെന്താണെന്ന് അറിയാമോ ? 'ആഗോളവൽക്കരണം വന്നപ്പോൾ നാണ്യവിളകൾക്ക് ഒക്കെ വില കൂടി' എന്നാണ്. എന്തൊരു നന്ദികെട്ട വർത്തമാനമാണ് പറഞ്ഞത്. നിങ്ങൾ ഇത് ആദ്യം നടപ്പാക്കി എന്ന കുറ്റം ഏറ്റെടുത്ത് മരണംവരെ ഇത് ന്യായീകരിക്കാൻ നിങ്ങളെ ഏറ്റെടുക്കണോ ? നിങ്ങൾ നടപ്പാക്കി. ചുരുക്കം ഒന്നു-രണ്ടു പത്രങ്ങളുടെ തലക്കെട്ട് മാത്രം വായിക്കാം. '1991-ൽ ശ്രീ. നരസിംഹറാവു ഇൻഡ്യൻ പ്രധാനമന്ത്രിയും, ഡോ. മൻമോഹൻസിംഗ് ധനകാര്യമന്ത്രിയും ആയിരുന്നപ്പോഴാണ് ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും തുടക്കം. ഈ നയത്തിനുണ്ടാകുന്ന അപകടസാദ്ധ്യതകളെപ്പറ്റി പ്രതിപക്ഷ കക്ഷികളും തൊഴിലാളി സംഘടനകളും (അതു ഞങ്ങളാണ്) മുന്നറിയിപ്പു നൽകുകയും പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും ഉണ്ടായെങ്കിലും അവയെല്ലാം അന്നത്തെ സർക്കാർ അവഗണിക്കുകയാണുണ്ടായത്. (അതു നിങ്ങളാണ്). ഇതൊക്കെ ജനങ്ങൾ കേൾക്കുകയില്ലെന്ന് വിചാരിക്കുന്നുണ്ടോ ? 1995 ജനുവരി 1-ന് നിലവിൽ വന്ന ലോകവാണിജ്യ സംഘടനയിൽ ഇൻഡ്യയും അംഗമായതോടെ ആഗോളവൽക്കരണത്തിന്റെ ഊരാക്കുടുക്കിൽ നമ്മളെല്ലാം ചെന്നുപ്പെട്ടിരിക്കുകയാണ്. ആ ഊരാക്കുടുക്കിൽ നിന്നല്ലേ വിമോചനം വേണ്ടത്. അതല്ലേ സത്യം ? ഏതാണ് പത്രമെന്ന് നിങ്ങൾ ചോദിക്കാത്തതെന്താണ് ? ദേശാഭിമാനി പത്രം ഞാൻ ഇവിടെ കൊണ്ടുവരികയില്ല. അത് നമുക്ക് പഠിക്കാനുള്ളതാണ് ; നിങ്ങൾക്ക് വായിക്കാനുള്ളതല്ല. അത് മാതൃഭൂമി പത്രമാണ്. ആഗോളവൽക്കരണം നിർമ്മാണ മേഖലയെ തകർക്കുന്നു. ആരാണ് എഴുതിയത് ? തിടുക്കത്തിൽ നടപ്പാക്കിയ ആഗോളവൽക്കരണം ഇന്ത്യയിൽ ഇപ്പോഴും പാതിവഴിയിൽ എത്തി നിൽക്കുകയാണ്. രാജ്യാന്തര വിപണിയിൽ കടുത്ത മൽസരത്തെ അതിജീവിക്കാൻ പ്രാപ്തരാകാതെ നിർമ്മാണ മേഖല മാത്രം അപ്പാടെ തുറന്നുകൊടുത്തു. ചൈനയെപ്പറ്റി നേരത്തെ ഇവിടെ ചോദിച്ചല്ലോ. ചൈന ആഗോള മാർക്കറ്റിൽ മൽസരിക്കാൻ കഴിവുള്ളവരാണ്. ശാസ്ത്ര സാങ്കേതിക വിദ്യയിൽ മുന്നോട്ടു പോയി ; അടിസ്ഥാനപരമായി സാമ്പത്തിക ശക്തിയാർജ്ജിച്ചു. ഏതു മാർക്കറ്റിലും അവർ മൽസരിക്കും. അങ്ങനെയാണോ നമ്മുടെ തെണ്ടി നടക്കുന്ന ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി ? നമ്മൾ എങ്ങനെയാണ് ആഗോളമാർക്കറ്റിൽ മൽസരിക്കുക ? എന്നിട്ട് ഇവിടെ ചൈനയെപ്പറ്റി പറയുകയാണ്, ചൈന ഇനിയും വരും. ആ ശക്തി കൂടിയാൽ നമ്മളും പോകും. മാത്രമല്ല, ആഗോളവൽക്കരണം 2004-ൽ നടപ്പാക്കിയാൽ മതിയെന്നാണ്. നിങ്ങൾ എന്തിനാണ് ഇത്ര തിടുക്കം കൂട്ടി നടപ്പാക്കിയത് എന്നാണ് പറയുന്നത്. ആരാണ് പറയുന്നത് ? മലയാള മനോരമയാണ്, ഞാനല്ല. പൊതുമേഖലയുടെ കുത്തകയായ ആഗോളവൽക്കരണത്തിന്റെ പേരിൽ കൈകാലുകൾ കെട്ടി ആഴക്കടലിൽ വീണ അവസ്ഥയിലാണ് ഇപ്പോൾ നിർമ്മാണ മേഖല. നമ്മൾ ആഴക്കടലിലാണെന്നാണ് പത്രം പറയുന്നത്. അതിൽ നിന്നുമല്ലേ നമുക്ക് വിമോചനം വേണ്ടത് ? ഞങ്ങളോടാണോ വിമോചനം ? ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ സഖാവ് നായനാരിൽ നിന്നും നിങ്ങൾക്ക് എന്ത് വിമോചനമാണ് വേണ്ടത് ? എല്ലാവരും ചിരിച്ചു വർത്തമാനം പറഞ്ഞ് നല്ല നിലയ്ക്ക് ശമ്പളവും വാങ്ങി നടക്കുന്നവർക്ക് ഈ ഗവൺമെന്റിൽ നിന്നും എന്ത് വിമോചനമാണ് വേണ്ടത് ? നമുക്ക് ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുമാണ് വിമോചനം വേണ്ടത്. ഒരു വരി കൂടി വായിക്കാം. പത്രം ഞങ്ങളോട് പറയുകയാണ്, നമ്മുടെ ഡി.വൈ.എഫ്.ഐ.യുടെ കുട്ടികൾ കായലിൽ ഉപരോധവും തീവണ്ടി തടയലുമൊക്കെ ഉണ്ടാക്കിയില്ലേ? അന്നു പത്രം പറഞ്ഞതാണ്, "എന്തായാലും ഇറക്കുമതി നയത്തിനെതിരെയുള്ള സമരം അനിവാര്യമായിരിക്കുന്നു." ഇത് മാതൃഭൂമിയുടെ മുഖപ്രസംഗമാണ്. സമരം അനിവാര്യമാണെന്ന് ജീവിതത്തിൽ ആദ്യമായിട്ടാണ് ഞാൻ മാതൃഭൂമി പത്രത്തിൽ വായിക്കുന്നത്. നമ്മുടെ സമരമൊക്കെ തെറ്റാണെന്ന് പറയുന്ന കൂട്ടരാണ് അവർ. ഇപ്പോൾ നടത്തുന്ന അവകാശ സമരങ്ങളെയൊക്കെ വിമർശിക്കുന്ന പത്രക്കാർ മാറ്റി എഴുതുന്നതാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇന്ന് നമ്മുടെ സമരം അനിവാര്യമായിരിക്കുന്നു. രാജ്യത്ത് കർഷകന്റെയും വ്യവസായിയുടേയും തോട്ടമുടമയുടെയും സാധാരണക്കാരന്റെയും ജീവിതം ദുരിതമയമാക്കിയത് കേന്ദ്രഭരിക്കാർ പിന്തുടരുന്ന ഈ ദുർനയമാണ്. ഇറക്കുമതി ചെയ്യാത്ത ഒരുല്പന്നവും കർഷകന് കൃഷി ചെയ്യാനോ വ്യവസായിക്ക് നിർമ്മിക്കാനോ ഇല്ലെന്നായിരിക്കുന്നു. തങ്ങളുടെ വിലയില്ലാത്ത ഉൽപ്പന്നങ്ങൾ കണ്ട് കണ്ണീരൊഴുക്കേണ്ട ഗതികേടിലാണ് അവർ. ഇത് കേരള ഗവൺമെന്റിന്റെ പണിയാണോ? ശ്രീ. നരസിംഹറാവു മുതൽ ശ്രീ. വാജ്പേയി വരെയുള്ളവരുടെ പണിയല്ലേ? അതിൽ നിന്നുമുള്ള മോചനം കിട്ടാൻ ശ്രീ. എ. കെ. ആന്റണി മുമ്പിൽ വരട്ടെ, വലതു ഭാഗത്ത് ഞങ്ങളുടെ നേതാക്കളും നിൽക്കാം; നമുക്കൊരുമിച്ച് പോകാം. നമുക്കൊരുമിച്ച് വിമോചന സമരം നടത്താം. ഞങ്ങളുടെ സമരത്തെ എപ്പോഴും വിമർശിക്കുന്നവരായതുകൊണ്ടാണ് ഞാൻ ഈ പത്രത്തെപ്പറ്റി പറയുന്നത്. ഇന്നലെ മനുഷ്യച്ചങ്ങലയെപ്പറ്റി മാതൃഭൂമി പത്രം എഴുതിയ മുഖപ്രസംഗം നിങ്ങൾ വായിച്ചു നോക്കിയോ? അവിടെയെത്തുമ്പോൾ നിങ്ങൾക്ക് കണ്ണു കാണുകയില്ല അല്ലേ? മാതൃഭൂമി പറയുകയാണ്, "ഈ പ്രതിഷേധ പ്രകടനം ഇവിടം കൊണ്ട് അവസാനിപ്പിക്കരുത്." അത് ഞങ്ങൾക്കൊരു ഉപദേശമാണ്. ഞങ്ങൾ നന്നാകാൻ വേണ്ടിയാണ്. കാർഷിക മേഖലയെ വളർത്തുകയും വർഗ്ഗീയതയെ തളർത്തുകയും ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ പ്രതിഷേധം പ്രകടിപ്പിക്കാനായി സി.പി.ഐ.(എം) നേതൃത്വത്തിലുള്ള വർഗ്ഗ ബഹുജന സംഘടനകൾ തിങ്കളാഴ്ച വൈകുന്നേരം 5 മിനിട്ടുനേരം പാറശ്ശാല മുതൽ മഞ്ചേശ്വരം വരെ ദേശീയ പാതയിൽ തീർത്ത മനുഷ്യച്ചങ്ങല പാർട്ടിയുടെ സംഘടനാപാടവത്തിന് തെളിവായിരിക്കുന്നു." നിങ്ങളുടെ ജാഥയെപ്പറ്റി അങ്ങനെ വല്ലതും പറഞ്ഞോ? നിങ്ങളുടെ ജാഥ എങ്ങനെയാണെന്നറിയാമോ? തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി പര്യടനം നടത്തുന്നതുപോലെ ഇതാ നമ്മുടെ സ്ഥാനാർത്ഥി മന്ദം മന്ദം എത്തിക്കഴിഞ്ഞിരിക്കുന്നു. മന്ദം മന്ദം എത്തുമ്പോഴല്ലേ അടുത്ത സ്വീകരണത്തിന് ആളുകളെ കയറ്റി ഇവിടെ കൊണ്ടെത്തിക്കാൻ പറ്റുകയുള്ളൂ? കഴിഞ്ഞ സ്വീകരണത്തിന്റെ ആളുകളെയൊക്കെ വണ്ടിയിൽ കയറ്റി ഇവിടെ കൊണ്ടുവരാനാണ് നിങ്ങളുടെ സ്ഥാനാർത്ഥി മന്ദം മന്ദം വരുന്നത്. ശ്രീ. എ. കെ. ആന്റണിയുടെ ഓരോ കോർണറിൽ നിന്നും വരുന്ന സ്വീകരണത്തിന് ആളുകളെ കയറ്റി മറ്റേ കോർണറിലേയ്ക്കും അവിടെനിന്നും മറ്റൊരു കോർണറിലേയ്ക്കും കിട്ടുണ്ണിയുടെ സർക്കസ് പോകുന്ന മാതിരിയല്ലേ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത് ? മൂവാറ്റുപുഴ വന്നപ്പോൾ എല്ലാവരുംകൂടി ; സ്റ്റേജ് പൊളിഞ്ഞു പോയി. നിങ്ങൾക്ക് നിലത്തുനിൽക്കാൻ ആളുണ്ടോ ? സ്റ്റേജിൽ നിൽക്കാനല്ലേ ആളുള്ളൂ ? ഇന്നലെ വിളപ്പിൽശാലയിൽ 'എ' വിഭാഗം വിദ്യാർത്ഥികളും 'ഐ' വിഭാഗം വിദ്യാർത്ഥികളും തമ്മിൽ അടിയുണ്ടാക്കിയിട്ട് ഓരോന്നിനും കൈയില്ല, കാലില്ല, തലയില്ല. വേറെ രണ്ടെണ്ണം മുൻകൂർ ജാമ്യമെടുത്ത് നടക്കുന്നുണ്ട്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പഴയ പത്രവാർത്തകൾ എന്റെ കൈയ്യിലുണ്ട്. "ഐക്യജനാധിപത്യമുന്നണി സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് അക്രമാസക്തമായി. ഐക്യജനാധിപത്യമുന്നണി പ്രവർത്തകർ നടത്തിയ കല്ലേറിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ. കന്റ്റോൺമെന്റ് സി.ഐ. ശ്രീ. പി. കൃഷ്ണൻ നായർ എന്നിവർക്ക് പരിക്കേറ്റു. കല്ലുകളും കൊടി കെട്ടിയ കമ്പുകളും ഉപയോഗിച്ചുള്ള ഏറ് രൂക്ഷമായപ്പോൾ ചില പ്രവർത്തകർ ശ്രീ. കെ. കരുണാകരൻ ഉൾപ്പെടെയുള്ള നേതാക്കളെ അവിടെനിന്നും മരത്തിന്റെ പിന്നിലേയ്ക്ക് രക്ഷപ്പെടുത്തിക്കൊണ്ടുപോയി." ശ്രീ. കെ. കരുണാകരനെ എറിയുന്ന കോൺഗ്രസ് ഏതു കോൺഗ്രസ്സാണ്? ശ്രീ. കെ. കരുണാകരനെ എറിയുന്ന കോൺഗ്രസ് ആരാണെന്ന് നമുക്കറിയാം.....ബഹളം.....പണ്ട് ശ്രീ. പി. പി. തങ്കച്ചനും ഞാനും കൂടിയാണ് തടഞ്ഞത്. എറിഞ്ഞതാരാണെന്ന് നമുക്കറിയാം. ശ്രീ. ജി. കാർത്തികേയനും മറ്റും കോളേജിലെ കെ.എസ്.യുവിൽ നിന്നും ഇന്നലെ ചാടിക്കയറിവന്ന കുട്ടികളാണ്. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. പി.പി. തങ്കച്ചനും ഞാനുമൊക്കെ പഴയ സമരകാലത്തുള്ളതാണ്. 'ഇടതു ചായ്വുള്ള സാമ്പത്തിക നയത്തിലേയ്ക്ക് കോൺഗ്രസ് മടങ്ങും.' ആരാണ് പറയുന്നത് ? നിങ്ങളെ മടക്കും. സാഹചര്യം അങ്ങോട്ടാണ് പോകുന്നത്. ഈ സത്യം കാണാതെ വിടരുത്. ശ്രീ. പി. വി. നരസിംഹറാവുവും, ഡോ. മൻമോഹൻസിങ്ങും കൊണ്ടുവന്ന ഉദാരവൽക്കരണ നയത്തിൽ നിന്നുള്ള സുപ്രധാന ചുവടുമാറ്റമായി ഇതുമാറും. ആരാണിതു പറയുന്നത് ? പത്രലേഖകരോട് സംസാരിക്കുമ്പോൾ കോൺഗ്രസ് (ഐ) പ്രവർത്തക സമിതി അംഗം ശ്രീ. എ.കെ. ആന്റണിയാണ് ഇതുപറഞ്ഞത്. ഞാൻ വേണമെങ്കിൽ ഈ പത്രം മേശപ്പുറത്തുവയ്ക്കാം. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല. രാജ്യത്ത് ഈ പ്രതിസന്ധിയുണ്ടാക്കിയത് നിങ്ങൾ തുടങ്ങി ബി.ജെ.പി. തുടരുന്ന സമീപനമാണെന്ന സത്യം ന്യായീകരിക്കാൻ നിങ്ങൾ നിൽക്കരുത്, നിങ്ങൾക്ക് അതുകൊണ്ട് ഒരു ഗുണവുമില്ല. തിരിച്ചുകിട്ടുമെന്ന് വിചാരിച്ചല്ലേ നിങ്ങൾ ഇതൊക്കെ പറയുന്നത്? ആ പൂതി വേണ്ട, നിങ്ങൾ അതിന് പ്രവർത്തിക്കുന്നില്ല. ബി.ജെ.പി.-ക്ക് ഹാലേലൂയ പാടിയാൽ നിങ്ങൾ വളരുമോ ? നിങ്ങൾ ബി.ജെ.പി.-ക്ക് ഹാലേലൂയ പാടുകയാണ്. കഥകളൊക്കെ പറഞ്ഞാൽ വളരെയധികം പറയാനുണ്ട്. ഞാൻ അത് പറയുന്നില്ല. അപ്പോൾ ഈ നിലയ്ക്ക് വളർച്ച മുറ്റിയ നിങ്ങൾ അതിലേയ്ക്കൊന്നും പോകുന്നില്ല. ഈ സത്യത്തിൽ ഊന്നിനിന്നുകൊണ്ട് കാര്യങ്ങളിലേയ്ക്ക് നിങ്ങൾ വരണം. ഞാൻ ഒന്നൂരണ്ട് കാര്യംകൂടി പറഞ്ഞു നിർത്തുകയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ കുറച്ച് വോട്ടിന്റെ മുൻതൂക്കം നിങ്ങൾക്കുണ്ടായിരുന്നു. അതൊരു സത്യമാണ്. ആകെ വോട്ടു നോക്കിയാലും മണ്ഡലത്തിന്റെ വോട്ടു നോക്കിയാലും അതിലൊക്കെ ലേശം മുൻതൂക്കമുണ്ട്. 10-80 വോട്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ 2000, 3000 ഒക്കെ ഐക്യജനാധിപത്യമുന്നണിയാണ് മുമ്പിൽ. ഞങ്ങൾ ഞങ്ങളുടെ അഭിമാനം രക്ഷിച്ചു. 9 സീറ്റും വാങ്ങി പിരിഞ്ഞു. അങ്ങനെയാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നപ്പോഴുള്ള സ്ഥിതിയെന്താണ് ? കൃത്യമായ കണക്ക് ഞാൻ പറയാം. 5 കോർപ്പറേഷനുള്ളതിൽ 4 ഞങ്ങൾക്കും ഒന്ന് നിങ്ങൾക്കും കിട്ടി. തൃശ്ശൂർ നിങ്ങൾക്ക്, ബാക്കിയൊക്കെ ഞങ്ങൾക്ക്. 14 ജില്ലാ പഞ്ചായത്തുള്ളതിൽ 9 ഞങ്ങൾക്കും 5 നിങ്ങൾക്കും കിട്ടി. ഏതാണ് മുന്നേറ്റം ? ആരാണ് മുമ്പിൽ ?..... ബഹളം.....ബ്ലോക്ക് പഞ്ചായത്തിൽ 18 എണ്ണത്തിലും ഞങ്ങൾ മുമ്പിൽ ; ഗ്രാമപഞ്ചായത്തിൽ 76 എണ്ണത്തിലും ഞങ്ങൾ മുമ്പിൽ.....ബഹളം..... കണക്കൊക്കെയുണ്ട്. പരിശോധിച്ചു നോക്കൂ. ആകെ വോട്ടു പരിശോധിച്ചാൽ 4,20,000 വോട്ടിന് ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നിലാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പിന്റെ ഫലം രാഷ്ട്രീയമായി കണക്കാക്കാൻ പാടില്ലെന്ന് മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരും ശ്രീ. എ. കെ. ആന്റണിയുമെല്ലാം പറഞ്ഞകാര്യം മെമ്പർക്ക് ഓർമ്മയുണ്ടോ ?

ശ്രീ. ടി. കെ. ഹംസ : ഇനി അതാണ് നല്ലത്. പണ്ട് ഒരാൾക്ക് ഊണു കൊടുത്തപ്പോൾ കറിക്ക് ഒരു കുറ്റവും പറയില്ല. അവസാനം ഈ വീട്ടുകാർ വിചാരിച്ചു ഇന്ന് കറിക്ക് ഒന്ന് കുറ്റം പറയിക്കണം. ഒരു മുളകിന്റെ കറിയുണ്ടാക്കി അന്നു കൊടുത്തു. അന്ന് ഊണു കഴിക്കാൻ വന്നയാൾ പറഞ്ഞു : നല്ല കറിയാണ്, എന്നാൽ നമ്മൾക്ക് ഒഴിക്കണ്ട. കറി നല്ലതാണ് എന്നാണ് പറയുന്നത്. അപ്പോഴും കുറ്റം പറയുന്നില്ല. രാഷ്ട്രീയമില്ലാത്തതുകൊണ്ട് ഞങ്ങൾ തോറ്റു എന്ന് നിങ്ങൾ പറയുക. രാഷ്ട്രീയമായ വീക്ഷണം ഇക്കാര്യത്തിൽ ഇല്ലാതിരുന്നതുകൊണ്ട് രാഷ്ട്രീയ മത്സരമില്ലാതിരുന്നതുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പിന്നിലാണെന്ന് സമ്മതിക്കൂ.....(ബഹളം).....എനിക്ക് നിങ്ങളോട് മത്സരിക്കാനുള്ള ആരോഗ്യമില്ല. വേണമെങ്കിൽ നിങ്ങൾക്ക് ഞാൻ വഴങ്ങിത്തരാം. എന്നോടു മര്യാദ കാണിക്കൂ. ഏതു ബഹുമാനപ്പെട്ട മെമ്പർക്ക് ചോദിക്കണമെങ്കിലും ഞാൻ വഴങ്ങിത്തരാം. ചാടിക്കടിക്കണ്ട. അതുകൊണ്ടൊന്നും കാര്യമില്ല. മുനിസിപ്പാലിറ്റിയുടെ കാര്യം പറഞ്ഞുതരാം. മുനിസിപ്പാലിറ്റിയിൽ രണ്ടെണ്ണത്തിൽ ഇവർ മുമ്പിലുണ്ട്. പൊന്നാനി മുനിസിപ്പാലിറ്റിയിൽ 50 സീറ്റുണ്ട്. 25 സീറ്റിൽ ഞങ്ങൾ. 24-ൽ യു.ഡി.എഫ്. 1-ൽ ബി.ജെ.പി. ആ ബി.ജെ.പി.യുടെ വോട്ട് നിങ്ങൾ വാങ്ങി. നറുക്കിട്ടപ്പോൾ ഇവർക്ക് കിട്ടി. ചാവക്കാട് മുനിസിപ്പാലിറ്റിയിൽ, കോൺഗ്രസ് ചെയർമാൻ. ലീഗ് വൈസ് ചെയർമാൻ. ബി.ജെ.പി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ചെയർമാൻ കോൺഗ്രസ്. വൈസ് ചെയർമാൻ ലീഗ്, ബി.ജെ.പി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. അതല്ലേ നിങ്ങളുടെ മുൻതൂക്കം?.....(ബഹളം)..... ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നിങ്ങൾ.....

ശ്രീ. ടി. കെ. ഹംസ : ബഹുമാനപ്പെട്ട അംഗത്തിന് ഞാൻ വഴങ്ങിത്തരാം. എന്താണ് വേണ്ടത് ? തലയിൽ കുറച്ച് നെല്ലിക്കയുടെ വെള്ളമൊഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നുണ്ടോ ?.....(ബഹളം)..... അയാളോട് ഞാൻ മതി. കുട്ടിക്കാലത്തേ ഞാൻ അറിയും. ഈ പിരാന്ത് ചെറുപ്പത്തിലെ ഉള്ളതാണ്. ഞാൻ പത്ത് മുപ്പത് കൊല്ലമായിട്ട് അറിയും. കണക്കു പറയുമ്പോൾ ചാടിക്കടിക്കുന്നത് എന്തിനാണ് ? ആര്യാടൻ, ഒന്നുമുണ്ടായില്ലല്ലോ ?.....(ബഹളം)..... ഞങ്ങൾ നടുത്തളത്തിൽ ഇറങ്ങണമോ ? ഞങ്ങൾക്ക് എന്തായാലും നടുത്തളത്തിൽ ഇറങ്ങാനാവില്ലല്ലോ ? ഞങ്ങളുടെ പ്രസംഗം തടസ്സപ്പെടുത്തുന്ന്, ഞങ്ങളെ ചീത്ത വിളിക്കുന്നു. ഇതിന്റെയൊക്കെ ആവശ്യമെന്താണ് ? സർ, ഞാൻ മുനിസിപ്പാലിറ്റി പഞ്ചായത്ത് വോട്ടിനെക്കുറിച്ചു പറഞ്ഞല്ലോ. നാലര ലക്ഷം വോട്ടിനു ഞങ്ങൾ മുന്നിലാണ്. ഞാൻ ഒതുങ്ങിക്കൊടുക്കാമെന്ന് പറഞ്ഞാൽ എന്താണ് അർത്ഥം? ഈ വോട്ട് ആരുടെ വോട്ടാണ് ? ബി.ജെ.പി.-യുടെ വോട്ട് അല്ലല്ലോ ? 89 മണ്ഡലങ്ങളിൽ ഞങ്ങൾ മുമ്പിലാണ്. ഒരുങ്ങിക്കോളൂ. ഞങ്ങൾക്ക് വിരോധമില്ല. നിങ്ങൾ തോറ്റാൽ രാഷ്ട്രീയം ഇല്ലല്ലോ ? ഈ വോട്ട് ആരുടേതാണ് എന്നാണ് പരിശോധിക്കേണ്ടത്. ബി.ജെ.പി.-യുടെ വോട്ടല്ല. പിന്നെ ആരുടെ വോട്ടാണ് ? ദളിത-പിന്നോക്ക-ന്യൂനപക്ഷങ്ങളുടെ വോട്ടാണ്. നാദാപുരം സംഭവമൊന്നും ഞാൻ പറയുന്നില്ല. എണ്ണ ചൂടാക്കരുതെന്ന് നിങ്ങൾ തന്നെ പറയുക. എന്നിട്ട് നിങ്ങൾ തന്നെ ഞങ്ങളെ കുറ്റം പറയുക. അവിടെ സമാധാനം ഉണ്ടാക്കിയിരിക്കുന്നു. അതിനെ വലിച്ചു പൊളിക്കരുതെന്ന് പറയുക. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറൊക്കെ ചാടിക്കടിക്കുന്നത് കണ്ടാൽ യുദ്ധത്തിനു പോകുന്ന ഒരു പ്രതീതിയാണ്. അതൊന്നും ഹംസക്ക പറയുകയില്ല. മുസ്ലീം സമുദായത്തെ ഞങ്ങൾ എതിർക്കുന്നുവെന്നല്ലേ നിങ്ങൾ പറയുന്നത് ? നാലു കൊല്ലവും 10 മാസവും നിങ്ങൾ എവിടെയായിരുന്നു ? ഇതുവരെ ഈ മുസ്ലീം സമുദായം എവിടെയായിരുന്നു ? ഈ നാലു കൊല്ലവും 10 മാസവും യാതൊരു വിരോധവുമുണ്ടായിരുന്നില്ലല്ലോ ? ഒരു പ്രസംഗം പോലും നിങ്ങൾ ഇവിടെ നടത്തിയില്ലല്ലോ ? അതിന്റെ പേരിലല്ലേ പഞ്ചായത്തിൽ തർക്കം ? നിങ്ങൾ അനങ്ങിയില്ലല്ലോ ? ഒരുമിച്ചു നിൽക്കാമെന്ന് പറഞ്ഞതാണെല്ലോ? പത്തിരുപത്തഞ്ചു പഞ്ചായത്തുകളിൽ നമ്മൾ ഒരുമിച്ചാണല്ലോ നിന്നത് ? അഞ്ചാറു മുനിസിപ്പാലിറ്റികളിൽ നമ്മൾ ഒരുമിച്ചാണല്ലോ ? മുസ്ലീം വിരോധമുണ്ടെങ്കിൽ നിങ്ങളും ഞങ്ങളും കൂടി വരുമോ ? വണ്ടൂർ പഞ്ചായത്തിൽ, മുക്കം, കരിവാരക്കുണ്ട്. എടരിക്കോട്, പാണ്ടിക്കാട്, തളിപ്പറമ്പ്, കുത്തുപറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ നമ്മൾ ഒപ്പമല്ലേ ബഷീറേ നിന്നത്? അരിവാളിന്റെ കൂടെ കോണി കൂട്ടിക്കെട്ടാൻ.....(ബഹളം).....അരിവാൾ കെട്ടണമെങ്കിൽ ശ്രീ. പിണറായി വിജയൻ ഒപ്പിടണം. കോണി കൂട്ടിക്കെട്ടാൻ ശിഹാബ് തങ്ങളും ഒപ്പിടണം. രണ്ടാളും ഒപ്പിട്ടിട്ടല്ലേ കൂട്ടികെട്ടിയത് ? അന്നൊന്നും നിങ്ങൾക്ക് ഞങ്ങളോടോ ഞങ്ങൾക്ക് നിങ്ങളോടോ വിരോധമുണ്ടായില്ലല്ലോ ? അപ്പോൾ പിന്നെ ഞങ്ങൾക്ക് എങ്ങനെയാണ് മുസ്ലീം വിരോധം ഉണ്ടാകുന്നത് ? അതിനെപ്പറ്റി വല്ല ചോദ്യവും ഉണ്ടോ ? മുസ്ലീം വിരോധം ഞങ്ങൾക്കും കമ്മ്യൂണിസ്റ്റു വിരോധം നിങ്ങൾക്കും എപ്പോൾ ഉണ്ടായതാണ് ? അസംബ്ലിയിലേയ്ക്ക് അടവു നയം നടക്കില്ല എന്നുകണ്ടപ്പോൾ ഇങ്ങനെയൊക്കെയുണ്ടായി. ഒന്നുകിൽ നിങ്ങളുടെ കൂടെ ഞങ്ങളെ കൂട്ടാത്തതുകൊണ്ട് ഞങ്ങൾ കാണിക്കുന്നു, അല്ലെങ്കിൽ നിങ്ങളെ കൂട്ടാത്തതുകൊണ്ട് നിങ്ങൾ കാണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ് എന്നുള്ളത് ഇപ്പോൾ തീരുമാനിക്കണ്ട. രണ്ടും ആയിക്കൊള്ളട്ടെ. ഒന്നുകിൽ നിങ്ങളെ കിട്ടാത്ത വിരോധം വച്ച് ഞങ്ങൾ ചെയ്തതായിരിക്കും. മുസ്ലീം ലീഗുകാർക്ക് അടികൊണ്ടാൽ, കമ്മ്യൂണിസ്റ്റുകാർക്ക് അടി കൊണ്ടാൽ പിന്നെ പ്രശ്നം തുടങ്ങും. കമ്മ്യൂണിസ്റ്റുകാർക്ക് അടി കൊണ്ടാൽ ഏതാണ് ജാതി എന്ന് രണ്ടാമത് അന്വേഷണം തുടങ്ങും. എന്താണ് ഞങ്ങൾ ചെയ്യുക. ലീഗുകാരനെ തല്ലണമെന്നുണ്ടെങ്കിൽ, മുസ്ലീം അല്ലാത്ത ഒരാളെ കിട്ടണമെങ്കിൽ ഞങ്ങൾ എവിടെ പോകണം ? പണ്ട് ഒരു രാമൻ എം.എൽ.എ. ഉണ്ടായിരുന്നു. അയാൾ ഇപ്പോൾ മരിച്ചു പോയി. ഒരു ലീഗുകാരനെ തല്ലണമെന്ന് എനിക്കൊരു പൂതി വന്നു. ഞാൻ എന്തു ചെയ്യും ? തല്ലിയാൽ മുസ്ലീമായി. ഇപ്പോൾ തല്ലാൻ ഒരു വഴിയുമില്ലാതായി. ഞങ്ങൾക്ക് തല്ല് കൊള്ളുമ്പോൾ, കമ്മ്യൂണിസ്റ്റുകാർക്ക് തല്ല് കിട്ടി എന്നാകും. നിങ്ങൾക്ക് തല്ല് കൊള്ളുമ്പോൾ മുസ്ലീംലീഗുകാർക്ക് തല്ലു കിട്ടി എന്നാകും. മുസ്ലീം കവചം വെറുതെ ഉപയോഗിക്കല്ലേ ബഷീറേ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ പറഞ്ഞത് നാദാപുരത്ത് ലീഗുകാരനെ തല്ലി എന്നല്ല. നാദാപുരത്ത് മുസ്ലീങ്ങൾക്ക് നേരെ അക്രമം നടന്നു എന്നാണ് ഞാൻ പറഞ്ഞത്. അതിന് നിങ്ങൾ ലീഗിന്റെ കെയർ ഓഫ് പറയണ്ട. ലീഗല്ല തല്ലിയത്. ലീഗാണ് അത് ചെയ്തതെങ്കിലും ഞങ്ങൾ പറയില്ല. രാഷ്ട്രീയമായി നിങ്ങൾ ഞങ്ങളെ തല്ലിക്കോ. അതു വേറെ കാര്യം. നിങ്ങൾ തല്ലിയത് ലീഗുകാരനെയല്ല. നിങ്ങൾ തല്ലിയത് മുസ്ലീംങ്ങളെ നോക്കിയാണ്.

ശ്രീ. ടി. കെ. ഹംസ : ഈ തെരഞ്ഞെടുപ്പിലുണ്ടായ ന്യൂനപക്ഷ-പിന്നോക്ക-ദളിത വിഭാഗത്തിന്റെ ആനുകൂല്യവും മുൻതൂക്കവും തകർക്കാൻ ആരോ പണി ഒപ്പിക്കുന്നുണ്ട്. ആരാണെന്ന് നിങ്ങൾക്ക് ആലോചിച്ചാൽ മനസ്സിലാകും. തളിപ്പറമ്പിൽ നമ്മൾ തമ്മിൽ ലോഹ്യത്തിലായിരുന്നില്ലേ ? ആ മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായും യോജിച്ചു നമ്മൾ ഭരിക്കുകയാണ്. അവിടെ ലീഗിനെ മാർക്സിസ്റ്റുകാരൻ തോണ്ടേണ്ട ആവശ്യമില്ല. അവിടെയാണ് ഓട്ടോറിക്ഷക്കാരൻ കൃഷ്ണനെ മൂന്ന് ആളുകൾ വന്ന് അവന്റെ വണ്ടി വിളിച്ച് ഓട്ടത്തിന് പോയി. ആളൊഴിഞ്ഞ സ്ഥലത്ത് എത്തിയപ്പോൾ മൂന്ന് ആളുകൾ വന്നു. അങ്ങനെ ആറ് ആളുകൾ ഒത്തുചേർന്ന് അവന്റെ വയറ്റിലേക്കു മുള കുർപ്പിച്ചു കയറ്റി കുടലു വലിച്ചിട്ടു. പിറ്റേന്ന് രാവിലെ പത്രത്തിൽ വന്ന റിപ്പോർട്ട് എന്താണ് ? തളിപ്പറമ്പിൽ മുസ്ലീം-മാർക്സിസ്റ്റു സംഘട്ടനം. ഏതു മുസ്ലീം ? ഇതു ലീഗുകാർ ഏറ്റെടുക്കുന്നുണ്ടോ ? മലയാള മനോരമയിലും മാതൃഭൂമിയിലും ഇതു സംബന്ധിച്ചൊരു റിപ്പോർട്ട് വന്നിട്ടുണ്ട്. 'മുസ്ലീം-മാർക്സിസ്റ്റു സംഘട്ടനം, കൃഷ്ണൻ കൊലചെയ്യപ്പെട്ടു. അങ്ങനെ നിങ്ങൾ ചെയ്തതിന്റെ ഉത്തരവാദിത്വം ലീഗ് ഏറ്റെടുക്കണമെന്നു ഞാൻ പറയുകയില്ല. ഏറ്റെടുക്കുമോ ? അതുപോലെ മുസ്ലീം-മാർക്സിസ്റ്റു സംഘട്ടനം, കൂത്തുപറമ്പ്, മണ്ണാർക്കാട് അബ്ദുൾഗഫൂർ, സി.ഐ.ടി.യു. പ്രവർത്തകൻ, ലോക്കൽ കമ്മിറ്റി മെമ്പർ. വൈകുന്നേരം അഞ്ചു മണിക്ക് വീട്ടിലേയ്ക്ക് സാധന സാമഗ്രികളുമായി പോകുമ്പോൾ റോഡിൽ വളഞ്ഞു വച്ചു വെട്ടി വെട്ടിക്കൊന്നു. പിറ്റേ ദിവസം രാവിലെ റിപ്പോർട്ട് കണ്ട് ഞങ്ങൾ അന്തം വിട്ടു പോയി. മണ്ണാർക്കാട് 'മുസ്ലീം ലീഗ്-മാർക്സിസ്റ്റ് സംഘട്ടനം' അബ്ദുൾഗഫൂർ കൊല ചെയ്യപ്പെട്ടു. മരിച്ചത് മുസ്ലീമാണ്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ലീഗാണ് മരിച്ചതെന്ന് പറയാൻ വയ്യ. നിങ്ങളുടെ ഇസ്ലാമാണ് മരിച്ചത്. പക്ഷേ, സഖാവ് ആയിപ്പോയി. എന്തു ചെയ്യാം ? മഞ്ചേരിയിൽ ഷംസുദ്ദീൻ, ഡ്യൂട്ടി ഫ്രീ ഷോപ്പിന്റെ ഉടമ. ഷംസു ഷോപ്പിന്റെ മുമ്പിൽ നിൽക്കുന്നു. രണ്ടു ജീപ്പ് വരുന്നു. ജീപ്പിൽ നിന്ന് കുറച്ച് ആളുകൾ ഇറങ്ങുന്നു. വളഞ്ഞു വച്ച് വെട്ടിയപ്പോൾ അയാൾ തടഞ്ഞു. അയാളുടെ കൈ മുറിഞ്ഞു തൂങ്ങി. ഓടിയപ്പോൾ കാലിൽ വെട്ടി. വെട്ടു കൊണ്ട് വീണു. മറ്റേകാലിനും വെട്ടു കിട്ടി. നിങ്ങൾ അത് ഏറ്റെടുക്കുന്നുണ്ടോ ? അതു ലീഗ് ഏറ്റെടുക്കില്ലേ ? നമ്മൾ തമ്മിലുള്ള ലോഹ്യം കളയണ്ട. ആരാണ് ഇത് ചെയ്തതെന്ന് നിങ്ങൾ പറയണം. ഇപ്പോൾ റിപ്പോർട്ട് മുസ്ലീം ലീഗ് മാർക്സിസ്റ്റു സംഘട്ടനം. പത്രത്തിൽ വന്ന റിപ്പോർട്ട് "സഖാവ് ഷംസുവിനെ വെട്ടി എന്നാണ്" ഇതല്ലേ സംഭവം ? ഈ സംഭവങ്ങളുടെ ആകെത്തുക നോക്കുമ്പോൾ ഞങ്ങൾക്ക് ഈ തെരഞ്ഞെടുപ്പിലുണ്ടായ മുൻതൂക്കം, പിന്നോക്ക സമുദായത്തിന്റെയും ദളിത വിഭാഗത്തിന്റെയും ന്യൂനപക്ഷത്തിന്റേതുമാണെന്നു മനസ്സിലാക്കിയ ഏതോ ദുർഭൂതങ്ങൾ അതു തകർക്കാൻ പിന്നിൽ നിന്നു ചരടു വലിക്കുന്നുവെന്ന സത്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ ? ഞങ്ങൾ മനസ്സിലാക്കുന്നു. അതുവച്ചിട്ട് നാദാപുരം പ്രശ്നം പറയുമോ ? ഞാൻ പറയുന്നില്ല. ഞങ്ങൾ പറയാൻ പാടില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. നിങ്ങൾക്കു പറയാം. സമാധാന സമ്മേളനത്തിൽ മുഖ്യമന്ത്രി പ്രസംഗിച്ചില്ലേ ; ഇനി കുഴപ്പം വേണ്ട, ഞങ്ങൾ ഒപ്പിട്ടിട്ടുണ്ട്. ഞങ്ങൾക്ക് പാടില്ല. ശ്രീ. എ. കണാരേട്ടൻ പറഞ്ഞപ്പോൾ തന്നെ എടങ്ങേറായി. ഇനി ഞാൻ പറഞ്ഞാൽ അതിലും എടങ്ങേറാകും. അതുകൊണ്ട് ഞാൻ പറയുന്നില്ല. നാദാപുരത്ത് ഒരു സന്തോഷിനെ വെടിവച്ചു കൊന്നതിന് എന്തെല്ലാം ന്യായങ്ങളാണ് ! കള്ളത്തോക്കല്ല, നല്ല തോക്കാണ്. ഇനി ഏത് പൊന്നും തോക്കായാലും 26 വയസ്സുള്ള, ജീവിതത്തിന്റെ വക്കുകടിക്കാത്ത, സുന്ദരനായ ഒരു ചെറുപ്പക്കാരന്റെ നെഞ്ചത്ത് വെടിവച്ചിട്ട് അതുപറയാൻ നിങ്ങൾക്ക് കഴിയില്ലല്ലോ ? സംഭവത്തിന് മുഖ്യമന്ത്രി സമാധാന പ്രഖ്യാപനം നടത്തിയതോടു കൂടി നിങ്ങളുടെയൊക്കെ വായ് മൂടിക്കെട്ടിയതുകൊണ്ട് ഞങ്ങൾ ഒന്നും പറയുന്നില്ല. ഞങ്ങൾക്കും വേദനയില്ലേ ? സന്തോഷിന്റെ നെഞ്ചത്ത് വെടിവെച്ചില്ലായിരുന്നുവെങ്കിൽ ഈ സംഭവങ്ങൾ ഉണ്ടാകുമോ ? അതുകൊണ്ട് ആ കഥ ഇപ്പോൾ പറയുന്നില്ല. ഞങ്ങളുടെ ജാഥയും ചങ്ങലയും കഴിഞ്ഞപ്പോൾ പഞ്ചായത്തിന്റെ നേട്ടത്തിന്റെ ശക്തി ത്രിഗുണീഭവിച്ചു എന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ജാഥ നയിക്കുന്നത് ഇതാ വരുന്നു ഇതാ വരുന്നുവെന്ന് പറഞ്ഞ് പണ്ട് അദ്വാനി അയോദ്ധ്യയിലേയ്ക്ക് പോയതുപോലെയാണ്. അതിലൊന്നും യാതൊരു കഴമ്പും ഇല്ല. മലയാള മനോരമ പത്രമെഴുതി, 'ആദർശത്തിന് അരുമയായ ചേർത്തല' എന്ന് ഏത് ആദർശമാണ് ഈ പറയുന്നത് ? ബഹുമാനപ്പെട്ട ആന്റണി ഇവിടെ ഇല്ലാത്തത് കൊണ്ടാണ് കാർത്തികേയാ ഞാൻ പറയാത്തത്. ഞങ്ങളും നിങ്ങളും മൂന്നാളും ഒരുമിച്ച് പറഞ്ഞ ചില കാര്യങ്ങൾ പറയട്ടെ. ഇന്ദിരാഗാന്ധിയുടെ കോന്തല വലിഞ്ഞ് തൂങ്ങി വളർന്നവനാണ് ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. എ. കെ. ആന്റണിയും. ശ്രീ. കെ. കരുണാകരനും ശ്രീ. പി. പി. തങ്കച്ചനും ഈ ഹംസാക്കയും. ആ ഇന്ദിരാഗാന്ധി തകർന്ന് നിന്നപ്പോൾ കഠാര താഴ്ത്തി കല്ല് കയറ്റിവച്ചു ; എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉപ്പ് തിന്നവൻ വെള്ളം കുടിക്കും എന്നുപറഞ്ഞ ആദർശമല്ലേ ? ഇത് ഞങ്ങൾ പ്രസംഗിച്ചത് അല്ലേ ? എന്നിട്ട് കമ്മ്യൂണിസ്റ്റ് വിരോധം! ഈ എ. കെ. ജി. സെന്ററിന്റെ മുമ്പിൽ രാത്രി 12 മണിക്ക് ശ്രീ. ആര്യാടനേയുംകൂട്ടി ശ്രീ. എ. കെ. ആന്റണി അല്ലേ പോയത് ? എന്നിട്ട് ഇപ്പോൾ ഇടതുമുന്നണി ഗവൺമെന്റ് എന്ന് പറയുമ്പോൾ ശ്രീ. എ. കെ. ആന്റണിയുടെ ഞരമ്പ് കുമ്പളങ്ങ പോലെ വരുന്നു. ഇന്ദിരാഗാന്ധി തിരിച്ച് വന്നപ്പോൾ ഇടതുപക്ഷത്തേയും പൊളിച്ചു, ഗവൺമെന്റിനേയും പൊളിച്ചു. സഖാവ് നായനാരേയും പൊളിച്ചു. സ്വന്തം പാർട്ടിയേയും പൊളിച്ചു. പാർട്ടി രണ്ടാക്കി, ഇതാണോ ആദർശം ? ചേർത്തലയിൽ ശ്രീ. എ. കെ. ആന്റണി പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആറായിരം വോട്ടിന് പിന്നിലാണ്. ശ്രീ. എ. കെ. ആന്റണി അവിടെത്തന്നെ നിൽക്കട്ടെ, അപ്പോൾ ഈ തെരഞ്ഞെടുപ്പ് ലാക്കാക്കി കൊണ്ടുള്ള ജീപ്പിൽ പോക്കുണ്ടല്ലോ, അള്ളാന്റെ ഭൂമിയിൽ കൂടി നിങ്ങൾ ഒന്നുപോകുമോ ? ഞങ്ങൾ ചങ്ങല നിന്ന മാതിരി നിങ്ങൾ നിൽക്കുമോ ? ശ്രീ. എം. എ. ബേബിയും ശ്രീ. കോടിയേരി ബാലകൃഷ്ണനു മടക്കം രണ്ട് സഖാക്കൾ നടന്നതുപോലെ നിങ്ങൾ നടക്കുമോ ? അപ്പോൾ കാണാം ജനപിന്തുണ. ഇപ്പോൾ ഒരു സ്വീകരണം കഴിഞ്ഞാൽ അടുത്ത സ്വീകരണത്തിന് ലോറിയിൽ കയറ്റിക്കൊണ്ട് പോകുകയല്ലേ? എന്നിട്ട് എല്ലാ സ്വീകരണവും ഒരു കവലയിൽ വച്ചിട്ടാണ് നടത്തുന്നത്. എന്നിട്ട് ആളുകളെ ഒതുക്കി അതിന്റെ ഇടയിൽക്കൂടി ശ്രീ. എ. കെ. ആന്റണിയെ കയറ്റുകയാണ്. അപ്പോൾ ഭയങ്കര ജനത്തിരക്ക്. അത് ഏഷ്യാനെറ്റിലും ടി.വി.യിലുമൊക്കെ കാണിച്ച് നാളെ അധികാരത്തിലേറാമെന്ന് പറഞ്ഞ് കുപ്പായം തുന്നിച്ച് നടന്നാൽ ആ വെള്ളം വാങ്ങിവെച്ചോ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഏറനാടൻ ഭാഷയിൽ ബഹുമാനപ്പെട്ട ടി. കെ. ഹംസയുടെ പ്രസംഗം ഇപ്പോൾ കഴിഞ്ഞതേയുള്ളൂ. അദ്ദേഹം ദണ്ഡിയാത്രയിൽ മഹാത്മാഗാന്ധിയോടൊപ്പം പങ്കെടുത്ത സ്വാതന്ത്ര്യസമര സേനാനിയും പഴയ ആളുമായതുകൊണ്ട് അദ്ദേഹം ഓൾഡ് സ്കൂളിന്റെ ആളാണ്. ന്യൂ സ്കൂളിൽപ്പെട്ട ഞങ്ങൾക്ക് പലതും അറിയില്ല. അദ്ദേഹത്തിന്റെ പഠനത്തിൽ ഞങ്ങൾക്ക് നന്ദിയുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അനിരുദ്ധൻ മുതൽ ശ്രീ. ടി. കെ. ഹംസ വരെയും ശ്രീ. പി. പി. തങ്കച്ചൻ മുതൽ എ. വി. താമരാക്ഷൻ വരെയുള്ള പ്രതിപക്ഷ കക്ഷിയിലേയും ഭരണപക്ഷത്തിലേയും പ്രസംഗങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ ഇവിടെ സംസാരിക്കാനുണ്ട്. വളരെ വർണ്ണാഭമായ ഒരു ചിത്രമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ചത്. ഞാൻ ഇവിടെപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ചൊന്നും ആവർത്തിക്കുന്നില്ല. ഇവിടെ ഗവർണ്ണർ വരച്ചുകാട്ടിയ അത്തരമൊരു കേരളം ഇവിടെ ഉണ്ടോ ? അദ്ദേഹം ഒരു ചിത്രം നമ്മുടെ മുമ്പിൽ കാണിച്ചു. ആഞ്ചലോയുടെയും പിക്കാസോയുടേയും ചിത്രം കാണിക്കുന്നതുപോലെ കേരളത്തെക്കുറിച്ച് ഒരു ചിത്രം അദ്ദേഹം കാണിച്ചു. അത്തരത്തിലൊരു ചിത്രം കേരളത്തിൽ ഉണ്ടോ ? ഇവിടെ തർക്കത്തിനുവേണ്ടിയൊന്നും ഞാൻ പറയുന്നില്ല. സർ, നയപ്രഖ്യാപന

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗമെന്നുപറയുന്നത് എന്താണ് ? ഉത്തമ വാഗ്ദാനങ്ങളടങ്ങുന്ന, ദീർഘവീക്ഷണത്തോടുകൂടിയുള്ളതായിരിക്കണം അത്. ഭരണ നൈപുണ്യം വേണം, ജനസ്നേഹം വേണം, ഭാവന വേണം, അതൊന്നും ഇതിൽ ഇല്ല. അന്തരിച്ച സി. എച്ച്. മുഹമ്മദ്കോയ പറഞ്ഞ ഒരുകാര്യം ആവർത്തനവിരസം ആകുമെങ്കിലും ഞാൻ ഇവിടെ ആവർത്തിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ ജനാധിപത്യത്തെ അദ്ദേഹം ഉപമിച്ചത് തേക്കിൻകാട് മൈതാനത്തോടാണ്. 'തേക്കില്ലാത്ത തേക്കിൻകാട് മൈതാനം.' അതുപോലെ നയങ്ങളില്ലാത്ത ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയത്. സാധാരണ നയപ്രഖ്യാപന പ്രസംഗത്തിൽ നയങ്ങൾ കാണും. അതുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു പ്രതിപക്ഷത്തിന് ഇനി എന്തുവേണം ആനന്ദിക്കാൻ 31 പേജ് മലയാളത്തിലും 38 പേജ് ഇംഗ്ലീഷിലും ഉള്ള നയപ്രഖ്യാപനമുണ്ട് എന്ന്. മലയാളത്തിൽ അച്ചടിച്ചിട്ടുള്ള നയപ്രഖ്യാപന പ്രസംഗത്തിൽ ഓരോ പാരഗ്രാഫും അവസാനിച്ചിരിക്കുന്നത് എല്ലാം കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ്, കഴിഞ്ഞുവെന്നുള്ളതല്ല, പ്രതികളെ ശിക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന പരിശീലനം നൽകി കഴിഞ്ഞു. അയൽക്കൂട്ടങ്ങൾ ഉണ്ടാക്കി. താൽപ്പര്യം കാണിച്ചിട്ടുണ്ട്, ഐ.ടി.ഐ. പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ശ്രദ്ധേയമായ ചില നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ഓരോന്ന് പറഞ്ഞിരിക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ ഇടതുജനാധിപത്യമുന്നണിക്ക് ഭരിക്കാൻ രണ്ടുമാസം ഉണ്ടെങ്കിൽ പോലും നയപ്രഖ്യാപന പ്രസംഗം എന്താണ് ? ഏറ്റവും പ്രധാനപ്പെട്ടത്, നമ്മൾ ശ്രദ്ധിക്കേണ്ടത് നയപ്രഖ്യാപന പ്രസംഗത്തിൽ അഴിമതി വിമുക്ത കേരളം എന്നുപറഞ്ഞിട്ടുണ്ട്. അഴിമതിയുമായി ബന്ധപ്പെട്ട് ഈ നിയമസഭയിൽ പോലും പ്രതിപക്ഷത്തുനിന്ന് പ്രസംഗിക്കുമ്പോൾ നിങ്ങൾക്ക് പരമ പുച്ഛമാണെന്ന് ഞങ്ങൾക്കറിയാം. അഴിമതി ഭരണ ജീവിതത്തിന്റേയും രാഷ്ട്രീയ ജീവിതത്തിന്റേയും മുഖ്യധാരയിലേയ്ക്കുള്ള ഘടകമായി നിങ്ങൾ മാറ്റിയിരിക്കുന്നതുകൊണ്ടാണ് ഈ ഗവൺമെന്റുമായി ബന്ധപ്പെട്ട അഴിമതിയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾക്ക് പുച്ഛം തോന്നുന്നത്. ഇവിടെ അഴിമതി വിമുക്ത കേരളം എന്നാണ് പറഞ്ഞിരിക്കുന്നത്. എന്താണ് അഴിമതി റിമുക്ത കേരളം. ഞാൻ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. മൂന്നു കോടി ജനങ്ങൾ നയപ്രഖ്യാപന പ്രസംഗം വായിച്ചതിനുശേഷം അവർ ഒരു പുതിയ തമാശകേട്ട് ആസ്വദിക്കുന്ന മട്ടിലാണ് ഇരിക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിക്കുമ്പോൾ അവകാശ വാദങ്ങൾ വേണം. ഗവൺമെന്റിന്റെ കാര്യങ്ങൾ ഭംഗിയായി പറയണം. പക്ഷേ, ഈ ഗവൺമെന്റ് അഴിമതി വിമുക്ത കേരളമെന്ന് ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചു. ഇവിടെ ബഡ്ജറ്റ് വരുന്നതുകൊണ്ട് ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ട്. കേരളത്തിൽ ഒരു ഡിബേറ്റ് നടക്കുന്നത് എന്തിനെക്കുറിച്ചാണ് ? കേരളത്തിന്റെ സാമ്പത്തിക രംഗത്തെ കടം എത്രയാണ് ? നമ്മുടെ നാട്ടിൻപുറങ്ങളിലെ സാധാരണ സഹകരണ സംഘങ്ങളെക്കുറിച്ച് എന്തെങ്കിലും ആഡിറ്റും കണക്കും ഇല്ലേ ? ആഡിറ്റ് ചെയ്യാറില്ലേ ? കേരളത്തിൽ ഇതുവരെ എത്ര കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഉണ്ട്. എന്തിനാണ് ഒരു ഡിബേറ്റിലേയ്ക്ക് പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ കക്ഷിയിലെ ആളുകൾ കേരളത്തിൽ ഇത്രയധികം കടമുണ്ടെന്ന് പറയുമ്പോൾ നിങ്ങൾ കണക്കുകൾ സഹിതം പറയണം. കേരളത്തിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ഒരു പഠനം വന്നിട്ടുണ്ടോ ? ഏത് ഗവൺമെന്റിന്റെ കാലത്തായാലും സാമ്പത്തിക മേഖലയെക്കുറിച്ച് ഒരു വിലയിരുത്തൽ വേണ്ടേ ? ധവളപത്രം ഇറക്കണമെന്ന് പറയുമ്പോൾ നിങ്ങൾ ബേജാറാകും, ധവളപത്രം വേണ്ടേ ? കേരളത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ് ? എന്തെല്ലാം ബാദ്ധ്യതകളുണ്ട്. സാധാരണ ഗതിയിൽ ഒരു സഹകരണ സ്ഥാപനത്തിന്റെ കാര്യങ്ങൾ പോലും വിലയിരുത്തുന്നതിനും ആഡിറ്റ് ചെയ്യുന്നതിനുമുള്ള സംവിധാനമുള്ള കേരളത്തിൽ മൂന്നു കോടി ജനങ്ങളെ നിയന്ത്രിക്കുന്ന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ളത് കേവലം പൊള്ളയായ ചില രാഷ്ട്രീയ പ്രസ്താവനകൾ മാത്രം! ആ പ്രസ്താവനയിൽ തന്നെ അഞ്ച് കോടി രൂപയുടെ വ്യത്യാസങ്ങൾ. അതുകൊണ്ട് ഗവൺമെന്റിന്റെ ധനനില കൃത്യമായും ഈ സഭയിൽ കൊണ്ടുവരണം. ഏറ്റവും നല്ല ധനകാര്യ മാനേജ്മെന്റാണെന്ന് പലയാളുകളും പറഞ്ഞു. വണ്ടിച്ചെക്കുകളായി മാറുന്നതാണോ ധനകാര്യ മാനേജ്മെന്റ് ? കാർഗിൽ യുദ്ധത്തിൽ വെടിയേറ്റ് മരിച്ച ജവാന്റെ കുടുംബത്തിന് കൊടുത്ത ചെക്ക് വണ്ടിച്ചെക്കാണെന്ന പത്രത്തിൽ വായിക്കുമ്പോൾ നിങ്ങൾക്ക് പുച്ഛമാണ്. ധനകാര്യ വകുപ്പുമന്ത്രി കൊടുത്ത ചെക്കാണ്. ധനകാര്യ മാനേജ്മെന്റ് ഭേദമാണെങ്കിൽ കാർഗിൽ യുദ്ധത്തിൽ മരിച്ച ജവാന്റെ കുടുംബത്തിന് കൊടുത്ത ചെക്ക് എങ്ങനെ വണ്ടിച്ചെക്കാകും? അതുപോലും മാറാൻ കഴിയുന്നില്ല എന്നുള്ളതാണ് സ്ഥിതി. ട്രഷറി ഇപ്പോഴും പൂട്ടിയിട്ടിരിക്കുകയാണ്. കാര്യകാരണങ്ങൾ പ്രതിപക്ഷം പറയുമ്പോൾ നിങ്ങൾ ഹാസ്യാത്മകമായി എടുക്കുകയാണ്. അതാണ് ശ്രീ. ടി. കെ. ഹംസ ഇവിടെ പറഞ്ഞത്. ജനാധിപത്യത്തിൽ പ്രധാനമായും വേണ്ടത് സഹിഷ്ണുതയാണ്. മറ്റുള്ളവർ പറയുന്നത് കേൾക്കാനുള്ള ബാദ്ധ്യത. അതു നിങ്ങൾ ഏറ്റെടുത്തിട്ടില്ല. ഒരു സന്ദർഭത്തിലും നിങ്ങൾ അത് ഏറ്റെടുത്തിട്ടില്ല. ഇവിടെ ഓരോന്നും വർദ്ധിപ്പിച്ചു. വിദേശമൂലധനം വർദ്ധിപ്പിച്ചു എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ വിദേശമൂലധനം ധാരാളം കൊണ്ടു വരുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി രണ്ടുമൂന്ന് പാരഗ്രാഫ് പറഞ്ഞിരുന്നു. 9 ശതമാനത്തിൽ താഴെ മാത്രം പലിശയുള്ള ധാരാളം സാമ്പത്തിക സഹായങ്ങൾ വിദേശത്തുനിന്നും കൊണ്ടുവരുമെന്ന് പറഞ്ഞു. ഇവിടെ കേരളത്തിന്റെ സ്ഥിതി എന്താണ് ; തമിഴ്നാടിന്റെ സ്ഥിതി എന്താണ് ; കർണ്ണാടകയുടെ സ്ഥിതി എന്താണ് എന്നീ കാര്യങ്ങളെയൊക്കെ സംബന്ധിച്ച് ശ്രീ. ടി. കെ. ഹംസ ചില അഭിപ്രായങ്ങൾ വായിച്ചു. ആ കള്ളക്കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വിദേശമൂലധനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് അറിയാം. മന്ത്രിമാർ യാത്ര ചെയ്യുന്നതിൽ ഞങ്ങളാരും എതിരല്ല. നിങ്ങൾ വിദേശത്ത് എവിടെ വേണമെങ്കിലും പൊയ്ക്കോ. വിദേശയാത്ര കൊണ്ട് കേരളത്തിൽ എന്ത് മൂലധനമുണ്ടായി ? കർണ്ണാടകത്തിന് 7.55 ശതമാനം തമിഴ്നാടിന് 6.71 ശതമാനം കിട്ടി. നമുക്ക് കിട്ടിയത് വെറും 0.39 ശതമാനമാണ്. ഇത്രയധികം മലയാളികൾ വിദേശത്തുള്ള മറ്റേത് സംസ്ഥാനങ്ങളെക്കാളും രാജ്യത്തെക്കാളും ആളുകൾ വിദേശത്തുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനമാണ് കേരളം. മുഖ്യമായും വിദേശ മലയാളികളുടെ കണക്കുവച്ച് ബാങ്ക് നിക്ഷേപത്തിലെ യഥാർത്ഥ ശതമാനം നേടിയെടുക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞോ? എവിടെയാണ് ഇൻവെസ്റ്റ് ചെയ്തത് ? കേരളത്തിനകത്ത് എവിടെയെങ്കിലുമുണ്ടോ? ബഡ്ജറ്റ് വരുമ്പോൾ വിശദമായി പറയേണ്ട കാര്യമാണെങ്കിലും ഇന്ന് രാവിലെ ഒരു ചോദ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. ഏതായാലും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് ആ ചോദ്യത്തിനുള്ള മറുപടി പറയാതിരിക്കാനുള്ള ഭാഗ്യമുണ്ടായി. കാരണം സമയം കിട്ടിയില്ല. പുനരുദ്ധാരണ ഫണ്ടിലേയ്ക്ക് കിട്ടിയ രൂപ എത്രയാണ് ഇവിടെ ചെലവഴിച്ചത് ? 13.5 ശതമാനം പലിശയ്ക്ക് പണം ഉണ്ടാക്കിയെടുത്തിട്ട് പുനരുദ്ധാരണ ഫണ്ടിലേയ്ക്ക് പത്തു പൈസ നിങ്ങൾ ചെലവഴിച്ചോ ? 13.5 ശതമാനം പലിശയ്ക്ക് എടുത്ത കാശ് മറ്റ് ആർഭാടത്തിന് ചെലവാക്കിയിട്ട്, ഹുൾപേജ് പരസ്യം കൊടുക്കാൻ ചെലവാക്കിയിട്ട്, മാനവീയം പോലുള്ള മഹാപാതകത്തിനുവേണ്ടി ചെലവാക്കിയിട്ട്, കേരളത്തിന്റെ ധനകാര്യ മാനേജുമെന്റ് രമച്ചമാണെന്ന് പറയുമ്പോൾ സാമ്പത്തിക മേഖലയിലെ സത്യസ്ഥിതിയെങ്കിലും എല്ലാപേരും കാണണം. കേരളം സമാധാനഭൂമി എന്നാണ് പറയുന്നത്. കേരളത്തെ 'ഗോഡ്സ് ഓൺ കൺട്രി' എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ പറയുന്നത്. ആസ്ത്രേലിയയെ പറയുന്നത് കംഗാരുവിന്റെ നാട് എന്നാണ്. കേരളം ദൈവത്തിന്റെ നാട്. ഇപ്പോൾ പറയുന്നത് സമാധാനഭൂമി എന്നാണ്. കണ്ണൂരും നാദാപുരവും അതുപോലുള്ള മറ്റ് സ്ഥലങ്ങളും പറയാൻ വേണ്ടിയല്ലേ നിങ്ങൾ അങ്ങനെ പറയുന്നത് ? ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി എപ്പോൾ സംസാരിക്കുമ്പോഴും ഐക്യജനാധിപത്യമുന്നണി പണ്ട്ചെയ്ത കാര്യങ്ങളെക്കുറിച്ച് പറയും. മറ്റ് സംസ്ഥാനങ്ങളെ കുറിച്ച് പറയും. ഈ രാജ്യത്തിന് വെളിയിലുള്ള കാര്യങ്ങളെകുറിച്ച് പറയും. കേരളത്തിൽ പക്ഷേ, ഒന്നുമില്ല. ഞാൻ നാദാപുരത്തിന്റെ പിന്നാംപുറ കഥകളിലേയ്ക്ക് പോകുന്നില്ല. പക്ഷേ, നാദാപുരം സംഭവം ഈ നാടിന് ഒരു കരടല്ലേ ? നാദാപുരത്ത് ഒന്നും സംഭവിച്ചിട്ടില്ലേ? ബഹുമാനപ്പെട്ട ടി. കെ. ഹംസ സംസാരിച്ചപ്പോൾ ഒന്നും സംഭവിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. ഇവിടെ പലരും ഒരുപാട് പത്രങ്ങൾ കാട്ട് ചെയ്തല്ലോ. 'ദ വീക്ക്' എന്നൊരു വീക്ക്ലിയുണ്ട്. അതിനകത്ത് ഒരു സ്ത്രീ നേരിട്ട് പത്രക്കാരോട് പറഞ്ഞ ഒരു കാര്യമുണ്ട്. "I was raped" എന്നാണ് അതിന്റെ ഹെഡ്ലിംഗ്. മുഖ്യമന്ത്രി പറഞ്ഞു റേപ് നടന്നിട്ടില്ലെന്ന്. ഇന്ത്യയിൽ, ഭൂതലത്തിൽ എവിടെയെങ്കിലും ഒരു സ്ത്രീ ആരോടെങ്കിലും പുരുഷൻമാർ ബലാത്സംഗം ചെയ്തുവെന്ന് വെറുതെ പറയുമോ ? അത് പറയാൻ ഒരു വീട്ടമ്മ, ഒരു ഭാര്യ, ഒരു അമ്മ, ഒരു സഹോദരി തയാറാകുന്നത് സഹിക്കാൻ വയ്യാഞ്ഞിട്ടാണ്. കേരളത്തിന്റെ ചിത്രം പുറത്തുവരാൻ ഇതുമാത്രം മതി. ഞാനത് വായിക്കാം. "They even used to come to my house to watch TV. It was the C.P.I.(M) people who attacked me and they only targeted Muslim households. Neither I nor my husband has any political affiliation. I had no option but to give them the ornaments I was wearing, which weighed 15 sovereigns. I also gave them Rs. 25,000 which my husband had sent from the Gulf.

LIBRARY ARCHIVES Kerala Legislative Assembly

The assailants then pushed my children into a room and locked them in then, before I could do anything, six youths, including my neighbours, shoved clothes into my mouth an dragged me outside the house. There they stripped me naked. Binu, one of the youths, pulled at my.....while Raghavan and Pavithran bit into my.....I tried to pull away and they threatened to throw me into the well. They continued torturing me and I lost consciousness." ഇത് കേരളത്തിന്റെ ചിത്രമാണ്. ധൈര്യസമേതം പേരുകൾ പറഞ്ഞിട്ടുണ്ട് സി.പി.ഐ.(എം.) കാരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്. തെറ്റാണെങ്കിൽ നിങ്ങൾ ആ വീക്ക്ലിക്കെതിരെ കേസെടുക്ക്. ഞാൻ അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞ മുഖ്യമന്ത്രിയുടെ നിലപാടുകളെ സ്വാഗതം ചെയ്ത ആളാണ്. ഞങ്ങൾക്ക് ഇതിൽ രാഷ്ട്രീയനേട്ടങ്ങളൊന്നും വേണ്ട. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ ജനങ്ങളെ അണിനിരത്താൻ റേപ് കേസുകളൊന്നും വേണ്ട. വൈദ്യുതിവകുപ്പുമന്ത്രി ബഹുമാനപ്പെട്ട ശർമ്മ എന്റെ പഴയകാല ഡി.വൈ.എഫ്.ഐ. സുഹൃത്താണ്. എല്ലാപേരും സംസാരിക്കുമ്പോൾ എവിടെയായിരുന്നു ഐക്യജനാധിപത്യമുന്നണി ; നിങ്ങളുടെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതിയല്ലേ ഉല്പാദിപ്പിച്ചുള്ളൂ ; എന്നൊക്കെയാണ് പറഞ്ഞത്. അത് ഞങ്ങൾ സമ്മതിക്കുന്നു. 1987 മുതൽ 1991 വരെയുള്ള ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ഉണ്ടാക്കിയ 17 മെഗാവാട്ട് വൈദ്യുതിയാണ് ഞങ്ങൾക്ക് ഉദ്ഘാടനം ചെയ്യാനുള്ള ദുർഭാഗ്യം ഉണ്ടായത്. ശ്രീ. പിണറായി വിജയന്റേയും ശ്രീ. ശർമ്മയുടെയും കാലത്തുള്ള നേട്ടങ്ങളെ കോട്ടങ്ങളായി ഞങ്ങൾ കാണുന്നില്ല. ശരിക്കും ഞങ്ങളുടെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതിയാണോ ഉല്പാദിപ്പിച്ചത് ? ബഹുമാനപ്പെട്ട ഇ. കെ. നായനാർ മുഖ്യമന്ത്രിയായതിന്റെ നാലാം ദിവസം എന്റെ നിയോജകമണ്ഡലത്തിലെ പേപ്പാറയിൽ വന്ന് 3 മെഗാവാട്ട് ഉദ്ഘാടനം ചെയ്തത് നിങ്ങൾ ഉല്പാദിപ്പിച്ചതാണോ ? ബ്രഹ്മപുരത്ത് 100 മെഗാവാട്ട് ഉദ്ഘാടനം ചെയ്തത് നിങ്ങൾ ഉണ്ടാക്കിയതാണോ ? ലോവർ പെരിയാർ 150 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ച് ഉദ്ഘാടനം ചെയ്തത് നിങ്ങൾ ഉണ്ടാക്കിയതാണോ ? എന്തിനാണ് വിവരക്കേട് പറയുന്നത് ? ഞാൻ പറയുന്നത്, രണ്ട് മാസം കൊണ്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാദ്ധ്യമല്ല. വികസനം ഒരു തുടർച്ചയാണ്. അതുകൊണ്ട് ഐക്യജനാധിപത്യമുന്നണിയുടെ കാലത്ത് കേരളം ഇരുട്ടിലായിരുന്നു എന്നു പറയുന്നത് ശരിയല്ല. നാളെയും ഒരു വരൾച്ച വന്നാൽ, നമ്മുടെ ജലസംഭരണികളിൽ വെള്ളം ഇല്ലെങ്കിൽ പവർകട്ട് വരില്ലേ ? പക്ഷേ, ഇപ്പോൾ താപവൈദ്യുതി ഉള്ളതുകൊണ്ട് കുഴപ്പമില്ല. വൈദ്യുതി ഉല്പാദനം കൂടിയെന്നുള്ളത് ശരിതന്നെ. പക്ഷേ, റിക്കോർഡ് ചാർജ് വർദ്ധനവല്ലേ കേരളത്തിൽ ഉണ്ടായിട്ടുള്ളത് ? ഉല്പാദനച്ചെലവ് കൂടിയെന്നുള്ളത് സമ്മതിക്കുന്നു. വെറുതെകിട്ടുന്ന വെള്ളത്തിൽനിന്ന് വൈദ്യുതി ഉണ്ടാക്കുന്നത് മാറ്റി മറ്റു മേഖലകളിലേയ്ക്ക് പോയി. ഇപ്പോഴത്തെ ധനകാര്യമന്ത്രി പഴയ മന്ത്രിയാണല്ലോ കെ.എസ്.ഇ.ബി.യുടെ ബാദ്ധ്യത എത്രയാണ് ? ഏതെടുത്താലും ഇതുതന്നെ. പിന്നെ ഞങ്ങൾക്കുള്ള ആക്ഷേപമെന്നുപറയുന്നത് കേരളത്തിലെ കോൺഗ്രസ്സ് ബി.ജെ.പി.-യ്ക്കെതിരെ ഒന്നും പറയുന്നില്ല എന്നുള്ളതാണ്. ഇത്രയധികം രാഷ്ട്രീയമായ കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടലുമൊക്കെ സഹിച്ചുകൊണ്ട്, ബി.ജെ.പി.യെ ഇടിച്ചുപറഞ്ഞത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്. ഞാൻ രാജ്യത്തിന്റെ ചരിത്രം പറയണോ ; കണക്കുകൾ പറയണോ ; ബി.ജെ.പി.യെ എതിർക്കുന്നതിനായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കാണിച്ച ആർജ്ജവത്തെക്കുറിച്ച് ഞങ്ങൾ വീണ്ടും വീണ്ടും പറയണോ ? ബന്ധങ്ങളെക്കുറിച്ചൊന്നും ആരും ഒന്നും പറയണ്ട. കൊല്ലത്ത് ബഹുമാന്യയായ സബീറ മേയറെ ഇരുത്തിക്കൊണ്ടും എറണാകുളത്ത് ശ്രീ. ദിനേശ് മണിയെ ഇരുത്തിക്കൊണ്ടും തിരുവനന്തപുരത്ത് മേയർ ശിവൻകുട്ടിയെ ഇരുത്തിക്കൊണ്ടും നിങ്ങൾ ആരെക്കൊണ്ടാണ് ഭരിച്ചതെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. ചില സ്ഥലത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ ഇടതുപക്ഷം വിട്ടുനിന്നു. ചിലയിടത്ത് വരാതിരുന്നു, ചിലയിടത്ത് കയറിയിരുന്നു. നിശ്ശബ്ദത പാലിച്ചു. പരോക്ഷമായിട്ടും പ്രത്യക്ഷമായിട്ടും നിങ്ങൾക്ക് ബി.ജെ.പി.യുമായിട്ടുള്ള പങ്കാളിത്തമാണ് ഇത് തെളിയിക്കുന്നത്. ഞങ്ങൾ ബി. ജെ.പി.ക്കെതിരായി പോരാട്ടം നടത്തിയതിന് നിങ്ങളുടെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് വേണ്ട. ഇൻഡ്യയിലെ ബി.ജെ.പി. പ്രസ്ഥാനത്തെ കോൺഗ്രസ്സ് എതിർക്കുന്നതിന്റെ പേരിൽ, ഇൻഡ്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ അവരെ സഹായിച്ചതുവഴിയാണ് അവർക്ക് ഒരു സോഷ്യൽ പൊളിറ്റിക്കൽ റെസ്പെക്ട് കിട്ടിയത്. ഇൻഡ്യൻ പാർലമെന്റിന്റെ മൂലയിൽ ശ്രീ. എ. ബി. വാജ്പേയിയെ അടക്കം പരാജയപ്പെടുത്തി കേവലം രണ്ട് എം.പി.മാർ മാത്രമാക്കി മാറ്റിയ ബി.ജെ.പി.ക്ക് ഊർദ്ധശ്വാസം നൽകിയതും അവർക്ക് ആത്മാവ് നൽകിയതും അവർക്ക് ശക്തി നൽകിയതും അന്ധമായ കോൺഗ്രസ്സ് വിരോധത്തിന്റെ പേരിൽ ഇൻഡ്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്ന രാഷ്ട്രീയ സത്യം മറക്കരുത്. അവരെ വളർത്തിയത് ഞങ്ങളല്ല. നിങ്ങളാണ്. ബി.ജെ.പി.യെ വളർത്തിയതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് പങ്കുണ്ട്. സംശയമില്ല. ഫൂലൻദേവിക്കെതിരെ ഞങ്ങൾ സ്ഥാനാർത്ഥിയെ നിർത്തിയപ്പോൾ കോൺഗ്രസ് സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തുവാൻ നിർത്തിയവരല്ലേ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ? നിങ്ങൾക്ക് ഒരൊറ്റ മുദ്രാവാക്യം മാത്രം. അന്ധമായ കോൺഗ്രസ് വിരോധം. ഒടുവിൽ നാളെ വീരപ്പൻ സ്ഥാനാർത്ഥിയായാലും നിങ്ങളുടെ നിലപാട് അതുതന്നെ ആയിരിക്കും, യാതൊരു സംശയവുമില്ല. ഞങ്ങളുടെ പാർട്ടിയിൽ ചില അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ട്. ശ്രീ. കെ. കരുണാകരനോട് എന്തൊരു സ്നേഹമാണ്! ഇല്ലെന്ന് പറയുന്നില്ല. ഷേക്സ്പീയറെ ഉദ്ധരിക്കുന്നതു പോലെ, മഹാത്മാഗാന്ധിയെ ഉദ്ധരിക്കുന്നുതപോലെ, കാറൽമാർക്സിനെ ഉദ്ധരിക്കുന്നതുപോലെ ശ്രീ. കെ. കരുണാകരനെ ഉദ്ധരിക്കുന്നു. ഞങ്ങൾക്ക് നന്ദിയുണ്ട്. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. കണക്കുകളൊന്നും ഞങ്ങളോട് പറയരുത്. പുന്നപ്ര വയലാർ രണഭൂമിയിലാണ് ഇൻഡ്യയിൽ ആദ്യമായി തൊഴിലാളി പ്രസ്ഥാനം ഉടലെടുത്തത്. ബർട്രാന്റ് റസ്സലിനെ അഭിമാനപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറയാറില്ലേ ? ആ രണഭൂമിയിൽ നിന്നും, കേവലം തയ്യൽ-തുന്നൽക്കാരനായി ജീവിതം തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പടവുകൾ ചവിട്ടി കയറി വന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനെ എന്തിന് നിങ്ങൾ മലമ്പുഴയിൽ കൊണ്ടു പോകുന്നു? ഒന്നുകിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ആലപ്പുഴയിലെ ശക്തിയെക്കുറിച്ച് നിങ്ങൾക്ക് സംശയം അതല്ലെങ്കിൽ നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അച്ചുതാനന്ദനെ സംശയം. അതുകൊണ്ടാണ് മലമ്പുഴയിൽ കൊണ്ടു പോകുന്നത്. ആവശ്യമില്ലാതെ നിങ്ങൾ മുറത്തിൽ കയറി കൊത്തരുത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആ ചരിത്രമുണ്ട്. മഹാനായ ശ്രീ. എ. കെ. ഗോപാലൻ പാർലമെന്റിൽ ജവഹർലാൽ നെഹ്റുവിനെ വെല്ലുവിളിച്ചു. കാസർകോഡ് വന്ന് എനിക്കെതിരെ മത്സരിക്കാൻ കഴിയുമെന്ന് വെല്ലുവിളിച്ചല്ലോ. അഭിമാനപൂർവ്വം മാർക്സിസ്റ്റു പാർട്ടി കയ്യടിച്ചു. കടന്നപ്പള്ളിയിൽ നിന്നും വന്ന ശ്രീ. രാമചന്ദ്രൻ കെ.എസ്.യൂ. പ്രസിഡന്റ് സ്ഥാനാർത്ഥിയായപ്പോൾ സഖാവ് എ. കെ. ഗോപാലൻ വണ്ടി കയറി പാലക്കാട്ട് പോയി. അതുവരെ പാലക്കാട് വിജയിച്ചിരുന്ന ശ്രീ. ഇ. കെ. നായനാർ കാസർകോഡ് പോയി. ശ്രീ. ഇ. കെ. നായനാർ ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനെ പരാജയപ്പെടുത്തി. ശ്രീ. എ. കെ. ഗോപാലൻ പാലക്കാട് നിന്നും വന്നു. ചരിത്രമൊന്നും പറയരുത്. മുഖ്യമന്ത്രിമാർ ആകാൻ താൽപ്പര്യമുള്ള ആളുകൾ ഉണ്ടായി എന്നു വരും. ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥിയായി മാരാരിക്കുളത്ത് നിന്നും മത്സരിച്ച ശ്രീ. അച്ചുതാനന്ദൻ തോൽക്കുകയോ തോൽപ്പിക്കയോ ചെയ്തിട്ട് മത്സരിക്കാതിരുന്ന ശ്രീ. ഇ. കെ. നായനാർ കേരളത്തിലെ മുഖ്യമന്ത്രി ആയില്ലേ? സഖാവ് സുശീലാ ഗോപാലൻ പാർട്ടിക്കുള്ളിൽ മത്സരിച്ചില്ലേ? സ്വാഭാവികമായും അതൊക്കെ വന്നു പോകും. 'കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരി മുഖ്യമന്ത്രി' എന്ന് പറഞ്ഞില്ലേ? 1987-ൽ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയപ്പോൾ പത്രങ്ങൾ എഴുതി: 'കേരളം ചുവക്കുന്നു.' ഞാൻ പറഞ്ഞത്, ചിലപ്പോൾ പാർട്ടികൾക്ക് ചില ആഭ്യന്തരമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടി വരും. ആഭ്യന്തരമായ ചില നീക്കുപോക്കുകൾ വേണ്ടിവരും. രാഷ്ട്രീയത്തിലെ എത്തിക്സുകളെക്കുറിച്ച് മറന്നുകൊണ്ട് നിങ്ങൾ മറ്റൊരാളെക്കുറിച്ച് പറയരുത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇനി വേറൊരു കാര്യം പറയാനുള്ളത്, 24-ാം തീയതി ഐക്യകേരളത്തിലെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസിന്റെ പ്രതിമ അനാവരണം ചെയ്യുകയാണ്. രാഷ്ട്രീയത്തിൽ കേരള ജനത മുഴുവൻ ബഹുമാനിക്കുന്ന നേതാവാണ് അദ്ദേഹം. എല്ലാവരും ചെറിയ മനസ്സുകൊണ്ടാണ് കാണുന്നത്. ആ ചെറിയ മനസ്സുകൊണ്ട് അതിനെ കാണുന്നതുകൊണ്ടാണല്ലോ ഞങ്ങളുടെ പരിപാടി അവസാനിക്കുന്ന അന്നുതന്നെ ശ്രീമതി സോണിയാഗാന്ധി വരുന്ന ദിവസം തന്നെ.....ഞാൻ അത്രയും ഇവിടെ പറഞ്ഞു നിർത്തുന്നു. പ്രതിപക്ഷത്തെ നിങ്ങൾ അനാദരിക്കുമ്പോഴും അവഹേളിക്കുമ്പോഴും നിങ്ങൾ ഒരു ചെറിയ സമൂഹത്തെയാണ് അവഹേളിക്കുന്നത്. അത് ആലോചിക്കണം. കേവലം ഒന്നോ ഒന്നരയോ സമയം വ്യത്യാസം മാത്രമേ നിങ്ങളും ഞങ്ങളും തമ്മിലുള്ളൂ. ഞങ്ങളോടൊപ്പം നിൽക്കുന്ന ഒരു സമൂഹത്തെയാണ് നിങ്ങൾ അവഹേളിക്കുന്നത് എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇത് ഭക്തിയല്ല വിപരീത ഭക്തിയാണ്. അവധിയുള്ള ഒരു ദിവസം കേരളത്തിലെ മുഴുവൻ ആളുകൾക്കും പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ ഒരു സായാഹ്നം നടത്തേണ്ട കേരളത്തിലെ പ്രഥമ മുഖ്യമന്ത്രിയുടെ പ്രതിമ അനാവരണം.....നിങ്ങൾ അതുകൊണ്ട് വച്ചത്.....ഞാൻ വേറൊന്നും പറയുന്നില്ല. ജീവിച്ചിരുന്ന കാലഘട്ടത്തിൽ ശക്തനായ ആ നേതാവിന്റെ സാന്നിദ്ധ്യം ചില ആളുകൾ പാർട്ടിയിൽ ഭയക്കുന്നതുകൊണ്ടാണ് 12 മണിക്ക്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ചെറിയ ഒരു കൂരയും കെട്ടി നടത്തുന്ന ഈ പരിപാടിയുണ്ടല്ലോ അത് രാഷ്ട്രീയ മനസ്സിന്റെ ചെറിയ സമീപന ഭാവങ്ങൾ എന്നു മാത്രമേ ഞാൻ അതിനെക്കുറിച്ച് പറയുന്നുള്ളൂ. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇനി മറ്റൊരു കാര്യം. ഇവിടെ ചില ആളുകൾ സംസാരിച്ചപ്പോൾ മുഖ്യമന്ത്രിയും ശ്രീ. ടി. കെ. രാമകൃഷ്ണനും, ശ്രീ. കെ. ഇ. ഇസ്മയിലും, ശ്രീ. വി. പി. രാമകൃഷ്ണപിള്ളയും, ശ്രീ. നാണുവേട്ടനും, ശ്രീ. ശിവദാസമേനോനും ചിരിച്ചപ്പോൾ എനിക്ക് വിഷമം തോന്നി. കേരളത്തിൽ ശ്രീ. എ. കെ. ആന്റണി നയിക്കുന്ന ഒരു മോചനയാത്രയെ നിങ്ങൾ ഇങ്ങനെ കളിയാക്കാമോ ? നിങ്ങൾ കളിയാക്കുന്നതെന്തിനാണ് ? അതിനുള്ള അവകാശം നിങ്ങൾക്കുണ്ടോ ? കേരളത്തിലെ നാഷണൽ ഹൈവേ കൂടി പതിച്ചെടുക്കാൻ നിങ്ങൾ തീരുമാനിച്ചോ ? അല്ലാതെ ധാരാളം നിങ്ങൾ പതിച്ചെടുത്തു. സാധാരണ ടെമ്പോ വാനിൽ തട്ടുകടകളിൽ കിടക്കുന്ന പ്ലാസ്റ്റിക് കസേരയിട്ട് ആളുകൾ പരിപാടി നടത്തി മുന്നോട്ട് നീങ്ങുന്നു. അവിടെ ശ്രീ. ഹംസ പ്രസംഗിച്ചല്ലോ, 'കാസർകോഡ് നിന്നും തുടങ്ങിയ ആളുകൾ തന്നെയാണ് തിരുവനന്തപുരത്തും എന്ന്, ഒരു കൂട്ടം സ്ഥിരം ആളുകൾ. ശ്രീ. പി. രാഘവൻ പറഞ്ഞു 'വാഹനങ്ങൾ മാത്രം. ആളുകളില്ല' ജനശക്തിയെ മാനിക്കാൻ നിങ്ങൾക്ക് ചില മര്യാദകളൊക്കെ വേണമായിരുന്നു. മാർക്സിസ്റ്റു പാർട്ടിയുടെ അഖിലേന്ത്യാ സമ്മേളനം തിരുവനന്തപുരത്ത് നടക്കുന്നു. ഞാൻ മദ്ധ്യദുരന്തത്തിലേക്ക് വരുന്നില്ല. അൻപതിലധികം ആളുകൾ ഇവിടെ മരിച്ചു. 50 ആളുകൾ മരിച്ച ദിവസമല്ലേ ശവശരീരങ്ങൾ കൂട്ടമായി നാട്ടിലേക്ക് കൊണ്ടുപോയത്. അന്ന് അമ്പതു പേർ മരിച്ച അതേ ദിവസം നിങ്ങൾ സമ്മേളനം മാറ്റേണ്ടതായിരുന്നു. പക്ഷേ, അന്നേ ദിവസം തന്നെ നിങ്ങൾ ആർഭാടപൂർവം കുംഭമേള റാലി നടത്തി. ആരോ പത്രക്കാർ ശ്രീ. പിണറായി വിജയനോട് ചോദിച്ചു. നിങ്ങൾ മാറ്റുന്നില്ലേയെന്ന്. എന്തിന് മാറ്റണം ഞാൻ നേരത്തെ നിശ്ചയിച്ചതാണെന്ന് അദ്ദേഹം പറഞ്ഞു. നിങ്ങളുടെ തകരാറുകൊണ്ടുണ്ടായ കൂട്ട മരണങ്ങളുടെ അന്നേ ദിവസം തന്നെ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ ജനങ്ങളുടെ മുമ്പിലൂടെ ആർഭാടസഹിതം ആഘോഷങ്ങളോടുകൂടി താലപ്പൊലിയോടുകൂടി, ആന-അമ്പാരിയോടുകൂടി ഒരു റാലി നടത്തിയ നിങ്ങൾ.....തമിഴ് നാട്ടിലെ തോവാളഗ്രാമത്തിൽ നിന്നും സകല പൂക്കളും കൊണ്ടുവന്ന് ഈ തിരുവനന്തപുരത്തെ ഹിന്ദുദൈവങ്ങളെ പട്ടിണിക്കിട്ട് പാതയോരങ്ങളിലും വഴിയോരങ്ങളിലും പൂക്കൾ വിരിച്ചുകൊണ്ട് രണ്ട് വഴിയിലൂടെ നടന്നുപോയില്ലേ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി നേതാക്കൻമാർ ? നിങ്ങൾക്ക് അത് നടത്താം അല്ലേ ? 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' നിങ്ങൾക്ക് നടത്താം അല്ലേ ? ഞങ്ങൾ ചോദിച്ചില്ലല്ലോ?. അത് ജനമുന്നേറ്റ യാത്ര ആയിരുന്നില്ല. അത് ധനമുന്നേറ്റ യാത്രയായിരുന്നു. തിരുവനന്തപുരത്തെ കടകളിലെ ഏറ്റവും വിലകൂടിയ തുണികൾ എടുത്ത് കൊടികൾ അടിച്ച് ഫൈവ്സ്റ്റാർ സ്വഭാവത്തിൽ..... നിങ്ങൾ അങ്ങനെയാണല്ലോ. തെയ്യവും തിറയും കണ്ടും കഥകളി കണ്ടും സംഗീതം കേട്ടും തോറ്റം പാട്ടു കേട്ടും വളർന്ന നിങ്ങൾക്ക് ഇപ്പോൾ ഫൈവ്സ്റ്റാർ ഹോട്ടലിൽ ഇരുന്നോ എയർ കണ്ടീഷൻ ആഡിറ്റോറിയത്തിൽ ഇരുന്നോ ഗസൽ കേട്ടാൽ മതി. നിങ്ങളുടെ സംഗീത ആസ്വാദനത്തിനുപോലും പരിഷ്ക്കാരം

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുന്നു. നിങ്ങൾക്ക് അത് നടത്താം. ജനുവരി 26-ാം തീയതിയാണ് ഗുജറാത്തിൽ ഭൂകമ്പം ഉണ്ടായത്. ഒരു വിളിപ്പാടകലെ ആയിരങ്ങൾ ഭൂമിക്കടിയിൽ ആയപ്പോൾ കെട്ടിടങ്ങളുടെ കൂമ്പാരങ്ങൾക്കിടയിൽ നിന്ന് താഴോട്ട് നോക്കിക്കൊണ്ട് കാണാതായ അച്ഛനേയും അമ്മയേയും സഹോദരങ്ങളേയും വിളിച്ച് നിലവിളിക്കുന്ന പെൺകുട്ടിയുടെ ചിത്രം കൈരളി ചാനൽ കാണിച്ചപ്പോൾ അടുത്ത ചാനലിൽ തൊപ്പി വച്ച് കയ്യ് ഉയർത്തി അകമ്പടിയോടുകൂടി കടന്നു വരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. എം. എ. ബേബിയുടേയും ചിത്രം. നിങ്ങളുടെ ആനുകാലിക പത്രം ഒരു ലേഖനം എഴുതി. ഞാൻ ഈ പറയുന്നതിനെക്കുറിച്ച് നിങ്ങൾ രാത്രി വീട്ടിൽ ചെന്ന് ആലോചിച്ച് നോക്ക്. (ബഹളം.....) ഞങ്ങൾ ഒരാഴ്ച കഴിഞ്ഞാണ് തുടങ്ങിയത്. നിങ്ങൾക്ക് ഇത് നടത്താമല്ലേ ? ഒരു ദിവസം പോലും അവധി പ്രഖ്യാപിക്കാതെ നിങ്ങൾക്ക് ഇത് നടത്താമല്ലേ ? നിങ്ങൾ കേരളത്തിലെ തെക്കും വടക്കും രാജ്യം പിടിച്ചെടുക്കുന്നതിനുവേണ്ടി പണത്തിന്റെ അഹങ്കാരവും പണത്തിന്റെ ശക്തിയിൽ ധിക്കാരത്തിൽ താളമേളങ്ങളോടുകൂടി പോലീസിന്റെ അകമ്പടിയോടുകൂടി നിങ്ങളുടെ നേതാക്കന്മാർ എതോ രാജ്യം പിടിച്ചടക്കാൻ പോകുന്നതുപോലെ നിങ്ങൾ നടന്നുപോയി. നിങ്ങൾക്ക് നടത്താമല്ലേ ? ജാഥകൾ ചരിത്രത്തിന്റെ ഭാഗമാണ്. നിങ്ങൾ നടത്തിക്കോ. മാവോസേതുങ് ഗ്രേറ്റ് മാർച്ചിൽ അഭിമാനം കൊള്ളുന്നവരല്ലേ ? ജനങ്ങളുടെ വികാരങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജാഥ. പിന്നീടല്ലേ അധികാരം കിട്ടിയത്. ആയിരം വസന്തങ്ങളുടെ പൂക്കൾ വിടരട്ടെ. ആയിരം ചിന്തകൾ വരട്ടെ എന്നൊക്കെ പറഞ്ഞുകൊണ്ട്. നിങ്ങൾക്ക് അത് ആകാമല്ലേ ? നിങ്ങൾ, 26-ാം തീയതി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനത്തിന്റെ പ്രധാന നേതാക്കന്മാർ പങ്കെടുക്കുന്ന ആറ് ജാഥകൾ ആരംഭിക്കാൻ പോകുന്നു. ശ്രീ. ആന്റണിക്ക് ഇതൊന്നും പാടില്ല അല്ലേ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു കേൾക്കണം. രാഷ്ട്രീയമായി വിമർശിക്കാം. ഒരാളോ രണ്ടുപേരോ ആണ് പറഞ്ഞതെങ്കിൽ മനസ്സിലാകും. പക്ഷേ, നയപ്രഖ്യാപന ചർച്ചയ്ക്കിടയിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ സമരങ്ങളിലൂടെ, പോരാട്ടങ്ങളിലൂടെ, ജയിൽവാസങ്ങളിലൂടെ ജനഹൃദയങ്ങളെ കീഴടക്കി എന്ന് അവകാശപ്പെടുന്ന നിങ്ങൾ കേരളത്തിലെ പ്രതിപക്ഷ നേതാക്കന്മാർ ശ്രീ. ആന്റണിയുടെ നേതൃത്വത്തിൽ നടത്തുന്ന പരിപാടിയെ ഒരു ആക്ഷേപ ഹാസ്യമായി അവതരിപ്പിച്ചത് തെറ്റാണ്. ഞാൻ വീണ്ടും ആവർത്തിക്കുന്നു. നിങ്ങൾ എന്തു ബഹളം ഉണ്ടാക്കിയാലും ശരി. നിങ്ങൾ ഞങ്ങളുടെ നയങ്ങളെയല്ല എതിർത്തത്. നിങ്ങൾ ആ രീതിയെയാണ് എതിർത്തത്. ബഹുമാനപ്പെട്ട രാഘവൻ പറഞ്ഞു വണ്ടിയേ ഉള്ളൂ, ആളില്ല എന്ന്. ഒരു നേതാവ് പറഞ്ഞു പെരിന്തൽമണ്ണയിൽ ഏതോ ഇടുക്കിൽകൂടിയാണ് വരുന്നതെന്ന്. നിങ്ങൾക്ക് കാണണമെങ്കിൽ എന്റെ കൂടെ വാ. എന്റെ മണ്ഡത്തിൽ ഇന്ന് 6 മണിക്ക് ശ്രീ. ആന്റണി വരുന്നു. അപ്പോൾ കാണിച്ചുതരാം. നിങ്ങളുടെ നേതാക്കന്മാരോട് വന്ന് കാണാൻ പറയൂ ഇടുങ്ങിയ റോഡ് ഏതാണെന്നുള്ളത്. ജനമനസുകളെ കീഴടക്കിക്കൊണ്ട് ശ്രീ. എ. കെ. ആന്റണിയുടെ പരിപാടി മുന്നോട്ടുനീങ്ങുന്നു. നിങ്ങൾ അതിന് ബഹളം ഉണ്ടാക്കിയിട്ട് കാര്യമില്ല. പിന്നെ അത് വിമോചന സമരമാണ്. വിമോചന സമരം ഇന്ത്യയിൽ നടന്നു ഇനിയിപ്പോൾ പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കാര്യമില്ല. പഴയ ഒരു സിനിമാ പാട്ടുണ്ട്. കല്യാണം കഴിക്കാൻ മുട്ടി നിൽക്കുന്ന ഒരു പെണ്ണുണ്ട്-അവളെക്കുറിച്ചുള്ളതാണ് : 'ഏത് പന്തൽ കണ്ടാലും അത് കല്യാണപ്പന്തൽ' എന്നാണ്. ഏത് പന്തൽ കണ്ടാലും അത് കല്യാണപ്പന്തൽ എന്നുപറയുന്ന ഒരു പെൺകുട്ടിയെക്കുറിച്ച് ഒരു കവിതയുണ്ട്. ഏത് സമരവും വിമോചന സമരമാണോ? വിമോചന സമരത്തിൽ പങ്കാളി മൊയ്തീൻഹാന്റെ പുസ്തകത്തിൽ പറയുന്നു പണം വാങ്ങി, എത്രനാൾ ഇത് പറഞ്ഞതാണ്. ശ്രീ. ടി. കെ. ഹംസ എടുത്ത വാചകങ്ങളും കാണിച്ച പത്രങ്ങളും ഒക്കെ കഴിഞ്ഞ അഞ്ചു വർഷക്കാലമായി കാണിച്ചുകൊണ്ടിരിക്കുകയാണ്. പിന്നെ ചോദിച്ചില്ലേ എന്തിനുവേണ്ടിയാണ് ഈ ജാഥ എന്ന്? പറഞ്ഞുതരാം. ജാഥയിലെ മുദ്രാവാക്യം ഞങ്ങൾ ബി.ജെ.പി.ക്കെതിരെ ഒന്നും പറഞ്ഞില്ല. ശ്രീ. എ. കെ. ആന്റണിയുടെ പ്രസംഗം നിങ്ങൾ എവിടെയെങ്കിലും കണ്ടോ ? നിങ്ങൾ വായിച്ചോ ? (ബഹളം.....ബഹളം) എവിടെയാ നിങ്ങൾ വായിച്ചത് ? ഇതിൽ വരുന്ന പ്രശ്നം എന്തെന്നുവച്ചാൽ കൈരളി ടി.വി. ചാനൽ പോലും സിനിമാപ്പാട്ടിന്റെ സമയം മാത്രം ഓൺ ചെയ്താൽ പോരാ. സിനിമാപാട്ടിന്റെ സമയത്തുമാത്രം ഓൺ ചെയ്താൽ ഒന്നും കാണില്ല. കൈരളി ടി. വി. ചാനൽ ഓൺ ചെയ്താൽ ശ്രീ. ആന്റണി പങ്കെടുക്കുന്ന സമ്മേളനത്തിന്റെ കൂടിനിൽക്കുന്ന ആ ബഹുജന അടിത്തറയുടെ ചിത്രം നിങ്ങൾക്ക് കാണാൻ സാധിക്കും. ഇന്ന് തിരുവനന്തപുരം ബോർഡറിലേത് കാണിക്കും. ഇന്ന് ഒന്നു കണ്ടുനോക്ക്. അപ്പോൾ അറിയാം. എന്താ ഉദ്ദേശം. ഉദ്ദേശം വേറൊന്നുമല്ല. കേരളത്തെ മോചിപ്പിക്കാൻ തന്നെയാണ് സംശയമൊന്നും വേണ്ട. കേരളത്തിലെ മൂന്നു കോടി ജനങ്ങളുടെ ആശയാഭിലാഷങ്ങളുടെ ഒരു സമ്മോഹന ഗീതവുമായിട്ടാണ് ശ്രീ. ആന്റണി വരുന്നത്. ഒരു സംശയവും വേണ്ട. നിങ്ങളുടെ കമ്മിയും നിങ്ങളുടെ കടവും ധൂർത്തും നിങ്ങളുടെ അഴിമതിയും കൊണ്ടു തകർന്ന കേരളത്തിന്റെ സാമ്പത്തിക മേഖലയെ രക്ഷിക്കുന്നതിനുവേണ്ടി പുതിയ ഒരു സാമ്പത്തിക നയം കേരളത്തിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ്. ഒരു സംശയവും വേണ്ട. കേരളത്തിലെ ജനങ്ങളോട് ചില വാക്കുകൾ പറഞ്ഞുകൊണ്ട് തന്നെയാണ് ശ്രീ. ആന്റണി വരുന്നത്. ഒരു പുതിയ ദിശാബോധമുള്ള ഭരണം കേരളത്തിൽ വരണം ഒരു സംശയവുമില്ല. ജനങ്ങളോട് പ്രതിബദ്ധതയുള്ള ജനങ്ങളോട് താൽപ്പര്യമുള്ള മാറിവരുന്ന ഒരു ഭരണമുണ്ടല്ലോ. നിങ്ങൾ ഇപ്പോഴും പരമ്പരാഗതമായിട്ട് നിൽക്കുന്നു. ലോകത്തിന്റെ മാറ്റം-നിങ്ങൾക്ക് അതില്ല. മാറ്റം ആണ് മാർക്സിസം എന്ന് ഇവിടെ ഒരിക്കൽ ശ്രീ. ശിവദാസമേനോൻ പറഞ്ഞു. ആ മാറ്റം നിങ്ങൾ ഉൾക്കൊള്ളുന്നില്ല. നിങ്ങൾ ഇപ്പോഴും പരമ്പരാഗത രീതിയിൽ നിൽക്കുന്നു. രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കുക. രാഷ്ട്രീയ എതിരാളികൾക്കെതിരെ പോരാട്ടം നടത്തുക. രാഷ്ട്രീയ എതിരാളിക്കെതിരെ നുണപ്രചരണം നടത്തുക എന്നതിന് അപ്പുറമായി ലോകത്ത് സംഭവിച്ചിരിക്കുന്ന പുതിയ മാറ്റങ്ങൾ നിങ്ങൾ കാണുന്നില്ല. നമുക്ക് ഒരുപാട് ഗുണങ്ങളുണ്ട്. കേരളത്തിന്റെ മനുഷ്യ സമ്പത്ത്, കേരളത്തിന്റെ നദീജല സമ്പത്ത്, നമ്മുടെ ധാതുസമ്പത്ത് ഈ നാടിന്റെ മറ്റു സൗകര്യങ്ങൾ ഇതിനെയെല്ലാം കൂട്ടിയിണക്കി പുതിയ നൂറ്റാണ്ടിന്റെ, ഇപ്പോൾ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന വികസനത്തിന്റെ എല്ലാ ഭാഗങ്ങളേയും കൂട്ടിയിണക്കി അന്യസംസ്ഥാനങ്ങൾ മുന്നോട്ടുപോകുന്നതുപോലെ, കേരള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി നാം അന്തംവിട്ടു നിൽക്കുകയാണല്ലോ. കേരളത്തിന്റെ തകർന്നുകിടക്കുന്ന സാമ്പത്തിക അടിത്തറയെ നേരെയാക്കുന്നതിനുവേണ്ടി ജനങ്ങൾക്ക് ഒരു പുതിയ കേരളം വാഗ്ദാനം ചെയ്തുകൊണ്ടാണ് ശ്രീ. ആന്റണി മുന്നോട്ടു നീങ്ങുന്നത്. ഒരു സംശയവും വേണ്ട, അതുതന്നെയാണ് തീർച്ചയായിട്ടും. ഇവിടെ വിത്തെടുത്ത് കുത്തിയിരിക്കുകയാണ്. വിത്തെടുത്തു കുത്തിയാൽ പിന്നെ കഴിക്കാനും ഒന്നും ഉണ്ടാകില്ല. വിതയ്ക്കാനും ഒന്നും ഉണ്ടാകില്ല. ഇവിടെ നേരത്തെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു കേട്ടു ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ് ബി.പി.എൽ-ന് മുകളിലുള്ളവർക്കുള്ള റേഷൻകാർഡുണ്ടായതെന്ന്. യുണൈറ്റഡ് ഫ്രണ്ടിന്റെ ഗവൺമെന്റ് ഇരിക്കുമ്പോഴാണ് രണ്ട് തരം കാർഡ് കൊണ്ടുവന്നത്. ശ്രീ. ആന്റണിയുടെ കാലത്തല്ല. ചരിത്രം അറിയാതെ വെറുതെ പറഞ്ഞിട്ട് കാര്യമില്ല.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രൻശേഖരൻ നായർ) : അന്നാണ് ; ഞാൻ ഡോക്യുമെന്റ് സും കാണിക്കാം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു വേണ്ടി റേഷൻ പരിമിതപ്പെടുത്തുന്നതിനുള്ള ആദ്യ സ്റ്റെപ്പ് എടുത്തത് ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ്. അന്നത്തെ സെൻട്രൽ ഗവൺമെന്റാണ് (ബഹളം.....ബഹളം.....)

മി. സ്പീക്കർ : അങ്ങേയ്ക്ക് വേണമെങ്കിൽ മറുപടി പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട എ.കെ. ആന്റണി തന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് ഇതുപോലെ ഒരു ചർച്ച വന്നു. അതിന് ബംഗാൾ സിവിൽ സപ്ലൈസ് മിനിസ്റ്ററെ കൺവീനറാക്കി ഒരു കമ്മിറ്റി വച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്നതിനു മുമ്പുതന്നെ ശ്രീ. ആന്റണി പോന്നു. വീണ്ടും ശ്രീ. നായനാർ മുഖ്യമന്ത്രിയാകുമ്പോൾ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ മന്ത്രിയാകുമ്പോൾ ഈ സമ്പ്രദായമാണുള്ളത്. ആ സമ്പ്രദായത്തിന് മാറ്റംവരുത്തി രണ്ടുതരം കാർഡ് ആക്കിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അങ്ങയുടെ കാലത്താണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇട്ട് കുഴച്ചാൽ ഒക്കുകേല.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്, അദ്ദേഹത്തിന് മറുപടി പറയാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : രണ്ടും രണ്ടാണ്. അങ്ങ് മനസ്സിലാക്കാൻ പറയുകയാണ്. ഒന്ന് എ.പി.എൽ. ഫാമിലിസിന് റേഷൻ കൊടുക്കണോ, വേണ്ടയോ എന്ന്. ഇപ്പോൾ അവസാനം കൊടുക്കണ്ട എന്ന് തീരുമാനിച്ചു. അതാണ് പുത്തൻ സാമ്പത്തിക നയം. എന്നാൽ ഞങ്ങളുടെ ഭരണകാലത്ത് ചെയ്തത് എന്താന്നുവച്ചാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കുറച്ചുകൂടി വില കുറച്ചു കൊടുത്തു. (ബഹളം.....ബഹളം.....)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് മറുപടി പറയാമല്ലോ, ഇത് ക്ലോസ് ചെയ്യട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ കാര്യം വരികയും ആ ചർച്ചയിൽ ഒരു പ്രാവശ്യം മുഖ്യമന്ത്രി നായനാരും മറ്റൊരു പ്രാവശ്യം ശ്രീ. ശിവദാസമേനോനും പോയി ഇതിനെ എതിർക്കുകയും ചെയ്തു. പക്ഷേ, കാര്യം വീണ്ടും വന്നു എന്നതാണ് സത്യം.

മി. സ്പീക്കർ : ദയവായി അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കുക.

ശ്രീ. ജി. കാർത്തികേയൻ : ഈ സംസ്ഥാനത്തെ ഭരണത്തിന്റെ ചിത്രം നമ്മുടെ മുമ്പിലുണ്ട്. ഇത് ദൈവത്തിന്റെ സ്വന്തം നാട് എന്ന് ടൂറിസ്റ്റുകളോട് പറയാം. പക്ഷേ, നാശങ്ങളുടേയും നഷ്ടങ്ങളുടേയും ഒരു ശവപ്പറമ്പായി മാറിയിരിക്കുന്നു കേരളം-അതാണ് സത്യം. കേരളത്തിൽ നിലനിന്ന ജന്മിത്വവും മുതലാളിത്തവും അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് കമ്മ്യൂണിസ്റ്റുകാർ മുദ്രാവാക്യം വിളിച്ചുകൊണ്ട് അധികാരത്തിൽ വന്നത്. ആണല്ലോ ? പഴയ നിങ്ങളുടെ പ്രവർത്തനങ്ങൾ ഒളിപ്പോര്, അല്ലെങ്കിൽ ഒളിജീവിതം, കെ.പി.എ.സി.-യുടെ നാട്, പാട്ട് അങ്ങനെ മറ്റു പലതും ഉണ്ടല്ലോ. അതിൽ പ്രധാന മുദ്രാവാക്യം ജന്മിത്വവും മുതലാളിത്തവും അവസാനിപ്പിക്കുക എന്നതാണ്. ഈ പോയ കാലങ്ങളിലെ ഭരണംകൊണ്ട് കേരളത്തിലെ ഏറ്റവും വലിയ ജന്മിയും ഏറ്റവും വലിയ മുതലാളിയുമായി കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടികൾ മാറി. അതാണ് സത്യം. എന്തെങ്കിലും പറഞ്ഞിട്ട് വെറുതേ ഞങ്ങളുടെ നേരെ മെക്കിട്ട് കേറിയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ചെയ്യിപ്പിച്ച പ്രസംഗം, അതിലെ വാചകം കേരളത്തിന്റെ ഗവൺമെന്റിനുവേണ്ടി, ഈ സംസ്ഥാന സർക്കാരിനു വേണ്ടി അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ അവസാനം ഞാൻ കോട്ട് ചെയ്യുന്നു : അവസാനം അദ്ദേഹം പറഞ്ഞു "കേരളത്തിന് ശോഭനമായ ഒരു ഭാവി ഞാൻ മുന്നിൽ കാണുന്നു" എന്ന്. കാണുന്നു ശരിയാണ്. ആ ഭാവി ജനങ്ങൾ ശ്രീ. ആന്റണിയിലൂടെ കാണുന്നു. ഐക്യജനാധിപത്യമുന്നണിയിൽ കൂടി കാണുന്നു. കേരളത്തിലെ ജനങ്ങൾ അവ വിജയകരമായി നേരിടും എന്ന കാര്യത്തിൽ എനിക്കും യാതൊരു സംശയവുമില്ല. ഈ നന്ദിപ്രമേയ ചർച്ചയെ ഞാൻ എതിർക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഒരുപാട് വാദപ്രതിവാദം ശ്രീ. ആര്യാടനും ഞാനുമായിട്ട് നടത്തിയതാണ്. അവസാനം ആര്യാടൻ മറുപടിയും പറഞ്ഞില്ല. കോൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ പോലും റേഷൻ റെസ്ട്രിക്ട് ചെയ്യണം. ആർക്കുവേണ്ടി? "To the needy" ഓർമ്മയുണ്ടോ ആര്യാടൻ ? ആ 'നീഡി' എന്നുപറഞ്ഞത് ആര്യാടൻ ആവശ്യമുള്ളവർക്കെല്ലാം കൊടുക്കാമെന്ന് വാദിച്ചത് ഓർമ്മയുണ്ടോ ? അതുകൊണ്ട് ഞാൻ പറയുന്നത് കേൾക്കൂ. ഇവിടെ റേഷനെ സംബന്ധിച്ച് രണ്ടുകാര്യങ്ങളുണ്ട്. പൊതുവിതരണം ദുർബലവിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തണം. ഫുഡ് സബ്സിഡി അങ്ങനെ മതിയെന്ന് ഗാട്ട് കരാർ എഗ്രീ ചെയ്തപ്പോൾ ആർട്ടിക്കിൾ 18 അനുസരിച്ച് ഗാട്ട് കരാറിൽ ഒപ്പിട്ടത് അറിയാമോ ? അത് റാവുവിന്റെ ഗവൺമെന്റ്. അന്ന് ക്യാബിനറ്റിൽ ആന്റണിയും ഉണ്ടെന്നാണ് എന്റെ ഓർമ്മ. റാവു ഗവൺമെന്റിന്റെ കാലത്താണ്. ഒരു നയം അംഗീകരിച്ചാൽ അത് നടപ്പിലാക്കാനുള്ള തന്റേടം ആര്യാടൻ കാണിക്കണം.

നിങ്ങളുടെ നയമെന്ന് പറഞ്ഞാൽ റേഷൻ എല്ലാപേർക്കും കൊടുക്കണ്ട എന്ന് പ്രകടനപത്രികയിൽ എഴുതിവച്ചിട്ട് ഇവിടെ പറയുന്നത് ദേവഗൗഡയാണെന്ന്, ദേവഗൗഡ ഗവൺമെന്റിന്റെ കാലത്ത് ചെയ്തത് ഞാൻ പറഞ്ഞേക്കാം. രണ്ട് കാർഡ് എന്നുപറഞ്ഞിട്ട് കാര്യമില്ല. ഞാൻ പറയുന്നത് കേൾക്കൂ. കാര്യം മനസ്സിലാക്കൂ. ദേവഗൗഡ ഗവൺമെന്റിന്റെ കാലത്ത് സബ്സിഡി വെട്ടിക്കുറച്ചില്ല. ചെയ്തതെന്താണെന്നുവച്ചാൽ ഏറ്റവും ദുർബല വിഭാഗങ്ങൾക്ക് 10 കിലോഗ്രാം വളരെ വിലകുറച്ച് കൊടുത്തു. ആ റേഷൻ ബാക്കി വാങ്ങിക്കാം. ആ സബ്സിഡി കൊണ്ട് ഇവിടെ ഇപ്പോൾ ചെയ്തിരിക്കുന്നതെന്താണെന്നുവച്ചാൽ ഫുഡ് സബ്സിഡി റെസ്ട്രിക്ട് ചെയ്തിട്ട് ദുർബലവിഭാഗങ്ങൾക്ക് എന്നു പറഞ്ഞു. രണ്ടും രണ്ടു സമീപനമാണ്. ഇപ്പോൾ ആര്യാടനും കോൺഗ്രസ് പാർട്ടിക്കും വ്യത്യസ്തമായ അഭിപ്രായമുണ്ടെങ്കിൽ ഞാൻ സ്വാഗതം ചെയ്യുന്നു. ആര്യാടൻ പറഞ്ഞാൽ പോരാ, എ.ഐ.സി.സി. കൂടിയിട്ട് ഒരു അഭിപ്രായം പാസ്സാക്കണം. ഞങ്ങൾ അന്നു പറഞ്ഞത് ശരിയല്ല. ഫുഡ് സബ്സിഡി എല്ലാപേർക്കും കൊടുക്കണമെന്ന്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങുതന്നെ ഇപ്പോൾ പറഞ്ഞത്, അങ്ങും ഞാനും തമ്മിൽ ഒരു സംവാദം നടന്നു എന്നാണ്. 1998-ലെ കോൺഗ്രസ് മാനിഫെസ്റ്റോയിൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 'നീഡി പീപ്പിളിനേ' കൊടുക്കൂ എന്നുപറഞ്ഞു. എന്താ അതിന്റെ അർത്ഥം ? ഞങ്ങളുടെ 1996 വരെയുള്ള ഭരണകാലത്ത് അത് ഇല്ലായിരുന്നു, ഇനി വന്നാൽ ചെയ്യും എന്നാണല്ലോ അങ്ങുതന്നെ വാദിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എന്നാണോ ഞാൻ പറഞ്ഞത് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അന്ന് എന്റെ കാലത്തില്ല എന്നല്ലേ അതിന്റെ അർത്ഥം. 1998-ൽ വന്നാൽ ചെയ്യും എന്നുപറഞ്ഞാൽ, 1996 വരെയാണ് ഞങ്ങൾ ഭരിച്ചത്. 1998-ലെ മാനിഫെസ്റ്റോയെന്നുവച്ചാൽ ഞങ്ങൾ പിന്നെ അധികാരത്തിൽ വന്നിട്ടില്ലല്ലോ. അപ്പോൾ ആന്റണിയുടെ കാലത്ത് ഇത് ഇല്ല എന്നുള്ളതിന് തെളിവല്ലേ അങ്ങ് ഇപ്പോൾ ഉദ്ധരിച്ചത് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇദ്ദേഹത്തെ ഒരു വക്കീൽ ആക്കിയാൽ ആ കക്ഷി തുലഞ്ഞതുതന്നെ. 1996-ലും അംഗീകരിച്ച അതിനു മുമ്പും അംഗീകരിച്ച കേന്ദ്ര ഗവൺമെന്റ് ശ്രീ. നരസിംഹറാവു ഒപ്പിട്ടപ്പോൾ അംഗീകരിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഓരോന്നുമാണ് മാനിഫെസ്റ്റോയിൽ വന്നത്. ഞാൻ പറയട്ടെ എ.ഐ.സി.സി. അംഗീകരിച്ച ആ അഭിപ്രായധീരത ആര്യാടൻ ഇവിടെ എന്തിനാ ആളുകളുടെ അടുത്ത് മറച്ചു പിടിക്കുന്നത് ? നിങ്ങൾക്ക് അറിയാം. അത് തെറ്റായിപ്പോയി എന്ന്. ഈ റേഷൻ എല്ലാപേർക്കും വേണമെന്നായിരിക്കും ആര്യാടന്റെ അഭിപ്രായം. പക്ഷേ, അങ്ങയുടെ അഭിപ്രായം അവിടെ അംഗീകരിക്കാൻ പോകുന്നില്ല. അതാണ് കുഴപ്പം.

മി. സ്പീക്കർ : മിനിസ്റ്റർ, അങ്ങ് അവസാനിപ്പിച്ചു കഴിഞ്ഞോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരുകാര്യം ക്ലാരിഫൈ ചെയ്യാനായിരുന്നു. എന്തൊരു വളഞ്ഞ വാദഗതികളാണ് കൊണ്ടുവരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, വളരെ ക്ലീയർ ആയിട്ടുള്ള കാര്യം, ഈ നായനാർ ഗവൺമെന്റ് വരുന്ന സമയത്ത് പോലും ഈ സംസ്ഥാനത്ത് റേഷനെ സംബന്ധിച്ച് യാതൊരു കുഴപ്പവുമില്ല. ഞങ്ങളുടെ കാലത്ത് എന്നുപറഞ്ഞാൽ ആന്റണി സിവിൽ സപ്ലൈസ് മന്ത്രി ആയിരുന്ന കാലത്തെ സമ്പ്രദായം തന്നെ തുടർന്നു. ആന്റണിയിട്ട ഓർഡർ നിങ്ങൾ മാറ്റിയോ ? അതിനുശേഷം നിങ്ങളുടെ ആളുകളല്ലേ മന്ത്രിയായത് ? ആന്റണി അങ്ങനെ ഒരു ഓർഡർ ഇട്ടിട്ടില്ല. അങ്ങനെ ഒരു ഓർഡർ ആന്റണി ഇട്ടു എന്നുപറഞ്ഞാൽ എം.എൽ.എ. ഷിപ്പ് ഞാൻ രാജി വയ്ക്കും. യാതൊരു സംശയവും ഇല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ അവിടെയും വ്യക്തമാക്കാം. സർ, അദ്ദേഹം ചോദിച്ചതിനുവേണ്ടി മറുപടി പറയുകയാണ്, അങ്ങയുടെ അനുവാദത്തോടുകൂടി : ശ്രീ. എ. കെ. ആന്റണിയും കോൺഗ്രസ് നേതാക്കന്മാരും കരാർ ഉണ്ടാക്കിയതിനുശേഷം ആവർത്തിച്ചാവർത്തിച്ച് റെസ്ട്രിക്ട് ചെയ്യേണ്ടതിനെപ്പറ്റി സംസാരിച്ചു. അതെങ്ങനെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്ക് നടപ്പിലാക്കണമെന്ന് ആലോചിക്കാനാണ് എ. കെ. ആന്റണി സമ്മേളനം വിളിച്ചുകൂട്ടിയത്. ആ സമ്മേളനത്തിൽ മന്ത്രിമാരെ വിളിച്ചുകൂട്ടിയിരുന്നു. ആ മന്ത്രിമാരുടെ സമ്മേളനത്തിൽ വച്ചാണ്.....

മി. സ്പീക്കർ : ഓർഡർ, ...ഓർഡർ..... അത് കഴിഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അല്ല. അല്ല. ശ്രീ. ആര്യാടൻ എന്താ പറയുന്നത്. ആ നയം നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ എടുത്തു എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, 2000-മാണ്ടിലെ ഇക്കണോമിക് റിവ്യൂ തയ്യാറായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അത് ലേ ചെയ്യും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ാമാണ്ടിലെ ഇക്കണോമിക് റിവ്യൂ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ഇനി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്. ഇനി വേറെ ആരെങ്കിലും സംസാരിക്കുന്നുണ്ടോ, അല്ലെങ്കിൽ മുഖ്യമന്ത്രി സംസാരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ഇവിടെ ഏറ്റവും ഒടുവിൽ ശ്രീ. കാർത്തികേയൻ സംസാരിച്ച ഒരു വാക്ക് മാത്രമേ ഞാൻ പറയുന്നുള്ളൂ. അദ്ദേഹത്തിന്റെ പ്രസംഗം നന്നായിട്ടുണ്ട്, പക്ഷേ ഈ കേരളം ശവപ്പറമ്പ് ആക്കിത്തീർത്തിരിക്കുന്നു എന്ന ഒരു വാചകം അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്, വളരെ അസത്യമായിട്ടുള്ള ഒരു വാചകമാണത്. രണ്ടാമത് അദ്ദേഹം പറഞ്ഞത് ഇവിടത്തെ ഏറ്റവും വലിയ കുത്തകാധിപത്യം മാർക്സിസ്റ്റ് പാർട്ടിക്കാണെന്നാണ്. കുത്തകയായിപ്പോയി, ഇനിയും വളരുകയില്ലേ, മാർക്സിസ്റ്റ് പാർട്ടി, വല്ല ആശ്ചര്യവുമുണ്ടോ, കോൺഗ്രസ് തകരും, മാർക്സിസ്റ്റ് പാർട്ടി വളരും അതിൽ വല്ല ആശ്ചര്യവുമുണ്ടോ, അദ്ദേഹത്തിന് ഇപ്പോൾ വലിയ ആശ്ചര്യം കുത്തക ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിക്കാണെന്ന്. കോൺഗ്രസ് തകർന്നുകൊണ്ടിരിക്കുകയാണ്. ഞാൻ പറയാം, കോൺഗ്രസ് യു.പി.യിൽ ഉണ്ടോ, ബീഹാറിൽ ഉണ്ടോ, ആന്ധ്രയിൽ ഉണ്ടോ, തമിഴ്നാട്ടിൽ ഉണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

ഒറീസയിൽ ഉണ്ടോ, ഗുജറാത്തിൽ ഉണ്ടോ, ഇവിടെയൊന്നും കോൺഗ്രസ് ഇല്ല. എന്നിട്ടു പറയുന്നു ഇവിടെ മാർക്സിസ്റ്റ് പാർട്ടി വളരുകയാണ്, കോൺഗ്രസ് തകർന്നുകൊണ്ടിരിക്കുകയാണ് എന്ന്. ഈ യാഥാർത്ഥ്യം ഇവിടെ പറയേണ്ട ആവശ്യമുണ്ടോ ? ഇനിയും വളരും കുത്തകയായിട്ടു തന്നെ മാർക്സിസ്റ്റ് പാർട്ടി വളരും, അതിൽ ആശ്ചര്യമില്ല. മറ്റൊന്ന് അദ്ദേഹം പറഞ്ഞത്, ഏതായാലും നന്നായിട്ടുണ്ട്, ഈ നാലുകൊല്ലത്തെ ആഭ്യന്തര വകുപ്പിനെക്കുറിച്ച് ഒരു അക്ഷരം പോലും അദ്ദേഹം മിണ്ടിയില്ല, പ്രതിപക്ഷത്തിന്റെ ഒരു നേതാവായിട്ട് പ്രസംഗിക്കുകയല്ലേ ? ആരും പറഞ്ഞിട്ടില്ല, ആഭ്യന്തര വകുപ്പിന്റെ കൊള്ളരുതായ്മകളെപ്പറ്റിയോ വീഴ്ചകളെപ്പറ്റിയോ പ്രതിപക്ഷത്തുനിന്നുള്ള ഒരു കുട്ടി പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. ഇടയ്ക്ക് ഒരു നാദാപുരം, അതുകൂടി ഇല്ലായിരുന്നുവെങ്കിൽ ഇവർ കഷ്ടത്തിലായേനേ, നാലുകൊല്ലത്തെ ആഭ്യന്തരവകുപ്പിന്റെ ഭരണത്തെപ്പറ്റി രണ്ട് വാക്ക് എങ്കിലും പറയണ്ടേ, ഒരൊറ്റ കുട്ടി പ്രസംഗിച്ചോ, ഇവിടെ മൂന്നു ദിവസത്തിനിടയിൽ ഒരു കുട്ടിയും പ്രസംഗിച്ചില്ല. ഒരു നാദാപുരം കൂടി കൊടുത്തിട്ടില്ലായിരുന്നെങ്കിൽ ഇവർ കഷ്ടത്തിലായേനെ, അതിൽ ഒരു കണാരനെയും കിട്ടിയില്ലായിരുന്നെങ്കിൽ കുഴപ്പത്തിലായേനെ. അപ്പോൾ അതാണ് സ്ഥിതി, നിങ്ങൾ എത്ര ഗതികേടിലാണ്. മറ്റൊന്ന് പറഞ്ഞത് ഇ.എം.എസിന്റെ പ്രതിമ വച്ചതിനെപ്പറ്റിയാണ്. ഇവിടെ ജാഥ വൈകുന്നേരം, റാലി രാവിലെ, വന്നുകഴിഞ്ഞാൽ ഒരു മണിക്കൂർ ആ പ്രകടത്തിന്, വൈസ്പ്രസിഡന്റ് വരുന്നതിന്, ഒരു അരമണിക്കൂർ ഇവിടെ വന്നുകൂടെ ? നിങ്ങൾക്ക് ആദർശമില്ല, നിങ്ങൾ പറയുന്നത് അറബിക്കടലിൽ ഈ ഭരണത്തെ മുക്കുമെന്നാണ്. നിങ്ങളുടെ ജാഥ അത് ആന്റണി പ്രസംഗിച്ചതാണല്ലോ, അതിനെ ഫെയിസ് ചെയ്യേണ്ട കടമ ഞങ്ങൾക്കും ഉണ്ട്. ഈ ഭരണത്തെ അറബിക്കടലിൽ മുക്കാൻ ജാഥ നയിക്കുന്നതിനെ ഞങ്ങൾ നേരിട്ടില്ലെങ്കിൽ ഞങ്ങൾ വള്ളം തുഴയാനാ ? പിന്നെയെന്തിനാണ് ഇവിടെ ജീവിക്കുന്നത് ? പിന്നെ ഇവിടെ ജീവിക്കേണ്ട ആവശ്യമെന്ത് ? അറബിക്കടലിൽ ഈ ഭരണത്തെ മുക്കു എന്നാണ് ആന്റണി പ്രസംഗിക്കുന്നത്. മുക്കാൻ കഴിയുമോ ? നൂറു കൊല്ലം മാർക്സിസ്റ്റുകാർ അധികാരത്തിൽ വരുകയില്ല എന്ന് ഗാന്ധി പാർക്ക് മൈതാനത്ത് നിന്ന് പ്രസംഗിച്ചിട്ട് അടുത്ത രണ്ടു മാസങ്ങൾക്കുശേഷം ഞാൻ വന്നല്ലോ, പ്രസംഗത്തിന് കുറച്ചെങ്കിലും വില വേണ്ടേ, ഇതാണ് മാർക്സിസ്റ്റ് പാർട്ടിയും നിങ്ങളും തമ്മിലുള്ള വ്യത്യാസം. പ്രസംഗിക്കുമ്പോൾ അൽപ്പമെങ്കിലും വില വേണം. വായിൽ നാക്കാണെന്ന് വിചാരിച്ച് ഇഷ്ടംപോലെ എന്തെങ്കിലും പ്രസംഗിക്കാമോ ? എം.വി. രാഘവനെ പോലെ ആന്റണി പ്രസംഗിച്ചാൽ ആന്റണി പിന്നെ എവിടെയായിരിക്കും ? ആന്റണി അങ്ങനെ പ്രസംഗിച്ചുകൂടാ. മോശമല്ലേ, ആ നിലയ്ക്ക് നോക്കുമ്പോൾ ഈ ഗവൺമെന്റിനെ അറബിക്കടലിൽ മുക്കാനാണ് ഞങ്ങൾ ഈ ജാഥ നയിക്കുന്നത് എന്നുപറഞ്ഞാൽ.....ആന്റണി രണ്ടു ജാഥ നയിച്ചില്ലേ, ഞാൻ വരുന്നതിനു മുൻപ്. കേരള ഗവൺമെന്റ് നിലത്തുവീഴുമെന്ന് ഇവിടെ ഇരുന്നപ്പോൾ പറഞ്ഞു. എന്നിട്ട് വീണോ ആന്റണീ, മാണി നടന്നു തളർന്നപ്പോഴാണ് ഈ പ്രസംഗം— പ്രസംഗത്തിന് വിലവേണ്ടേ ? ഒരു മുക്കാൽ കാശിന്റെ വില വേണ്ടേ ? അപ്പോൾ ആ നിലയിൽ അറബിക്കടലിൽ മുക്കാൻ ജാഥ നയിക്കാൻ പറ്റുമോ, തെറ്റാണ് ആ തരത്തിൽ പ്രസംഗിക്കുന്നത് കേട്ടോ. അങ്ങനെയായാൽ നേതൃത്വം അങ്ങേയറ്റം വില കുറഞ്ഞു പോകും. അങ്ങേയറ്റം പൊളിഞ്ഞു പോകും. അങ്ങനെയുള്ള ആളിന്റെ വാക്കിന് ആരും വില

LIBRARY ARCHIVES Kerala Legislative Assembly

കാണുകയില്ല. അതുകൊണ്ട് പ്രസംഗത്തിന് കുറച്ചു വില വേണം. മറ്റൊരു പ്രസംഗം നടത്തിയത് പ്രധാനമായും സാമ്പത്തിക രംഗത്തെപ്പറ്റിയാണ്. നാദാപുരം സംഭവത്തെക്കുറിച്ച് പ്രസംഗിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. കാരണം ഒരു സ്ത്രീയെപ്പറ്റി പറഞ്ഞതിനെ കുറിച്ച് സി.ബി.ഐ. അന്വേഷിക്കുകയാണ്. 5 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതിന്റെ കേസ് നടക്കുകയാണ്. അതാണ് ഞാൻ മിനിഞ്ഞാന്ന് ഇവിടെ പ്രസംഗിച്ചത്. ശ്രീ. എ. കണാരൻ അതിനെക്കുറിച്ച് പറഞ്ഞു. സമാധാനപരമായ അന്തരീക്ഷം അവിടെ സൃഷ്ടിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അതുപോലെ ഞാൻ ചോദിക്കുന്നു 5 വർഷത്തിനിടയിൽ വിവിധ മേഖലകളിൽ ഈ കേരളം നേടിയ നേട്ടങ്ങളെക്കുറിച്ച് നിങ്ങൾ കാണാതിരിക്കുന്നത് നിങ്ങൾ കൂപമണ്ഡൂകങ്ങളായതു കൊണ്ടാണ്. നിങ്ങളുടേത് ന്യായമായ വാദമല്ല. നിങ്ങളുടെ ഭരണകാലത്ത് അഴിമതി നിറഞ്ഞ ഭരണയന്ത്രമാണെന്ന് ഞങ്ങൾ ഉന്നയിച്ചതാണ്. ശ്രീ. കെ. കരുണാകരൻ മുതൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ശ്രീ. സി. വി. പത്മരാജൻ വരെയുള്ളവർക്കെതിരെ ഞങ്ങൾ ആരോപണം ഉന്നയിച്ചതല്ലേ ? അഞ്ചാറ് മന്ത്രിമാർക്കെതിരെ കോടിക്കണക്കിന് രൂപയുടെ അഴിമതി ആരോപണം ഉന്നയിച്ചില്ലേ ? അവർക്ക് എതിരെയുള്ള കേസ്സ് കോടതിയിൽ കിടക്കുകയല്ലേ ? ശ്രീ. ടി. എം. ജേക്കബ് ഇന്ന് ഇവിടെയുണ്ടാകുമെന്ന് വിചാരിച്ചതാണ്. അദ്ദേഹത്തെ ഇന്നിവിടെ കാണുന്നില്ല. അഞ്ചാറ് മന്ത്രിമാർക്കെതിരെ ആരോപണമുന്നയിച്ചിട്ട് നിങ്ങൾക്ക് അതിന് മറുപടി ഉണ്ടോ ? എന്റെ മന്ത്രിസഭയിൽ ഞാൻ അടക്കം 14 മന്ത്രിമാരുണ്ട്. ഒരൊറ്റ മന്ത്രിക്കെതിരെ നിങ്ങൾ ലോകായുക്തയിൽ കേസ് കൊടുത്തോ ? 500 രൂപ കെട്ടിവച്ച് കേസ് കൊടുത്തോ ? ഹൈക്കോടതിയിൽ കേസ് കൊടുക്കാൻ 500 രൂപ അല്ലേ വേണ്ടു ? എന്നിട്ട് ഇവിടെ വന്ന് 'ബഡാ ബഡാ' എന്നടിക്കും. പുറത്തുപോയാൽ 'പ്ലാ പ്ലാ' എന്നു പറയും. 14 മന്ത്രിമാർ ഉള്ളതിൽ ഒരൊറ്റ മന്ത്രിക്കെതിരെ കേസ് കൊടുക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ ? ശ്രീ. ബാലകൃഷ്ണമേനോൻ ചീഫ് ജസ്റ്റീസ് ആയിരുന്ന ആളാണ്. നിങ്ങൾ കേസ് കൊടുത്തോ ? ഇന്നുവരെ കൊടുത്തോ ? മറ്റൊന്ന് നമ്മുടെ സാമ്പത്തിക സ്ഥിതി, മുരടിച്ച സാമ്പത്തിക സ്ഥിതി ആയിരുന്നു. ഒരൊറ്റ വർഗ്ഗീയ ലഹളയെക്കുറിച്ച് ഇവിടെ പറഞ്ഞോ ? വിഴിഞ്ഞത്ത് കലാപമുണ്ടായപ്പോൾ ഞങ്ങൾ പോയതല്ലേ ? 6 പേരെ കശാപ്പ് ചെയ്തിന്റെ പിറ്റേന്നല്ലേ ഞങ്ങൾ അവിടെ പോയത് ? അവിടെ മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിലല്ലേ കലാപം ? ഹിന്ദു-മുസ്ലീം ലഹളയല്ല. പൂന്തുറയിൽ കലാപം നടക്കുമ്പോൾ ഡി.ജി.പി. മദ്രാസിൽ ആയിരുന്നു. ഇവിടത്തെ പോലീസ് ഇവിടെ ഉണ്ടോ ? ശ്രീ. കെ. കരുണാകരൻ മന്ത്രിയായിരുന്നില്ലേ ? ഡി.ജി.പി. മദ്രാസിൽ, ഇവിടെ വെടി വയ്പ്. ഹിന്ദു-മുസ്ലീം കലാപമല്ലേ പൂന്തുറയിൽ നടന്നത് ? വർക്കലയിൽ നടന്ന ലാത്തിച്ചാർജ്ജിന്റെ സ്ഥിതി എന്താണ് ? അതുപോലെ ടി. വി. പുരത്തു നടന്നതിന്റെ സ്ഥിതി എന്താണ് ? നിങ്ങളുടെ കാലത്ത് ഇതൊക്കെ നടന്നിട്ട് അതെല്ലാം മൂടി വയ്ക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അത് നടക്കുമോ ? 60% ഹിന്ദുക്കളും 20% മുസ്ലീങ്ങളും 20% ക്രിസ്ത്യാനികളും കേരളത്തിലുണ്ട്. ഇൻഡ്യയിൽ മുഴുവൻ കലാപം നടക്കുകയാണ്. ബാബറി മസ്ജിദ് സംഭവത്തിനുശേഷം 2000 മുസ്ലീങ്ങളെ കശാപ്പ് ചെയ്തു. ആർ.എസ്.എസ്.കാർ വീടുകളിൽ നമ്പർ ഇടുകയാണ്. നിങ്ങൾ ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ട് പൂഴ്ത്തി വയ്ക്കുകയാണ്. ആ റിപ്പോർട്ട് പൂഴ്ത്തി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുകയല്ലേ ? 2000 ഇസ്ലാമികളെ കശാപ്പ് ചെയ്തു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന് വലിയ സന്തോഷമാണ്. കോൺഗ്രസ്സിന്റെ കൂടെയാണല്ലോ. ആർ.എസ്.എസ്.-ബി.ജെ.പി. യുടെ കൂടെയാണല്ലോ. 2000 ഇസ്ലാമുകാരെ കശാപ്പ് ചെയ്തു. അവിടെ നമ്പറിട്ടാണ് കശാപ്പ് ചെയ്യുന്നത്. ബോംബയിലെ സ്ത്രീകൾക്ക് രക്ഷയുണ്ടായിരുന്നോ ? ജസ്റ്റീസ് ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ട് വായിച്ചു നോക്കു. അപ്പോൾ അറിയാം ഇസ്ലാമികൾ എന്താണ് അനുഭവിച്ചതെന്ന്. അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചില്ലേ ? അപ്പോൾ ഞാൻ ചോദിക്കുന്നത് കേരളത്തിൽ ഒരൊറ്റ ഹിന്ദു-മുസ്ലീം ലഹള നടന്നോ ? നടന്നില്ല. എന്തുകൊണ്ട് ? വളരെ സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കാൻ ഈ ഭരണകൂടം ആഗ്രഹിച്ചതുകൊണ്ടും നിങ്ങൾ ആഗ്രഹിച്ചതു കൊണ്ടുമാണ്. മുൻപ് എന്തുകൊണ്ട് പൂന്തുറയിലും വിഴിഞ്ഞത്തും റ്റി.വി.പുരത്തും ലഹള നടന്നു എന്ന് നോക്കണം. ലഹളയില്ലാത്ത ഒരു ഭരണകൂടം ഇപ്പോൾ ഉണ്ടായില്ലേ ?

ജനകീയ ആസൂത്രണത്തെപ്പറ്റി ഒരാളും ഇവിടെ പറയുന്നത് കേട്ടില്ലല്ലോ. ജനകീയ ആസൂത്രണത്തിൽ അഴിമതി നടന്നതായി ഒരൊറ്റയാളും പറഞ്ഞില്ല. ജനകീയ ആസൂത്രണം എല്ലാവരും ഐക്യകണ്ഠേന യോജിച്ചാണ് നടത്തിയത്. പിന്നെ വൈദ്യുതിയുടെ കാര്യം. നിങ്ങളുടെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നെങ്കിൽ ഞങ്ങളുടെ കാലത്ത് 1086 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. ഇതു കൂട്ടിച്ചാത്തന്റെ കളിയാണോ ? ഇടതുപക്ഷജനാധിപത്യ മുന്നണിയും കൂട്ടിച്ചാത്തനും ഒരു ഭാഗത്ത്, അപ്പുറത്ത് നശീകരണ വിദ്യയും നിങ്ങളും ആണ്. അങ്ങനെ വല്ല ഏർപ്പാടുകളും ഇവിടെ ഉണ്ടോ ? ഞാൻ ചോദിക്കുന്നു നിങ്ങളുടെ കാലത്ത് തൃക്കരിപ്പൂർ താപവൈദ്യുത നിലയത്തിന് 3 പ്രാവശ്യം കല്ലിട്ടില്ലേ? ശ്രീ. സംഗ്മ വന്ന് കല്ലിട്ടു, ശ്രീ. കുര്യൻ കല്ലിട്ടു, അവസാനം ശ്രീ. കരുണാകരൻ കല്ലിട്ടു. അതിന്റെ പണി പൂർത്തിയാക്കിയത് ഞങ്ങളല്ലേ ? ഇപ്പോൾ ലോഡ്ഷെഡിംഗും ഇല്ല, വ്യവസായത്തിന് വൈദ്യുതി കട്ടും ഇല്ല. ഇൻഡ്യാ രാജ്യത്ത് വൈദ്യുതിയുടെ കാര്യത്തിൽ ഇത്രയുമധികം മുന്നോട്ട് പോയിട്ടുള്ളത് മറ്റൊരു സ്റ്റേറ്റും ഇല്ല. അത്രയധികം വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ സ്റ്റേറ്റ് അഡ്വാൻസ്ഡ് ആയിട്ടുണ്ട്. കറിക്ക് ആയിട്ട് വൈദ്യുതി ഉല്പാദനത്തിന്റെ കാര്യത്തിൽ മുന്നോട്ട് വന്നിരിക്കുകയാണ്. അത് സംബന്ധിച്ച് ചർച്ച ചെയ്യാനായിട്ട് ഈ വരുന്ന മാസം 3-ാം തീയതി പ്രധാനമന്ത്രി ഒരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്. ഇൻഡ്യയിലെ വൈദ്യുതിയുടെ കാര്യത്തെപ്പറ്റി ചർച്ച ചെയ്യാനാണ് മീറ്റിംഗ് വിളിച്ചിരിക്കുന്നത്. വൈദ്യുതിയുടെ കാര്യത്തിൽ ഇൻഡ്യയിൽ മുഴുവൻ ക്രൈസിസ് ആണ് . വിദ്യുച്ഛക്തി ക്രൈസിസ് എല്ലാ സ്റ്റേറ്റിലുമുണ്ട്. കേരളത്തിൽ മാത്രമേ ആവശ്യത്തിന് വൈദ്യുതി ഉള്ളൂ. ഈ വരുന്ന 3-ാം തീയതി പ്രധാനമന്ത്രി ഒരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയേയും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയേയും വിളിച്ചിരിക്കുകയാണ്. ഇൻഡ്യയിലാകെ വിദ്യുച്ഛക്തി ക്രൈസിസ് ആണ്. പക്ഷേ കേരളത്തിൽ ആ ക്രൈസിസ് ഇല്ല. ലോഡ് ഷെഡ്ഡിംഗ് ഇല്ല. വ്യവസായത്തിന് വൈദ്യുതി കട്ടില്ല. ക്രമസമാധാന നിലയെപ്പറ്റിയും പോലീസ് വകുപ്പിനെ കുറിച്ചും പറഞ്ഞു. നിങ്ങളുടെ ഭരണകാലത്ത് 6 മന്ത്രിമാർക്കെതിരെ ഉണ്ടായിരുന്ന അഴിമതി ആരോപണം ഇന്നും കിടക്കുകയാണ്. നിങ്ങളുടെ ഭരണം അവസാനിച്ച് 1996-ലെ സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ ഗവൺമെന്റിന്റെ കടബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

10,114 കോടി രൂപയായിരുന്നു. മേയ് മാസം ഭരണം അവസാനിക്കുമ്പോൾ ഇത് 12,000 കോടി രൂപയായി വർദ്ധിച്ചു. അങ്ങനെ 12,000 കോടി രൂപയുടെ കടബാദ്ധ്യതയുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 1996-ൽ മേയ് മാസത്തിൽ അധികാരത്തിൽ വന്നത്. അതാണ് അക്കൗണ്ടന്റ് ജനറലിന്റെ സാമ്പത്തിക കണക്ക്. ഈ കടം വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വായ്പ എടുത്തുകൊണ്ട് വന്നതല്ല. അവശ ജനവിഭാഗങ്ങൾക്ക് കൊടുത്തതുമല്ല. ഇങ്ങനെ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക ഇട്ടിട്ടാണ് നിങ്ങൾ പോയത്. തൊഴിലില്ലായ്മ വേതന കുടിശ്ശിക 22.70 കോടി രൂപ, നിങ്ങൾ കൊടുത്തില്ല. കർഷകത്തൊഴിലാളി പെൻഷൻ 27.54 കോടി രൂപ നിങ്ങൾ കൊടുത്തില്ല, വാർദ്ധക്യകാല പെൻഷൻ 75 ലക്ഷം രൂപ നിങ്ങൾ കൊടുത്തില്ല, വിധവാ പെൻഷൻ കുടിശ്ശിക 2.67 കോടി രൂപ നിങ്ങൾ കൊടുത്തില്ല, അംഗവൈല്യം ഉള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ കുടിശ്ശിക 1.72 കോടി രൂപ നിങ്ങൾ കൊടുത്തില്ല. ഇങ്ങനെ വിവിധങ്ങളായ പെൻഷൻ ഇനത്തിൽ നൂറ് കോടി രൂപ നിങ്ങൾ കൊടുത്തിട്ടില്ല. നിങ്ങൾ അധികാരത്തിൽ നിന്നും ഇറങ്ങിയ മെയ് 20-ാം തീയതി ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ വിധവകൾക്കും, മന്ദബുദ്ധികൾക്കും, കർഷകത്തൊഴിലാളികൾക്കും, തൊഴിലില്ലാത്തവർക്കും ഒന്നും പെൻഷൻ കൊടുക്കാതെ നൂറ് കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാക്കിയിട്ടിട്ടാണ് നിങ്ങൾ പോയത്. എന്നിട്ടാണ് ശ്രീ. ശിവദാസമേനോനോട് ചോദിക്കുന്നത് എന്ത് വ്യവസായം, എന്ത് സാമ്പത്തിക സ്ഥിതി എന്ന്. അതുപോലെ തന്നെ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശിക എത്രയാണ് ? നിങ്ങൾ ഭരണത്തിൽ നിന്ന് ഇറങ്ങുമ്പോൾ 400 കോടി രൂപ കൊടുക്കാനുണ്ടായിരുന്നത് കൊടുത്തില്ല. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന 150 കോടി രൂപ നിങ്ങൾ കൊടുത്തില്ല. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക 400 കോടി രൂപ കൊടുത്തില്ല. ഗ്രാമീണ റോഡുകൾക്ക് അനുവദിച്ചുകൊടുക്കാനുള്ള 150 കോടി രൂപയും കൂട്ടി മൊത്തം 1,200 കോടി രൂപ വിവിധ ഇനത്തിൽ കൊടുക്കാനുള്ളത് കൊടുത്തില്ല. ഇങ്ങനെ ധൂർത്തും പാഴ്ച്ചെലവും നടത്തി ഖജനാവ് മുടിച്ചിട്ട് വെറും 4.62 കോടി രൂപ മാത്രം ക്യാഷ് ബാലൻസ് അവശേഷിച്ച ഘട്ടത്തിലാണ് നിങ്ങൾ അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോയത്. 1,200 കോടി രൂപയാണ് നിങ്ങൾ മുടിച്ചത്. സർ, നിങ്ങൾ പറയുമല്ലോ ഞങ്ങളാണ് കട്ടതെന്ന് ക്യാഷ് ബാലൻസ് നോക്കൂ. ക്യാഷ് ബാലൻസ് എത്രയാണ് പറഞ്ഞത് ? 4.62 കോടി രൂപയാണ്. ഇതാണ് ഇവർ ഇറങ്ങിപോകുമ്പോഴുള്ളത്. നിങ്ങൾ നാലു കോടി രൂപ വച്ചിട്ടാണ് ഇറങ്ങിപ്പോയത്. 1,200 കോടി രൂപയുടെ ദുഷ്ച്ചെലവും നിങ്ങൾ നടപ്പിലാക്കി. പെൻഷൻ കൊടുക്കാതിരുന്നു. ഇതാണ് നിങ്ങൾ ശ്രീ. ടി. ശിവദാസമേനോനോട് മറുപടി പറയാൻ പറഞ്ഞത്. ഇന്ന് വികസന രംഗത്ത് അഭൂതപൂർവ്വമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സംസ്ഥാന വരുമാനം 2000-ൽ 1998-99-നേക്കാൾ 16.81% കൂടുതലാണ്. പ്രതിശീർഷ വരുമാനമെങ്കിൽ കണക്ക് കേൾക്കണം. 15.76 ശതമാനമായി വർദ്ധിച്ചു. കഴിഞ്ഞ വർഷത്തിൽ വാർഷിക പദ്ധതിയിൽ നിന്ന് 768 കോടി രൂപ, 965 കോടി രൂപ, 1,025 കോടി രൂപ, 1,045 കോടി രൂപ വീതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു. (കൈമാറി). ഈ തുകയിൽ 70%-ഓളം മൂലധനനിക്ഷേപമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെലവു ചുരുക്കുന്നതിൽ ഗണ്യമായ നേട്ടം വരിച്ചു. 1996-97 മുതൽ 1999-2000 വരെയുള്ള നാലു വർഷത്തിൽ നിയമസഭ അംഗീകരിച്ച റവന്യൂ ചെലവുകളിൽ ഒതുങ്ങി നിൽക്കുകയായിരുന്നു ഗവൺമെന്റ് ചെലവുകൾ എന്ന് അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ കാണിക്കുന്നു. നിങ്ങളുടെ അഞ്ചു വർഷക്കാലത്തിൽ മൂന്നു വർഷവും ബഡ്ജറ്റിൽ നിയമസഭ അംഗീകരിച്ച തുക മറികടന്നുകൊണ്ട് ധൂർത്തടിക്കുകയായിരുന്നു. നോൺപ്ലാൻ റവന്യൂ ചെലവുകളിൽ വർദ്ധനവുണ്ടെന്നത് ശരിയാണ്. എന്നാൽ അത് പ്രധാനമായും ശമ്പളവും പെൻഷനും വർദ്ധിപ്പിച്ചു കൊടുത്തതിലാണ് വർദ്ധനവുണ്ടായത്. 1997-98-ൽ 21.4% ഉം 1999-2000-ൽ 25.33 % ഉം മുൻവർഷങ്ങളേക്കാൾ വർദ്ധനവുണ്ട്. ഗ്രാമവികസനത്തിന് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് നൽകിയ തുകയിൽ 80% വർദ്ധനവുണ്ടായതുകൊണ്ടാണ് ഈ ഇനത്തിൽ കൂടിയ ചെലവുണ്ടായത്. നോൺപ്ലാൻ ചെലവുകൾ ആ വർഷം ശമ്പള പരിഷ്ക്കരണ ചെലവ് ആരംഭിച്ചിട്ടു പോലും കുറവായിരുന്നു. അതേ സമയം 1999-2000 വർഷത്തിൽ രണ്ട് ഇനങ്ങളിൽ ചെലവ് 40.76% വർദ്ധിക്കുകയുണ്ടായി. പെൻഷൻ ഇനത്തിൽ 654 കോടി രൂപ കൊടുക്കേണ്ടി വന്നു. അതിനു കാരണം പുതുക്കിയ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ആ വർഷം പെൻഷൻ ആയവരുൾപ്പെടെയുള്ള വർക്ക് മൊത്തം 250 കോടി രൂപ അധികം കൊടുക്കേണ്ടി വന്നതാണ്. മറ്റൊന്ന് പരിശീലനത്തിന് 506 കോടി രൂപ കൂടുതൽ കൊടുക്കേണ്ടി വന്നതാണ്. കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഫലമായി നികുതി വരുമാനത്തിൽ കുറവ് വന്നതു മൂലം ബഡ്ജറ്റ് അംഗീകരിച്ച വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിന് ഹ്രസ്വകാല വായ്പകൾ വാങ്ങേണ്ടി വന്നു. കട ബാദ്ധ്യത : ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തേക്കാൾ കുറവാണ് ഈ ഗവൺമെന്റിന്റെ കടം . ഞാനത് വിശദീകരിക്കാം. 1990-95 കാലയളവിലേയും 1995-2000 കാലയളവിലേയും കടബാദ്ധ്യത വർദ്ധനവ് നിരക്ക് ശരാശരി 18% മായിരുന്നു. എന്നാൽ 1994-95 -ൽ കടബാദ്ധ്യത വർദ്ധനവ് 22.53%. അതിനു ശേഷം 18%. 1996-97-ൽ 12.93 ശതമാനവും 1997-98-ൽ 12.67 ശതമാനമായും കുറച്ചു. 1998-99-ൽ വിപുലമായ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വായ്പ എടുത്തതിന്റെ ഫലമായിട്ടാണ് കഴിഞ്ഞ വർഷം ഒടുവിൽ ബാദ്ധ്യത ഇരുപതിനായിരത്തി ഒരുനൂറ്റി എഴുപത്തി ആറു കോടി രൂപയായി വർദ്ധിക്കാനിടയായത്. അതുപോലെതന്നെ ഭരണ പ്രക്രിയയിൽ അനിവാര്യമായി സംഭവിക്കുന്നത് സാമ്പത്തിക ക്രമീകരണങ്ങൾക്ക് അനുയോജ്യവുമാണ്. 9-ാം പഞ്ചവത്സര പദ്ധതിക്ക് പതിനാറായിരത്തി ഒരുനൂറ് കോടി രൂപയാണ് അടങ്കൽ. എട്ടാം പദ്ധതിയേക്കാൾ 195 ശതമാനം വർദ്ധനവ്. മറ്റേതൊരു സംസ്ഥാനത്തേക്കാളും കൂടിയ വർദ്ധനവ്. ഇതിൽ ആറായിരം കോടി രൂപ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചു. അത് കൊടുത്തു. കേരളത്തിൽ ആഗോള ശരാശരി പദ്ധതി ചെലവ് കണക്കിലെടുക്കുമ്പോൾ കേരളം മറ്റെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് മുന്നിലാണ്. ഇൻഡിവിഡ്വൽസിന്റെ വരുമാന കണക്കെടുക്കാം. 1996-97-ൽ കേരളം 701 രൂപ. മറ്റു സംസ്ഥാനങ്ങളിൽ ശരാശരി 521 രൂപ. കേരളം 1997-98-ൽ 910 രൂപ ആളോഹരി വരുമാനം. മറ്റു സംസ്ഥാനങ്ങൾക്കെല്ലാം ശരാശരി ആളോഹരി വരുമാനം 620 രൂപ. 1998-99-ൽ കേരളത്തിൽ 995 രൂപ. മറ്റു സംസ്ഥാനങ്ങൾക്ക് 768 രൂപ. 1999-2000-ൽ കേരളത്തിൽ 918 രൂപ മറ്റു സംസ്ഥാനങ്ങൾക്ക് 812 രൂപ. അപ്പോൾ ഇൻഡ്യാരാജ്യത്ത് ആളോഹരി വരുമാനത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും കൂടുതലാണെന്ന് ഈ കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്നു. ഞാൻ എടുത്ത കണക്കല്ല. അക്കൗണ്ടന്റ് ജനറലിന്റെ കണക്കാണ്. അപ്പോൾ ആ അടിസ്ഥാനത്തിൽ എന്തുകൊണ്ട് ഇത് വർദ്ധിച്ചു ? അതുപോലെ പദ്ധതി അടങ്കലിൽ കൈവരിച്ച നേട്ടം. മറ്റെല്ലാം സ്റ്റേറ്റു ഗവൺമെന്റുകളേയും കവച്ചു വയ്ക്കുന്നു. പദ്ധതി ചെലവ് ഗുജറാത്ത് 81%, ഹരിയാന 72%, കർണ്ണാടക 85%, ഒറീസ്സ 68%, പഞ്ചാബ് 47%, രാജസ്ഥാൻ 67%, യു.പി. 56%, പശ്ചിമ ബംഗാൾ 71%, കേരളം 91%, പശ്ചിമ ബംഗാളിനെക്കാളും അധികമാണ്. ഈ കണക്ക് ഗവൺമെന്റിന്റെ കണക്കാണ്. മറ്റു സ്റ്റേറ്റിന്റെ കണക്കാണ്. പദ്ധതി അടങ്കലിൽ 91% ആണ് കേരളം. മുൻ സർക്കാരിന്റെ കാലത്ത് എല്ലാം സംസ്ഥാനങ്ങളിലും ശരാശരി 78% . മുൻസർക്കാരിന്റെ കാലത്ത് പദ്ധതി വിഹിതം 1990-91 മുതൽ 96 വരെ 137 കോടി രൂപ ആയിരുന്നപ്പോൾ ഈ ഗവൺമെന്റ് 6000 കോടി രൂപ നീക്കി വച്ചു. രാജ്യം മൊത്തത്തിൽ സാമ്പത്തിക ഞെരുക്കത്തിലായിരിക്കെ മറ്റു പല സംസ്ഥാനങ്ങളും പദ്ധതികൾ വൻതോതിൽ വെട്ടിച്ചുരുക്കി. കേന്ദ്ര ഗവൺമെന്റു തന്നെ ജീവക്കാരെ പിരിച്ചു വിട്ടു. പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. 1996-97 മുതൽ 1999-2000 വരെ നാലു വർഷക്കാലം പദ്ധതിയിൽ പതിനോരായിരത്തിനൂറ്റി അറുപത്തി ഒൻപതു കോടി രൂപ ചെലവാക്കി. ഈ വർഷം 31-1-2001 വരെ 1,849 കോടി രൂപ ചെലവാക്കി. മുൻപൊരിക്കലും അത്രയും വിപുലമായ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടന്നിട്ടില്ല. വിവിധ ക്ഷേമപദ്ധതികളിൽ കുടിശ്ശിക വന്നിട്ടുള്ള തുക ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ചാരായ നിരോധനം മൂലം തൊഴിൽരഹിതരായ വരെ സഹായിക്കാൻ 40 കോടി രൂപ ഞങ്ങൾ ചെലവഴിക്കുകയുണ്ടായിട്ടുണ്ട്. പാവങ്ങൾക്ക് മൂന്നു ലക്ഷം വീടുകൾ വച്ചുകൊടുത്തു. 500 കോടി രൂപ അതിനു വേണ്ടി നീക്കി വച്ചു. അതുപോലെ കേന്ദ്രത്തിന്റെ സാമ്പത്തികനയങ്ങളുടെ പ്രത്യാഘാതങ്ങൾ സംസ്ഥാനത്തെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഒരൊറ്റ ദിവസവും ട്രഷറി പൂട്ടാതെ മുൻപോട്ടു പോയി . ബുദ്ധിമുട്ടുണ്ടാകാം. പൈസ കിട്ടിയിട്ടുണ്ടാകും. ചെക്കു മാറിയിട്ടുണ്ടാകും. പക്ഷേ ഒരൊറ്റ ദിവസവും ട്രഷറി പൂട്ടാതെ മുൻപോട്ടു പോയി. നിങ്ങളുടെ ബാക്കിൽ ഇരിക്കുന്ന അംഗത്തിന്റെ കാലത്ത് എത്ര പ്രാവശ്യം ട്രഷറി പൂട്ടി ? 12 ദിവസം ട്രഷറി പൂട്ടി. ഞങ്ങൾ പൂട്ടിയിട്ടില്ല. അതുപോലെതന്നെ ശ്രീ. എ.കെ. ആന്റണി പറഞ്ഞത് എന്താണ് ? ഇലക്ഷൻ കാലത്ത് വടക്കേ മലബാറിൽ പാരാമിലിട്ടറിയെ വിളിക്കണമെന്ന് കണ്ണൂരിൽ ശ്രീ. എ. കെ. ആന്റണി പ്രസംഗിച്ചില്ലേ ? കണ്ണൂരും കാസർഗോഡും പാരാമിലിട്ടറിയെ വിളിക്കണമെന്ന് കണ്ണൂരിൽ വച്ച് ശ്രീ. ആന്റണി പ്രസംഗിച്ചില്ലേ ? ഇത്തരത്തിൽ ജനാധിപത്യവിരുദ്ധമായി പ്രസംഗിക്കുന്ന ഒരു നേതാവുണ്ടോ ? ഇലക്ഷൻ കാലത്ത് സമാധാനപരമായി നടക്കുമ്പോൾ പാരാമിലിട്ടറിയെ വിളിക്കണമെന്നാണ് പറഞ്ഞത്. എന്തിനാണ് ? അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസം. ഞങ്ങളെന്നും സമാധാനപരമായി ഇലക്ഷൻ നടത്തുകയാണ്. നിങ്ങൾ പറയുന്നത് സമാധാനപരമല്ലെന്ന് . നിങ്ങൾ തോൽക്കുമ്പോൾ സമാധാനമില്ല. ഞങ്ങൾ ജയിച്ച സ്ഥലത്ത് സമാധാനമില്ല. ശ്രീ. ഉമ്മൻ ചാണ്ടി ജയിച്ചിടത്ത് അസമാധാനം. നിങ്ങൾ തോറ്റിടത്ത് , സമാധാനം, ഇത് സത്യവിരുദ്ധമാണ്. ഇത്തരം പ്രചരണം മുതലാവില്ല. അത് അസംബന്ധമാണ് .

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : നിങ്ങൾ ബൂത്ത് പിടിത്തമാണ് നടത്തുന്നത്.

ശ്രീ. ഇ. കെ. നായനാർ : ബൂത്ത് പിടിത്തം നിങ്ങൾക്കാണ്. ശ്രീ. ഉമ്മൻ ചാണ്ടി എങ്ങനെയാണ് ജയിച്ചത് ? ശ്രീ. ഉമ്മൻ ചാണ്ടി ജയിച്ചത് ബൂത്ത് പിടിത്തം കൊണ്ടല്ലേ ? ശ്രീ. ആര്യാടൻ മുഹമ്മദ് ജയിച്ചത് എങ്ങനെയാണ് ? ശ്രീ. ആര്യാടൻ മുഹമ്മദ് നിലമ്പൂരിൽ ബൂത്ത് പിടിച്ചിട്ടല്ലേ ജയിച്ചത് ? ശ്രീ. കാർത്തികേയൻ ജയിച്ചത് എങ്ങനെയാണ് ? ജയിച്ചത് എങ്ങനെയെന്നു വച്ചാൽ ഒക്കെ ബൂത്ത് പിടിത്തത്തിലൂടെയാണ്. നമ്മൾ ജയിച്ചാൽ ബൂത്ത് പിടിത്തം! അവർ ജയിച്ചാൽ ബൂത്ത് പിടിത്തമില്ല. ഈ പ്രചരണം അസംബന്ധമാണ്. അതുപോകട്ടെ. കണ്ണൂരും കാസർഗോഡും പട്ടാളത്തെ വിളിക്കണമെന്നു പറയുന്ന ശ്രീ. എ .കെ. ആന്റണിക്ക് ശക്തിയായ പ്രതികരണം നേരിടേണ്ടി വരും.

മറ്റൊന്ന് , ഇവിടത്തെ പോലീസ് നയത്തെക്കുറിച്ച് നിങ്ങൾ പ്രസംഗിച്ചില്ലെങ്കിലും നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മിഷൻ ഡയറക്ടർ ജനറൽ കെ. ആർ. കാർത്തികേയൻ കേരളത്തിലെ ഡി.ജി.പി.ക്ക് എഴുതിയത്. ഞാൻ വായിക്കാം. Dear Shri. B.S. Shastri, If goes without saying that to be effective and successful the police must enjoy the trust , confidence and respect of the people living in the jurisdiction. The Commission advises all the States to comply with the suggestions which are already in force in the State of Kerala to imporve police-public relationship and confidence and also to effectively prevent violation of law and to detect crimes that may occur. ഇത് അദ്ദേഹം കേരളത്തെപ്പറ്റി എഴുതിയയച്ചതാണ്. മനസ്സിലായോ ? നിങ്ങളെക്കാൾ വിവരം അദ്ദേഹത്തിനുണ്ട് കാരണം ആ കാർത്തികേയൻ വേറെയാണ്. ഈ കാർത്തികേയനല്ല. അദ്ദേഹം ഇങ്ങനെ എഴുതി. ഇവിടെ നിയമസമാധാനത്തെപ്പറ്റി 'രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി സ്റ്റഡീസ്' എന്ന സ്ഥാപനം നടത്തിയ പഠന റിപ്പോർട്ടാണിത്. 4.00 A.M.]

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, റൂൾ 295. "If a Minister quotes in the Assembly a despatch or other State paper which has not been presented to the Assembly, he shall lay the relevant paper on the Table: അത് മേശപ്പുറത്ത് വയ്ക്കണം. അത് വായിച്ചു. കാട്ട് ചെയ്തു. അങ്ങനെ കോട്ട് ചെയ്തതുകൊണ്ട് റൂൾ 295 അനുസരിച്ച് അത് ലേ ചെയ്യണം.'

ശ്രീ. ഇ. കെ. നായനാർ : എന്താ സർ, ഈ പറഞ്ഞതിന്റെ മലയാളം. സ്പീക്കർ പറയണം.

മി. സ്പീക്കർ : മുഖ്യമന്ത്രി ഒരു കാര്യം കോട്ട് ചെയ്യുകയാണെങ്കിൽ അത് മേശപ്പുറത്തു വയ്ക്കണം എന്നാണ് പറഞ്ഞത്. അത്രേയുള്ളൂ. കാട്ട് ചെയ്യുകയും ചെയ്യാം ചെയ്യാതിരിക്കുകയും ചെയ്യാം. അതൊക്കെ മുഖ്യമന്ത്രിയുടെ ഡിസ്ക്രീഷനാണ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഞാൻ അത് കോട്ട് ചെയ്തതാണ്. അത് മേശപ്പുറത്ത് വയ്ക്കാം. എനിക്ക് അതിൽ ഒരു തർക്കവുമില്ല. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി സ്റ്റഡീസ് എന്ന സ്ഥാപനം നടത്തിയ പഠന റിപ്പോർട്ട് . ഫസ്റ്റ് പ്രിയാംപിളിൽ പറയുന്നത് Ranking Law and Order-Kerala-First നോക്കണം. രാജീവ്ഗാന്ധി ഇപ്പോൾ എതിർക്കണമല്ലോ. രണ്ടാമത്തേത്, Expert Educational Health-First-Kerala. രാജീവ്ഗാന്ധിയുടെ കണ്ടാപററി സ്റ്റഡീസ് എന്ന സ്ഥാപനം നടത്തിയ പഠന റിപ്പോർട്ട് ആണ് ഞാൻ ഇവിടെ വായിച്ചത്. Law and Order -ൽ First -Kerala സെക്കന്റ് ഹിമാചൽ ആണ്. അതുപോലെതന്നെ എക്സ്പെർട്ട് എഡ്യൂക്കേഷണൽ ഹെൽത്ത് കേരള, ഗോവ, രാജീവ്ഗാന്ധിയെ എതിർത്തോ നിങ്ങൾ ? അവരുടെ പുസ്തമാണിത്. അവരുടെ റിപ്പോർട്ടാണിത്. മേശപ്പുറത്തു വയ്ക്കണമെങ്കിൽ വച്ചുതരാം. വിവരം വായിച്ചിട്ടില്ലെങ്കിൽ വായിച്ചോ. ഇനി ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനെപ്പറ്റി പറയാം. ലാസ്റ്റ് ആകട്ടെ. ലാസ്റ്റിൽ വരുന്നുണ്ട് ഇടി. തെരെഞ്ഞെടുപ്പ് നടത്താൻ കണ്ണൂർ, കാസർഗോഡ് വേണം. വിദേശ പണം പറ്റിയില്ലേ എന്ന് ആര്യാടൻ. അതിരിക്കട്ടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. സാധാരണ ജനങ്ങൾക്ക് കടന്നുപോയത് 5 വസന്തങ്ങളായിരുന്നു എന്ന് ഞാൻ അവകാശപ്പെടുന്നു. ഇത് ആവർത്തിക്കപ്പെടും എന്നതിൽ എനിക്ക് സംശയമില്ല. അവസാനം വിദേശപ്പണം വാങ്ങിയില്ല എന്ന് ബഹുമാനപ്പെട്ട ആര്യാടൻ. അദ്ദേഹം മിനിഞ്ഞാന്നാണ് ഇവിടെ ബഹളമുണ്ടാക്കിയത്. ആര്യാടൻ പറയുന്നത് സത്യവിരുദ്ധമാണ് ഒട്ടുമുക്കാലും. എന്നാൽ 'ഡെയ്ഞ്ചറസ് പ്ലേസ്' എന്ന ഡാനിയൽ പത്രിക് മൊയ്നീഹാൻ എഴുതിയ പുസ്തകം 1979-ൽ ലണ്ടനിലും ഇൻഡ്യയിലും അച്ചടിച്ച പുസ്തമാണ്. ഈ പുസ്തകത്തിന്റെ 41-ാം പേജിൽ, രണ്ടാമത്തെ പാരഗ്രാഫിൽ എന്താണ് പറയുന്നത്, " We had twice , but only twice interfered in Indian Polictics to the extent of providing money to a political party. Both times this was done in the phase of a prospective Communist victory in the State Election once in Kerala and once in West Bengal where Calcutta is located. Both the times, the money was given to the Congress party which had asked for it. once it was given to Mrs. Gandhi her self who was then a Party Official." This is enough. വിദേശപ്പണം വാങ്ങിയിട്ടില്ല എന്ന് ആര്യാടൻ മുഹമ്മദ് പറഞ്ഞത് സത്യവിരുദ്ധമാണ്. പണം വാങ്ങിയിട്ടുണ്ടെന്ന് ഡാനിയൽ പത്രിക് മൊയ്നീഹാൻ എഴുതിയിരിക്കുന്നു. ഇന്ദിരാഗാന്ധി 10 കോടി രൂപ വാങ്ങിയെന്ന് ശ്രീ. വയലാർ രവി ഞാൻ പങ്കെടുത്ത യോഗത്തിൽ ചിറയിൻകീഴിൽ പ്രസംഗിച്ചിട്ടുമുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പറഞ്ഞത് ആവർത്തിക്കുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസോ, ഇന്ദിരാഗാന്ധിയോ അങ്ങനെ പണം വാങ്ങിയിരുന്നില്ല. ഇന്ദിരാഗാന്ധിയുടെ നമ്പർ വൺ എനിമിയായിരുന്നു അമേരിക്ക. ആ അമേരിക്കൻ സായിപ്പിന്റെ പുസ്തകമാണ് നിങ്ങൾ കോട്ട് ചെയ്യുന്നത് എന്ന് മനസ്സിലാക്കണം.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ പുസ്തകത്തെ നിഷേധിക്കുന്നത് ഇത് 3-ാമത്തെ തവണയാണ്. ഞാൻ ഈ കേരള അസംബ്ലിയിൽ പറയുന്നു, ഇത് 3-ാമത്തെ തവണയാണ്. ഇപ്പോഴും നിഷേധിക്കാം. പക്ഷേ പുസ്തകത്തിൽ മൊയ്നീഹാൻ പറഞ്ഞത് സത്യമാണ്. 10 കോടി രൂപ വാങ്ങിയിട്ടുണ്ട്. ഈ തരത്തിൽ വിദേശപ്പണം വാങ്ങി..... ബഹുമാനപ്പെട്ട ആര്യാടന് എന്തും പ്രസംഗിക്കാം. അതിനൊന്നും ഞാൻ തടസ്സമില്ല. സർ, സമാധനപരമായ, വികേന്ദ്രീകൃതമായ ഒരു പഞ്ചായത്ത് ഭരണം നടപ്പാക്കി ജനാധിപത്യ സംവിധാനം പൂർത്തിയാക്കി. അങ്ങനെ 5 വർഷം പൂർത്തിയാക്കാൻ പോകുന്ന ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു, അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : സർവ്വശ്രീ കെ. പി. എ. മജീദ് , എം. കെ. മുനീർ, നാലകത്ത് സൂപ്പി, പി. കെ. കെ. ബാവ, പാലോട് രവി, എം. മുരളി, ആര്യാടൻ മുഹമ്മദ്, പി. ജെ. ഫ്രാൻസിസ്, കെ. പി. വിശ്വനാഥൻ, കെ. ബാബു, പി. പി. തങ്കച്ചൻ എന്നിവർ അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ -60

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. എൻ. ആർ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീ. പി. സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി. കെ. ഹംസ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. കെ. ഇ. ഇസ്മയിൽ
15. ശ്രീ. സി. എൻ. ജയദേവൻ
16. ശ്രീ. എം. വി. ജയരാജൻ
17. ശ്രീ. ജോസ് ബേബി
18. ശ്രീ. വി. സി. കബീർ
19. ശ്രീ. എ. കണാരൻ
20. ശ്രീ. എൻ. കണ്ണൻ
21. ശ്രീ. എളമരം കരീം
22. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
23. ശ്രീ. ഇ. കെ. നായനാർ
24. ശ്രീ. പി. കെ. കുമാരൻ
25. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
26. ശ്രീമതി ആർ. ലതാ ദേവി
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. പ്രൊഫ. മീനാക്ഷി തമ്പാൻ
29. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
30. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
31. ശ്രീ. മോൻസ് ജോസഫ്
32. ശ്രീ. പിരപ്പൻകോട് മുരളി
33. ശ്രീ. ടി. നാണു മാസ്റ്റർ
34. ശ്രീ. സി. കെ. നാണു
35. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
36. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
37. ഡോ. എ. നീലലോഹിതദാസൻ നാടാർ
38. ശ്രീ. ടി. കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ. കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി. കെ. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. കെ. പി. രാജേന്ദ്രൻ
45. ശ്രീ. പി. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി. കെ. രാമകൃഷ്ണൻ
50. ശ്രീ. എസ് . ശർമ്മ
51. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
52. ശ്രീ. സത്യൻ മൊകേരി
53. ഡോ. സെബാസ്റ്റ്യൻ പോൾ
54. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
55. ശ്രീ. ടി. ശിവദാസമേനോൻ
56. ശ്രീ. ജി. സുധാകരൻ
57. ശ്രീമതി സുശീലാ ഗോപാലൻ
58. ശ്രീ. എം. എ. തോമസ്
59. ശ്രീ. വർഗ്ഗീസ് വൈദ്യർ
60. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ – 27

1. ശ്രീ. കെ. പി. എ. മജീദ്
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. ഇ. എം. അഗസ്തി
5. ശ്രീ. കെ. ബാബു
6. ശ്രീ. പി. കെ. കെ. ബാവ
7. ശ്രീ. കെ. എ. ചന്ദ്രൻ
8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
9. ശ്രീ. പി. ജെ. ഫ്രാൻസിസ്
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. പി. ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. കെ. കെ. നായർ
14. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
15. ശ്രീ. കെ. മുഹമ്മദാലി
16. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
17. ശ്രീ. എ. കെ. മണി
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. എഴുകോൺ നാരായണൻ
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീമതി രാധാരാഘവൻ
23. ശ്രീമതി റോസമ്മ ചാക്കോ
24. ശ്രീ. പി. പി. തങ്കച്ചൻ
25. ശ്രീ. സി. എഫ്. തോമസ്
26. ശ്രീ. തോമസ് ചാഴികാടൻ
27. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

അനുകൂലിക്കുന്നവർ — 60

പ്രതികൂലിക്കുന്നവർ — 27

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ഓൻഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ഫെബ്രുവരി മാസം 23-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.11-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly